# ഷെയ്ൻ



...GRANTHASALA
Reg: No: 988
THENNOORKO...
VIZHINJAM (P...

## ജാക്ക് ഷേഫർ

SAHITYA PRAVARTHAKA C. S. LTD. KOTTAYAM

3029

V. SMARAKA GRANDHASALA
Reg: No: 988
THENNOORKONAM
VIZHINJAM (P.O)

# ഷെയ്ൻ

(Malayalam)
Shane
Novel
By **JACK SCHAEFER**
Translated by
K. VIJAYARAGHAVAN
First Published April 1962
Printed at
INDIA PRESS, KOTTAYAM
Price Re. 1.00
Publishers:
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**
Sales Department:
NATIONAL BOOKSTALL
**Kottayam Kerala State India**

3029

# ഷെയ്ൻ

## ജാക്ക് ഷാഫേർ

O. V. ... SMARAKA GRANDHASALA
Reg: No: 988
THENNOORKONAM
VIZHINJAM (P.O)

വിവർത്തനം

**കെ. വിജയരാഘവൻ**

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണസംഘം**

---

## നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1.00

Copyright, 1949
BY JACK SCHAEFER

S1323 B846 103/61-62 1-5000

# അദ്ധ്യായം ഒന്നു്

ഗ്രീഷ്മകാലത്തൊരു ദിവസം ഞങ്ങളുടെ താഴ്വരയിലേക്കു് അയാൾ കുതിരയോടിച്ചു വന്നു. '89-ൽ ആണതു്. അന്നൊരു കൊച്ചുപയ്യനായ ഞാൻ, വെയിലാറിയ വേളയിൽ വേലിപ്പുറത്തിരിക്കുകയായിരുന്നു. അപ്പോഴാണു് അങ്ങകലെ, റോഡു് താഴ്വരയിലേക്കു തിരിയുന്ന വളവിൽ ഞാൻ അയാളെ കണ്ടതു്.

ഏതാണ്ടൊരു മൈലകലെയായിരുന്നു അയാൾ. എങ്കിലും വ്യോമിംഗിലെ തെളിഞ്ഞ ആ അന്തരീക്ഷത്തിൽ അയാളെ വ്യക്തമായി കാണാൻ എനിക്കു കഴിഞ്ഞു. അയാൾക്കു് എന്തെങ്കിലും ഒരു പ്രത്യേകതയുള്ളതായി എനിക്കു തോന്നിയില്ല. ഞങ്ങളുടെ ടൗണിലേക്കു്, ദാരുനിർമ്മിതമായ ഭവനങ്ങളുടെ കൊച്ചുസമൂഹമായ ഞങ്ങളുടെ ടൗണിലേക്കു് കുതിരപ്പുറത്തേറി വരാറുള്ള മററു പലരേയുംപോലെ ഒരു യാത്രക്കാരൻ; അത്രമാത്രം.

അരുവിക്കരികിലെത്തുംവരെ വേഗത ഒട്ടും കുറയ്ക്കാതെ അയാൾ നേരെ വന്നു. അരുവി കടന്നു് ഞങ്ങൾ താമസിക്കുന്ന ഭാഗത്തേക്കു യാത്രയായി. ഒരു നിമിഷം അയാൾ സംശയിച്ചുനിന്നു. ഏതു വഴിക്കാണു തിരിക്കേണ്ടതു്? എന്നിട്ടു് ഞങ്ങളുടെ ടൗണിലേക്കു യാത്ര തുടരുകയും ചെയ്തു.

അടുത്തെത്തിയപ്പോൾ ഞാനാദ്യം കണ്ണോടിച്ചതു് അയാളുടെ ഉടുപ്പിലേക്കാണു്. ഇരുണ്ടസൂട്ടു്; തവിട്ടനിറത്തിലുള്ള ഷർട്ടു്; ഹാറ്റ് സാധാരണപോലെ, ചാരനിറത്തിലോ, ഇളംതവിട്ടനിറത്തിലോ അല്ല. ഒരേ കറുപ്പു്; നല്ല മിനുമിനുപ്പും. ഈ നിറത്തിലുള്ള ഹാററ് ഞാനിതേവരെ കണ്ടിട്ടില്ല. മുൻപോട്ടു താഴ്ത്തിയാണു് അയാൾ ഹാററ് ധരിച്ചിരുന്നതു്.

ആ വേഷവിധാനങ്ങളുടെ 'കോടി'ത്തം നഷ്ടപ്പെട്ടിട്ടു് നാളേറെയായി. വിദൂരസ്ഥലങ്ങളിലെ പൊടിപടലങ്ങൾ അവയിൽ പററിപ്പിടിച്ചിരുന്നു. എങ്കിലും, എൻെറ ബാലസഹജമായ അനുഭവങ്ങൾക്കു് പരിചിതമല്ലാത്ത, ആളുകളുടെയും രീതികളുടെയും ഒരു സ്പർശം അവയ്ക്കുണ്ടായിരുന്നു.

വസ്ത്രങ്ങളിൽനിന്നു് എൻെറ നോട്ടം തിരിച്ചതു് അവ ധരിച്ച മനുഷ്യനിലേക്കാണു്. വലിയ പൊക്കമില്ല. ഏറെക്കുറെ മെല്ലിച്ച ശരീരം. നല്ല തടിയുള്ള അച്ഛൻെറ അടുത്തു നിന്നാൽ ചെറിയൊരാളായേ തോന്നൂ. പക്ഷേ, അയാളുടെ പ്രശാന്തമായ ശക്തി എനിക്കുപോലും മനസ്സിലാക്കാൻ കഴിയുമായിരുന്നു.

വെയിലേററു നിറംപകന്നു്, എല്ലെഴുന്ന മുഖം. അയാൾ കുറെക്കൂടി അടുത്തുവന്നപ്പോൾ—ഒന്നും വിട്ടുകളയാതെ ഇരുഭാഗത്തേക്കും മുന്നോട്ടും ഒരുപോലെ അയാളുടെ കണ്ണുകൾ അവിരാമമായി പാഞ്ഞുചെല്ലുന്നതു് ഞാൻ കണ്ടു. അതു കണ്ടപ്പോൾ, എന്തുകൊണ്ടാണാവോ, ആ ചൂടുള്ള വെയിലത്തും പെട്ടെന്നു് ഒരു തണുപ്പൻമട്ടു് എനിക്കനുഭവപ്പെട്ടു.

ഇരുപതടിയകലെ അയാൾ കുതിരയെ നിർത്തി. ഒരു നിമിഷനേരത്തോളം അയാളെന്നെ നോക്കി.

പിന്നെ ഞങ്ങളുടെ സ്ഥലമാകെയൊന്നു പരിശോധിച്ചു. വലുപ്പംകൊണ്ടു നോക്കിയാൽ അത്രവലരെയൊന്നും വരില്ല, ആ സ്ഥലം. പക്ഷെ, ഉള്ളതു് നല്ലതരമായിരുന്നു. അക്കാര്യത്തിൽ അച്ഛൻ പറയുന്നതു് വിശ്വാസയോഗ്യമാണു്. തിക്കിത്തിരക്കി മുപ്പതു പശുക്കൾക്കു് നില്ക്കാവുന്ന തൊഴുത്തു്. ഭദ്രമായി വേലികെട്ടിയിട്ടുണ്ടു്. കളപ്പുര ചെറുതാണു്. പക്ഷെ, നല്ല ഉറപ്പുണ്ടു്.

വീട്ടിന്റെ പിൻവശത്തു് അമ്മ നട്ടുപിടിപ്പിച്ച അടുക്കളത്തോട്ടം കണ്ണിനു് വിരുന്നാണു്. മൂന്നു മുറിയാണു് വീട്ടിനുള്ളതു്. ശരിക്കു പറഞ്ഞാൽ രണ്ടു്. വലിയ അടുക്കളമുറിയും അതിനു പിന്നിലുള്ള കിടപ്പുമുറിയും. അടുക്കളമുറിയിലാണു് വീട്ടിനകത്തു് അധികസമയവും ഞങ്ങൾ കഴിച്ചുകൂട്ടുക. എന്റെ കൊച്ചുമുറി അടുക്കളമുറിയുടെ പിൻവശത്തായി ഏച്ചുകൂട്ടിയതാണു്. വീടു മുഴുവൻ വെള്ളച്ചായമടിച്ചിട്ടുണ്ടു്. കതകുകളും ജന്നലുകളും ചുറ്റോടുചുററും പച്ചനിറം പൂശിയിട്ടുമുണ്ടു്. അമ്മയുടെ നാടായ ന്യൂ ഇംഗ്ലണ്ടിലെ വീടുകളെപ്പോലെ. ആ പ്രദേശത്തു് ഇത്ര താഴെ, ഇത്ര നല്ല സ്ഥലം വളരെ വിരളമായിരുന്നു.

കുതിരപ്പുറത്തു് അലസമായിരുന്നുകൊണ്ടു് അപരിചിതൻ ഇതെല്ലാം നോക്കി. ഉമ്മറപ്പടികളിൽ അമ്മ വച്ചുപിടിപ്പിച്ചിരുന്ന ചെടികളിലെ പൂക്കൾ അയാളുടെ കണ്ണിൽപ്പെട്ടതു് ഞാൻ ശ്രദ്ധിച്ചു. അയാളുടെ കണ്ണുകൾ പിന്നെ എന്റെനേരെ തിരിഞ്ഞു. എന്താണാവോ കാരണം, അപ്പോഴും എനിക്കു പെട്ടെന്നു് ഒരു കുളിരു തോന്നി. അയാൾ കുറച്ചു വെള്ളം ചോദിച്ചു. കുടിക്കാനും കുതിരയ്ക്കു കൊടുക്കാനും. ചോദിച്ചപ്പോൾ അയാളുടെ ശബ്ദം പ്രശാന്തമായിരുന്നു.

അയാൾ കുതിരപ്പുറത്തുനിന്നിറങ്ങുന്നതുംനോക്കി അച്ഛനും ഞാനും നിന്നു. വെള്ളം കുതിരയ്ക്കു കൊടുത്തു. എന്നിട്ട് അയാളും സ്വല്പം കുടിച്ചു. ഹാററ് എടുത്ത് പൊടിതട്ടി. മുഖം കഴുകി. കൈയിലെ വെള്ളം മുഴുവൻ കുടഞ്ഞുകളഞ്ഞു. ഹാററുംപിടിച്ചുകൊണ്ട് പൂച്ചെടികളിൽനിന്ന് ഒരു പൂ പറിച്ചെടുത്ത് അയാൾ ഹാററിൽ തിരുകി. അടുത്തനിമിഷം കുതിരപ്പുറത്തു കയറി റോഡിലേക്കു തിരിയുകയും ചെയ്തു.

കുതിരയെ നിറുത്തി അയാൾ ഞങ്ങളെ നോക്കി. അയാൾ ഒന്നമന്നിരുന്നു. ആ കണ്ണുകളിൽ ഒരു മന്ദസ്മിതം തങ്ങിനിന്നിരുന്നു.

"വലിയ ഉപകാരം," അയാൾ ശാന്തസ്വരത്തിൽ പറഞ്ഞു. എന്നിട്ടു റോഡിലേക്കു തിരിയാൻ മുതിന്നു. പക്ഷെ, അതിനു മുമ്പ് അച്ഛൻ സ്വതസ്സിദ്ധമായ രീതിയിൽ പതുക്കെപ്പതുക്കെ ഇങ്ങനെ പറഞ്ഞു:

"എന്താണിത്ര ധൃതി?"

അച്ഛൻെറ സംസാരത്തിൽ ആദ്യത്തെ വാക്കു കേൾക്കേണ്ട താമസം, അയാളും കുതിരയും ഒന്നുപോലെ തിരിഞ്ഞു. ആ മനുഷ്യൻ അച്ഛനെത്തന്നെ ഉററു നോക്കി.

കുറേനേരം അവർ അങ്ങനെ പരസ്പരം നോക്കിനിന്നു. മുതിന്നവക്കുമാത്രം മനസ്സിലാകുന്ന രീതിയിൽ അവർ അന്യോന്യം അളന്നുനോക്കുകയായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ അച്ഛൻ്റെമുഖത്ത് ഒരു പുഞ്ചിരി പരന്നു. എന്തെങ്കിലും തീരുമാനിച്ചാൽ ചെയ്യാറുള്ളതുപോലെ അദ്ദേഹം പറഞ്ഞു:

"ഇങ്ങനെ ധൃതികൂട്ടാതെ എന്നാണു് ഞാൻ പറ

ഞ്ഞതു്. അത്താഴം ഇപ്പോൾ തയ്യാറാവും. നിങ്ങൾക്കു് ഇന്നുരാത്രി ഇവിടെ കഴിച്ചുകൂട്ടാം."

അങ്ങനെയാവാമെന്നുറച്ചമട്ടിൽ ആ അപരിചിതൻ പറഞ്ഞു: "വളരെ ഉപകാരം." അയാൾ കുതിരപ്പുറത്തുനിന്നു് ഇറങ്ങി കുതിരയേയും പിടിച്ചു് ഞങ്ങളുടെ അരികിലേക്കു വന്നു.

"എന്റെ പേരു് സ്റ്റാറെറ്റ് എന്നാണു്," അച്ഛൻ പറഞ്ഞു. "ജോ സ്റ്റാറെറ്റ്. ഇതെന്റെ മകനാണു്. റോബർട്ട് മക്ഫേഴ്സൺ സ്റ്റാറെറ്റ്. ഒരു കുട്ടിയെ വിളിക്കാൻ പററാത്ത നെടുനീളൻ പേരു്. ഞാനവനെ ബോബ് എന്നാണു വിളിക്കാറു്."

"എന്നെ ഷെയ്ൻ എന്നു വിളിച്ചോളു," ആ അപരിചിതൻ അച്ഛനോടു പറഞ്ഞു. എന്നിട്ടു് എന്നോടായി തുടൎന്നു: "ബോബ് എന്നാണല്ലേ പേരു്. റോഡിലൂടെ ഞാൻ വരുമ്പോൾ നീ ശ്രദ്ധിച്ചുനോക്കുന്നുണ്ടായിരുന്നു. എനിക്കു് അതു് ഇഷ്ടമാണു്. ശ്രദ്ധിച്ചു നോക്കുന്നവൻ വിജയിക്കും."

...ഒരു ഇരുണ്ട, മുരടൻമട്ടുകാരനായിരുന്നു ഷെയ്ൻ. പക്ഷേ, ഒരു കുട്ടിക്കു് എന്തിഷ്ടപ്പെടുമെന്നയാൾക്കറിയാം. തന്റെ കുതിരയെ നോക്കുന്നതിന്നു് ഒത്താശചെയ്യാൻ അയാളെന്നെ അനുവദിച്ചു. ഒരിക്കലേ തടഞ്ഞുള്ളു. ജീനിയിൽ തൂക്കിയിട്ടിരുന്ന സഞ്ചിയിൽ എന്റെ കൈയെത്തിയപ്പോഴാണതു്. വിരലുകൾ ,സഞ്ചിയിൽ സ്പൎശിക്കേണ്ട താമസം, അയാളതു് വേഗം എടുത്തുമാററി.

ഞങ്ങൾ മൂന്നുപേരും വീട്ടിനകത്തെത്തി. അമ്മ ഞങ്ങളേയുംകാത്തിരിക്കുകയായിരുന്നു. മേശപ്പുറത്തു് നാലുപേൎക്കു് ആഹാരം വിളമ്പിവച്ചിട്ടുണ്ടു്. "നിങ്ങൾ

വരുന്നതു ഞാൻ ജന്നലിൽക്കൂടെ കണ്ടു," അമ്മ പറഞ്ഞു. അപരിചിതന്നു് ഹസ്തദാനം ചെയ്യാൻ അവർ മുന്നോട്ടു വന്നു. നല്ല ചുറുചുറുക്കുള്ള ഒരു കൊച്ചു സ്ത്രീയാണവർ. നല്ല വെളുത്ത നിറം. തഴച്ചുവളന്നുകിടക്കുന്ന ചെമ്പിച്ച തലമുടി.

"മറിയൻ," അച്ഛൻ അയാളെ അമ്മയ്ക്കു പരിചയപ്പെടുത്തി, "ഇതു് മിസ്റ്റർ ഷെയ്ൻ."

"മിസ്റ്റർ ഷെയ്ൻ, നമസ്കാരം," അമ്മ അയാളെ അഭിവന്ദിച്ചു. "ജോ നിങ്ങളെ തിരിച്ചു വിളിച്ചിരുന്നില്ലെങ്കിൽ, ഞാൻ വിളിക്കുമായിരുന്നു. മേലോട്ടു ചെന്നാൽ ഈ താഴ്വരയിലൊരിടത്തും നല്ല ആഹാരം കിട്ടില്ല."

സ്വന്തം പാചകത്തെക്കുറിച്ചു് അമ്മയ്ക്കു വലിയ മതിപ്പാണു്. വീട്ടിൽ പഠിച്ച കാര്യങ്ങളിൽ ആ പുതിയ നാട്ടിൽ വല്ല പ്രയോജനവുമുള്ള ഒററ സംഗതി അതാണെന്നു് അവർ പലപ്പോഴും പറയും.

ഞങ്ങൾ ആഹാരം കഴിക്കാനിരുന്നു. നല്ലൊരു ശാപ്പാടായിരുന്നു അതു്. ഒട്ടും മോശക്കാരനാകാതെ ഷെയ്ൻ ഞങ്ങളോടു് കിടപിടിച്ചുനില്ക്കുന്നതു കണ്ടു് അമ്മയുടെ കണ്ണുകളിൽ സന്തോഷം തുളുമ്പി. പണ്ടേ പരിചയമുള്ള പഴയ സുഹൃത്തുക്കളെപ്പോലെ ഞങ്ങൾ മേശയ്ക്കു ചുററും ഇരുന്നു. ഷെയ്നിനെക്കുറിച്ചു് കൂടുതലറിയാൻ അച്ഛൻ ശ്രമിച്ചുകൊണ്ടിരുന്നതു് എനിക്കു കാണാൻ കഴിഞ്ഞു. അമ്മ അച്ഛനെ സഹായിച്ചുമിരുന്നു. അയാൾക്കതെല്ലാം മനസ്സിലാകുന്നുണ്ടു്. അയാളുടെ പെരുമാററം വളരെ വിനയപൂർവ്വമായിരുന്നു. പക്ഷേ, അവരിൽനിന്നു് സദാ ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു.

അയാൾ യാത്രതുടങ്ങിയിട്ടു് കുറെയേറെ നാളാ

യിരിക്കണം. കാരണം, ചീയെൻപോലെയും ഡോഡ്ജിസിററിപോലെപ്പോലും വിദൂരസ്ഥമായ പട്ടണങ്ങളിലെ കാര്യങ്ങൾ അയാളുടെ സംഭാഷണത്തിൽ നിറഞ്ഞുകിടന്നിരുന്നു. ഞാൻ മുമ്പ് കേട്ടിട്ടുപോലുമില്ലാത്ത വിദൂരനഗരങ്ങളെക്കുറിച്ചും അയാൾ സംസാരിച്ചു. അയാൾക്ക്, പക്ഷേ, തന്നെസംബന്ധിക്കുന്ന വിവരങ്ങൾ ഒന്നുംതന്നെ പറയാനുണ്ടായിരുന്നില്ല. ഞങ്ങളുടെ മേച്ചിൽപ്പുറമ്പുപോലെ അയാളുടെ ഭൂതകാലത്തെയും വേലികെട്ടി ഭദ്രമായി നിർത്തിയിരിക്കയാണ്. അച്ഛനും അമ്മയ്ക്കും ആകെക്കൂടി മനസ്സിലാക്കാൻ കഴിഞ്ഞതു് ഇത്രമാത്രമാണ്: ഒരു പ്രത്യേക പരിപാടിയുമില്ലാതെ അയാൾ തുടർച്ചയായി യാത്രചെയ്തുകൊണ്ടിരിക്കുകയാണ്. കണ്ടിട്ടില്ലാത്ത കുറെ സ്ഥലങ്ങൾ കാണുകയെന്നതിൽക്കവിഞ്ഞ യാതൊരു ഉദ്ദേശ്യവും ആ യാത്രകൾക്കില്ല.

ആഹാരത്തിനുശേഷം അമ്മയും ഞാനും അടുക്കളെ വെടിപ്പാക്കാൻതുടങ്ങി. അച്ഛനും ആ അപരിചിതനും പുറത്തിരുന്നു സംസാരിക്കാനുമാരംഭിച്ചു. തുറന്നുകിടന്ന കതകിൽക്കൂടി അവരുടെ സംസാരം ഞങ്ങൾക്കു കേൾക്കാം.

"അതെ, ഷെയ്ൻ," അച്ഛൻ പറയുകയാണ്, "ഈ പുറമ്പോക്കുസ്ഥലങ്ങൾ എന്നും ഇങ്ങനെ കിടക്കാൻ പോകുന്നില്ല. വേലികൾ വളഞ്ഞുകൊണ്ടിരിക്കുകയാണ്. വലിയതോതിൽ കന്നുകാലി വളർത്താൻ ധാരാളം മേച്ചിൽപ്രദേശങ്ങൾ വേണം—അവയുള്ളവർക്കേ അതു പററു. അവക്കുതന്നെയും അത്ര ആദായകരമായിരിക്കുകയുമില്ല. സ്ഥലം കൂടുതൽ വേണം; ഫലം കുറവും. തിക്കു് കൂടുമെന്ന കാര്യം തീർച്ചയാണ്."

"കൊള്ളാം. അതു നല്ല രസംതന്നെ," ഷെയ്ൻ പറഞ്ഞു: "കാര്യജ്ഞാനമുള്ള മററു ചിലരും ഇതേ അഭിപ്രായം പറയുന്നതു ഞാൻ കേൾക്കുകയുണ്ടായി. അതിൽ എന്തെങ്കിലും കാര്യമുണ്ടായിരിക്കാം."

"കേട്ടോ, ഷെയ്ൻ," അച്ഛൻ പറഞ്ഞു: "സ്വന്തമായി ഭൂമിയുണ്ടായിരിക്കുക; വേണ്ടത്ര മേച്ചിൽസ്ഥലം ശരിപ്പെടുത്തുക. വേലികെട്ടി, നല്ല തീററികൊടുത്ത് ഇറച്ചിക്കായി കുറച്ചു മാടുകളെ വളർത്തുക. അങ്ങനെ പണമുണ്ടാക്കണം. അതാണു വേണ്ടത്. ഞാനിതാരംഭിച്ചിട്ട് ഏറെക്കാലമായിട്ടില്ല. പക്ഷേ, ആററിന്നക്കരയിലുള്ള ഫ്ളെച്ചറുടേതിനെക്കാളും ഭേദമാണ് എന്റെ സ്ഥിതി. മാടുകൾ കൂടുതലുണ്ട്. ഇറച്ചി കുറച്ചുകൂടി മെച്ചവുമാണ്. പോരെങ്കിൽ തുടങ്ങിയിട്ടേയുള്ളു താനും.

"നേരാണ്, താഴ്വരയുടെ മിക്കവാറും ഭാഗം ഫ്ളെച്ചറുടെ കൈവശമാണ്. സ്ഥലത്തിന് നല്ല വിസ്താരം. പക്ഷേ, മാടുകളെക്കാളധികം ഭൂമിയാണയാൾക്കുള്ളത്. കൂടുതൽ കുടിയേററക്കാർ വന്നുചേരുമ്പോൾ അയാൾക്ക് ആ ഭൂമിയും ഇല്ലാതാകും. ഞങ്ങളെപ്പോലുള്ള ചെറുകിടക്കാരെക്കൊണ്ടു ശല്യമേയുള്ളു എന്ന പക്ഷക്കാരനാണയാൾ."

"യഥാർത്ഥത്തിൽ നിങ്ങൾ ശല്യക്കാരുമാണ്," ഷെയ്ൻ ശാന്തനായി പറഞ്ഞു.

"അതെ, ശരിയാണ്. ആററിനിക്കരെയുള്ള പുറമ്പോക്കുസ്ഥലങ്ങൾ അയാൾ മുമ്പൊരിക്കൽ ഉപയോഗപ്പെടുത്താൻ ശ്രമിച്ചു. ഇനിയും ആ ശ്രമം തുടർന്നാൽ ഞങ്ങളുടെ സാന്നിദ്ധ്യം കുറെ വൈഷമ്യമുണ്ടാക്കും. ഈ സ്ഥലത്തിൻെറ വലിയൊരുഭാഗം ഞങ്ങളുടെ എല്ലാവരു

ടേയുംകൂടി കൈവശമാണ്. ആററിലെ വെള്ളം കുറെ യങ്ങ തടഞ്ഞു് മേച്ചിൽസ്ഥലത്തേക്ക വെള്ളം കിട്ടാതാക്കാൻ ഞങ്ങഠം വിചാരിച്ചാൽ സാധിക്കം. ഞങ്ങളിനിയും കൂട്ടതലാളുകഠം അപ്പുറത്തു ചെല്ലമെന്നും അപ്പോഠം താൻ യഥാത്ഥത്തിൽ അപകടത്തിലാകമെന്നും അയാഠംക്ക ഭയമുണ്ടു്.''

അടുക്കള വെട്ടപ്പാക്കിയശേഷം അമ്മ എന്നെ മുറിയിൽ കൊണ്ടുപോയി ഉറങ്ങാൻ കിടത്തി. എന്നിട്ട പുറത്തുചെന്നു് അവരുടെക്കൂടെയിരുന്നു. ഞാൻ പിന്നെയും ശ്രദ്ധിച്ചുകേഠംക്കാൻ ശ്രമിച്ചു. പക്ഷേ, അവരുടെ സംഭാഷണം വളരെ താഴ്ന്നസ്വരത്തിലായിരുന്നു. ഞാൻ അങ്ങനെ കിടന്നു് ഉറങ്ങിപ്പോയിരിക്കണം. കാരണം, പെട്ടെന്നാണു് അച്ഛനും അമ്മയും അടുക്കള മുറിയിൽ നിന്നു സംസാരിക്കുന്നതു കേട്ടതു്. വസന്തകാലത്തു് ഏതാനും ആഴ്ചക്കാലം ഞങ്ങളുടെ ജോലിക്ക നിന്നിരുന്ന ഒരാഠംക്ക കിടക്കാൻ കളപ്പുരയിൽ അച്ഛൻ ഒരു സ്ഥലം ശരിപ്പെടുത്തിയിരുന്നു. ഷെയ്ൻ ഇതിനകം അവിടെ കയറി കിടപ്പായിക്കാണണം.

"അയാഠം തന്നെപ്പററി യാതൊന്നും പറഞ്ഞതേയില്ല. അതെല്ലാം വിചിത്രമല്ലേ?" അമ്മ ചോദിക്കുന്നതു കേട്ടു.

"എന്താണു് വിചിത്രമായിട്ടുള്ളതു്?" അച്ഛൻ ചോദിച്ചു. "അതെ, ഒരുകണക്കിനു്."

"അയാളെ സംബന്ധിക്കുന്ന എല്ലാം അസാധാരണമാണു്. ഇങ്ങനെയൊരു മനുഷ്യനെ ഞാനിതിനുമുമ്പു് കണ്ടിട്ടില്ല."

"നിൻെറ നാട്ടിൽ ഇങ്ങനെ ആരെയും നീ കണ്ടിരിക്കയില്ല. അയാഠം ഒരു പ്രത്യേകദിനുസാണു്. ഈ

പുതിയ രാജ്യത്തു് ഇടയ്ക്കെല്ലാം ഇത്തരക്കാരെ കാണാം. ഞാൻ ചിലരെ കണ്ടിട്ടുണ്ടു്. ചീത്ത ആൾ ആണെങ്കിൽ വലിയ കുഴപ്പംതന്നെ. നല്ലവനാണെങ്കിൽ എപ്പോഴും എല്ലാവിധത്തിലും നന്നായിരിക്കും.''

"എനിക്കു് അയാളെ പിടിച്ചു," അമ്മ പറഞ്ഞു: "നല്ല ഒതുക്കമുള്ള പ്രകൃതം. ഇവിടെ കണ്ടിട്ടുള്ള മററു പലരേയുംപോലെയല്ല. പക്ഷേ, അയാൾക്കു് എന്തോ ഒരു പ്രത്യേകതയുണ്ടു്. ആ പ്രശാന്തതയ്ക്കിടയിൽ എന്തോ ഒന്നു്. അപകടരഹിതമല്ലാത്ത എന്തോ ഒന്നു്."

അച്ഛൻ മറുപടി നല്കി: "എൻെറ തങ്കം, ഇത്ര അപകടമില്ലാത്ത ഒരാൾ നമ്മുടെ വീട്ടിൽ ഇതിനുമുമ്പു് വന്നിട്ടില്ല."

അച്ഛൻെറ സംസാരം എനിക്കു് വിചിത്രമായി തോന്നി.

## അദ്ധ്യായം രണ്ടു്

കാലത്തു് ഞാൻ അടുക്കളയിൽ ചെന്നപ്പോൾ അച്ഛനും ഷെയ്നും കൂടി കാപ്പി കഴിച്ചുകൊണ്ടിരിക്കയാണു്.

"ഗുഡ് മോണിംഗ്, ബോബ്. വേഗം ശാപ്പിട്ടോ. ഇല്ലെങ്കിൽ നിൻെറ പങ്കുകൂടി ഞാനങ്ങു തീർത്തുകളയും. അമ്മയുടെ പാചകം ഒന്നാംതരമാണു്. അവർ വച്ചു വിളമ്പിയതു് മതിയാകുവോളം തിന്നോ. അച്ഛനെക്കാൾ വലുതായി വളൎന്നുവരും," ഷെയ്ൻ പറഞ്ഞു. അമ്മ അതുകേട്ടു ചിരിച്ചു.

"ഈ ആണുങ്ങളെ എനിക്കു് അസ്സലായറിയാം. കാപ്പിയും പലഹാരവും കുറെക്കൂടി വേണമെന്നല്ലേ ഈ പറഞ്ഞതിനർത്ഥം," അവർ പറഞ്ഞു.

വീട്ടിൽ പലപ്പോഴും അങ്ങനെയായിരുന്നു. സ്നേഹവും സന്തോഷവും നിറഞ്ഞിരിക്കും. അന്നു കാലത്തും അതായിരുന്നു സ്ഥിതി. നേരിയ ഒരു തണുപ്പു് അന്തരീക്ഷത്തിൽ അരിച്ചുകയറിയിരുന്നു. താഴ്വരയിൽ ശക്തിയായി കാററു് അടിച്ചുകൊണ്ടിരിക്കുകയാണു്. തൊട്ടു പിറകെതന്നെ, പെട്ടെന്നുണ്ടാകാറുള്ള കോടമഴയുടെ വരവും ഉണ്ടാകും.

വിരുന്നുകാരൻ കാപ്പികുടി പൂർത്തിയാക്കിയിരുന്നു. അയാൾ തിരിഞ്ഞു് ജനലിൽക്കൂടി പുറത്തേക്കു നോക്കി. പിറകോട്ടുമാറി എഴുന്നേല്ക്കാൻ ഭാവിച്ചു. പക്ഷേ, അമ്മയുടെ ശബ്ദം അയാളെ കസേരയിൽത്തന്നെ പിടിച്ചിരുത്തി.

"കാലാവസ്ഥ ഇങ്ങനെയിരിക്കുമ്പോൾ യാത്ര തുടരണ്ട. അല്പം കഴിഞ്ഞാൽ കാറൊന്നൊഴിഞ്ഞേക്കാം. ഈ മഴ ഏറെനേരം പെയ്യില്ല."

"മറിയൻ പറഞ്ഞതു ശരിയാണു്," അച്ഛൻ പറഞ്ഞു. "ഒന്നു പെയ്തിട്ടങ്ങു പോകുന്നതാണു് ഈ മഴ. പക്ഷേ, റോഡു് കേടുവന്നിരിക്കുന്നു. ഇന്നെന്തായാലും യാത്രയ്ക്കു പററില്ല. ഇവിടെയങ്ങു തങ്ങാം. ജോലികൾ ഒക്കെയൊന്നു നടന്നു കാണുകയും ചെയ്യാം."

അച്ഛൻ അമ്മയുടെ നേരെ നോക്കി. അവർ അത്ഭുതപ്പെട്ടുപോയിരുന്നു. കാരണമുണ്ടു്. തൻെറ പദ്ധതികൾ വേഗം തീർക്കാൻ, കയ്യിൽ കിട്ടുന്ന ഓരോ മിനുട്ടും ജോലിചെയ്യുകയാണു് അച്ഛൻെറ പതിവു്. ഞായറാഴ്ചപോലും അച്ഛനല്പം വിശ്രമിക്കണമെങ്കിൽ അമ്മ

അതിനുവേണ്ടി ഒരു സമരംതന്നെ ചെയ്യേണ്ടിവരാറുണ്ട്. എന്നാൽ, ഇന്നിതാ ഒരു ജോലിദിവസം മുഴുവൻ വിശ്രമിക്കുന്ന കാര്യമാണ് അച്ഛൻ പറയുന്നത്.

അമ്മ പറഞ്ഞു: "മിസ്റ്റർ ഷെയ്ൻ, നിങ്ങൾ ഞങ്ങളോടൊരു സൗജന്യം കാണിക്കുകയായിരിക്കും. ഈ താഴ്വരയ്ക്കപ്പുറത്തുനിന്ന് വളരെ ചുരുക്കം അതിഥികളേ ഇങ്ങോട്ടു വരാറുള്ളൂ. നിങ്ങൾ ഇന്നിവിടെ തങ്ങുന്നത് ഞങ്ങൾക്കു സന്തോഷകരമാണ്. പോരെങ്കിൽ വേറൊരുകാര്യംകൂടിയുണ്ട്. ഒരു പ്രത്യേകതരം ആപ്പിൾകേയ്ക്കിൻെറ കാര്യം പറഞ്ഞുകേട്ടിട്ടുണ്ട്. നിങ്ങൾ തങ്ങുകയാണെങ്കിൽ അതൊന്നുണ്ടാക്കിനോക്കുകയും ചെയ്യാം. കണ്ണിൽക്കണ്ടതെന്തും വാരിവലിച്ചു തിന്നുന്ന ശീലക്കാരാണ് അച്ഛനുംമകനും. നല്ലതേത് മോശമേത് എന്നു തിരിച്ചറിയാൻ അവർക്കു കഴിവില്ല."

അയാളുടെനേരെ ചൂണ്ടിക്കാണിച്ചുകൊണ്ട് അമ്മ തുടർന്നു: "മറെറാരു സംഗതികൂടി. പട്ടണങ്ങളിലെ സ്ത്രീകൾ എന്തൊക്കെ വേഷമാണ് ധരിക്കുന്നതെന്നറിയണം. എനിക്കതിനെക്കുറിച്ച് ഒരുപാടു ചോദിക്കാനുണ്ട്. ഹാററ് മുതലായവ. അതെല്ലാം ശ്രദ്ധിക്കുന്ന മട്ടുകാരനാണ് നിങ്ങൾ. ആ വിശേഷങ്ങൾ എന്നെ പറഞ്ഞുകേൾപ്പിക്കുംമുമ്പ് നിങ്ങൾ പോയിക്കൂടാ."

ഷെയ്ൻ കസേരയിൽത്തന്നെ ഇരുന്നു. നനുത്ത ഒരു പുഞ്ചിരി അയാളുടെ മുഖത്തിന്ന് മൃദുലത ഇയററി. "പെണ്ണുങ്ങളുടെ ഹാററുകളെക്കുറിച്ച് എനിക്കു വലിയ വിവരമുണ്ടെന്നു മററാരും ഇതുവരെ കരുതിക്കാണുകയില്ല."

എന്തോ കാരണവശാൽ അച്ഛനും സന്തോഷത്തി

ലായിരുന്നു. "പുതിയ ഹാററുകളെപ്പററിയൊന്നും മറിയന്നു പറഞ്ഞുകൊട്ടക്കരുതേ. അവഠം എൻെറ പണം മുഴുവൻ ചെലവാക്കും. ഹാററാണെങ്കിൽ അവഠംക്കൊന്നു് ഇപ്പോഴുണ്ടുതാനും."

അച്ഛൻ ചുമ്മാ പറഞ്ഞതാണെന്നു് അമ്മയ്ക്കറിയാം. യഥാൎത്ഥത്തിൽ, തനിക്കെന്തെങ്കിലും വേണ്ടിവരുമ്പോഠം എങ്ങനെയെങ്കിലും അതു വാങ്ങിക്കൊണ്ടുവരും അദ്ദേഹം എന്നു് അവൎക്കറിയാം.

പോകേണ്ടെന്നു് ഷെയ്നിനോടു പറയാൻ അച്ഛനെ സഹായിക്കുന്നതിനുള്ള ഒരടവുമാത്രമാണു് ഹാററുകളെക്കുറിച്ചുള്ള ആ സംസാരമെന്നു് ഞാൻ വിചാരിച്ചു. പക്ഷേ, ഒട്ടും താമസിക്കാതെതന്നെ അമ്മ സംഭാഷണമാരംഭിച്ചുകഴിഞ്ഞിരുന്നു. ചീയെന്നിലും പുതിയ വസ്ത്രരീതികഠം പ്രചാരത്തിലിരിക്കുന്ന മററു പട്ടണങ്ങളിലും കണ്ട സ്ത്രീകളെക്കുറിച്ചു പറയാൻ അവർ ഷെയ്നിനോടു് അഭ്യൎത്ഥിച്ചു. ചങ്ങാതിത്തത്തോടെ, യാതൊരലോസരവുമില്ലാതെ അയാഠം ഹാററുകളെക്കുറിച്ചു് വിസ്തരിച്ചു പറഞ്ഞു. മുൻവശത്തു് മേലേ അററത്തു് പൂക്കഠം, ചാൎത്തിയ പതുപതുത്ത വീതിക്കൂടിയ ഹാറ്റുകഠം. ഇരുവശത്തും, താടിക്കടിയിലൂടെ കെട്ടാനുള്ള നാടയിട്ടന്ന തുളയുണ്ടായിരിക്കും.

ഒരു പുരുഷൻ ഇതെല്ലാം സംസാരിക്കുന്നതു് വിഡ്ഢിത്തമായി എനിക്കു തോന്നി. പക്ഷേ, ഷെയ്ൻ സംസാരം തുടൎന്നു. ആകെപ്പാടെ കൊള്ളാം, പക്ഷേ, കേഠംക്കാൻ പറയത്തക്ക രസമില്ലെന്നേയുള്ളു എന്ന മട്ടിൽ അച്ഛൻ സംഭാഷണം ശ്രദ്ധിച്ചുകൊണ്ടുമിരുന്നു.

പുറത്തു മഴപെയ്യുന്നുണ്ടായിരുന്നു. അടുക്കളമുറിയിൽ തങ്ങിനിന്നിരുന്ന സൗഹൃദഭാവത്തിനു് ഞങ്ങളുടെ

ലോകത്തിന്ന മുഴുവൻ ഉൗഷ്മാവു പകരാൻ കഴിവുണ്ടായിരുന്നതുകൊണ്ടു് മഴപെയ്യുന്നതു് അങ്ങകലെയെങ്ങോ ആണെന്നു തോന്നി.

സ്വല്പം കഴിഞ്ഞപ്പോൾ അമ്മ പറഞ്ഞു: "നോക്കു, വെയില്ല കണ്ടുതുടങ്ങി."

അന്തരീക്ഷം നന്നേ തെളിഞ്ഞു് മനോഹരമായിരുന്നു. ശോഭനമായ ആ ഉന്മേഷം നുകരാൻ പുറത്തേക്കു് ഉടൻ ഓടിച്ചെല്ലണമെന്നു തോന്നുക. അച്ഛനിങ്ങനെ തോന്നിയിരിക്കണം. അദ്ദേഹം ചാടിയെഴുന്നേററു പറഞ്ഞു: "വരൂ, ഷെയ്ൻ, എൻെറ ഗോതമ്പിനു് ഈ മഴ ചെയ്യുന്ന ഗുണം കാണിച്ചുതരാം. ഗോതമ്പുചെടികൾ കുറെശ്ശെക്കുറെശ്ശെയായി വളൎന്നുകൊണ്ടിരിക്കുന്നതുപോലും കാണാൻ കഴിയും."

അച്ഛൻെറ തൊട്ടു പിറകിലായിരുന്നു ഷെയ്ൻ. പക്ഷേ, എല്ലാവരെക്കാളും മുമ്പെ ഞാൻ വാതിൽക്കലെത്തി. അമ്മയും പിറകെ വന്നു. ഞങ്ങൾ പുറത്തേക്കു കടന്നപ്പോൾ അവർ അവിടെത്തന്നെ നോക്കിനിന്നു. മിക്കവാറും ആ സ്ഥലം മുഴുവനും ഞങ്ങൾ നടന്നു കണ്ടു. അപ്പോഴൊക്കെയും അച്ഛൻ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. കളപ്പുരയുടെ പിന്നിൽനിന്നു നോക്കിയാൽ മേച്ചിൽപ്രദേശത്തു് മേഞ്ഞുനില്ക്കുന്ന മാടുകളെ കാണാം. ഞങ്ങൾ അവിടെ എത്തിയപ്പോൾ അച്ഛൻ പെട്ടെന്നു നിന്നു. തൻെറ സംസാരം ഷെയ്ൻ അത്ര ശ്രദ്ധിക്കുന്നില്ലെന്നു് അദ്ദേഹത്തിന്നു മനസ്സിലായി. ഞങ്ങളുടെ സ്ഥലത്തിനു് ഒരൊററ കളങ്കമാണുണ്ടായിരുന്നതു്. ഷെയ്നിൻെറ ദൃഷ്ടി അതിൽ പതിഞ്ഞതായി അച്ഛൻ കണ്ടു. കളപ്പുരയ്ക്കു പിറകിലുള്ള ഒഴിഞ്ഞ സ്ഥലത്താണതു സ്ഥിതിചെയ്യുന്നതു്. ഒരു പെരുമരത്തിൻെറ പഴ

യൊരു വലിയ കുററി. ഞങ്ങൾ ആ താഴ്വരയിലേക്കു വരുന്നതിനു് എത്രയോ മുമ്പു പട്ടുപോയതായിരിക്കണം ആ മരം. ശക്തിയായ ഒരു കൊടുങ്കാററടിച്ചപ്പോൾ അതു നിലംപതിക്കുകയും ചെയ്തിരിക്കണം. ആൾപ്പെരുപ്പുള്ള ഒരു കുടുംബത്തിനു് അതിന്റെ പുറത്തു് ആഹാരം വിളമ്പാം. അത്രമാത്രം വലിയൊരു മരം.

അതവിടെനിന്നു പിഴുതു നീക്കംചെയ്യാൻ അച്ഛൻ പലപ്പോഴും ശ്രമിച്ചിട്ടുണ്ടു്. അദ്ദേഹമായിട്ടുപോലും ജോലി മന്ദഗതിയിലേ നടന്നുള്ളു. നല്ല ഉറപ്പുള്ള തടി. ഓരോ തവണയും അല്പാല്പമായല്ലാതെ വെട്ടിമുറിക്കാൻ കഴിഞ്ഞിരുന്നില്ല. അതുപോലുള്ള വലിയ വൃക്ഷങ്ങൾ ഇവിടങ്ങളിൽ അപൂർവ്വമായേ കാണുക പതിവുള്ളു. ഉള്ളവ ഇരുമ്പുപോലെ കഠിനവുമായിരിക്കും. 'ഇരുമ്പു മരം' എന്നാണു് ഞങ്ങളവയ്ക്കു പേരു പറയുക.

ആ മരക്കുററി തീവെച്ചു കരിച്ചുകളയാൻ അച്ഛൻ ശ്രമിക്കാതിരുന്നില്ല. പക്ഷേ, അപ്പോഴെല്ലാം ആ പഴയ മരക്കുററി തീയിനെ പരിഹസിച്ചു ചിരിച്ചുകളയും. തീ തട്ടുംതോറും മരത്തിനു കാഠിന്യം കൂടുന്നതായി തോന്നി. അങ്ങനെ അല്പാല്പം വെട്ടി അതിനെ നിർമ്മാർജ്ജനംചെയ്ക എന്ന പരിപാടിയാണു് ഒടുവിൽ അച്ഛൻ സ്വീകരിച്ചതു്.

അദ്ദേഹം അതിന്നടുത്തുചെന്നു് കാലുകൊണ്ടു് ഒരു തട്ടു വച്ചുകൊടുത്തു. അതിലെ കടന്നുപോകുമ്പോഴൊക്കെ അദ്ദേഹം അങ്ങനെ ചെയ്യാറുണ്ടു്.

"അതെ, ഈ സ്ഥലത്തു് എനിക്കു് ഇനിയും കീഴ്പ്പെടുത്താൻ കഴിയാതെ അവശേഷിക്കുന്ന ശല്യംപിടിച്ച ഏകവസ്തുവിതാണു്. പക്ഷേ, ഞാനിതിനെയും കീഴടക്കും. കരുത്തനായ ഒരാണിനെ തോല്പിച്ചു പിന്മാററ

വാൻ കഴിവുള്ള ഒരൊററ മരവും ഒരുകാലത്തും വള ൎന്നിട്ടില്ല."

തൻെറ മുമ്പിൽ നില്ക്കുന്ന ഒരാളാണു് എന്നമട്ടിൽ അച്ഛൻ അതിനെയൊന്നു നിവൎന്നു നോക്കി. എന്നിട്ടു പറഞ്ഞു: "കേട്ടോ, ഷെയ്ൻ, വളരെക്കാലമായി ഞാൻ ഇവനോടു പടവെട്ടാൻ തുടങ്ങിയിട്ടു്. സമരംചെയ്തു സമരംചെയ്തു് എനിക്കിപ്പോൾ ഇതിനോടൊരു മമത തന്നെ തോന്നിത്തുടങ്ങിയിരിക്കുന്നു."

അച്ഛൻ വീണ്ടും വാചാലനാവാൻ തുടങ്ങി. അതി ലദ്ദേഹത്തിനു സന്തോഷവും തോന്നി. പക്ഷേ, താൻ പറയുന്നതൊന്നും ഷെയ്ൻ ശ്രദ്ധിക്കുന്നില്ലെന്നു് അദ്ദേ ഹത്തിനു മനസ്സിലായി. അയാൾ അകലെയെങ്ങോ നിന്നു കേട്ട ശബ്ദം ശ്രദ്ധിക്കുകയായിരുന്നു. ശരിയാണു്. ഒരു കുതിരയുടെ കുളമ്പടിശബ്ദം റോഡിൽനിന്നു കേൾ ക്കാമായിരുന്നു.

"യാത്രയ്ക്കു പററില്ല," ഷെയ്ൻ സൗമ്യമായി പറഞ്ഞു. "സ്ററാറെറ്റ്, നന്നപറഞ്ഞു ഫലിപ്പിക്കാൻ നിങ്ങൾക്കു മിടുക്കു കുറവാണു്."

അച്ഛൻ അതു കേട്ടു് ചിരിക്കുകമാത്രം ചെയ്തു. "അതു് ജാക്കു് ലെഡ്യാർഡാണു്," അദ്ദേഹം പ റഞ്ഞു. "അയാൾ ഈയാഴ്ച ഇതിലേ വരുമെന്നു് ഞാൻ വിചാരിച്ചിരുന്നു. കുറേനാളായി വാങ്ങണമെന്നു് കരു തിയിരുന്ന മണ്ണിളക്കിയും അയാൾ കൊണ്ടുവരുന്നുണ്ടാ കണം."

ചടച്ച മുഖമുള്ള ഒരു കൊച്ചുമനുഷ്യനാണു ലെഡ്യാർഡ്. ഈരണ്ടുമാസം കൂടുമ്പോൾ അയാൾ പതി വായി അതിലേ വരും. പട്ടണത്തിലെ സ്റ്റോറിൽ കിട്ടാ റില്ലാത്ത സാധനങ്ങൾ അയാൾ കൊണ്ടുവരും. എനിക്കു

യാളെ ഇഷ്ടമല്ല. ആവശ്യമില്ലാതെ അയാഠം ചിരിക്കും. ആ ചിരിയിൽ യഥാൎത്ഥത്തിലുള്ള സൗഹൃദം ഒട്ടുണ്ടാവു കയുമില്ല.

ലെഡ്യാർഡ് വണ്ടിയിൽനിന്നു ചാടിയിറങ്ങി. അച്ഛൻ അയാളെ കാണാൻ അടുത്തേക്കു ചെന്നു. ഷെയ്ൻ വീട്ടിനടുത്തുതന്നെ നിന്നു.

"ഞാൻ അതു കൊണ്ടുവന്നിട്ടുണ്ട്," ലെഡ്യാർഡ് പറഞ്ഞു, "അന്നു പറഞ്ഞ രസികൻ സാധനം." അയാഠം ആവരണം നീക്കി. പുതിയ മണ്ണിളക്കി വെയിലേററു തിളങ്ങി. "ഇത്തവണത്തെ വരവിൽ കൊണ്ടുവന്നിട്ടുള്ള ഏററവും നല്ല ചരക്കു് ഇതാണു്."

"ഉം," അച്ഛൻ പറഞ്ഞു, "എനിക്കാവശ്യവും ഇതായിരുന്നു. പക്ഷേ, ഒന്നുണ്ടു്. മേത്തരമെന്നു പറയുമ്പോഠം വിലയും കൂടുതലായിരിക്കുമല്ലോ. ആവട്ടെ, എന്തു വില വരും?"

ലെഡ്യാർഡിന്റെ മറുപടി സാവധാനത്തിലായിരുന്നു. "കഴിഞ്ഞതവണ നാം തമ്മിൽ സംസാരിച്ചപ്പോഠം കരുതിയിരുന്നതിലധികം വിലയായി. കുറച്ചു കൂടിപ്പോയെന്നു് നിങ്ങഠംക്കു തോന്നുമായിരിക്കും. എനിക്കങ്ങനെ തോന്നുന്നില്ല. ഇതുപോലെ 'ഒരൊശത്തി' ചരക്കിനു് ആ വില ഒരിക്കലും കൂടുതലല്ല. ഇതുകൊണ്ടു ജോലി ചെയ്യുമ്പോഠം കിട്ടുന്ന ലാഭം ആ നഷ്ടം നികത്തിക്കൊള്ളും. ഈ പയ്യൻപോലും താമസിയാതെ അതെടുത്തു് ഉപയോഗിച്ചുതുടങ്ങും."

"ഞാനൊരു ചോദ്യം നിങ്ങളോടു ചോദിച്ചിരുന്നു," അച്ഛൻ പറഞ്ഞു.

ലെഡ്യാർഡ് മറുപടിപറയുന്നതിൽ ഇത്തവണ വേഗത കാണിച്ചു:

"ഞാൻ എന്തുപറയട്ടെ നിങ്ങൾക്കുവേണ്ടി സ്വല്പം വില കുറയ്ക്കാം. സ്വല്പമൊന്നു് നഷ്ടം സഹിച്ചുകളയാം. 110 ഡോളറിനു് ഇതങ്ങു തന്നേക്കാം."

ഷെയ്ൻ പെട്ടെന്നു് ഇടയ്ക്കുകയറി സംസാരിക്കുന്നതു കേട്ടു് എനിക്കാശ്ചര്യം തോന്നി.

അയാൾ പറഞ്ഞു: "ചീയെന്നിലെ ഒരു സ്റ്റോറിൽ ഇതുപോലൊന്നുണ്ടായിരുന്നു. 60 ഡോളർ വിലയ്ക്കു്."

ഞങ്ങളുടെ അതിഥിയെ ലെഡ്യാർഡ് ഇദം പ്രഥമമായി ഒന്നു നോക്കി. അയാളുടെ മുഖത്തെ ആ ചിരി അപ്പോൾ മാഞ്ഞുപോയിരുന്നു. അയാൾ ചോദിച്ചു: "നിങ്ങളോടു് ആരെങ്കിലും അതിനെപ്പററി അഭിപ്രായം പ്രകടിപ്പിക്കാൻ ആവശ്യപ്പെട്ടുവോ?"

"ഇല്ല," ഷെയ്ൻ ശാന്തനായി തറപ്പിച്ചു പറഞ്ഞു, "ആരും അങ്ങനെ ചെയ്തില്ല." അയാൾ അനങ്ങിയില്ല. കൂടുതലൊന്നും പറഞ്ഞതുമില്ല.

ലെഡ്യാർഡ് അച്ഛൻെറനേരെ തിരിഞ്ഞു. അയാൾ ധൃതിയിൽ സംസാരിച്ചുകൊണ്ടിരുന്നു:

"ഒരയാൾ പറയുന്നതു് കാര്യമാക്കേണ്ട, സ്റ്റാറെറ്റ്. വഴിക്കുവച്ചു് അയാളെക്കുറിച്ചു് ആളുകൾ സംസാരിക്കുന്നതു് ഞാൻ പലതവണ കേട്ടിട്ടുണ്ടു്. ആർക്കും അയാളെ അറിഞ്ഞുകൂട. ആർക്കും മനസ്സിലാക്കാനും കഴിഞ്ഞിട്ടില്ല. പക്ഷേ, എനിക്കു സാധിക്കുമെന്നാണു് എൻെറ വിശ്വാസം. നിങ്ങൾ ഇയാളെ ഇവിടെ കയററിയതിൽ എനിക്കത്ഭുതം തോന്നുന്നു."

"ഒരുപാടു കാര്യങ്ങളിൽ നിങ്ങൾക്കു് അത്ഭുതം തോന്നും," അച്ഛൻ പറഞ്ഞു. "അതു പോകട്ടെ, വിലയുടെ കാര്യം തീർത്തുപറയൂ."

"ഞാൻ പറഞ്ഞുകഴിഞ്ഞു. ആ വിലതന്നെ, 110 ഡോളർ. എന്തായാലും എനിക്കു നഷ്ടമാണ്. എന്നാലും നിങ്ങളെക്കരുതി അതു നൂറു ഡോളറാക്കി കുറയ്ക്കാം."

ലെഡ്യാർഡ് മറുപടിയുംകാത്തു നില്പായി. അയാൾ അച്ഛനെ ശ്രദ്ധിച്ചു നോക്കി: "ചീയെന്നിൽ അയാൾ എന്തെങ്കിലും കണ്ടിരിക്കാം. ഇതിന്റെ പകുതി മാത്രം വലുപ്പമുള്ള ചെറിയ ദിനസുകൾ വല്ലതുമായിരിക്കും. അയാൾ പറഞ്ഞ വിലമാത്രം വരാൻ കാരണമതായിരിക്കണം."

അച്ഛൻ ഒരക്ഷരം ഉരിയാടിയില്ല. അദ്ദേഹം ലെഡ്യാർഡിനേയും നോക്കിക്കൊണ്ടു നിന്നു. ഷെയ്ൻ പറഞ്ഞതു് അദ്ദേഹം കേട്ടിട്ടുപോലുമില്ല എന്നു തോന്നും കണ്ടാൽ. സുഖകരമല്ലാത്ത എന്തിനേയോ കുറിച്ചു ചിന്തിക്കുകയായിരുന്നു എന്നതുപോലെ കാണപ്പെട്ടു. ആ ചുണ്ടുകൾ ക്രുത്തിരുന്നു. ലെഡ്യാർഡ് മറുപടിയുംകാത്തു നിന്നു. അച്ഛനൊന്നും പറയാതിരിക്കുന്നതു കണ്ടു് അയാൾക്കു കോപം വന്നു.

"സ്റ്റാറെറ്റ്, നിങ്ങൾ ഏതു വിശ്വസിക്കുന്നു? ഞാൻ പറയുന്നതോ, അയാൾ പറയുന്നതോ? അയാളുടെ ആ വേഷം നോക്കിയാട്ടെ. വെറുമൊരു—"

ലെഡ്യാർഡ് പെട്ടെന്നു നിർത്തി. ഒരടി പിന്നോട്ടുവച്ചു. മുഖത്തു ഭയം നിഴലിച്ചിരുന്നു. ഷെയ്നിന്റെ നേരെ തിരിഞ്ഞുനോക്കിയപ്പോൾ, ആ ഭാവഭേദത്തിന്റെ കാരണം എനിക്കു മനസ്സിലായി. തലേന്നു് എനിക്കു തോന്നിയ ആ ശൈത്യം, അജ്ഞാതവും ഭയജനകവുമായ ആ ശൈത്യം, ഒരിക്കൽക്കൂടി അന്തരീക്ഷത്തിൽ തങ്ങിനിന്നിരുന്നു. കൈകൾ രണ്ടുവശത്തും തൂക്കിയിട്ടു

കൊണ്ടു നിവൻനില്ക്കുകയാണ് ഷെയ്ൻ, ലെഡ് യാർഡിനെത്തന്നെ ഉററുനോക്കിക്കൊണ്ടു്. അയാളുടെ ശരീരമാസകലം ശ്രദ്ധാത്മകവും ജാഗ്രത്തുമായിരുന്നു.

അച്ഛൻ ലെഡ്യാർഡിനെ നോക്കി. "കേട്ടോ, ലെഡ്യാർഡ്, ഞാൻ അയാൾ പറയുന്നതു വിശ്വസിക്കുന്നു. എൻെറ ക്ഷണം സ്വീകരിച്ചാണ് അയാളിവിടെ നില്ക്കുന്നതു്. പക്ഷേ, അതല്ല അയാളെ വിശ്വസിക്കാനുള്ള കാരണം." അദ്ദേഹം തല ഉയർത്തി ആറ്റിനപ്പുറത്തു് അകലേക്കു നോക്കി. എന്നിട്ടു തുടൻു: "എനിക്കാളുകളെ മനസ്സിലാക്കാൻ സ്വയം സാധിക്കും. എന്നു്, എന്തിനെക്കുറിച്ചു് അയാൾ പറഞ്ഞാലും ഞാൻ വിശ്വസിക്കും."

അദ്ദേഹത്തിന്റെ ശിരസ്സു താഴ്ന്നു. "60 ഡോളർ വില തരും. എന്നെ ഉദ്ദേശിച്ചു വാങ്ങിക്കൊണ്ടുവന്നതായതുകൊണ്ടു്, കൂട്ടത്തിൽ ഒരു പത്തു ഡോളറും, ഇവിടെ എത്തിച്ചതിനു് വേറെ പത്തു ഡോളർ കൂടിയും. അങ്ങനെ, ആകെ എൺപതു ഡോളർ. തൃപ്തിയായെങ്കിൽ തുക വാങ്ങിക്കൊള്ളണം. ഇല്ലെങ്കിലൊട്ടു് വേണ്ടാതാനും. രണ്ടായാലും വേഗം വേണം. എന്നിട്ടു് സ്ഥലംവിടണം."

ലെഡ്യാർഡ് അച്ഛൻെറ കൈകളിലേക്കു നോക്കി. "പണമെവിടെ?" അയാൾ ചോദിച്ചു. വീട്ടിനകത്തുപോയി പണവുമായി അച്ഛൻ തിരിച്ചുവന്നു. ഈ സമയമെല്ലാം ഷെയ്ൻ അവിടത്തന്നെ നില്ക്കുകയായിരുന്നു. അയാൾ അനങ്ങിയില്ല. അയാളുടെ മുഖം കടുത്തിരുന്നു. കണ്ണുകൾ അച്ഛനെ അനുധാവനം ചെയ്യുകയും.

'മണ്ണിളക്കി', വണ്ടിയിൽനിന്നു് ഇറക്കിവയ്ക്കാൻ

ലെഡ്യാർഡ് അച്ഛനെ സഹായിച്ചു. അവിടം വിട്ടു പോകുന്നതു സന്തോഷകരമാണെന്നതുപോലെ അയാൾ അവിടെനിന്ന് അതിവേഗം കടന്നുപോയി.

അച്ഛനും ഞാനും ഷെയ്നിനെ അന്വേഷിച്ചു. അയാൾ അവിടെയെങ്ങുമില്ല.

"എവിടെപ്പോയിരുന്നു?—" കളപ്പുരയിൽനിന്ന് ഷെയ്ൻ വരുന്നതുകണ്ടപ്പോൾ അച്ഛൻ ചോദിച്ചു.

അയാളുടെ കൈയിൽ ഒരു മഴവുമുണ്ടായിരുന്നു. നല്ല കട്ടിയും കാഠിന്യവുമുള്ള വിറകു വെട്ടേണ്ടിവരുമ്പോൾ അച്ഛൻ ഉപയോഗിക്കാറുള്ളതാണ് അതു്. ഷെയ്ൻ കെട്ടിടത്തിന്റെ വളവും കടന്നു പോയി. ഞങ്ങൾ അയാളുടെ പിറകെതന്നെ ദൃഷ്ടി പായിച്ചു. അപ്പോഴാണ് ആ ശബ്ദം കേട്ടതു്. മഴുകൊണ്ടു് മരത്തിൽ ആഞ്ഞുവെട്ടുമ്പോഴുണ്ടാകുന്ന വ്യക്തമായ മുഴക്കം.

ആ ശബ്ദം എന്നിലുണ്ടാക്കിയ പ്രതികരണമെന്തായിരുന്നു എന്ന് തീർത്തുപറയാൻ എനിക്കു സാദ്ധ്യമല്ല. ഓരോ വെട്ടും എന്റെ ശരീരത്തിലൂടെ പാഞ്ഞു പോയി. ഇതേവരെ ഇങ്ങനെയൊരനുഭവം ഉണ്ടായിട്ടില്ല. ആ ശബ്ദത്തോടൊപ്പം ഒരു ചൂടും അനുഭവപ്പെട്ടു. ആ അതിഥി എന്നിലുണ്ടാക്കിയിരുന്ന ദുസ്സഹമായ ഭയം എന്നെന്നേക്കുമായി ദൂരീകരിക്കുന്ന ചൂടു്. അയാൾ ഒരപരിചിതനല്ലാതായിക്കഴിഞ്ഞിരുന്നു. അച്ഛനെപ്പോലെതന്നെ ഉറച്ച മട്ടുകാരനായ ഒരു മനുഷ്യൻ. അതേ വിധത്തിലുള്ള തുറന്നപ്രകൃതവും നീതിബോധവും.

അച്ഛൻ എന്താണ് ആലോചിക്കുന്നതു് എന്നറിയാൻവേണ്ടി ഞാൻ അദ്ദേഹത്തെ നോക്കി. പക്ഷേ, അദ്ദേഹം കളപ്പുരയുടെഭാഗത്തേക്കു നടക്കുകയായിരുന്നു. നടത്തം വളരെ വേഗത്തിലായതുകൊണ്ടു് ഒപ്പമെത്തി

ച്ചേരാൻ എനിക്ക് ഓടേണ്ടിവന്നു. ഞങ്ങൾ അങ്ങ കലെയുള്ള ആ മൂലയിലേക്ക ചെന്നു. ആ പഴയ ഉണക്ക മരത്തിൻെറ പട്ടക്കുററൻ കുററിയുമായി അയാളുണ്ട വിടെ മല്ലടിക്കുന്നു. അച്ഛൻ നിന്നു. "നോക്കു. നിങ്ങ ളതു്, വേണ്ടായി—"

ഷെയ്ൻ ഞങ്ങളെ ഒന്നു നേരെ നോക്കി. "പ്രതി ഫലം കൂടാതെ ഒരാൾ ഒന്നും പററരുതു്," അയാൾ പറഞ്ഞു. എന്നിട്ട് മഴുവെട്ടുത്തു വീണ്ടും വെട്ടു തുടന്നു.

"ഞങ്ങൾക്ക് നിങ്ങൾ ഒന്നും തരണ്ട," ഞാൻ പ റഞ്ഞു. "പലരും പലപ്പോഴും ഇവിടെ താമസിച്ച് ആഹാരം കഴിക്കാറുണ്ടു്."

അച്ഛൻ എൻെറ തോളത്തു തട്ടി. അദ്ദേഹം പറഞ്ഞു: "അതല്ല, ബോബ്. ആഹാരത്തിൻെറ കാര്യ മല്ല അയാൾ പറഞ്ഞതു്." അച്ഛൻ പുഞ്ചിരിതൂകുകയാ യിരുന്നു. പക്ഷേ, ആ കണ്ണുകൾ നിറയുന്നതുപോലെ തോന്നി. ഷെയ്നിനെത്തന്നെ ശ്രദ്ധിച്ചുകൊണ്ടദ്ദേഹം അനങ്ങാതെ നിന്നു.

കാണേണ്ട ഒരു കാഴ്ചയായിരുന്നു അതു്. ആ പഴയ മരക്കുററി വെട്ടിക്കളയാൻ അച്ഛൻ ശ്രമിക്കുന്നതും ഒരു കാഴ്ചയാണു്. കാഠിന്യമേറിയ ആ കുററിയുമായി മല്ലി ടാൻ പററിയ രീതിയിൽ മഴു പ്രയോഗിക്കാൻ അദ്ദേഹ ത്തിനു വശമുണ്ടു്. പക്ഷേ, ഇതു തികച്ചും വ്യത്യസ്തമാ യിരുന്നു. തനിക്കുള്ള അനായാസമായ സകല ശക്തിയും പ്രയോഗിക്കുകയാണു് അയാൾ ചെയ്തതു്. ആ മനു ഷ്യനും മഴുവും ഒറ്റ ഘടകമായി പ്രവത്തിക്കുന്നതുപോലെ തോന്നി.

അച്ഛൻ അയാളിൽനിന്നു കണ്ണെടുത്തു. ആ മര ക്കുറ്റിയെ നോക്കി. അല്പനേരത്തിനകം ചുററും നടന്ന്

അതിനെ പലഭാഗത്തുനിന്നുമായി മാറിമാറി നോക്കി, താനതു മുമ്പു കണ്ടിട്ടില്ല എന്ന മട്ടിൽ. എന്നിട്ടദ്ദേഹം ധൃതിയിൽ അവിടെനിന്നു പോയി. ക്ഷണനേരത്തിനുള്ളിൽ ഇരട്ടവായുള്ള മറെറാരു മഴുവുമായി തിരിച്ചെത്തുകയും ചെയ്തു. ആ മഴ പിടിച്ചുപൊക്കാൻപോലും എന്നെക്കൊണ്ടാവില്ല.

അച്ഛൻ ഷെയ്നിൻെറ എതിർവശത്തു ചെന്നുനിന്നു. പ്രശാന്തവും സന്തുഷ്ടവുമായ ഒരു ഭാവമായിരുന്നു ആ മുഖത്തപ്പോഠം. കൊച്ചുകുട്ടികളുടെ കളിക്കോപ്പിനെപ്പോലെ അദ്ദേഹം ആ മഴുവെടുത്തു. മഴു വന്നു വീഴുന്ന ശബ്ദം കേട്ട് ഷെയ്ൻ നിവൎന്നുനിന്നു. ആ മരക്കുററിയുടെ മുകളിൽക്കൂടി അവരുടെ ദൃഷ്ടികഠം പരസ്പരം കൂട്ടിമുട്ടി. നിമിഷനേരം അവർ അങ്ങനെ നോക്കിനിന്നു. ആരും ഒരക്ഷരം സംസാരിച്ചില്ല. പിന്നെ, അവർ വെട്ടു തുടൻു.

## അദ്ധ്യായം മൂന്ന്

അവർ വെട്ടുന്നതുംനോക്കി നില്ക്കുന്നതു് ഒരു സുഖമായിരുന്നു. വെട്ടിനു് വേഗത കൂടി. മരത്തുണ്ടുകഠം തെത്തംവച്ചു. പക്ഷേ, അതു കുറേനേരം നീണ്ടുനില്ക്കുമെന്നു തോന്നിയതുകൊണ്ടു് ഞാൻ അവിടെനിന്നു പോന്നു. കളപ്പുരയുടെ മൂലയിലേക്കു ചെന്നപ്പോഠം അമ്മ ആ വഴി വരുന്നുണ്ടായിരുന്നു.

മുമ്പെന്നത്തെക്കാളും ഉന്മേഷവതിയും സുന്ദരിയുമായിരുന്നു അവർ അപ്പോഠം. ഷെയ്ൻ പറഞ്ഞുകേഠപ്പിച്ച രീതിയിൽ അവർ ഹാററിനു മാററം വരുത്തിയിരുന്നു. താൻ നട്ടുപിടിപ്പിച്ച ചെടികളിലെ പൂക്കഠം

ഹാററിൻെറ മുൻഭാഗത്തു തിരുകി അലങ്കരിച്ചിരുന്നു. രണ്ടറ്റത്തും തുളച്ച് താടിക്കടിയിലൂടെ ഒരു നാടകൊണ്ടു കെട്ടുകയും ചെയ്തിരുന്നു.

അവർ മരക്കുറ്റിക്കരികിൽ ചെന്നു നിന്നു. അച്ഛനും ഷെയ്നും തിരക്കുവച്ചു വെട്ടുകയാണ്. അതുകൊണ്ടു് അമ്മയെ അവർ കണ്ടില്ല.

"കൊള്ളാം," അമ്മ ചോദിച്ചു, "നിങ്ങൾ എന്റെ നേരെ കണ്ണെടുത്തു നോക്കാനും ഭാവമില്ലേ?"

രണ്ടുപേരും വെട്ടുനിർത്തി അങ്ങോട്ടു നോക്കി.

"ഹാററ് ധരിച്ചതു ശരിയായിട്ടുണ്ടോ?" അവർ ഷെയ്നിനോടന്വേഷിച്ചു: "ഇങ്ങനെതന്നെയല്ലേ അവർ ധരിക്കാറുള്ളതു്?"

"അതെ," അയാൾ പറഞ്ഞു: "ഏതാണ്ടതു പോലെ തന്നെ." അയാൾ വീണ്ടും ജോലിയിൽ വ്യാപൃതനായി.

"ജോ സ്റ്റാറെറ്റ്, ഞാൻ ഈ ഹാററ് ധരിച്ചതു് ഇഷ്ടപ്പെട്ടോ എന്നെങ്കിലും പറയില്ലേ?" അമ്മ ചോദിച്ചു.

"നോക്കൂ മറിയൻ," അച്ഛൻ പറഞ്ഞു: "ഹാററ് ധരിച്ചിട്ടായാലും ഹാററില്ലാതെയായാലും ഈ ലോകത്തു് ഏററവും പ്രിയംകരമായ വസ്തു നീയാണെനിക്കു്. നിനക്കതറിയുകയും ചെയ്യാം. ഇപ്പോൾ ഇവിടെനിന്നു പോകൂ. ഞങ്ങൾ തിരക്കിട്ടു ജോലിചെയ്യുന്നതു കണ്ടുകൂടെ?" അച്ഛനും ജോലിയിൽ വ്യാപൃതനായി.

അമ്മയുടെ മുഖം തുടുത്തു. അവർ ഹാററ് വലിച്ചു് ഊരിയെടുത്തു. പരമാർത്ഥത്തിൽ അവർ ദേഷ്യത്തിലായിരുന്നു.

"ഇന്നത്തെ ഈ വിശ്രമിക്കൽ വിചിത്രംതന്നെ," അവർ പറഞ്ഞു.

മഴ നിലത്തൂന്നി അച്ഛൻ അതിൽ ചാരിനിന്നു. "നിനക്കിതു വിചിത്രമായി തോന്നുമായിരിക്കും, മറിയൻ. പക്ഷെ, എനിക്കങ്ങനെ തോന്നുന്നില്ല. ഓക്കാൻ കഴിയുന്നതിൽവച്ചു് ഏററവും നല്ല വിശ്രമമായിട്ടാണു് എനിക്കനുഭവപ്പെടുന്നതു്," അച്ഛൻ പറഞ്ഞു.

"എന്തായാലും സ്വല്പനേരത്തേക്കു് ഈ വിശ്രമം ഒന്നു നിത്തിവയ്ക്കണം. എന്നിട്ടു നിങ്ങൾ 'ജോലി' എന്നു പറയാനിടയുള്ള ആ കൃത്യമൊന്നു നടത്തണം. ആഹാരം കാലമായിരിപ്പുണ്ടു്. വിളമ്പാറായി."

അമ്മ നേരേ വീട്ടിലേക്കു തിരിച്ചുനടന്നു.

ഞങ്ങൾ അവരെ അനുഗമിച്ചു. അസ്വസ്ഥതയോടെ ആഹാരം കഴിച്ചു. ഭക്ഷണസമയത്തു് അമ്മയുടെ പെരുമാററം ഹൃദ്യമായിരുന്നു; മധുരവ്യമായിരുന്നു. അവർ ധാരാളം സംസാരിച്ചുകൊണ്ടിരുന്നു. പക്ഷെ, ഹാറ്റിനെക്കുറിച്ചേ പരാമർശിച്ചില്ല. അവർ കണക്കിലധികം ഹൃദ്യമായി പെരുമാറി എന്നതായിരുന്നു കുഴപ്പം. അത്തരത്തിൽ ഭാവിക്കുന്നതിനു് അവർക്കു് കണക്കിലധികം പണിപ്പെടേണ്ടിവന്നു.

അച്ഛനും ഷെയ്നും അവരുടെ സംഭാഷണം വളരെയൊന്നും ശ്രദ്ധിച്ചിരുന്നില്ല. നേരിട്ടു ചോദ്യങ്ങൾ ചോദിക്കുമ്പോൾ മറുപടി പറയും. അവരുടെ മനസ്സ് മുഴുവൻ ആ ഉണക്കമരക്കുററിയിലായിരുന്നു വ്യാപരിച്ചിരുന്നതു്. അതായിരുന്നു അവക്കപ്പോൾ സവ്വപ്രധാനം. ആഹാരം കഴിഞ്ഞു് അതു വെട്ടിമുറിച്ചു മാററാനുള്ള ശ്രമത്തിൽ വീണ്ടും മുഴുകാനായിരുന്നു അവക്കപ്പോൾ ധൃതി.

അവർ ആഹാരംകഴിച്ചു പോയി. ഞാൻ അമ്മയ്ക്ക് ഒത്താശകൾ ചെയ്തുകൊടുത്തുകൊണ്ടിരുന്നു. അമ്മ പാട്ടു പാടാൻ തുടങ്ങി. അവരുടെ ദേഷ്യമൊക്കെ പോയി എന്ന് എനിക്കു മനസ്സിലായി.

"എന്തു സംഭവിച്ചു, ബോബ്?" അമ്മ ചോദിച്ചു: "അവർ രണ്ടുപേർക്കും എന്തു പററി?"

കാര്യം എനിക്കു ശരിക്കറിയാൻ വയ്യായിരുന്നു. ലെഡ്‌യാർഡിൻെറയും ഷെയ്നിന്റെയും പെരുമാററത്തെക്കുറിച്ചു പറയാൻ ശ്രമിച്ചു. അതു മാത്രമാണ് എനിക്കു സാധിച്ചതു്.

"അയാളെ നിനക്കു ഭയംതോന്നിയോ, ബോബ്?" അമ്മ ചോദിച്ചു.

"അയാളെ ഭയം തോന്നിയില്ല," ഞാൻ പറഞ്ഞു. "പക്ഷേ, എനിക്കു ഭയം തോന്നി. എന്തെങ്കിലും സംഭവിച്ചേക്കുമെന്ന ഭയം."

എന്താണ് അതു രണ്ടും തമ്മിലുള്ള വ്യത്യാസമെന്നു മനസ്സിലാക്കിക്കൊടുക്കാൻ ഞാൻ ശ്രമിക്കുകയായിരുന്നു.

"എനിക്കു മനസ്സിലായി," അമ്മ ശാന്തമായി പറഞ്ഞു. "എനിക്കും അയാളെപ്പററി അങ്ങനെ തോന്നിയിട്ടുണ്ട്." അവർ ജനലിനടുത്തേക്കു പോയി, കളപ്പുരയിലേക്കു നോക്കി. "താനെന്താണു ചെയ്യുന്നതെന്ന് ജോവിന് അറിയാമായിരിക്കണം," അവർ ആത്മഗതമെന്നതുപോലെ പറഞ്ഞു. "പോകൂ, ബോബ്, പുറത്തേക്ക്. ഞാൻ ഇവിടമൊക്കെ വൃത്തിയാക്കട്ടെ."

അച്ഛനും ഷെയ്നും മരക്കുററി വെട്ടുന്നതുംനോക്കി അവിടെച്ചെന്നു നില്ക്കാൻ എനിക്കപ്പോൾ താൽപര്യം തോന്നിയില്ല. ഞാൻ അമ്മയുടെ തോട്ടത്തിലേക്കു

ചെന്നു. മഴ പെയ്തശേഷം എങ്ങനെയിരിക്കുന്നു തോട്ടം എന്നു നോക്കാൻ ഞാനാഗ്രഹിച്ചു.

കുറെനേരം ഞാനവിടെ കഴിച്ചുകൂട്ടി. അവിടെ നിന്നും അകലെമാറി കുറച്ചുനേരം കളിച്ചുകൊണ്ടിരുന്നു. പക്ഷേ, എത്ര അകലെച്ചെന്നിട്ടും മഴുകൊണ്ടു മരക്കുററിയിൽ വെട്ടുന്ന ശബ്ദം കേൾക്കാമായിരുന്നു. അതങ്ങനെ കേട്ടുകൊണ്ടിരുന്നാൽ മതി, മുഷിയും. അവർ അങ്ങനെ നിർത്താതെ ജോലിചെയ്യുന്ന കാര്യം ഓർത്താൽ മടുപ്പു തോന്നുകയും ചെയ്യും.

ആററിൻകരയിൽച്ചെന്നു് പരന്ന കല്ലുകൾ പെറുക്കി ആററിലേക്കു് എറിഞ്ഞു സമയംകളയാൻ ഞാൻ ശ്രമിച്ചു. കുറച്ചുനേരം അങ്ങനെ ചെയ്തുയുമുണ്ടായി. പക്ഷേ, മഴു രണ്ടും മരത്തിൽ ആഞ്ഞുവന്നു വീഴുന്ന ആ ശബ്ദം മുടങ്ങാതെ കേട്ടുകൊണ്ടിരുന്നു. അതെന്നെ കളപ്പുരയിലേക്കു് ആകർഷിച്ചു. മണിക്കൂറുകൾ തുടർച്ചയായി ഇങ്ങനെ ജോലിചെയ്തുകൊണ്ടിരിക്കാൻ അവക്കു് എങ്ങനെ സാദ്ധ്യമാകുന്നു! എനിക്കു മനസ്സിലാക്കാൻ പററിയില്ല. ആ ഉണക്കമരക്കുററി യഥാർത്ഥത്തിൽ ഇത്രയേറെ പ്രാധാന്യമുള്ള വസ്തുവല്ല. പിന്നെ എന്തിനിങ്ങനെ അവർ ക്ലേശിച്ചു ജോലിചെയ്യുന്നു? അർത്ഥമില്ലാത്തൊരു കാര്യമായാണു് എനിക്കതു തോന്നിയതു്. ഞാൻ കളപ്പുരയുടെ മുമ്പിലെത്തി. വെട്ടിന്റെ ശബ്ദത്തിൽ ഒരു വ്യത്യാസം വന്നതു് അപ്പോൾ ഞാൻ ശ്രദ്ധിച്ചു. ഒരാൾ മാത്രമേ വെട്ടുന്നുണ്ടായിരുന്നുള്ളു.

ധൃതിയിൽ ഞാനങ്ങോട്ടെത്തി. ഷെയ്ൻ അപ്പോഴും ജോലിയിൽ മുഴുകിനില്ക്കുകയാണു്. കുററിയുടെ അവസാനഭാഗം വെട്ടിക്കൊണ്ടിരിക്കയാണയാൾ. ഞാൻ നോക്കിക്കൊണ്ടുനിന്നു. അച്ഛൻ ആ കുററിയിൽ ചുമൽ

കൊട്ടത്തു് എല്ലാ ശക്തിയുമുപയോഗിച്ചു് ഒന്നു തള്ളി. അതിനു് ഒരനക്കവും കണ്ടില്ല.

ഷെയ്ൻ അദ്ദേഹത്തെ സഹായിക്കാനെത്തി. രണ്ടുപേരുംകൂടി സർവ്വശക്തിയുമുപയോഗിച്ചു തള്ളി. കുററി കഷ്ടിച്ചു് ഒരിഞ്ചു നീങ്ങി. പക്ഷേ, അവർ തള്ളു നിർത്തേണ്ട താമസം, അതു പൂർവ്വസ്ഥാനത്തേക്കു പിൻവാങ്ങുകയും ചെയ്തു.

അവർ ഈ കൃത്യം പലതവണ ആവർത്തിച്ചു. ഓരോ പ്രാവശ്യവും അതു സ്വല്പമൊന്നു് അനങ്ങും. ഓരോ പ്രാവശ്യവും പഴയ നിലയിലേക്കു തിരിച്ചുചെല്ലുകയും ചെയ്യും. ഒരിക്കൽ അതു് ഒന്നര അടിയോളം പൊന്തി. അത്രമാത്രം. പിന്നെ നീങ്ങുകയില്ല.

അച്ഛൻ തലകുലുക്കി. അദ്ദേഹം തന്റെ നീണ്ട കൈകളിലേക്കു് നോക്കി. തലകുലുക്കുന്നതു നിർത്തി അദ്ദേഹം നിവർന്നുനിന്നു. കാലുകൾ നിലത്തുറപ്പിച്ചുനിർത്തിക്കൊണ്ടദ്ദേഹം മരക്കുററിയുടെ അടിഭാഗത്തു തോൾ കൊട്ടത്തു. എന്നിട്ടു പതുക്കെപ്പതുക്കെ നിവരാൻതുടങ്ങി. പതുക്കെപ്പതുക്കെ ആ മരക്കുററി നിലത്തുനിന്നു് ഉയരാനും തുടങ്ങി. ഇഞ്ചിഞ്ചായി അതു പൊങ്ങിവന്നു.

ഷെയ്ൻ മുട്ടുകുത്തിനിന്നു് അടിയിലേക്കു താഴ്ന്നു നോക്കി. കുററിക്കടിയിലുള്ള മടയിൽ അയാൾ മഴു തിരികിവച്ചു. അതു് ആ മരത്തടിയിൽ തട്ടിമുട്ടുന്ന ശബ്ദം കേൾക്കാമായിരുന്നു. വലതുകാൽമുട്ടു് നിലത്തുന്നി, ഇടതുകാൽ വിടവിൽ നീക്കിവച്ചു മാത്രമേ അയാൾക്കു് മഴു പ്രയോഗിക്കാൻ കഴിഞ്ഞുള്ളു. അപ്പോൾ അതിനെ തറയോടടുപ്പിച്ചു ചേർത്തു് കുററിക്കടിയിൽ കൊണ്ടുവരാൻ സാധിച്ചു.

പിറകിൽ നില്ക്കുന്ന അച്ഛന്റെ നേരെ അയാൾ

വേഗം തിരിഞ്ഞു് ഒന്നു നോക്കി. കുററിയുടെ മുഴുവൻ ഭാരവും ശരീരത്തിൻെറ പകുതിയോളം പൊക്കത്തിലാകത്തക്കവണ്ണം നിലയുറപ്പിച്ചു. എന്നിട്ടു സകല ശക്തിയും സംഭരിച്ചു് മഴു പ്രയോഗിച്ചു.

അച്ഛൻ പെട്ടെന്നു കുറെക്കൂടിയൊന്നു നിവന്നു. മരക്കുററി ഏതാനും ഇഞ്ചുകൂടി ഉയന്നു. ഷെയ്ൻ പുറത്തേക്കു ചാടി. മഴു മാററിവയ്ക്കുകയും ചെയ്തു. കുററി താഴ്ത്തിവയ്ക്കുന്നതിനു് അയാൾ അച്ഛനെ സഹായിച്ചു. വളരെയേറെ ദൂരം ഓടിയാലെന്നതുപോലെ അവർ അണച്ചിരുന്നു. പക്ഷേ, ഒരു മിനിട്ടിലധികം അവർ വിശ്രമിച്ചില്ല. അതിനു മുമ്പുതന്നെ വീണ്ടും ജോലിതുടങ്ങി. കുററിയുടെ ചുററുമുള്ള മണ്ണിളകിപ്പോയിക്കൊണ്ടിരുന്നു.

ആവുന്നത്രവേഗം ഞാൻ വീട്ടിലേക്കു് ഓടി. അടുക്കളമുറിയിൽ കടന്നു് അമ്മയുടെ കൈപിടിച്ചു വലിച്ചു പറഞ്ഞു: "വേഗം വരൂ, വന്നേതീരൂ" ആദ്യം അവർ വരാൻ മടിച്ചതുപോലെ തോന്നി. ഞാനവരെ പിടിച്ചുവലിച്ചുകൊണ്ടു പറഞ്ഞു: "നിങ്ങൾ അതു കണ്ടേതീരൂ. അവരതു പിഴുതെടുത്തുകൊണ്ടിരിക്കുന്നു." അപ്പോൾ അമ്മ എൻെറകൂടെ ഓടിവന്നു.

അവർ ആ മരക്കുററി കുറെ ഉയത്തിക്കഴിഞ്ഞിരുന്നു. കുററിയുടെ അടിയിൽ തലയ്ക്കു മുകളിലായി രണ്ടുവശത്തും കൈകൊണ്ടു് തള്ളിപ്പിടിച്ചു് ആ മടയിൽ ഇറങ്ങിയിരിക്കുകയാണവർ. കുററി വീഴാനൊരുങ്ങിനില്ക്കുകയാണു് എന്നു തോന്നിപ്പോകും. പക്ഷേ, പിന്നെയും അതു് അവിടെത്തന്നെയങ്ങു നിന്നതേയുള്ളു.

അവർ നടത്തുന്ന ആ മല്ലടിയുംനോക്കി അമ്മയങ്ങനെ നിന്നു. "ജോ," അവർ അച്ഛനെ വിളിച്ചു. "സാല്പം

ബുദ്ധിയുപയോഗിച്ചാലെന്താ? കുതിരകളെ കൊണ്ടു വരൂ. ക്ഷണനേരം കൊണ്ടു് അവയതു പിഴുതെടുക്കും.''

അച്ഛൻ തിരിഞ്ഞുനോക്കി. "കുതിരകൾ!'' അദ്ദേഹം പറഞ്ഞു: "കുതിരകളൊന്നും വേണ്ട. മനുഷ്യശക്തി ഉപയോഗിച്ചു് ഞങ്ങൾ ഈ ജോലിയാരംഭിച്ചു. അതു കൊണ്ടുതന്നെ ഞങ്ങൾ അവസാനിപ്പിക്കുകയും ചെയ്യും.''

അദ്ദേഹം വീണ്ടും കുററിയുടെ നേരെ തിരിഞ്ഞു. തോൾകൊണ്ടു് അതിനെ താങ്ങി. ഷെയ്നും കൂട്ടുചേർന്നു. കുററി ഒന്നു ചലിച്ചു. പക്ഷേ, വളരെ കുറച്ചുമാത്രം.

എനിക്കു് ഉച്ചത്തിൽ വിളിച്ചലറണമെന്നുണ്ടായിരുന്നു. എന്നാൽ സംസാരിക്കാനേ സാധിച്ചില്ല. കാരണമുണ്ടു്. മുഖത്തേക്കു മറിഞ്ഞുവീണ തലമുടി നേരെയാക്കാൻ വേണ്ടി ഷെയ്ൻ തലയൊന്നു പിറകോട്ടു വെട്ടിച്ചു. അപ്പോൾ അയാളുടെ ദൃഷ്ടികൾ എൻെറ ശ്രദ്ധയിൽപ്പെട്ടു. തണുത്ത തീക്കട്ടപോലിരുന്നു അവ. വേറിട്ടു് വേറെ ഒരനക്കവും പിന്നീടയാളിൽനിന്നുണ്ടായില്ല. അവിശ്വസനീയമായ ഒരു ശക്തിപ്രവാഹത്തിൽ ആമഗ്നനായി അയാൾ ആകമാനമാണു് ചലിച്ചതു്. കുററിയുടെ, അയാൾ നില്ക്കുന്ന ഭാഗം മുന്നോട്ടു പേർന്നു. കൂടെ അച്ഛൻ നില്ക്കുന്ന ഭാഗവും. കുററിമുഴുവൻ മണ്ണുമായുള്ള അവസാനത്തെ ബന്ധവും വേർപെട്ടു മറിഞ്ഞുവീണു. സമരത്തിൽ ആ മരക്കുററി പരാജയമടഞ്ഞു.

മടയിൽനിന്നു് അച്ഛൻ പയ്യെ പുറത്തുവന്നു. അദ്ദേഹം കുററിയുടെ അടുത്തേക്കു നടന്നു. ഒരു പഴയ സുഹൃത്തിനെയെന്നപോലെ അതിന്മേൽ തൊട്ടുതടവി. അദ്ദേഹത്തിനു് അതിനോടല്പം സഹതാപമുള്ളതുപോലെ തോന്നി. കാഠിന്യമേറിയ ആ മരത്തടിയിൽ കയ്യുംവച്ചു കൊണ്ടു മറുവശത്തു് ഷെയ്നും ഉണ്ടായിരുന്നു. അവർ

ഇരുവരും തലയുയർത്തി നോക്കി. കാലത്തു്, കുറെമുമ്പു് സംഭവിച്ചതുപോലെ അവരുടെ കണ്ണുകൾ ഇടഞ്ഞു നിന്നു.

ആരോ വിളിച്ചലറുന്നുണ്ടായിരുന്നു. അത്യുച്ചത്തിൽ; വാക്കുകളൊന്നുമില്ലാത്ത ഒരലർച്ച. ആ ശബ്ദം എൻേറതാണെന്നു് മനസ്സിലാക്കി ഞാൻ വാ പൂട്ടി. അപ്പോൾ അവിടമാകെ സ്വച്ഛമായ നിശ്ശബ്ദത കളിയാടി. കാലമെത്രയൊക്കെ കടന്നുപോയാലും വിസ്മരിക്കാനാവാത്ത കാര്യങ്ങളിലൊന്നായിരുന്നു ആ കാഴ്ച: അങ്ങകലെയുള്ള മലകൾക്കപ്പുറത്തു് അസ്തമിക്കുന്ന സൂര്യന്റെ പ്രകാശത്തിൽ ഒരു പഴയമരക്കുററി; അതിനപ്പുറവും ഇപ്പുറവും പരസ്പരം ഉററുനോക്കി നില്ക്കുന്ന രണ്ടാളുകൾ.

വീണുകിടക്കുന്ന ആ മരക്കുററിയിന്മേൽ അവർ രണ്ടുപേരും കൈകോർത്തുവയ്ക്കണമെന്നെനിക്കു തോന്നി. പരസ്പരം അവർ വല്ലതും സംസാരിക്കുകയെങ്കിലും വേണ്ടതാണെന്നു ഞാൻ വിചാരിച്ചു. അവർ അനങ്ങാതെ, ഒന്നും പറയാതെ അവിടെ നിന്നു. ഒടുവിൽ അച്ഛൻ നടന്നു് അമ്മയുടെ അരികത്തുവന്നു. അദ്ദേഹം പറഞ്ഞു: “മറിയൻ, എനിക്കിപ്പോൾ വേണ്ടത്ര വിശ്രമമായി. ലോകാരംഭദിവസംമുതൽക്കിന്നേവരെ ഈ ഭൂമുഖത്തു് മറെറാരാളും എന്നെപ്പോലെ വിശ്രാന്തി അനുഭവിച്ചിരിക്കയില്ല എന്നാണു് എന്റെ വിശ്വാസം.”

ഷെയ്നും ഞങ്ങളുടെ അടുത്തേക്കു വരികയായിരുന്നു. അയാൾ സംസാരിച്ചതും അമ്മയോടു മാത്രമായിട്ടാണു്. “മാഡം, ഞാനിന്നു ചിലതു പഠിച്ചു. കൃഷിക്കാരനെന്നുവച്ചാൽ ഞാൻ മനസ്സിലാക്കിവച്ചിരിക്കുന്ന

തിലും ക്രൂരതലായ ചിലതാണു്. ഇനി ആ കേയ്ക്ക് കുറെ തിന്നാൻ ഞാൻ തയ്യാറാണു്."

കണ്ണു തുറിച്ചു് അന്തംവിട്ടു് അമ്മ അവരിരുവരേയും നോക്കിനില്ക്കുകയായിരുന്നു. അയാഠം ഒടുവിൽ പറഞ്ഞ വാക്കുകഠം കേട്ടപ്പോഠം അവർ വാവിട്ടു വിളിച്ചു പറഞ്ഞു: "ഓ, നിങ്ങഠം വല്ലാത്ത ക്രൂരർതന്നെ. നിങ്ങഠം കാരണം ഞാനക്കാര്യം മറന്നേപോയി. അതിപ്പോഠം ഒരുപക്ഷേ, കരിഞ്ഞുപോയിട്ടുണ്ടാവും." അമ്മ വീട്ടിനകത്തേക്കു് ഓടിപ്പോയി.

കേയ്ക്ക് മുഴുവൻ കരിഞ്ഞുപോയിക്കഴിഞ്ഞിരുന്നു. അടുക്കളയിൽനിന്നു പുകപോകാൻ അവക്കു കതകു മലക്കെ തുറന്നിടേണ്ടിവന്നു. അകത്തുനിന്നു് അതുമിതും വലിച്ചുവാരി എറിയുന്നതുപോലുള്ള ശബ്ദങ്ങഠം കേട്ടു. ഞങ്ങഠം അകത്തുചെന്നു. പക്ഷേ, അവർ ഞങ്ങളുടെനേരെ നോക്കിയതുപോലുമില്ല.

അമ്മയേയും കാത്തു് ഞങ്ങളിരുന്നു. അവർ വന്നു് കരിഞ്ഞുപോയ ആ വലിയ കേയ്ക്ക് നോക്കിനിന്നു. ഒടുവിൽ അച്ഛൻ സംസാരിച്ചു: "നോക്കൂ മറിയൻ, നീയെന്താ ഇരിക്കാൻ ഭാവമില്ലേ?"

അവർ തിരിഞ്ഞു് അച്ഛനെ നോക്കി. അമ്മ കരയുകയായിരുന്നെന്നു് ഞാൻ വിചാരിച്ചു. പക്ഷേ, ആ മുഖത്തു കണ്ണീരില്ലായിരുന്നു. "ഒരു ആപ്പിഠംകേയ്ക്ക് ഉണ്ടാക്കാമെന്നാണുദ്ദേശിച്ചിരുന്നതു്. പോട്ടെ, ഞാനുണ്ടാക്കും. നിങ്ങളുടെ വിഡ്ഢിത്തങ്ങഠംക്കൊന്നിനും എന്നെ തടയാനാവില്ല."

കുറെക്കൂടി ആപ്പിഠം എടുക്കാൻ അവർ അകത്തുപോയി. തിരിച്ചുവന്നു് അതെല്ലാം ശരിപ്പെടുത്താൻ തുടങ്ങി. അച്ഛൻ അവരുടെ അടുത്തേക്കു പതുക്കെ

നീങ്ങി. അവരുടെ സഹായത്തിന് ഒരാപ്പിൾ എടുത്തു കൊടുക്കാൻ കൈ നീട്ടി. അമ്മ തല ഉയത്തി നോക്കിയില്ല. "ജോ സ്റ്റാറെറ്റ്, ഒരൊററ ആപ്പിൾപോലും നിങ്ങൾ തൊട്ടുപോകരുതു്," അവർ പറഞ്ഞു.

അദ്ദേഹം താനിരുന്നിരുന്നിടത്തേക്കു തിരിച്ചുപോന്നു. ഭ്രാന്തു പിടിച്ചതുപോലെയായി അച്ഛൻ. വേഗം വേഗം ആഹാരം കഴിക്കാൻ തുടങ്ങി. എനിക്കും അതിഷ്ടിക്കും അദ്ദേഹത്തെ അനുകരിക്കയല്ലാതെ നിവൃത്തിയില്ലാതായി. അതൊരുപക്ഷേ, നല്ലൊരു ആഹാരമായിരുന്നിരിക്കാം. എനിക്കു പറയാൻ കഴിവില്ല. ആഹാരമെന്നതു് വിശപ്പു മാററാനുള്ള ഒരേർപ്പാടുമാത്രമാണു്. അതെല്ലാം തീൎന്നപ്പോൾ പിന്നെ കാത്തിരിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാനില്ലായിരുന്നു. കാരണം, കേയ്ക്കു് കാലമാകുന്നതും കാത്തു് അമ്മ ഭിത്തിയെയും നോക്കിക്കൊണ്ടിരിക്കുകയാണു്.

വേദനാജനകമാംവിധം കാഠിന്യമേറിയതായിരുന്നു ആ നിശ്ശബ്ദത. ഞങ്ങൾ മൂന്നുപേരും അമ്മയെത്തന്നെ നോക്കിക്കൊണ്ടു് ഇരിപ്പായി. അല്ലാതെ ഒരു വഴിയില്ലായിരുന്നു. ഞങ്ങൾ അവരിൽനിന്നു് ദൃഷ്ടി മാററാൻ ശ്രമിക്കും. പക്ഷേ, ദൃഷ്ടികൾ പിന്നേയും അങ്ങോട്ടുതന്നെ തിരിച്ചെത്തും. അവർ ഞങ്ങളെ കാണുന്നുണ്ടായിരുന്നു എന്നു തോന്നിയില്ല. ഞങ്ങളവിടെയുള്ള കാര്യംതന്നെ അവർ അറിഞ്ഞിരുന്നില്ലെന്നു പറയാം.

പക്ഷേ, അവർ തീരെയങ്ങു മറവിയിലായിരുന്നില്ല. കാരണം, കേയ്ക്കു് വെന്തമണം വന്ന ഉടനെ അവരതു വാങ്ങി നാലു വലിയ തുണ്ടുകളായി മുറിച്ചു. ആദ്യത്തെ രണ്ടു തുണ്ടും അവർ അച്ഛന്റെയും ഷെയ്നിന്റെയും മുമ്പിൽ വച്ചു. മൂന്നാമത്തേതു് എനിക്കു വിളമ്പി.

ഒടുവിലത്തേതു് തൻെറ ഇരിപ്പിടത്തിന്നടുത്തു വച്ചു. എന്നിട്ടു് കസേരയിൽ ചെന്നിരിക്കയുംചെയ്തു. അവരുടെ ശബ്ദം അപ്പോഴും പരുഷമായിരുന്നു.

"നിങ്ങൾ ഇത്രനേരം കാത്തിരിക്കേണ്ടിവന്നതിൽ ഖേദിക്കുന്നു. കേയ്ക്കു് ശരിയായി," അവർ പറഞ്ഞു.

അച്ഛൻ ഭയന്നിട്ടെന്നപോലെ തന്റെ കേയ്ക്കിൻ കഷണത്തെ നോക്കി. എന്നിട്ടദ്ദേഹം അതെടുത്തു കഴിച്ചു. കടിച്ചുകൊണ്ടു് അടുത്തിരിക്കുന്ന അമ്മയേയും അപ്പുറത്തിരിക്കുന്ന ഷെയ്നിനേയും നോക്കി. "ഒന്നാംതരമായിട്ടുണ്ടു കേയ്ക്ക്," അദ്ദേഹം പറഞ്ഞു.

ഷെയ്ൻ ഒരു കഷണമെടുത്തു് ഉയർത്തിപ്പിടിച്ചു. അതിനെ സശ്രദ്ധം നോക്കിയശേഷം വായിലേക്കിട്ടു. "അതെ," അയാൾ പറഞ്ഞു, "അതെ, ഞാനിന്നോളം സ്വാദുനോക്കിയിട്ടുള്ള ആ പഴയ ഉണക്കമെരക്കുററിയുടെ ഏററവും നല്ല കഷണമാണിതു്."

ആ വിസ്മൃതിവാക്കുകൾക്ക് എന്തായിരിക്കാം അത്ഥം? എനിക്കു് അതൊന്നും ആലോചിക്കാൻ സമയം കിട്ടിയില്ല. കാരണം, അമ്മയുടെയും, അച്ഛൻെറയും പെരുമാററം അത്രമാത്രം വിചിത്രമായിരുന്നു. അവർ രണ്ടുപേരും ഷെയ്നിനെ നോക്കി. അവർ വാ തുറന്നു. പിന്നെ അച്ഛൻ ചിരിക്കാൻ തുടങ്ങി. ചിരിച്ചുചിരിച്ചു് അദ്ദേഹമിരുന്ന കസേര കുലുക്കമാരംഭിച്ചു.

"മറിയൻ, ഈശ്വരനാണെ, അയാൾ പറഞ്ഞതു ശരിയാണു്. നീയാണതു ചെയ്തതു്."

അമ്മ അവരിരുവരേയും മാറിമാറി നോക്കി. അവരുടെ മുഖം ചുവന്നിരുന്നു. കണ്ണുകൾ സ്വാഭാവികമായും പ്രശാന്തവും സ്നേഹനിർഭരവുമായിരുന്നു. ചിരിച്ചു ചിരിച്ചു് ആ കണ്ണുകളിൽ നീരുപൊടിഞ്ഞു. ഞങ്ങളെ

ല്ലാവരുംകൂടി ഒരുമിച്ചു കെയ്ക്ക് തിന്നു രസിച്ചു. ആകെക്കൂടി ഒരേ ഒരു കുഴപ്പമാണ് ഉണ്ടായിരുന്നതു്, തികയുവോളം തിന്നാൻ കെയ്ക്കില്ലെന്നുള്ളതു്.

## അദ്ധ്യായം നാലു്

രാത്രി ഉറക്കംപിടിക്കാൻ കുറെയേറെ വൈകിയതിനാൽ വളരെ താമസിച്ചാണ് പിറേറന്നു കാലത്തു ഞാനുണന്നതു്. എഴുന്നേററു നോക്കിയപ്പോൾ സൂര്യൻ ഉദിച്ചു പൊങ്ങിക്കഴിഞ്ഞിരുന്നു. എൻെറ മനസ്സു നിറച്ചും തലേന്നാളത്തെ ഓമ്മകളായിരുന്നു.

കളപ്പുരയിൽ കഴിയുന്ന അതിഥിയെക്കുറിച്ചു് ആലോചിച്ചുകൊണ്ടു ഞാൻ കിടക്കയിൽത്തന്നെ കിടന്നു. ഒററയ്ക്കു നിവ്വികാരനായി റോഡിലൂടെ കുതിരയോടിച്ചുപോകുന്ന നിലയിൽ ഞാനാദ്യംകണ്ട ആ മനുഷ്യൻതന്നെയാണയാൾ എന്നു് വിചാരിക്കാൻ പ്രയാസമായിരുന്നു. അച്ഛനിലുള്ള എന്തോ ഒന്നു്—വാക്കോ കമ്മമോ ആയി ബന്ധമില്ലാത്ത, മാനുഷികഭാവവുമായി ബന്ധപ്പെട്ട എന്തോ ഒന്നു്—നീങ്ങിച്ചെന്നു് അയാളോടു സംസാരിച്ചിട്ടുണ്ടായിരുന്നു. അയാളതിനു മറുപടി നല്കുകയും ചെയ്തിരുന്നു. കൂടെ, തന്നിലൊരംശം ദാനം ചെയ്യുകയും ചെയ്തിരുന്നു. ഞങ്ങളുടെക്കൂടെയിരിക്കുമ്പോൾത്തന്നെയും ചിലപ്പോഴയാൾ അകലെയെങ്ങാനുമായിരിക്കും. എന്നാലും ശരി, കഴിഞ്ഞ വേനൽക്കാലത്തു വീട്ടിൽവന്ന എൻെറ അമ്മാവനെക്കാളും അടുപ്പം അയാൾക്കുണ്ടായിരുന്നു.

അച്ഛനിലും അമ്മയിലും അയാളുണ്ടാക്കിയ മാററ

ത്തെക്കുറിച്ച് ഞാനാലോചിക്കുകയായിരുന്നു. അയാൾ കൂടെയുണ്ടാവുമ്പോൾ അവരിൽ കൂടുതൽ പ്രസരിപ്പും ശക്തിയും കാണപ്പെട്ടു. ഉള്ളതിൽ കൂടുതൽ പ്രദർശിപ്പിക്കാൻ അവരാഗ്രഹിക്കുന്നതുപോലെ തോന്നും. എന്റെ കഥയും അതുതന്നെയാണെന്ന് എനിക്കു തോന്നി.

നേരം വളരെ വൈകിപ്പോയ കാര്യം ഞാൻ പെട്ടെന്നോർത്തു. മററുള്ളവർ ഇതിനകം പ്രാതൽ കഴിച്ചിരിക്കും. അതിഥി പൊയ്ക്കഴിഞ്ഞിട്ടുണ്ടാവും. എനിക്കയാളെ കാണാൻ പററിയില്ല. എന്നൊക്കെ ഓർത്തു വസ്ത്രമെല്ലാം വലിച്ചു ശരിയാക്കി ഞാൻ വാതില്ക്കലേക്കോടി.

അവർ അപ്പോഴും മേശയ്ക്കരികിൽനിന്ന് എഴുന്നേററിരുന്നില്ല. "എൻറീശ്വരാ, എന്തോ പിറകെ പാഞ്ഞുവരുന്നുണ്ടെന്ന മട്ടിൽ പരിഭ്രമിച്ചല്ല നീ വന്നതു്. എന്തുപററി?" അമ്മ ചോദിച്ചു.

ഞാൻ പറഞ്ഞു: "ഷെയ്ൻ പോയിക്കഴിഞ്ഞിരിക്കുമെന്നും എന്നെ മറന്നിരിക്കുമെന്നും വിചാരിച്ചു. അത്രതന്നെ."

എന്നെത്തന്നെ നോക്കിക്കൊണ്ടു ഷെയ്ൻ തലയാട്ടി. "നിന്നെ ഞാൻ മറക്കുകയില്ല, ബോബ്." എന്നിട്ടയാൾ അമ്മയുടെ നേരെ തിരിഞ്ഞു ചിരിയുറുന്ന സ്വരത്തിൽ പറഞ്ഞു:

"കേട്ടോ മാഡം, നിങ്ങളുടെ പാചകവും എനിക്കു മറക്കാനാവില്ല. ഇനി മുതല്ക്കു വഴിയെ പോകുന്നവർ ആഹാരം കഴിക്കാൻ ഇങ്ങോട്ടു കയറാൻതുടങ്ങിയാൽ, ഈയുള്ളവൻ വഴിനീളെ ആ ആഹാരത്തിൻെറ മേന്മകളെപ്പററി പറഞ്ഞു നടക്കുന്നതായിരിക്കും അതിനു കാരണം."

"ഇതു് നല്ല സൂത്രമാണു്."

സംസാരിക്കാൻ ഒരു വിഷയം കിട്ടിയ സന്തോഷത്തോടെ അച്ഛൻ പറഞ്ഞു: "മറിയൻ ആളുകൾക്കു വച്ചുവിളമ്പി അവരുടെ വയറു നിറയ്ക്കും; ഞാൻ എന്റെ പണപ്പെട്ടിയും."

ആ സംഭാഷണം അമ്മയ്ക്കിഷ്ടപ്പെട്ടതുപോലെ കാണപ്പെട്ടു. അവർ ആ ആശയത്തെക്കുറിച്ചു പിന്നെയും തമാശയായി ചർച്ച തുടന്നപ്പോൾ അവർ പുഞ്ചിരിതൂകി. അവർ പരസ്പരം സംസാരിച്ചു രസിക്കുകയായിരുന്നു. കുടുംബത്തിലെ ഒരംഗമെന്നതുപോലെത്തന്നെ ഷെയ്ൻ അവിടെയിരുന്നു് അങ്ങനെ സംസാരിക്കുന്നതിൽ എന്തുകൊണ്ടോ ഒരു വൈചിത്ര്യവും തോന്നിയില്ല.

ഒടുവിൽ അയാൾ എഴുന്നേറ്റു. ഞങ്ങളോടു് യാത്ര പറഞ്ഞു് പിരിയാൻ പോകുകയാണെന്നു് എനിക്കു് മനസ്സിലായി. പോകരുതെന്നു പറയണമെന്നു് എനിക്കു തോന്നി. പക്ഷേ, അച്ഛൻതന്നെ ആ കൃത്യം നിർവ്വഹിച്ചു.

"നിങ്ങളൊരു വല്ലാത്ത ധൃതഗതിക്കാരനാണു്. ഇരിക്കൂ ഷെയ്ൻ. എനിക്കൊരു സംഗതി ചോദിച്ചറിയാനുണ്ടു്."

അച്ഛൻ പെട്ടെന്നു ഗൗരവത്തിലായി. അവിടെയങ്ങനെ നില്ക്കവെ ഷെയ്ൻ പെട്ടെന്നു് അകലുന്നതായും ശ്രദ്ധാലുവാകുന്നതായും കണ്ടു. പക്ഷേ, അദ്ദേഹം പെട്ടെന്നു് വീണ്ടും കസേരയിൽ ഇരുന്നു.

അച്ഛൻ അയാളുടെ മുഖത്തുതന്നെ നോക്കിക്കൊണ്ടു് ചോദിച്ചു: "എന്തിൽനിന്നെങ്കിലും ഓടി രക്ഷപ്പെടുവാൻ ശ്രമിക്കുകയാണോ നിങ്ങൾ?"

മുമ്പിലുള്ള മേശപ്പുറത്തു് ദൃഷ്ടിയൂന്നിക്കൊണ്ടു്

അയാരം കുറച്ചുനേരമിരുന്നു. വിഷാദത്തിൻെറ ഒരു നിഴൽ ആ മുഖത്തുകൂടി കടന്നുപോയതായി തോന്നി. പിന്നെ, അയാരം ദൃഷ്ടിയുയത്തി അച്ഛൻെറ മുഖത്തു നോക്കി.

"ഇല്ല, ഞാനൊന്നിൽനിന്നും ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നില്ല. നിങ്ങരം ഉദ്ദേശിക്കുന്ന അത്ഥത്തിൽ."

"കൊള്ളാം," അച്ഛൻ സാവധാനം പറഞ്ഞു. "ഷെയ്ൻ, ഞാൻ വലിയ കന്നുകാലിവളത്തുകാരനൊന്നുമല്ല. എനിക്കധികം മേച്ചിൽസ്ഥലവുമില്ല. ഉള്ളതു് നിങ്ങരം കണ്ടുവല്ലോ. ഞാൻ ഒരു കൃഷിക്കാരൻ മാത്രമാണു്. തുടക്കം ഒരുവിധം തരക്കേടില്ല. പക്ഷേ, കാര്യങ്ങരം നേരേ ചൊവ്വേ ചെയ്യുകയാണെങ്കിൽ ഒരാളെക്കൊണ്ടുമാത്രം തീക്കാനാവാത്ത ജോലികരം ഇപ്പോരം ത്തന്നെയുണ്ടു്. ഒരുദിവസം പട്ടണത്തിൽവച്ചു് ഫ്ളെച്ചറുടെ ജോലിക്കാരുമായി വഴക്കുണ്ടായതിനെത്തുടന്നു് എൻെറ ജോലിക്കാരൻ സ്ഥലംവിട്ടു." അച്ഛൻെറ സംസാരം വേഗതയിലായിരുന്നു.

ആ താഴ്വാരത്തിനപ്പുറത്തെ മലകളിലേക്കു ഷെയ്ൻ ജനലിൽക്കൂടെ നോക്കി. "എപ്പോഴും അതങ്ങനെയാണു്." അയാളുടെ സംഭാഷണം ഒരാത്മഗതത്തിൻെറ മട്ടിലായിരുന്നു. "പഴയ രീതികരം മാറാൻ വലിയ പ്രയാസമാണു്." അയാരം ആദ്യം അമ്മയേയും പിന്നെ എന്നെയും നോക്കി. ആ ദൃഷ്ടികരം പിന്നീടു് അച്ഛനിലേക്കു തിരിച്ചുചെന്നു. അദ്ദേഹത്തെ അലട്ടുന്ന കാര്യമെന്താണെന്നു് അയാരം തീരുമാനിച്ചതുപോലെ തോന്നി. "അപ്പോരം, ഫ്ളെച്ചർ നിങ്ങളെ ഞെരുക്കുകയാണു്." അയാരം സാവധാനം പറഞ്ഞു.

"ഞാൻ · എളുപ്പമൊന്നും ഞെരുങ്ങിക്കൊടുക്കുക

യില്ല." അച്ഛൻ മറുപടി നല്കി. "പക്ഷേ, എനിക്കിവിടെ ഒരു ജോലി ചെയ്യാനുണ്ട്. ഒററയ്ക്കു ചെയ്തുതീർക്കാൻ കഴിയുകയില്ല; അത്രയ്ക്കു വലുതാണതു്. നിങ്ങൾക്കിവിടെ താമസിക്കാൻ വിരോധമുണ്ടോ? തണുപ്പുകാലമാവുമ്പോഴേക്കു കാര്യങ്ങൾ ശരിപ്പെടുത്താൻ ഒന്നു് സഹായിക്കാമോ?"

ഷെയ്ൻ എഴുന്നേററു. "സ്റ്റാറെറ്റ്, ഒരിക്കലും ഞാനൊരു കൃഷിക്കാരനാകാൻ ഉദ്ദേശിച്ചിരുന്നില്ല. കുറച്ചുനാൾ മുമ്പാണിതു കേട്ടിരുന്നതു് എങ്കിൽ ഞാൻ പുച്ഛിച്ചുതള്ളിയേനെ. എന്തായാലും നിങ്ങൾക്കുവേണ്ടി ഞാൻ ജോലിചെയ്യാം." വാക്കുകൾകൊണ്ടു വ്യക്തമാക്കാനാവാത്ത കാര്യങ്ങൾ സംസാരിക്കുകയാണെന്നതുപോലെ അവർ പരസ്പരം നോക്കി. ഷെയ്ൻ അമ്മയുടെ നേരെ തിരിഞ്ഞു: "നിങ്ങളുടെ പാചകം മതിയായ പ്രതിഫലമായി ഞാൻ കണക്കാക്കുന്നു."

"നിങ്ങൾക്കു് നല്ല പ്രതിഫലം കിട്ടും," അച്ഛൻ പറഞ്ഞു. "അതിനു് കഠിനമായി അദ്ധ്വാനിക്കുകയും വേണം. അതിരിക്കട്ടെ, ആദ്യം പട്ടണത്തിൽചെന്നു് കുറച്ചു ജോലിയുടുപ്പുകൾ വാങ്ങിയാലെന്താ? സാം ഗ്രാഫ്റ്റൺന്റെ സ്റ്റോറിൽ നോക്കിയാൽ മതി. എന്റെ കണക്കിലെഴുതാൻ പറഞ്ഞോളൂ."

ഷെയ്ൻ ഇതിനകംതന്നെ വാതില്ക്കൽ എത്തിക്കഴിഞ്ഞിരുന്നു. "ഞാൻതന്നെ പണംകൊടുത്തു വാങ്ങിക്കൊള്ളാം," അയാൾ പറഞ്ഞു; പോവുകയും ചെയ്തു.

അച്ഛൻ എന്തെന്നില്ലാതെ സന്തുഷ്ടനായിരുന്നു. അദ്ദേഹത്തിനു് ഇരിപ്പുറച്ചതേയില്ല. ഇരിക്കുന്നിടത്തുനിന്നു് അദ്ദേഹം ചാടിയെഴുന്നേററു. അമ്മയേയും

പിടിച്ചു നൃത്തംവച്ചു. "മറിയൻ, ഒടുവിൽ സൂര്യപ്രകാശം കണ്ടെത്തി. നമുക്കു് ഒരാളെക്കിട്ടി."

"പക്ഷേ, ജോ, ഞാൻ ചോദിക്കട്ടെ? എന്താണീ ചെയ്യുന്നതെന്നു നിങ്ങൾ ഓക്കുന്നുണ്ടോ? അയാളെപ്പോലുള്ള ഒരാൾക്കു് എന്തു ജോലിചെയ്യാൻ കഴിയും? ധാരാളം പണവും സുഖമായ ജീവിതവുമായി കഴിഞ്ഞ ആളാണയാൾ. വ്യക്തമാണതു്. കൃഷിപ്പണി ഒന്നുമറിഞ്ഞുകൂടെന്നു് അയാൾതന്നെ പറഞ്ഞില്ലേ?"

"ഞാനിവിടെ വന്നകാലത്തു് എനിക്കും അറിഞ്ഞുകൂടായിരുന്നു. എന്തറിയാമെന്നതല്ല, പ്രധാനം. എന്തു തരക്കാരനാണു് ആളെന്നതാണു കാര്യം. അയാൾ ചെയ്യുന്നതെന്തും ഭംഗിയായിരിക്കും."

"ഒരുപക്ഷേ ആയിരിക്കാം."

"'ഒരുപക്ഷേ' ഒന്നും ഇക്കാര്യത്തിലില്ല. ഫ്ളെച്ചറുടെ പിള്ളേരെയും മോർലിയേയും കുറിച്ചു പറഞ്ഞപ്പോൾ അയാൾ അതെങ്ങനെ എടുത്തെന്നു കണ്ടോ? അതാണു് അയാളെക്കൊണ്ടു തീരുമാനമെടുപ്പിച്ചതു്. ഞാൻ അപകടത്തിലാണെന്നു് അയാൾക്കറിയാം. എന്നെ അവിടെയങ്ങനെ വിട്ടുംവച്ചുപോകുന്ന പ്രകൃതവുമല്ല അയാൾ. എന്നെപ്പോലെതന്നെയുള്ള ഒരാളാണു്."

"അയ്യോ, ജോ സ്റ്റാറെറ്റ്, എന്താണീ പറയുന്നതു്? അയാൾ നിങ്ങളെപ്പോലെ അല്ലേ അല്ല. കുറെക്കൂടി ചെറിയ ആളാണു്. വ്യത്യസ്തനായാണു തോന്നുന്നതും. അയാളുടെ ജീവിതരീതിയും വ്യത്യസ്തമായിരുന്നു. എനിക്കറിയാം."

"അക്കാര്യങ്ങൾ ഒന്നുമല്ല ഞാൻ പറഞ്ഞതു്," അച്ഛൻ അത്ഭുതപ്പെട്ടുകൊണ്ടു പറഞ്ഞു.

ഷെയ്ൻ തിരിച്ചുവന്നു് കളപ്പുരയിലേക്കുപോയി. കുറച്ചുനേരം കഴിഞ്ഞപ്പോൾ പുതിയ ഉടുപ്പുകൾ ധരിച്ചു് കുതിരയേയും പിടിച്ചു് അയാൾ പുറത്തുവന്നു. മേച്ചിൽസ്ഥലത്തിൻെറ പടിക്കലെത്തിയപ്പോൾ അയാൾ കുതിരയെ വയലിലേക്കു വിട്ടു.

"കുതിരയെ നോക്കണേ, ബോബ്. അവൻ നിന്നെയും നോക്കിക്കൊള്ളും. കഴിഞ്ഞ കുറെ ആഴ്ചയ്ക്കിടയിൽ ആയിരത്തിലധികം മൈൽ ദൂരം അവൻ എന്നെ കൊണ്ടുപോയിട്ടുണ്ടു്." ഇതും പറഞ്ഞു് അയാൾ അച്ഛൻെറ അടുത്തേക്കു നടന്നു.

പൂർണ്ണവളർച്ചയെത്തിയിട്ടില്ലാത്ത ചോളച്ചെടിനിരകളിലൂടെ അയാൾ പോകുന്നതും നോക്കി ഞാനവിടെ നിന്നു. അയാൾ ഒരു അപരിചിതൻ അല്ലാതായിക്കഴിഞ്ഞിരുന്നു. ആ സ്ഥലത്തിന്റെ ഒരു ഭാഗം തന്നെയായി, അച്ഛനേയും എന്നേയുംപോലെ ഒരു കൃഷകനായി മാറിയിരുന്നു.

ഒരു വ്യത്യാസമേ ഉണ്ടായിരുന്നുള്ളു. അയാൾ ഒരു കൃഷിക്കാരനായിരുന്നില്ല. യഥാർത്ഥത്തിൽ ഒരു കൃഷിക്കാരനാകാൻ പോകുന്നുമില്ല. മൂന്നു ദിവസം കഴിഞ്ഞില്ല, അതിനു മുമ്പുതന്നെ എന്തു ജോലിയിലും അച്ഛനോടു കിടപിടിച്ചുനില്ക്കാൻ അയാൾക്കു സാധ്യമായിത്തുടങ്ങി. എന്തു ചെയ്യണമെന്നു കാണിച്ചുകൊടുത്താൽ മതി. അയാളതു ചെയ്യും; ഒരുകണക്കിനു് മററുള്ളവരെക്കാൾ മെച്ചപ്പെട്ട രീതിയിൽത്തന്നെ. എങ്കിലും അയാൾ വ്യത്യസ്തനായ ഒരാളാണെന്നു നമുക്കു തോന്നും. എന്തുകൊണ്ടാണാവോ?

ചിലപ്പോൾ, അയാൾ അകലെയുള്ള ആ മാമലകളേയും നോക്കി നില്പുറപ്പിക്കും. പിന്നെ തന്റെ ശരീര

ത്തിലേക്കും കൈയിലുള്ള സാധനങ്ങളിലേക്കും നോക്കും. തൻെറ ജോലികളിൽ അയാഠം അത്ഭുതപ്പെടുന്നു എന്നു തോന്നും. താൻ ആ ജോലിക്കു പററിയവനല്ലെന്നോ, ജോലി ഇഷ്ടകരമല്ലെന്നോ കരുതുന്നതുകൊണ്ടല്ല. അയാഠം അങ്ങനെയായിരുന്നു. സ്വല്പം വ്യത്യസ്തനായ ഒരു മനുഷ്യൻ. മററു കാര്യങ്ങഠംക്കുവേണ്ടിയാണു് അയാഠം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതു്.

അയാഠം ജോലിയെടുക്കുന്നതു് അടുത്തുനിന്നു കണ്ടാലോ? ആഠം ദൃഢശരീരനാണെന്നും ആവശ്യമില്ലാത്ത മേദസ്സൊന്നും ഇല്ലെന്നും കാണാം. ചലനങ്ങളിൽ അനാവശ്യമായ യാതൊരായാസവും കാണുകയുമില്ല. ആകൃതിയിലും ശക്തിയിലുമുള്ള പോരായ്മകഠം ചലനങ്ങളുടെ വേഗതയും ഊർജ്ജസ്വലതയുംകൊണ്ടു് അയാഠം പരിഹരിക്കും.

ഞാനമ്മയോടു വ്യക്തമാക്കിയതുപോലെ, ഷെയ്ൻ എന്ന വ്യക്തിയെ അല്ല എനിക്കു ഭയം തോന്നിയതു്. എനിക്കു പിടികിട്ടാത്ത കാര്യങ്ങളെക്കുറിച്ചു് എന്നിൽ അയാഠം ഉണ്ടാക്കിയ മനോവികാരങ്ങളെയാണു്. റോഡിന്നരികിൽ തൊട്ടടുത്ത സ്ഥലത്തെ ഓലീ ജോൺസണെ മുട്ടുകുത്തിക്കാൻ എങ്ങനെ കഴിയുമെന്നോർത്തു് ഞാനഭിമാനം കൊള്ളാൻ തുടങ്ങുകയായിരുന്നു. എൻെറ ഇളംമനസ്സിൽ സമരകൗതുകം അത്രവളരെ സ്ഥലംപിടിച്ചിരുന്നു.

ഒരിക്കൽ ഞാൻ അച്ഛനോടു ചോദിച്ചു: "നിങ്ങഠംക്കു് ഷെയ്നിനെ തോല്പിക്കാമോ? ഒരു വാശിയിൽ."

"മകനെ, അതൊരു കടുത്ത ചോദ്യമാണു്. നിവൃത്തിയില്ലെങ്കിൽ ഞാനതു ചെയ്യേണ്ടിവരും. പക്ഷേ, പരീക്ഷിച്ചുനോക്കാൻ എനിക്കിഷ്ടമില്ല. ഒന്നു് ഞാൻ

പറയാം. ആരുമായും ഞാനിതേവരെ മത്സരിച്ചിട്ടില്ല. പക്ഷേ, ഏതു കുഴപ്പം വന്നാലും ജയം കൂടുതൽ എനിക്കായിരിക്കും."

എനിക്കതു മനസ്സിലാക്കാൻ കഴിയുമായിരുന്നു പക്ഷേ, ഷെയ്നിനെ സംബന്ധിച്ചു പലതും മനസ്സിലായില്ല. അവിടെ തങ്ങാമെന്നു സമ്മതിച്ചശേഷം ആദ്യമായി ആഹാരം കഴിക്കാനെത്തിയപ്പോൾ, അച്ഛനിരിക്കാറുള്ള കസേരയുടെ അടുത്തേക്ക് അയാൾ ചെന്നു. ഞങ്ങൾ മററു കസേരകളിലിരിക്കുന്നതുവരെ അയാൾ അവിടെത്തന്നെ നിന്നു. അമ്മയ്ക്കു് ആശ്ചര്യം തോന്നി; എന്തോ പറയാൻ മുതിരുകയുംചെയ്തു. പക്ഷേ, അച്ഛൻ കണ്ണുകൊണ്ടു് മിണ്ടാതിരിക്കാനുപദേശിച്ചു. അപ്പുറത്തുള്ള കസേരയിൽ, അതാണു് തനിക്കു പററിയതെന്നമട്ടിൽ, അദ്ദേഹം ചെന്നിരുന്നു. അതിൽപ്പിന്നെ ഷെയ്നും അദ്ദേഹവും ആ ഇരിപ്പിടങ്ങൾതന്നെയാണു് ഉപയോഗിച്ചുപോന്നതു്.

ഈ സ്ഥാനംമാറ്റത്തിനു് ഒരു കാരണവും എനിക്കു കാണാൻ കഴിഞ്ഞിരുന്നില്ല. ഒരു ദിവസം ഞങ്ങൾ ആഹാരം കഴിച്ചുകൊണ്ടിരിക്കുമ്പോൾ അയൽപക്കക്കാരിലൊരാൾ അകത്തേക്കു വന്നു. അവരിൽ പലരും പതിവുള്ളതുപോലെ അയാൾ നേരെ കടന്നുവന്നു. അപ്പോൾ പെട്ടെന്നു് എനിക്കു കാര്യം മനസ്സിലായി. കതകിനെ അഭിമുഖീകരിച്ചുകൊണ്ടിരുന്നതു് ഷെയ്നായിരുന്നു. ആരെങ്കിലും കടന്നുവരുന്നുവെങ്കിൽ ആദ്യം കാണാൻ കഴിയുക ഷെയ്നിനായിരിക്കും.

രാത്രിസമയത്തു് ആഹാരംകഴിഞ്ഞു് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അയാൾ ഒരിക്കലും ജന്നലിനു

ടുത്തു് ഇരിക്കാറില്ല. ഭിത്തിക്കടുത്തിരിക്കുന്നതാണു് അയാൾക്കിഷ്ടം. മേശയ്ക്കരികിലല്ലെങ്കിൽ, എവിടെയിരിക്കയാണെങ്കിലും ഇരിക്കുംമുമ്പു കസേരയുടെ പിൻവശം തൊട്ടടുത്ത ഭിത്തിയുടെ ഭാഗത്തേക്കു തിരിച്ചേ അയാളിരിക്കുകയുള്ളു. വിചിത്രമായ ഒരേർപ്പാടാണിതെന്നു് അയാൾ മനസ്സിലാക്കുന്നില്ലെന്നു തോന്നി. റോഡിൽക്കൂടെ ആരെങ്കിലും കടന്നുപോയാൽ ആദ്യം കാണുന്നതു് അയാളായിരിക്കും. മറ്റെന്തു ജോലി ചെയ്യുകയാണെങ്കിലും അയാളതു നിർത്തിവച്ചു് യാത്രക്കാരനെ സൂക്ഷ്മം നോക്കും.

ഇതെല്ലാം എനിക്കു വളരെ വിചിത്രമായി തോന്നി. ശരിയല്ലെന്നു വിചാരിക്കയും ചെയ്തു. പട്ടണത്തിലുള്ളവർക്കും അതിലേ യാത്രചെയ്യുന്നവർക്കും അയാളെക്കുറിച്ചു് കൂടുതൽ അറിയണമെന്നായി. അയാൾ അച്ഛൻെറകൂടെ ജോലിചെയ്യുകയാണെന്ന കാര്യം ആ താഴ്വരയിലുള്ളവരെല്ലാം എത്ര പെട്ടെന്നാണറിഞ്ഞതു്! താഴ്വരയിലുള്ളവർ മാത്രമല്ല, അതിനുവെളിയിൽ മേച്ചിൽപ്രദേശങ്ങളിലെ ആളുകൾ പോലും!

പുതിയ അയൽക്കാരനെ ഇഷ്ടമാണോ എന്നു് അവർക്കാർക്കും തീർച്ചയുണ്ടായിരുന്നില്ല. ഞങ്ങളുടെ വീട്ടിൽ വച്ചുണ്ടായ ആ സംഭവത്തെക്കുറിച്ചു് ലെഡ്യാർഡ് എന്തൊക്കെയോ കുറെ കെട്ടുകഥകൾ പറഞ്ഞുപരത്തിയിരുന്നു. പക്ഷേ, ലെഡ്യാർഡിനെ അവർക്കെല്ലാമറിയാം. അതുകൊണ്ടു് ആ കഥകൾ അതേപടി അവരാരും വിശ്വസിച്ചില്ല. എങ്കിലും ഷെയ്നിനെക്കുറിച്ചു് അവർക്കു് ഒന്നും തിട്ടപ്പെടുത്തി നിശ്ചയിക്കാൻ സാധിച്ചിരുന്നില്ല എന്നു മാത്രം.

എല്ലാററിലും വിചിത്രമായി തോന്നിയ കാര്യം

എനിക്കു മനസ്സിലാകാൻ ഏതാണ്ട് രണ്ടാഴ്ച പിടിച്ചു. എങ്കിലും അതു് ഏററവും ശ്രദ്ധേയമായ സംഗതിയായിരുന്നു. ഷെയ്ൻ കൈത്തോക്കു കൊണ്ടുനടക്കാറില്ല.

രാജ്യത്തു മുഴവൻ അക്കാലത്തു് തോക്കുകൾ നല്ല പ്രചാരത്തിലായിരുന്നു. ഞങ്ങളുടെ താഴ്വരയിൽ അതു വേട്ടയാടാനല്ലാതെ മററൊന്നിനും വളരെ ഉപയോഗിക്കപ്പെടാറില്ല. എന്നാലും എവിടെ നോക്കിയാലും തോക്കുകൾ കാണാം. തോക്കുകൂടി ധരിച്ചില്ലെങ്കിൽ വസ്ത്രധാരണം പൂർത്തിയായില്ല എന്നാണ് പലരും കരുതിയിരുന്നതു്. ജോലി എടുക്കുകയോ, വീട്ടിലിരിക്കുകയോ അല്ലാത്ത സമയത്തെല്ലാം എല്ലാവരും പിസ്റ്റൾ ധരിക്കും. എങ്ങോട്ടു യാത്ര പോകുമ്പോഴും, പട്ടണത്തിലേക്കുമാത്രമാണു പോകുന്നതെങ്കിലും, അച്ഛൻ പിസ്റ്റൾ കൂടി ധരിക്കാറുണ്ടായിരുന്നു. പക്ഷെ, ഷെയ്ൻ ഒരിക്കലും തോക്കെടുത്തു കണ്ടിട്ടില്ല. അയാൾക്കാണെങ്കിൽ ഒന്നു സ്വന്തമായുണ്ടായിരുന്നുതാനും. അതുകൊണ്ട് ആ നടപടി വിചിത്രമായിരുന്നു.

ഒരുദിവസം കളപ്പുരയിൽ ഒററയ്ക്കു് നില്ക്കുമ്പോഴാണ് ഞാൻ ആ തോക്കു കണ്ടുപിടിച്ചതു്. അയാളുടെ കുതിരയുടെ ജീനി കിടക്കയിൽ കിടന്നിരുന്നു. സാധാരണ, വളരെ ശ്രദ്ധാപൂർവ്വമാണ് അയാളതു് സൂക്ഷിക്കാറുള്ളതു്. പക്ഷെ, അന്ന് അതു തുറന്നുകിടന്നിരുന്നു. ഞാനതു തൊട്ടുനോക്കാൻ കൈനീട്ടി. അപ്പോഴുണ്ട് തോക്കുപോലൊന്ന് അകത്തിരിക്കുന്നു. മററാരും ആ സമയം അവിടെയെങ്ങുമില്ലായിരുന്നു. അതുകൊണ്ട്, ഞാനതു തുറന്നുനോക്കി. തോക്കുതന്നെ. അതുവരെ കണ്ടിട്ടുള്ള എല്ലാ കൈത്തോക്കുകളിലുംവച്ചു് ഏറ്റവും അധികം ഭംഗിയും അതുപോലെ ഭയാനകതയും ഉള്ള ഒന്നു്.

സാധാരണ പട്ടാളക്കാരിഷ്ടപ്പെടുന്ന ഒരു 'സിങ്കിൾ ആക്ഷൻ കോൾട്ട്'' ആയിരുന്നു അതു്. ഏററവും നല്ലയിനം തോക്കാണതു് എന്നു് ആളുകൾ പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു്.

ഇതു് ആ ഇനംതന്നെ. പക്ഷേ, പട്ടാളത്തോക്കല്ല. കറുപ്പുനിറം. ഏതാണ്ടു നീലിച്ച ഒരു കറുപ്പു്. കൈപിടിയുടെ അകവശം വിരലുകൾ ചേർത്തുപിടിക്കത്തക്ക വിധമായിരുന്നു.

ഞാനറിയാതെതന്നെ എന്നു പറയാം, തോക്കു് എൻെറ കൈയിലായി. നല്ല വൃത്തിയും മിനുമിനുപ്പും. എണ്ണയിട്ടു ശരിയാക്കിയിട്ടുമുണ്ടു്.

ഇതുപോലൊരു തോക്കുണ്ടായിട്ടു് അതു പുറത്തു കാണിക്കാത്തതെന്താണു്? തോക്കു നോക്കിക്കൊണ്ടിരിക്കവേ പെട്ടെന്നു് എനിക്കു പേടിതോന്നി. ഉടനെതന്നെ എല്ലാം പഴയപടി ഉറയിലാക്കി ഞാൻ ധൃതിയിൽ പുറത്തേക്കു കടന്നു.

അച്ഛനെ കണ്ടയുടനെ ഞാൻ ഈ വിവരം പറയാൻ മുതിർന്നു:

"അച്ഛാ," ഞാൻ പറഞ്ഞു: "ഷെയ്നിൻെറ ജീനിക്കകത്തു് എന്താണിരിക്കുന്നതെന്നറിയാമോ?"

"പക്ഷേ, ഒരു തോക്കായിരിക്കും."

"അച്ഛനെങ്ങനെ മനസ്സിലാക്കി? അച്ഛൻ കണ്ടോ?"

"ഇല്ല. പക്ഷേ, അതാണുണ്ടാവാനിടയുള്ളതു്."

എനിക്കു് ആ പറഞ്ഞതിൻെറ അർത്ഥം മനസ്സിലാക്കാൻ കഴിഞ്ഞില്ല. "പിന്നെ, അതയാൾ കൊണ്ടു നടക്കാതിരിക്കുന്നതെന്താണു്? ഉപയോഗിക്കാൻ ശരിക്കറിഞ്ഞുകൂടാത്തതുകൊണ്ടാണോ?"

ഞാനൊരു തമാശപൊട്ടിച്ചതാണെന്ന മട്ടിൽ അച്ഛൻ ചിരിച്ചു.

"മകനെ, നിനക്കു വിശ്വസിക്കാൻതന്നെ സാദ്ധ്യമല്ലാത്ത കാര്യങ്ങൾ അയാൾ ആ തോക്കുകൊണ്ടു ചെയ്യേക്കും. ചെയ്താൽ എനിക്കു് അശേഷവും ആശ്ചര്യം തോന്നുകയില്ല."

"പിന്നെ അയാൾ എന്തിനാണതു കളപ്പുരയിൽ ഒളിച്ചുവച്ചിരിക്കുന്നതു്?"

"ആവോ, എനിക്കറിഞ്ഞുകൂട. പല കാരണവുമുണ്ടാവും. മുഴുവനും എനിക്കറിയാൻ വയ്യ."

"പിന്നെ, അയാളോടു ചോദിച്ചുനോക്കിയാലെന്താ?"

അച്ഛൻ എന്നെത്തന്നെ നോക്കി. "അയാളോടു ഞാനൊരിക്കലും ചോദിക്കാൻ ഉദ്ദേശിക്കാത്ത ഏക ചോദ്യം അതാണു്. നീയും അതിനെക്കുറിച്ചൊന്നും അയാളോടു പറഞ്ഞുപോകരുതു്. ചോദിച്ചുകൂടാത്ത ചോദ്യങ്ങൾ ചിലതുണ്ടു്. പക്ഷേ, ബോബ്, ഞാൻ പറയുന്നതു വിശ്വസിച്ചോ. ഷെയ്നിനെപ്പോലൊരാൾ തോക്കെടുത്തു നടക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ അതിനു കാര്യമായ കാരണങ്ങൾ ഉണ്ടായിരിക്കണം."

അതായിരുന്നു സംഗതി. എനിക്കു് എന്നിട്ടും മനസ്സിലായില്ല. പക്ഷേ, ഏതെങ്കിലും സംഗതിയിൽ അച്ഛൻ ഉറപ്പുപറഞ്ഞാൽ, പിന്നെ കൂടുതലൊന്നും പറയാനുണ്ടാവുകയില്ല. താൻ ചെയ്യുന്നതു ശരിയാണെന്നു് ഉത്തമബോദ്ധ്യമുള്ളപ്പോഴല്ലാതെ അദ്ദേഹം അങ്ങനെ പറയാറില്ല. ഞാൻ പോകാനൊരുങ്ങി.

അപ്പോൾ അച്ഛൻ എന്നെ വിളിച്ചു:

"ബോബ്!"

"എന്താണച്ഛാ?"

"പറയുന്നതു കേൾക്കൂ മകനെ, ഷെയ്നിനോട് കണക്കിലധികം ഇഷ്ടം കാണിച്ചു ശീലിക്കരുത്."

"ഉം, എന്തേ? അയാൾക്കെന്തെങ്കിലും തകരാറുണ്ടോ?"

"ഇല്ല, ഷെയ്നിനു യാതൊരു തകരാറുമില്ല. തകരാറ് എന്നു പറയാവുന്ന അർത്ഥത്തിൽ യാതൊന്നുമില്ല. മറിച്ച് നാം കണ്ടുമുട്ടുന്ന മററു പലരെക്കാളും ഗുണങ്ങൾ ഉണ്ടുതാനും. പക്ഷേ,—" തുടർന്ന് ഉപയോഗിക്കാൻ ഉചിതമായ വാക്കുകൾ കണ്ടുപിടിക്കാൻ അച്ഛൻ ശ്രമിക്കുകയായിരുന്നു. അദ്ദേഹം തുടർന്നു: "പക്ഷേ, അയാൾ അസ്വസ്ഥനാണ്. ഓർമ്മിച്ചോളു. അയാൾതന്നെ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. അടുത്തൊരുദിവസംതന്നെ അയാൾ ഇവിടംവിട്ടു പോകും. അയാളെ കൂടുതൽ ഇഷ്ടപ്പെട്ടുപോയാൽ നിനക്കപ്പോൾ വിഷമം തോന്നും."

അച്ഛൻ ഉദ്ദേശിച്ചതു് യഥാർത്ഥത്തിൽ അതായിരുന്നില്ല. പക്ഷേ, ഞാനങ്ങനെ മനസ്സിലാക്കണമെന്നാണദ്ദേഹം ആഗ്രഹിച്ചതു്. അതുകൊണ്ടു് കൂടുതൽ ഒന്നും ഞാൻ ചോദിക്കാൻപോയില്ല.

## അദ്ധ്യായം അഞ്ച്

എൻെറ ജീവിതത്തിലെ അതിസന്തുഷ്ടമായ ഗ്രീഷ്മകാലം അതായിരുന്നിരിക്കണം. ആഴ്ചകൾ അതിവേഗം കടന്നുപോയി. ഷെയ്ൻ ഞങ്ങളുടെ കൂടെ ഇല്ലാത്ത ഒരു കാലമുണ്ടായിരുന്നുവെന്നുപോലും തോന്നിയില്ല.

ഞങ്ങളുടെ താഴ്വരയിൽ നിഴൽവിരിച്ചിരുന്ന ഏക കാർമേഘം, ഫ്ളെച്ചറും കുടിയേറിപ്പാർപ്പുകാരായ ഞങ്ങളും തമ്മിലുള്ള ആ പഴയ വഴക്ക്, നീങ്ങിപ്പോയ മട്ടുണ്ടായിരുന്നു. ഫ്ളെച്ചർ വളരെ മാസമായി അവിടെയൊന്നുമില്ലായിരുന്നു. ഡക്കോട്ടയിൽ ഫോർട്ടു ബന്നാററിലേക്കു പോയിരുന്ന അയാൾ കിഴക്കോട്ടു വാഷിംഗ്ടൺവരെ പോയതായും കേൾവിയുണ്ടായിരുന്നു. ബ്ലാക്ക്ഹിൽസിന്നപ്പുറത്ത് സ്റ്റാൻഡിംഗ് റോക്കിലുള്ള ഇന്ത്യാക്കാർക്കു മാട്ടിറച്ചി സപ്ലൈ ചെയ്യുന്നതിനുള്ള ഒരു സക്കാർ ഓർഡർ കരസ്ഥമാക്കാൻ ശ്രമിക്കാനായിരുന്നു ആ യാത്ര. മേലാളായ മോർഗനും പ്രായക്കൂടുതലുള്ള ഏതാനുംപേരുമൊഴിച്ചാൽ ഫ്ളെച്ചറുടെ മറെറല്ലാ ജോലിക്കാരും ചെറുപ്പക്കാരായിരുന്നു. ജീവിതത്തെ അനായാസമായെടുക്കുന്ന 'കൗബോയി'കൾ. ഇടയ്ക്കൊക്കെ ഞാനുമൊരിക്കൽ അവർ പട്ടണത്തിൽ വലിയ ഒച്ചപ്പാടുണ്ടാക്കും. എങ്കിലും ഞങ്ങൾക്കു ശല്യമുണ്ടാക്കാനായി അവരെ ഉപയോഗിക്കുന്നതിനു ഫ്ളെച്ചർ സ്ഥലത്തില്ലെന്നു വരുമ്പോൾ ഞങ്ങൾക്കവരെ ഇഷ്ടമായിരുന്നു. ഫ്ളെച്ചർ സ്ഥലത്തില്ലാത്തതുകൊണ്ടു നദിയുടെ അങ്ങേക്കരയിൽ അവർ ഒതുങ്ങിക്കൂടി. മറുകരയിൽക്കൂടി സവാരിചെയ്യുന്ന സമയത്തു കണ്ടുപോയാൽ അവരുടേതായ സന്തോഷരീതിയിൽ ചിലപ്പോഴവർ കൈവീശി ഞങ്ങളെ അഭിവാദനം ചെയ്യുകപോലും പതിവുണ്ടു്.

ഷെയ്ൻ വരുന്നതിനുമുമ്പ് അവരായിരുന്നു എന്റെ 'മാതൃകാ പുരുഷന്മാർ'. അച്ഛൻ ആരാധനാപുരുഷൻതന്നെ. അദ്ദേഹം തനതായ സവിശേഷതകളുള്ള ആളാണു്. അദ്ദേഹത്തെപ്പോലെ മറെറാരാൾ

ഉണ്ടാവുക സാദ്ധ്യമല്ല. അദ്ദേഹത്തെപ്പോലെതന്നെ ആയിത്തീരാൻ ഞാനാഗ്രഹിച്ചു. പക്ഷെ, ആദ്യം ചെയ്യണമെന്നു ഞാനാഗ്രഹിച്ചതു് അച്ഛനെപ്പോലെ 'റാഞ്ചി' ലൂടെ കുതിരപ്പുറത്തു സവാരി ചെയ്യണമെന്നായിരുന്നു. വലിയൊരു പററം മാട്ടുകളേയും തെളിച്ചു് സവാരി ചെയ്യണം; ഒരു കൊല്ലത്തെ മുഴുവൻ സമ്പാദ്യവുമായി അപരിചിതങ്ങളായ നഗരങ്ങളിലേക്കു പോകണം. ആദ്യം ചെയ്യേണ്ടതെന്തെന്ന കാര്യത്തിൽ ഇപ്പോൾ അത്ര തീർച്ചയില്ല. ഷെയ്നിനെപ്പോലെ ആകണമെന്നാഗ്രഹമാണു് ഏറിയേറി വരുന്നതു്. കഴിഞ്ഞ കാലത്തു ഷെയ്ൻ എങ്ങനെയെല്ലാമായിരുന്നു എന്നാണോ എൻെറ സങ്കല്പം, അതുപോലൊക്കെ. അയാൾ കഴിഞ്ഞ കാലത്തെക്കുറിച്ചു് ഒരിക്കലും സംസാരിക്കാറില്ല. ഒരു വിധത്തിലും സംസാരിക്കാറില്ല. അയാളുടെ പേരുപോലും അജ്ഞാതമായി അവശേഷിക്കുകയാണു് ചെയ്തതു്. വെറും ഷെയ്ൻ എന്നുമാത്രം. കൂടുതലൊന്നുമില്ല. അതയാളുടെ സ്വന്തം പേരാണോ, കുടുംബപ്പേരാണോ, ഇരട്ടപ്പേരാണോ എന്നൊന്നും ഞങ്ങൾക്കറിയാൻ വയ്യ. "എന്നെ ഷെയ്ൻ എന്നു വിളിച്ചോളൂ," അയാൾ പറഞ്ഞു. അത്രയും മാത്രമാണു് പേരിനെക്കുറിച്ചു് അയാൾ ആകെക്കൂടി പറഞ്ഞിട്ടുള്ളതു്.

ഞങ്ങളുടെ കൂടെയുള്ള ജീവിതം ഷെയ്നിനു രസിച്ചുതുടങ്ങി എന്നു വ്യക്തമായിരുന്നു. ചുററും കാണുന്ന എന്തിനേയും അയാൾ എപ്പോഴും സൂക്ഷിച്ചുകൊണ്ടിരിക്കും. ഈ സ്വഭാവം അയാൾ ശീലിച്ചതല്ല, ജന്മനാ ഉള്ള പ്രകൃതമാണു്, ആ മനുഷ്യൻെറ ഒരംശം, എന്നെനിക്കു തോന്നി. എന്നാലും ചിലപ്പോൾ അയാൾ ഇത്ര

ത്തോളം അസാധാരണനും അസന്തുഷ്ടനും ആയിത്തീരുന്നതെന്തുകൊണ്ടാണു്? ഉദാഹരണത്തിനു്, ഗ്രാഫ്റ്റൺ തന്ന ആ പഴയ തോക്കുമെടുത്തു് ഞാൻ കളിച്ചുകൊണ്ടിരുന്നപ്പോൾ ഉണ്ടായതുപോലെ? സ്റ്റോറിൽ ആരോ ഇട്ടേച്ചുപോയ ഒരു പഴയ കേടുവന്ന തോക്കായിരുന്നു അതു്. ഒരു പഴയ ഒടിഞ്ഞ 'കോൾട്ട്.'

ഞാൻ കളപ്പുരയ്ക്കു ചുററും റെഡ് ഇന്ത്യാക്കാരെ വെടിവെയ്ക്കുക എന്ന വിനോദത്തിൽ ചുവടുവെച്ചു നടക്കുമ്പോഴാണു്, കളപ്പുരവാതില്ക്കൽനിന്നു് എന്നെ സൂക്ഷിക്കുന്ന ഷെയ്നിനെ കണ്ടതു്. ഞാനയാളുടെ ചന്തംതികഞ്ഞ തോക്കിനെക്കുറിച്ചു് ആലോചിച്ചു നിന്നുപോയി. അയാൾ എന്നെ കളിയാക്കിയേക്കുമോ എന്ന ആശങ്കയുമുണ്ടായിരുന്നു. കളിയാക്കുന്നതിനു പകരം അയാൾ എന്നെ ഗൗരവത്തോടെ നോക്കി.

"ഇതിനകം എത്രപേരെ കൊന്നു, ബോബ്?"

ഞാനെന്തു പറയാനാണു്? മിനുമിനുപ്പുള്ള ഒരു പുതിയ തോക്കാണു് എൻേറതു്. ഞാൻ വേറൊരു ഇന്ത്യാക്കാരനെക്കൂടി വെടിവച്ചു. അപ്പോൾ എൻെറ കൈ പാറപോലെ ഉറച്ചിരുന്നു.

"ഇപ്പോൾ ഏഴുപേരെ."

"കുറെപ്പേരെ മററു കുട്ടികൾക്കു വിട്ടുകൊടുക്കൂ," അയാൾ ശാന്തസ്വരത്തിൽ പറഞ്ഞു. "അവർക്കു വിഷമം തോന്നാനിടയാക്കുന്നതു ശരിയല്ലല്ലോ. പിന്നെ, ബോബ്, ഇങ്ങോട്ടു നോക്കു. നീയതു ശരിക്കല്ല ചെയ്യുന്നതു്."

മറിച്ചിട്ടിരുന്ന ഒരു പെട്ടിയുടെ പുറത്തു് അയാൾ കയറി ഇരുന്നു. എന്നെ കൈമാടി അടുത്തേക്കു വിളിച്ചു. "നിൻെറ തോക്കു വളരെ ഞാന്നുകിടക്കുകയാണു്. അതിങ്ങനെ ഒരുകൈനീളത്തിൽ തൂക്കിയിടരുതു്.

കൈ തൂക്കിയിട്ടമ്പോഴം പകുതിയിലധികം അതു് ഞാന്നു കിടന്നുകൂട. അങ്ങനെ ശ്രദ്ധിച്ചാൽ കൈ ഉയത്തുന്ന തോടൊപ്പം തോക്കുമെടുക്കാം. തോക്കു വല്ലാതെ പൊക്കി യെടുക്കാതെതന്നെ ഉറയിൽനിന്നു് ഊരിയെടുക്കാൻ അപ്പോഴം സാദ്ധ്യമാകും."

"യഥാത്ഥ തോക്കുകാർ അങ്ങനെയാണോ ചെയ്യുക?"

വിചിത്രമായൊരു തിളക്കം അയാളുടെ കണ്ണു കളിൽ മിന്നിമറഞ്ഞു. "അല്ല, എല്ലാവരും അങ്ങനെ യല്ല. ഞാൻ പറയുന്ന രീതി ഏററവും നല്ലതാണു്. പിന്നെ, മറെറാരു കാൎയ്യംകൂടി—"

അയാഠം അടുത്തുവന്നു് എൻെറ തോക്കെടുത്തു. ഇദംപ്രഥമമായി ഞാനപ്പോഴം അയാളുടെ കൈകഠം യഥാത്ഥത്തിൽ കണ്ടു. നല്ല വീതിയും കരുത്തും. നീണ്ട വിരലുകഠം. അററം പരന്നിട്ടാണു്. തോക്കൊന്നു തൊട്ടാൽ ആ കൈകഠംക്കു് സ്വയമൊരു ബുദ്ധിശക്തിയുണ്ടാകുമെന്നു തോന്നി. ചിന്തയുടെ മാൎഗ്ഗദർശനത്തിൻെറ ആവശ്യമേ നേരിടാതെ കണിശമായ ചലനം അവയ്ക്കു് സ്വായത്തമാണു്. എങ്ങനെ അതു സാദ്ധ്യമാകുന്നു വെന്നതു് അത്ഭുതകരമായിരുന്നു.

അയാളുടെ വലതുകൈ തോക്കിൽ മുറുകി. ഉദ്ദേശിക്കപ്പെട്ട കാൎയ്യം അതു് ഉടനടി നിൎവ്വഹിക്കുകയാണെന്നു കാണാം. ആ പഴയ തോക്കു് ഉയന്നു. അതു് അയാളുടെ കൈയിൽ ചാഞ്ഞു.

ഞാൻ നോക്കിക്കൊണ്ടിരിക്കെ, അയാഠം ആ തോക്കെടുത്തു മേലോട്ടു് ഒരേറുകൊടുത്തു. എന്നിട്ടു് ഇടതുകൈകൊണ്ടു പിടിച്ചു. പിടിച്ച നിമിഷംതന്നെ പിടിക്കേണ്ട രീതിയിൽ എളുപ്പത്തിൽ കൈവിരലുക

ളതിൽ മുറുകി. അയാൾ വീണ്ടുമതെടുത്തു് എറിഞ്ഞു. ഇത്തവണ കുറേക്കൂടി ഉയരത്തിൽ. കറങ്ങിക്കറങ്ങി അതു താഴെവന്നു. അപ്പോൾ വലതുകൈ മുന്നോട്ടു നീങ്ങി. അവിച്ഛിന്നമായ ഒരൊററ ചലനത്തിലതു് എടുത്തു.

"ബോബ്, അതൊന്നെടുത്തു ചൂണ്ടു്. താഴ്ത്തി ചൂണ്ടണം. വേഗത്തിൽ അനായാസമായി വിരൽചൂണ്ടുന്നതു മാതിരി."

വിരൽചൂണ്ടുന്നതുമാതിരി. അയാളങ്ങനെ പറയുക മാത്രമല്ല ചൂണ്ടിക്കാണിക്കുകയും ചെയ്തു. തോക്കു പിടിച്ചിരുന്ന കൈകൾ വിളറി. വിരലുകൾ വിടന്നു. തോക്കു താഴെ വീണു. അയാൾ തല ഉയർത്തി. വേദനകൊണ്ടു വാ കടിച്ചുപിടിച്ചിരുന്നു. അയാളുടെ കണ്ണുകൾ അങ്ങകലെയുള്ള മലനിരകളിൽ തങ്ങിനിന്നിരുന്നു.

"ഷെയ്ൻ, ഷെയ്ൻ, എന്തു പററി?" ഞാൻ ചോദിച്ചു.

എൻെറ ചോദ്യം അയാൾ കേട്ടില്ല. ഭൂതകാലത്തിൻെറ ഇരുളടഞ്ഞ നാളുകളിലെവിടെയോ ആയിരുന്നു അയാൾ.

ഭൂതകാലത്തിൽനിന്നു് അയാൾ സ്വയം വർത്തമാനത്തിലേക്കു വന്നെത്തി. തന്നെയും നോക്കിക്കൊണ്ടിരിക്കുന്ന ഒരു കുട്ടിയെ അയാൾ കണ്ടു. എന്നോടു് അയാൾ സാവധാനത്തിൽ സംസാരിച്ചു.

"കേട്ടോ ബോബ്, തോക്കു് തോക്കുമാത്രമാണു്. അതിനെക്കുറിച്ചു് അങ്ങനെ മാത്രമെ ആലോചിക്കാവൂ. തോക്കെടുക്കുന്ന മനുഷ്യനെപ്പോലെ നല്ലതാകാം, ചീത്തയുമാകാം. അതോർമ്മിക്കുക."

അയാൾ എഴുന്നേററു് വയലുകളിലേക്കു് നടന്നു

പോയി. ഏകാന്തതയാണ് അയാൾ അപ്പോൾ ആഗ്രഹിക്കുന്നതെന്ന് എനിക്കു മനസ്സിലായി. അയാൾ പറഞ്ഞതു് ഞാൻ ശരിക്കും ഓർത്തു. നല്ലതുപോലെ ഓർമ്മിച്ചുവച്ചു. പക്ഷേ, അന്നൊല്ലാം, തോക്കുപയോഗിക്കുന്നതു സംബന്ധിച്ചു് എനിക്കു തന്ന ഉപദേശത്തേക്കാളും തോക്ക് അയാൾ ഉപയോഗിച്ച രീതിയാണ് ഞാൻ കൂടുതലും ഓർമ്മിച്ചതു്.

ഗ്രീഷ്മകാലം അവസാനിച്ചു. സ്കൂൾ വീണ്ടും തുറന്നു. പകലുകൾക്ക് നീളം കുറഞ്ഞുവന്നു. ശൈത്യത്തിന്റെ ആദ്യഖണ്ഡം മലനിരകളിൽനിന്ന് പതുക്കെപ്പതുക്കെ താഴോട്ടെത്തിത്തുടങ്ങി.

## അദ്ധ്യായം ആറ്

ഗ്രീഷ്മകാലം മാത്രമല്ല അവസാനിച്ചതു്. സൂര്യന്റെ ചൂടിനോടൊപ്പം ഞങ്ങളുടെ താഴ്വരയിലെ സമാധാനമൂതുവും തിരോധാനം ചെയ്യുകയായിരുന്നു. ഫ്ളെച്ചർ തിരിച്ചെത്തി. മുഴുവൻ റേഞ്ചും വീണ്ടും തനിക്കാവശ്യമായി വരുമെന്ന് അയാൾ പട്ടണത്തിൽ സംസാരിക്കുകയുണ്ടായി. കുടിയേറിപ്പാർപ്പുകാർ അവിടം വിട്ടു പോകേണ്ടിവരും.

ഞങ്ങളാണെങ്കിൽ വിട്ടുപോകാനൊട്ടു തയ്യാറുമില്ലായിരുന്നു. കുടിയേറിപ്പാർപ്പവകാശപ്രകാരം ഭൂമി ഞങ്ങളുടേതാണ്. ഗവണ്മെൻറ് വാഗ്ദാനം ചെയ്തിട്ടുള്ളതാണതു്. എന്നാൽ ഗവണ്മെൻറ് ആ താഴ്വരയിൽനിന്ന് വളരെ അകലെയാണെന്നും ഞങ്ങൾക്കറിയാമായിരുന്നു.

ഞങ്ങളുടെ പട്ടണം ചെറുതാണ്. വളരുകയാണ തു്; എന്നാലും റോഡുവക്കത്തുള്ള ഒരു കുടിയേററപ്രദേശത്തിൽ കവിഞ്ഞ ഒന്നുമല്ല. ഇരുപതു വർഷം മുമ്പ് 'ബിഗ് ഫോൺമൈനിംഗ് അസോസിയേഷൻ' നിത്തലാക്കിയപ്പോഠം എത്തിച്ചേന്ന് മൂന്നുനാലു ഖനിക്കാരാണ് ആദ്യത്തെ ആളുകഠം. ആ ഏതാനും പേർ അവരുടെ കുട്ടംബത്തേയും കുറെ സഹായികളേയും കൊണ്ടു വന്നിരുന്നു.

മദ്യവും കുതിരകളും വാങ്ങാൻ കിട്ടുന്ന ഒരു സ്ഥലമുണ്ടു്. സമതലത്തിലെ പുറമ്പോക്കുസ്ഥലങ്ങളിൽനിന്നും താഴ്വരയിൽ ഫ്ളെച്ചറുടെ കൈവശമുള്ള മേച്ചിൽസ്ഥലങ്ങളിൽനിന്നും കൗബോയികഠം വൈകുന്നേരം സമയംകഴിക്കാൻ താമസിയാതെ എത്തിച്ചേരും. ഓരോ സീസണിലും എത്തിച്ചേരുന്ന ഒന്നോ രണ്ടോ കുടിയേററക്കാർവീതവും ഞങ്ങളുടെക്രൂടെച്ചേൻ്ന് അവിടം ഒരു പട്ടണമായി മാറുകയായിരുന്നു. ഇപ്പോഠം തന്നെ അവിടെ ഒട്ടേറെ സ്റ്റോറുകഠം ഉണ്ടു്. പന്ത്രണ്ടോളം വീടുകളും. എല്ലാവരും ചേൻ്ന് ഒററ മുറിയുള്ള ഒരു സ്ക്കൂഠംമന്ദിരവും ഏപ്പെടുത്തിയിട്ടുണ്ടു്. കഴിഞ്ഞ വർഷമാണതാരംഭിച്ചതു്.

സാം ഗ്രാഫ്ററണിൻെറ സ്ഥലമാണ് ഏററവും വലിയതു്. പിറകിൽ താമസിക്കാൻ പററിയ കുറെ മുറികഠം ഉള്ള ഒരു ജനറൽസ്റ്റോർ അയാഠംക്കുണ്ടു്. കെട്ടിടത്തിൻെറ ഒരു പകുതിയിലാണതു് സ്ഥിതിചെയ്യുന്നതു്. മറേറ പകുതിയിൽ നീണ്ടൊരു 'ബാറും' കളിമേശകളും ഉള്ള ഒരു 'സലൂൺ' ഏർപ്പെടുത്തിയിട്ടുണ്ടു്. ഗ്രാഫ്ററൺൻ്റെ ഭാര്യ മരിച്ചുപോയിരുന്നു. വീട്ടുകാര്യ

ങ്ങൾ നോക്കുന്നതു മകൾ ജെയിനാണ്. ഞങ്ങളുടെ സ്കൂളിലെ അദ്ധ്യാപികയാണവർ.

അക്കാലത്തു് ആ താഴ്വരയിലെ സർവ്വാധികാരി ഫ്ളെച്ചറാണ്. കുടിയേററക്കാരായ ഞങ്ങൾ എത്തിച്ചേർന്നിട്ടു കുറച്ചു വർഷമേ ആയിട്ടുള്ളു. ഞങ്ങൾ അവിടെ കഴിയുന്നതു് അയാളുടെ ഔദാര്യംകൊണ്ടാണെന്നാണ് മററുള്ളവർ അപ്പോഴും ധരിച്ചുവച്ചിരിക്കുന്നതു്. ഖനിക്കാർ വന്നകാലത്തു് താഴ്വര മുഴുവനും അയാൾ മാട്ടുവളർത്തുകയായിരുന്നു. ആദ്യം അവിടെയുണ്ടായിരുന്ന ഏതാനും ചെറുകിടക്കാരെ മുഴുവൻ അയാൾ ബലംപ്രയോഗിച്ചു പറഞ്ഞയച്ചിരുന്നു. കുടിയേററക്കാരിൽ ആദ്യവിഭാഗം വന്നപ്പോൾ അയാൾ വലിയ തർക്കമൊന്നും പറഞ്ഞില്ല. ഇപ്പോൾ ഞങ്ങൾ ഏഴുപേരായിരിക്കുന്നു. ഈ സംഖ്യ ഓരോ കൊല്ലവും വർദ്ധിക്കുകയുമാണ്.

പട്ടണം വളർന്നു ഞങ്ങൾക്കു പ്രയോജനകരമായിത്തീരുമെന്നു തീർച്ചയാണെന്നു് അച്ഛൻ പറയാറുണ്ടായിരുന്നു. മിസ്റ്റർ ഗ്രാഫ്ററണും ഇതറിയാമായിരുന്നു എന്നു തോന്നുന്നു. നാളയെക്കുറിച്ചുള്ള ചിന്തകൾ ഇന്നത്തെ കാര്യങ്ങളെ തടസ്സപ്പെടുത്താൻ അയാൾ അനുവദിച്ചില്ല. കാററിനൊത്തു മാറാമെന്ന മട്ടുകാരായിരുന്നു മററുള്ളവർ. വേണ്ടിവരികയാണെങ്കിൽ ഞങ്ങളെ ആട്ടിയോടിക്കാൻ ഫ്ളെച്ചറെ സഹായിക്കുകപോലും അവർ ചെയ്യും. അയാൾ രംഗത്തില്ലെങ്കിൽ അവർ ഞങ്ങളുമായി കൂടിക്കഴിയാനും ഒരുക്കമായിരിക്കും മുഴുവൻ സ്ഥലവും തനിക്കു കിട്ടണമെന്ന ആവശ്യവുമായി ഫ്ളെച്ചർ തിരിച്ചുവന്നിരിക്കുകയുമാണിപ്പോൾ.

ആ വാർത്ത പരന്നതോടെ ഞങ്ങളുടെ വസതിയിൽ

വച്ച് ഒരു ആലോചന നടന്നു. അയലത്തുള്ള ല്യൂ ജോൺസൺ, ഗ്രാഫ്ററൺൻെറ കടയിൽവച്ച് ഈ വിവരം കേട്ടു. അയാളത്തു മററുള്ളവരോടു പറഞ്ഞു. അയാൾ ഞങ്ങളുടെ വീട്ടിൽ വന്നു. പിറകെ, അയാളുടെ അയല്പക്കാരനായ ഹെൻറി ഷിപ്സ്റ്റെഡും. ഇവർ രണ്ടു പേരുമാണ് ആദ്യംവന്ന കുടിയേറിപ്പാർപ്പുകാർ. കരുത്തുള്ള നല്ലമനുഷ്യർ. അയോവയിൽനിന്ന് പടിഞ്ഞാറോട്ടുവന്ന പഴക്കവും തഴക്കവുമുള്ള കൃഷിക്കാരാണവർ.

മററുള്ളവരെക്കുറിച്ച് അത്രതന്നെ പറയാനില്ല. ജെയിംസ് ലൂയിസും, എഡ് ഹവൽസും മദ്ധ്യവയസ്കരായ രണ്ടു കാലിമേനോട്ടക്കാരാണ്. അച്ഛനു പിറകെ വന്നവരാണവർ. അവക്കു വളരെയൊന്നും ഏർപ്പാടായി കഴിഞ്ഞിട്ടില്ല. അതുകൊണ്ടു് എളുപ്പം പരിഭ്രാന്തരുമാകും.

അകലെ, താഴ്വരയുടെ അടിവാരത്തുനിന്നു വന്ന ഫ്രാങ്ക് ടോറി അസന്തുഷ്ടനായ ഒരു ചെറിയ ആളാണ്. കാലിഫോർണിയായിലേക്കു പോകുന്ന കാര്യം അയാളെപ്പോഴും സംസാരിച്ചുകൊണ്ടിരിക്കും. അതോടൊപ്പം തന്നെ ഇതും പറയും. ഒരു പ്രമാണിയായ 'റാഞ്ചർ' അയാൾ പോകണമെന്നാവശ്യപ്പെടുന്നതുകൊണ്ടു് അയാൾ പോവുകയുമില്ല.

അക്കൂട്ടത്തിൽ ഏററവും ബലഹീനൻ ഏണീ റൈറ്റ് ആണെന്നു തോന്നുന്നു. ഫ്ളെച്ചർ അപ്പോഴും ഉപയോഗിച്ചുകൊണ്ടിരുന്ന പുറമ്പോക്കുഭൂമിക്കടുത്തു്, താഴ്വരയുടെ അവസാനത്തെ അററം അയാളുടെ കൈവശമാണ്. ആരും ഇഷ്ടപ്പെട്ടുപോകുന്ന ഒരാളാണയാൾ. എപ്പോഴും പാട്ടുപാടും, കഥപറയും. ജോലിചെയ്യേണ്ട സമയത്തു വേട്ടയാടാൻ പോയിരിക്കും. ഒന്നും ആലോ

ചിക്കാതെ മുൻശ്ശുണ്ഠികാണിക്കും. (പക്ഷേ, ആ രാത്രി മററെല്ലാവരെയുംപോലെ അയാളും ആലോചനാമഗ്ന നായിരുന്നു.)

മി. ഗ്രാഫ്ടൺ പറഞ്ഞു: "ഇത്തവണ സംഗതി നടത്താൻതന്നെയാണ് ഫ്ളെച്ചറുടെ ഉദ്ദേശം."

"പക്ഷേ, അയാൾക്ക് എന്തുചെയ്യാനാവും?" ഫ്രാങ്ക് ടോറി ചോദിച്ചു. "ഭൂമി നമ്മുടേതാണ്; നാമതിൽ താമസിക്കുന്നിടത്തോളം കാലം. മൂന്നു വർഷം കൊണ്ടു നമുക്കിതിൻെറ ഉടമസ്ഥാവകാശം കിട്ടുകയും ചെയ്യും. നിങ്ങളിൽ ചിലൎക്ക് ഇപ്പോൾത്തന്നെ ആ അവകാശവുമുണ്ടു്."

"യഥാൎത്ഥത്തിലയാൾ കുഴപ്പം സൃഷ്ടിക്കുകയില്ല," ജെയിംസ് ലൂയിസ് പറഞ്ഞു. "അയാളെ ഒരിക്കലും വെടിപൊട്ടിക്കുന്ന പ്രകൃതക്കാരനായിക്കണ്ടിട്ടില്ല. അയാൾ വീമ്പുപറയും. പക്ഷേ, വീമ്പിളക്കൽകൊണ്ടു് ഉപദ്രവമുണ്ടാവില്ലല്ലോ." മററു പലരും ആ അഭിപ്രായത്തോടു യോജിച്ചു. ജോൺസണും ഷിപ്സ്റ്റേഡിനും അത്ര തീർച്ച ഉണ്ടായിരുന്നില്ല. അച്ഛൻ ഒന്നും പറഞ്ഞില്ല. പക്ഷേ, എല്ലാവരും അദ്ദേഹം എന്തു പറയുമെന്നു കാത്തിരുന്നു.

"ജിം പറയുന്നതു ശരിയാണ്," അച്ഛൻ സമ്മതിച്ചു. "വേലക്കാർ പിടിവിട്ടുപോകാൻ അയാൾ ഒരിക്കലും അനുവദിച്ചിട്ടില്ല. ഇതുവരെ ഉണ്ടായിട്ടില്ല, എന്തായാലും. അതിനൎത്ഥം, മററു വഴിയൊന്നുമില്ലാതായാലും അയാൾ മുതിരുകയില്ല എന്നല്ല. വസന്തത്തിനു മുമ്പ് അയാൾ മാട്ടതെളിച്ചുതുടങ്ങുമെന്ന് എനിക്കു തോന്നുന്നില്ല. ഈ ശിശിരവും ശൈത്യകാലവും കാത്തിരുന്നു നോക്കും. ഒരുപക്ഷേ, ഇവിടംതൊട്ടുതന്നെ ആരംഭി

ച്ചെന്നും വരും. നമ്മെ ആരെയും അയാൾക്കിഷ്ടമില്ല. കൂടുതൽ നീരസം ഉള്ളതു് എന്നോടുമാണു്."

"അതു ശരിയാ," എഡ് ഹവൽസ്, തങ്ങളുടെയെല്ലാം നേതാവെന്ന നിലയിൽ അച്ഛനോടു പറഞ്ഞു. "അയാളെങ്ങനെ തുടങ്ങുമെന്നാണു് കരുതുന്നതു്?" ഹവൽസ് ചോദിച്ചു.

"എൻെറ ഊഹം," അച്ഛൻ ചെറുതായൊന്നു പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു: "എൻെറ ഊഹം, എൻെറകൂടെ ജോലിക്കു നില്ക്കുന്നതു് ആരോഗ്യത്തിനു ഗുണമില്ലാത്ത കാര്യമാണെന്നു ഷെയ്നിനു കാണിച്ചുകൊടുത്തുകൊണ്ടായിരിക്കും തുടക്കം എന്നാണു്."

"നിങ്ങൾ പറയുന്നതു്, മുമ്പു് അയാൾ—" ഏണി റൈറ്റ് പറയാൻ തുടങ്ങി.

"അതെ," അച്ഛൻ ഇടയ്ക്കുകയറി പറഞ്ഞു. "മുമ്പു കൊച്ചുമോർലിയോടെടുത്ത അതേ അടവു് അയാൾ പ്രയോഗിക്കും എന്നാണു്."

കൊച്ചുമുറിയുടെ വാതില്ക്കലേക്കു ഞാൻ നോക്കി. ഷെയ്ൻ സാധാരണപോലെ, എല്ലാം ശാന്തതയോടെ ശ്രദ്ധിച്ചുകേട്ടു് ഒരുവശത്തു് ഒഴിഞ്ഞു് ഇരിക്കുന്നു. മോർലിക്കെന്തുപററി എന്നന്വേഷിക്കാൻ അയാൾ അല്പംപോലും താല്പര്യം പ്രദർശിപ്പിച്ചില്ല. മോർലിക്കു് എന്തു സംഭവിച്ചെന്നു് എനിക്കറിയാമായിരുന്നു. അടികൊണ്ടു് അവശനായി അയാൾ ഒരു ദിവസം പട്ടണത്തിൽനിന്നു വന്നു. സാധനങ്ങൾ എല്ലാം പെറുക്കിക്കൂട്ടിയെടുത്തു്, ഒന്നു തിരിഞ്ഞുനോക്കുകകൂടി ചെയ്യാതെ സ്ഥലംവിടുകയും ചെയ്തു.

മോർലിക്കു പററിയതെന്തായാലും വേണ്ടില്ല എനിക്കൊന്നും വരാനില്ല എന്ന മട്ടിൽ ഷെയ്ൻ അവിടെ

ഇരിക്കുന്നുണ്ടായിരുന്നു. എന്താണ് സംഗതി എന്നയാൾ ശ്രദ്ധിക്കാൻപോലും മുതിർന്നില്ല. അയാൾ മോർലിയല്ല; ഷെയ്നാണ്.

നേരാണ് അച്ഛൻ പറഞ്ഞത്. ഷെയ്ൻ ഒരു നോട്ടപ്പുള്ളിയാണെന്ന ധാരണ അവിടെയെല്ലാം ഉണ്ട്. എല്ലാവരുടെ ദൃഷ്ടിയും അയാളിലാണ്. മോർലിയുടെ അനുഭവം ഒരു പോർവിളിയായിരുന്നു. അച്ഛനതിനു മറുപടി നല്കുകയും ചെയ്തു. താഴ്വരയിലെ കാര്യങ്ങൾക്ക് എന്നെന്നേക്കുമായി പരിഹാരം കാണേണ്ടിവരും എന്നു വ്യക്തമായിട്ടുണ്ട്. ഷെയ്നിനെ വിരട്ടിയോടിക്കാൻ കഴിഞ്ഞാൽ കുടിയേററക്കാരായ ഞങ്ങളുടെ മുഴുവൻ കാര്യവും അപകടത്തിലാകും.

ഷെയ്നിൻെറ മുൻകാലചരിത്രം ചികഞ്ഞു തിരക്കുന്നതിലുമധികമായി, പട്ടണത്തിലെ ആളുകൾക്ക് ഇപ്പോൾ ഉൽക്കണ്ഠ വേറൊരു കാര്യത്തിലായിരുന്നു. ഫ്ളെച്ചർ തനിക്കെതിരെ നീങ്ങിയാൽ അയാൾ എന്തുചെയ്യും? ധൃതിയിൽ സ്ക്കൂളിൽ പോയിവരുന്നതിനിടയിൽ വഴിക്കു വിളിച്ചുനിർത്തി അവർ എന്നോട് ഇതിനെക്കുറിച്ചു ചോദിക്കാറുണ്ടായിരുന്നു. ഞാനൊന്നും പറഞ്ഞുകൂടെന്നതാണ് അച്ഛൻെറ ആഗ്രഹമെന്ന് എനിക്കറിയാം. അതുകൊണ്ട് അവർ പറയുന്ന കാര്യമെന്താണെന്നു മനസ്സിലാകാത്ത ഭാവത്തിൽ ഞാൻ പെരുമാറും. പക്ഷേ, ഞാൻ ഷെയ്നിനെ വളരെ അടുത്തു ശ്രദ്ധിക്കാറുണ്ടായിരുന്നു. ആ താഴ്വരയിൽ വളർന്നുവരുന്ന സകല കുഴപ്പങ്ങളും ഈ ഒരൊററ വ്യക്തിയിൽ കേന്ദ്രീകരിച്ചുനില്ക്കുന്നതും അയാളതിനെക്കുറിച്ചു ലവലേശംപോലും ശ്രദ്ധിക്കാതിരിക്കുന്നതായി കാണപ്പെടുന്നതും ഓർത്ത് ഞാൻ അത്ഭുതപ്പെടാറുണ്ടായിരുന്നു.

എന്നാൽ ഷെയ്നിനെല്ലാമറിയാം. ഒന്നും കണ്ണിൽപ്പെടാതെ വിട്ടുപോകുന്ന കൂട്ടത്തിലല്ല അയാൾ. എങ്കിലും എന്നേയും അമ്മയേയും നോക്കി പുഞ്ചിരിതൂകിയും, അടുത്ത വർഷത്തെ പദ്ധതികളെക്കുറിച്ച് അച്ഛനുമായി ചർച്ച നടത്തിയും, അയാൾ തൻെറ ജോലികൾ പതിവുപോലെ നടത്തിക്കൊണ്ടിരുന്നു. ഒരു വ്യത്യാസം മാത്രം. ആററിനക്കരെ എന്തൊക്കെയോ ഒരുപാടു സംഭവങ്ങൾ നടക്കുന്നതായി തോന്നി. ഫ്ളെച്ചറുടെ കൗബോയികൾ ഞങ്ങളുടെ കണ്ണിൽപ്പെടുന്ന സ്ഥലത്തുതന്നെ എല്ലായ്പ്പോഴും ജോലി ചെയ്യുന്നതായി കണ്ടു. അതു് അത്ഭുതമുളവാക്കി.

അങ്ങനെയിരിക്കെ ഒരുദിവസം ഉച്ചതിരിഞ്ഞു കൊയ്ത്തുകൊണ്ടിരിക്കുമ്പോൾ കൊയ്ത്തുപകരണത്തിനു് കേടുപററി. "പട്ടണത്തിൽ ചെന്നു കേടു തീർക്കേണ്ടിവരും," അച്ഛൻ പറഞ്ഞു.

ഷെയ്ൻ ആററിനക്കരെ നോക്കി. അവിടെ ഒരു കൗബോയ് കുതിരപ്പുറത്തു കയറി 'തെക്കുവടക്കു' നടക്കുന്നുണ്ടായിരുന്നു.

"ഞാൻ കൊണ്ടുപോകാം," ഷെയ്ൻ അച്ഛനോടു പറഞ്ഞു. അച്ഛൻ അയാളുടെ നേരെ തിരിഞ്ഞു ചോദിച്ചു:

"നിങ്ങളെ ഒററയ്ക്കു പറഞ്ഞയയ്ക്കുമെന്നു കരുതുന്നുണ്ടോ? ഒരുപക്ഷേ, അവർ..." അദ്ദേഹം വാചകം പൂർത്തിയാക്കിയില്ല. കൈകൊണ്ടു മുഖം തുടച്ചു. എന്നിട്ട് മററാരോടും ഇതിനുമുമ്പൊരിക്കലും പറഞ്ഞുകേട്ടിട്ടില്ലാത്ത ആ വാക്കുകൾ അദ്ദേഹം ഷെയ്നിനോടു പറഞ്ഞു: "ഞാൻ ഖേദിക്കുന്നു. എനിക്കു കുറച്ചുകൂടി വിവരമുണ്ടാകേണ്ടതായിരുന്നു."

അദ്ദേഹം നോക്കിനില്ക്കെ, ഷെയ്ൻ വണ്ടിയുമായി യാത്രയായി.

അച്ഛൻ തടയുമെന്ന് എനിക്കു ഭയമുണ്ടായിരുന്നു. അതുകൊണ്ടു് ഷെയ്ൻ ആ റോഡ് കടക്കുന്നതുവരെ ഞാൻ കാത്തുനിന്നു. കളപ്പുരയുടെ പിന്നിൽ ഞാൻ ഒളിഞ്ഞിരുന്നു. എന്നിട്ട് വേഗത്തിൽ പാഞ്ഞുവരുന്ന ആ വണ്ടിയിൽ ഞാൻ ചാടിക്കയറി. നദിക്ക് അക്കരെ 'തെക്കുവടക്ക്' സവാരിചെയ്തിരുന്ന കൗബോയിയും കുതിരപ്പുറത്തു കയറി, കന്നുകാലിപ്പുരയുടെ ഭാഗം ലക്ഷ്യമാക്കി ഓടിച്ചുപോകുന്നതു് ഞാൻ കണ്ടു.

ഷെയ്നും അതു കണ്ടിരുന്നു. അയാൾ ഒന്നു പുഞ്ചിരിതൂകി. അയാൾ പിറകോട്ടു കുനിഞ്ഞു് എന്നെ തൂക്കിയെടുത്ത് അടുത്തുതന്നെയിരുത്തി.

"അച്ഛനും മകനും എന്തിലും ചെന്നു തലയിടും," അയാൾ പറഞ്ഞു. എന്നെ അയാൾ തിരിച്ചയയ്ക്കുമെന്ന് ഞാൻ വിചാരിച്ചു. പക്ഷേ, അയാൾ ഒന്നും പറഞ്ഞില്ല.

കൊയ്യാനുള്ള ഉപകരണം നേരെയാക്കാൻ ഏല്പിച്ചു. അതിനു് ഒരു മണിക്കൂറോളം വേണ്ടിവരുമെന്ന് അറിവായി. ഞാൻ ഗ്രാഫ്ററൺൻെറ കെട്ടിടത്തിന്റെ പടവിൽ ചെന്നിരുന്നു. ഷെയ്ൻ സലൂണിനകത്തു പോയി മദ്യത്തിനു് ഓർഡർ കൊടുത്തു. ഗ്രാഫ്ററൺൻെറ കടയിലെ മദ്യവില്പനക്കാരൻ വിൽ ആറ്കിബാറിനു പിന്നിൽ നിന്നിരുന്നു. ഏതാനുംപേർ ഒരു മേശയ്ക്കു ചുററും ഇരിക്കുന്നുണ്ടായിരുന്നു.

അല്പസമയത്തിനകംതന്നെ രണ്ടു കൗബോയികൾ അതിവേഗം കുതിരയോടിച്ചുകൊണ്ടെത്തിച്ചേർന്നു. പിന്നെ, വേഗത കുറച്ച് അവർ ഗ്രാഫ്ററൺൻെറ

കെട്ടിടത്തിനു മുൻവശത്തു വന്നു. അവരിലൊരാളെ ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. ക്രിസ് എന്നു പേരായ ഒരു ചെറുപ്പക്കാരൻ. ഫ്ളെച്ചറുടെകൂടെ വളരെക്കാലമായി അയാൾ ജോലിചെയ്യുന്നു. മറേറയാളെ എനിക്കു പരിചയമില്ല. അധികം പ്രായമായിട്ടില്ല പക്ഷേ, കഠിനാദ്ധ്വാനം ചെയ്തു ക്ഷീണിച്ച മുഖഭാവം. ഗവണ്മെൻറ്കരാർ കിട്ടിയതിനെത്തുടന്ന് ഫ്ളെച്ചർ താഴ്വരയിലേക്കു കൊണ്ടുവന്ന പുതിയ ആൾക്കാരിൽ ഒരാളായിരിക്കണം അയാൾ.

അവർ രണ്ടുപേരും കുതിരപ്പുറത്തുനിന്നിറങ്ങി. സലൂൺ സ്ഥിതിചെയ്തിരുന്ന കെട്ടിടത്തിൻെറ ജനൽവരെ അവർ പതുക്കെ നടന്നുവന്നു. അവർ അകത്തേക്കു നോക്കുന്നതിനിടയിൽ ക്രിസ് ആരെയോ ചൂണ്ടിക്കാണിച്ചു.·പുതിയ ആൾ കുറെക്കൂടി വ്യക്തമായ കാഴ്ച കിട്ടുന്നതിനുവേണ്ടി അടുത്തേക്കു ചെന്നു.പെട്ടെന്നുതന്നെ അയാൾ തിരികെ നടന്ന് എന്നെയും കടന്ന് കുതിരയുടെ അടുത്തേക്കു പോയി.

ക്രിസ് വളരെ ധൃതിയിൽ അയാളെ അനുഗമിച്ചു. ഞാനവിടെ ഇരുന്നിരുന്ന കാര്യം അവർ അറിഞ്ഞിരുന്നില്ല. പുതിയ ആൾ കുതിരപ്പുറത്തു കയറാൻ തുടങ്ങിയപ്പോൾ ക്രിസ് അയാളുടെ കൈയ്ക്ക് കടന്നുപിടിച്ചു.

"എന്തു്?"

"ഞാൻ പോകുന്നു."

"എനിക്കു മനസ്സിലാവുന്നില്ല."

"ഞാൻ പോകുന്നു. ഇപ്പോൾത്തന്നെ. ഇനി തിരിച്ചുവരുന്നുമില്ല."

"ഞാൻ ചോദിക്കട്ടെ. നിങ്ങൾക്കയാളെ പരിചയമുണ്ടോ?"

"എന്നു ഞാൻ പറഞ്ഞില്ല. ഞാനങ്ങനെ പറഞ്ഞുവെന്നു് ആരും പറയുകയില്ല. ഞാൻ പോകുന്നു. അത്ര മാത്രം. ഫ്ളെച്ചറോട്ട് നിങ്ങളിതു പറഞ്ഞേക്കണം. എന്തായാലും ഈ പ്രദേശം ആരോഗ്യത്തിന്നു് അത്ര പററിയതല്ല."

ക്രിസ്സിന്നു് കലശലായ ദേഷ്യം വന്നിരുന്നു.

"നിങ്ങൾ ഒരു പേടിത്തൊണ്ടനാണെന്നു് ഞാനറിഞ്ഞിരിക്കേണ്ടതായിരുന്നു," അയാൾ പറഞ്ഞു.

പുതിയ ആളുടെ മുഖം തുടുത്തു. അയാൾ കുതിരപ്പുറത്തു കയറി. "നിങ്ങളങ്ങനെ പറഞ്ഞുകൊള്ളൂ." അത്രയും പറഞ്ഞു് അയാൾ റോഡിലൂടെ യാത്രയായി. അവിടെനിന്നു് പട്ടണവും താഴ്വരയും കടന്നു പോയി.

ക്രിസ് സലൂണിലേക്കു കടന്നുവന്നു. ഞാൻ സ്റ്റോറിന്റെ ഭാഗത്തേക്കു് ഓടി. രണ്ടു വലിയ മുറികൾക്കിടയിലുള്ള വഴിയിലേക്കു ചെന്നു. സ്റ്റോറിലേക്കു കടന്ന ഉടനെയുള്ള സ്ഥലത്തു് ഒരു പെട്ടിയുടെ പുറത്തു് ഞാൻ കയറി ഇരുന്നു. അവിടെയിരുന്നാൽ എല്ലാം കേൾക്കുകയും മറ്റു മുറികൾ മിക്കതും കാണുകയും ചെയ്യാം. ആ മുറിക്കു് നല്ല വീതിയും നീളവുമുണ്ടു്. പ്രവേശനദ്വാരംതൊട്ടാരംഭിച്ചു് അകത്തെ ഭിത്തിയുടെ ഉടനീളത്തിൽ പിറകിലെ ഭിത്തിവരെ നീണ്ടുകിടക്കുകയാണു് ബാർ. ഗ്രാഫ്റ്റൺ ഓഫീസായുപയോഗിക്കുന്ന മുറിയെ വേർതിരിച്ചു നിത്തുന്നതു് പിറകിലുള്ള ഭിത്തിയാണു്.

ഒരു കൈ ബാറിൽവച്ചു് മറ്റേ കൈയിൽ ഗ്ലാസ്സും പിടിച്ചുകൊണ്ടു് ഷെയ്ൻ അവിടെ നില്ക്കുകയായിരുന്നു. അപ്പോഴാണു് ക്രിസ് ആറടിയോളം അകലെ വന്നു് ഒരു കുപ്പി വിസ്കി ആവശ്യപ്പെട്ടതു്. ആദ്യം ഷെയ്നിനെ കണ്ടില്ലെന്ന ഭാവത്തിൽ അയാൾ മേശയ്ക്കടുത്തിരി

ക്കുന്നവരെ 'ഹലോ' എന്നു പറഞ്ഞു് അഭിവാദനം ചെയ്തു. വിസ്കി കുടിച്ചുതീരുന്നതുവരെ അയാാം അവിടെത്തന്നെ നിന്നു. പിന്നെ പതുക്കെ ഷെയ്ൻ നില്ക്കുന്നിടത്തേക്കു് അയാൾ കണ്ണുയർത്തി നോക്കി. അപ്പോാം കണ്ടതേയുള്ളു എന്നു നടിച്ചുകൊണ്ടു് ക്രിസ് പറഞ്ഞു:

"ഹേ, കൃഷിക്കാരൻ!" തനിക്കു് ഈ കൃഷിക്കാരെ ഇഷ്ടമില്ലെന്ന മട്ടിലായിരുന്നു അയാളുടെ സംസാരം.

ഷെയ്ൻ ഗൗരവത്തിൽ അയാളെ നോക്കി. "എന്നോടാണോ?" ഷെയ്ൻ ചോദിച്ചു. എന്നിട്ടു് കൈയിലുള്ള മദ്യം കുടിച്ചുതീർത്തു.

"താനല്ലാതെ ആരുണ്ടിവിടെ നില്ക്കുന്നു? ഇതാ ഇതൊന്നു മോന്തിനോക്കു." ക്രിസ് ബാറിൽ ഒരു ഗ്ലാസ് വിസ്കി നീട്ടിവച്ചു. ഷെയ്ൻ അതെടുത്തു് ചുണ്ടുകളിലേക്കുയർത്തി.

"അപ്പോാം താൻ വിസ്കി കുടിക്കും അല്ലെ?" ക്രിസ് ചോദിച്ചു.

"ഞാൻ ഇതിലും നല്ലതു് കുടിച്ചിട്ടുണ്ടു്." കഴിയുന്നത്ര സൗഹൃദഭാവം അവലംബിച്ചുകൊണ്ടു് ഷെയ്ൻ മറുപടി നൽകി. "പക്ഷേ, ഇതു തരക്കേടില്ല"

ക്രിസ് മററുള്ളവരുടെനേരെ തിരിഞ്ഞു:

"നിങ്ങളെല്ലാം കേട്ടോ? ഈ കൃഷിക്കാരൻ വിസ്കി കുടിക്കുമെന്നു്. ഞാൻ വിചാരിച്ചു ഈ കൃഷിക്കാർ സോഡാക്രഷ് അല്ലാതെ ലഹരിപാനീയമൊന്നും കഴിക്കുകയില്ല എന്നു്."

"ഞങ്ങളിൽച്ചിലർ കഴിക്കും," ഷെയ്ൻ മുമ്പത്തെപ്പോലെ സൗഹൃദഭാവത്തിൽത്തന്നെ പറഞ്ഞു. പക്ഷേ, തുടർന്നു് ആ ഭാവം നീണ്ടുനിന്നില്ല. അയാളുടെ ശബ്ദം മഞ്ഞുകട്ടപോലെ തണുത്തിരുന്നു.

"തൻെറ കുട്ടിക്കളി തീൎന്നല്ലോ. ഇനി വീട്ടിലേക്കു മടങ്ങിപ്പൊയ്ക്കോ. അവിടെച്ചെന്നു് ഫ്ളെച്ചറോടു പറ, കുറെക്കൂടി മൃതിന്ന് ഒരുത്തന്നെ വേണം ഇനി ഇങ്ങോട്ടയയ്ക്കാനെന്നു്."

ഷെയ്ൻ മുഖം തിരിച്ചു് വിൽ ആററ്കിയോടു ചോദിച്ചു: "സോഡാക്രഷ് ഉണ്ടോ? ഉണ്ടെങ്കിൽ ഒരു കുപ്പി വേണം."

വിൽ അയാളെ വല്ലാത്തൊരു നോട്ടം നോക്കി. എന്നെയും കടന്നു് അയാൾ സ്റ്റോർമുറിയിലേക്കു പാഞ്ഞു. സ്ക്രൂൾകുട്ടികൾക്കു വിൽക്കാനായി ഗ്രാഫ്ററൺ അവിടെ സൂക്ഷിച്ചിരുന്നതിൽനിന്നു് ഒരു കുപ്പി സോഡാക്രഷും എടുത്തു് അയാൾ തിരിച്ചുവന്നു. ക്രിസ് അനങ്ങാതെ നില്ക്കുകയായിരുന്നു. വലിയ ദേഷ്യത്തിലല്ല. എന്തു സംഭവിക്കാൻപോകുന്നു എന്നറിയാത്തമട്ടിൽ. എന്തോ പുതിയ ഒരു കളി കളിക്കുകയായിരുന്നു എന്നും അടുത്ത നടപടി എന്താണെന്നറിഞ്ഞുകൂടെന്നും തോന്നും. "വിൽ!" അയാൾ വിളിച്ചു. "ഇവിടെ എന്താണു നടക്കുന്നതു്?" അയാൾ ഷെയ്നിനെ മിഴിച്ചുനോക്കി. "ഹേ, കൃഷിക്കാരൻ, കാലിനോട്ടക്കാരായ ഞങ്ങളുടെകൂടെ ഇവിടെ താനെന്തു ചെയ്യുകയാണു്?"

വിൽ കൊടുത്ത കുപ്പി എടുക്കുകയായിരുന്നു ഷെയ്ൻ. അയാളുടെ പിടി അതിൽ മുറുകി. അയാൾ പതുക്കെ, മിക്കവാറും മനമില്ലാമനസ്സോടെതന്നെ ക്രിസ്സിനുനേരെ തിരിഞ്ഞു. അയാളുടെ ശരീരത്തിൻെറ ഓരോ ഇഞ്ചും ചൈതന്യവത്തായിരുന്നു. കണ്ണുകൾ കത്തിജ്വലിക്കുന്നതുപോലെ തോന്നി. ഏതാനുമടിയകലെ ചിരിച്ചുനില്ക്കുന്ന ആ മനുഷ്യനൊഴികെ മററാരും

ആ മുറിയിൽ അപ്പോഠംഉള്ളതായി അയാഠംക്കു തോന്നി യില്ല.

ആ വലിയ മുറി തികച്ചും നിശ്ശബ്ദമായിരുന്നു. ആ മൂകത ഒരുവിധം വേദനാജനകവും. ക്രിസ് ഒരടി പിറകോട്ടുവച്ചു. പിന്നെ രണ്ടടി. എന്നിട്ട് ഒന്നു നിവ ന്നുനിന്നു. അപ്പോഴും ഒന്നും ഉണ്ടായില്ല. ഷെയ്നിൻെറ മുഖപാർശ്വങ്ങഠം പാറപോലെ കാഠിന്യംപൂണ്ടു കാണ പ്പെട്ടു.

അയാഠം ക്രിസ്സിൽനിന്നു കണ്ണെടുത്തു. ആ ദൃഷ്ടി കഠം അയാളെ കടന്നുപോയി, റോഡിലേക്കും അവിടെ നിന്നു് അങ്ങകലെയുള്ള ആ പർവ്വതങ്ങളിലേക്കും ചെന്നു. കൈയിൽ കുപ്പിയുള്ള കാര്യംതന്നെ വിസ്മരിച്ചു്, ക്രിസ്സിനെ തൊട്ടു തൊട്ടില്ല എന്ന മട്ടിൽ അത്രയ്ക്കടുത്തു കൂടെ, അതേസമയം അയാളെ കാണുകപോലും ചെ യ്യാതെ, അയാഠം ആ കതകുകളും കടന്നു നിശ്ശബ്ദം നട ന്നുപോയി.

എൻെറ പിന്നിൽ എവിടെയോനിന്നു് മി. ഗ്രാഫ്ററൺ വന്നുചേൻു. വിചിത്രമായ രീതിയിൽ അയാഠം ക്രിസ്സിനെ നോക്കുകയായിരുന്നു. സന്തുഷ്ടനല്ല താനെന്നു് ഭാവിക്കാൻ ശ്രമിക്കുകയായിരുന്നു ക്രിസ്.

"വിൽ, താനതു കണ്ടില്ലെ?" അയാഠം പറഞ്ഞു. "എന്നെ മുട്ടിയുരസിക്കൊണ്ടയാഠം കടന്നുപോയി." ക്രിസ് പൊട്ടിച്ചിരിച്ചുകൊണ്ടു തുടൻു: "കൈയിൽ ഒരു കുപ്പി ക്രഷുമായി." അയാഠം പുറത്തേക്കു പോയി. പോ കുമ്പോഴും അയാഠം ചിരിച്ചുകൊണ്ടിരുന്നു. അയാഠം കുതിരപ്പുറത്തു കയറിപ്പോകുന്ന ശബ്ദം ഞങ്ങഠം കേട്ടു.

"ആ ചെറുക്കൻ ഒരു വിഡ്ഢിയാണു്," മി. ഗ്രാഫ്ററൺ പറഞ്ഞു.

വിൽ ആററ്കി മി. ഗ്രാഫ്ററൺറെറ അടുത്തു ചെന്നു. "ഷെയ്ൻ അങ്ങനെ പെരുമാറുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചില്ല," അയാം പറഞ്ഞു.

"അയാം ഭയന്നുപോയിരുന്നു, വിൽ."

"ഉവ്വ്, അതാണു വളരെ വിചിത്രമായിരുന്നതു്. അയാം ക്രിസ്സുമായി ഏററുമുട്ടുമെന്നാണു ഞാൻ കരുതിയതു്."

സഹതാപംകൊണ്ടെന്നപോലെ മി. ഗ്രാഫ്റ്റൺ വില്ലിനെ നോക്കി. അയാം അങ്ങനെ പലപ്പോഴും ചെയ്യാറുള്ളതാണു്.

"അതല്ല, വിൽ. അയാംക്കു് ക്രിസ്സിനെക്കുറിച്ചല്ലായിരുന്നു ഭയം. തന്നെക്കുറിച്ചുതന്നെയാണു്."

മി. ഗ്രാഫ്ററൺ ചിന്താവിഷ്ടനായി ഒരു കണക്കിനു ഖിന്നനും. "അപകടം പതിയിരിക്കുന്നുണ്ടു്, വിൽ. നാം കണ്ടിട്ടുള്ളതിൽവച്ചു് ഏററവും വലിയ അപകടം."

ഞാനപ്പോഴാണു് അയാളുടെ ശ്രദ്ധയിൽപ്പെട്ടതു്.

"ബോബ്, വേഗം ഓടിപ്പൊയ്ക്കോ. പോയി നിൻെറ കൂട്ടുകാരനെ കണ്ടുപിടിയ്ക്കു്. അയാം ക്രഷ് വാങ്ങിയതു് സ്വന്തം ആവശ്യത്തിനാണെന്നു നിനക്കു വിചാരമുണ്ടോ?"

നേരാണു്. ഷെയ്ൻ എന്നെയും കാത്തു കടയിൽ നില്ക്കുന്നുണ്ടായിരുന്നു. ചുവന്ന ക്രഷ് എനിക്കേററവും ഇഷ്ടപ്പെട്ട ഇനം. പക്ഷേ, എനിക്കതു വളരെ ആസ്വദിക്കാൻ കഴിഞ്ഞില്ല. റോഡിലൂടെ ആദ്യം വരുന്നതു കണ്ട സമയത്തു് ഉണ്ടായിരുന്ന ആ ഇരുണ്ട മാനസികാവസ്ഥയിൽ ഷെയ്ൻ വീണ്ടും അകപ്പെട്ടുപോയിരുന്നു. ഞാൻ ഒന്നും പറഞ്ഞില്ല. ഒരിക്കലേ അയാം എന്നോടു

സംസാരിച്ചുള്ളു. ആ സംസാരിച്ചതു് എനിക്കു മനസ്സിലാകണമെന്നോ ഞാനെന്തെങ്കിലും അതിനു് മറുപടി പറയണമെന്നോ അയാൾ ഉദ്ദേശിച്ചിരുന്നില്ല എന്നു് എനിക്കറിയാമായിരുന്നു.

"വല്ലവരും കല്പിച്ചതനുസരിച്ചു പ്രവർത്തിക്കുന്നവനെ നാം എന്തിനടിക്കണം. ജീവിതം ദുഃഖംനിറഞ്ഞ ഒരു വ്യാപാരമാണു് ബോബ്. എനിക്ക് ആ കൊച്ചനോട്ടു് ഇഷ്ടം തോന്നുന്നു."

അയാൾ തൻേറതായ ചിന്തകളിലേക്കു വീണ്ടും തിരിച്ചുപോയി. വീട്ടിലേക്കു തിരിക്കുംവരെ ആ ചിന്തകളിൽത്തന്നെ തങ്ങിനില്ക്കുകയും ചെയ്തു. എന്നോടു കൂടു തലടുക്കുന്തോറും അയാൾ കൂടുതൽ സന്തുഷ്ടനാകുന്നതു പോലെ കാണപ്പെട്ടു. കളപ്പുരയിലേക്കു തിരിഞ്ഞപ്പോഴേക്കും ഞാനാഗ്രഹിച്ച പരുവത്തിൽ അയാൾ എത്തിക്കഴിഞ്ഞിരുന്നു.

കളപ്പുരയുടെ വാതില്ക്കൽ അച്ഛൻ വളരെവേഗം എത്തി. ഞങ്ങൾ തിരിച്ചുവരുന്നതും കാത്തു് അക്ഷമനായി കഴിയുകയായിരുന്നു അദ്ദേഹം എന്നു്, ആ ധൃതി കണ്ടാൽ തീർത്തുപറയാം. എന്തുണ്ടായെന്നറിയാൻ അദ്ദേഹത്തിനു ശ്വാസം മുട്ടുകയായിരുന്നു. പക്ഷേ, ഷെയ്നിനോടു നേരെയങ്ങു് ആ ചോദ്യം ചോദിക്കാൻ അദ്ദേഹം മുതിർന്നില്ല. പകരം എന്നോടദ്ദേഹം ചോദിച്ചു:

"പട്ടണത്തിൽവച്ചു് നിൻേറ കൗബോയിക്കൂട്ടുകാരെ വല്ലവരെയും കണ്ടോ?"

ഞാൻ മറുപടി പറയുംമുമ്പു്, ഷെയ്ൻ ഇടയ്ക്കു കയറിപ്പറഞ്ഞു: "ഫ്ളെച്ചറുടെ ആൾക്കാരിലൊരാൾ ഞങ്ങളെ പിന്തുടൎന്നു വന്നു. 'ഹെല്ലോ' എന്നു പറയാൻ വേണ്ടി."

"ഒരാളല്ല," ഞാൻ അഭിമാനപൂർവ്വം പറഞ്ഞു: "രണ്ടുപേരുണ്ടായിരുന്നു."

"രണ്ടുപേരോ?" ഷെയ്നാണതു ചോദിച്ചതു്. അച്ഛനു് അതിൽ അതിശയം തോന്നിയില്ല. "മറേറ ആൾ എന്തുചെയ്തു?"

"നിങ്ങൾ ഇരുന്നിടത്തേക്കു് ജനലിൽക്കൂടെ നോക്കി. എന്നിട്ടു് തിരിച്ചുവന്നു കുതിരപ്പുറത്തുകയറി യാത്രയായി."

"റാഞ്ചിലേക്കുതന്നെ?"

"അല്ല. നേരെ എതിരെ. ഇവിടംവിട്ടു പോകയാണു നല്ലതു്, എന്നു് അയാൾ പറഞ്ഞു."

അച്ഛനും ഷെയ്നും മുഖത്തോടുമുഖം നോക്കി. അച്ഛൻ പുഞ്ചിരിതൂകുകയായിരുന്നു. "ഒരുത്തൻ ഓടിപ്പോയി. നിങ്ങൾ അതറിഞ്ഞതുപോലുമില്ല. മറേറയാളെ എന്തുചെയ്തു വിട്ടു?"

"ഒന്നും ചെയ്തില്ല. അയാൾ കൃഷിക്കാരെക്കുറിച്ചു ചിലതെല്ലാം പറഞ്ഞു. കൊയ്ത്തുപകരണമെടുക്കാൻ ഞാൻ ഷാപ്പിലേക്കു പോയി."

വിൽ ആററ്കി വിചാരിച്ചതുമാതിരി അച്ഛനും കരുതുമെന്നു് ഞാൻ ഭയന്നു. പക്ഷേ, അങ്ങനെ ഒരു ചിന്തപോലും അദ്ദേഹത്തിൻെറ മനസ്സിൽ കടന്നുകൂടിയിട്ടില്ലെന്നു് എനിക്കറിവായി. എൻെറനേരെ തിരിഞ്ഞു് അദ്ദേഹം ചോദിച്ചു: "ആരായിരുന്നു അതു്?"

"ക്രിസ്."

അച്ഛൻ പിന്നെയും പുഞ്ചിരിതൂകി. അദ്ദേഹം രംഗത്തുണ്ടായിരുന്നില്ല. പക്ഷേ, കാര്യങ്ങൾ മുഴുവൻ വ്യക്തമായി.

"ഫ്ളെച്ചർ രണ്ടുപേരെ അയച്ചതിൽ തെറ്റില്ല.

ക്രിസ്സിനെപ്പോലുള്ള പിള്ളേക്ക് ഒററയ്ക്കൊന്നിനും പററില്ല, കൂട്ടുവേണം. ഇല്ലെങ്കിൽ വേദനിക്കും. കൂട്ടുകാരൻ ഓടിപ്പോയപ്പോൾ ക്രിസ്സിനു് ആശ്ചര്യം തോന്നിയിരിക്കും. നിങ്ങൾ ഇറങ്ങിപ്പോരികകൂടി ചെയ്തപ്പോൾ ആശ്ചര്യം കൂടുതലായിക്കാണും. മറെറയാൾ അവിടെ നില്ക്കാതിരുന്നതു മോശമായിപ്പോയി."

"ശരിയാണു്," ഷെയ്ൻ പറഞ്ഞു, "മോശമായിപ്പോയി.

ഷെയ്ൻ ആ മറുപടിനൽകിയ രീതികണ്ടു് അച്ഛൻെറ പുഞ്ചിരിനിന്നു. "ഞാൻ ആലോചിച്ചില്ല—അതു തെററിദ്ധരിക്കാൻ മാത്രം ബാലിശപ്രകൃതമാണു് ക്രിസ്സിൻേറതെന്നു്. അതു കാര്യങ്ങൾ കൂടുതൽ അസുഖകരമാക്കുകയും ചെയ്യും."

"അതെ," ഷെയ്ൻ പറഞ്ഞു. "അങ്ങനെ സംഭവിക്കാം."

## അദ്ധ്യായം ഏഴ്

അച്ഛനും ഷെയ്നും പറഞ്ഞതുപോലെതന്നെയാണുണ്ടായതു്. ക്രിസ് പറഞ്ഞുപരത്തിയ കഥ പിറേറന്നു സൂര്യാസ്തമനത്തിനു മുമ്പുതന്നെ ആ താഴ്വരമുഴവൻ വ്യാപിച്ചു. കേട്ടുകേൾപ്പിച്ചു് അതു പെരുകുകയും ചെയ്തു. ഫ്ളെച്ചർ തയ്യാറെടുത്തിരിക്കുകയായിരുന്നു. അതയാൾക്കറിയുകയും ചെയ്യാം കിട്ടുന്ന സന്ദർഭമുപയോഗിച്ചു് കുടിപാർപ്പുകാരുടെ പ്രദേശത്തേക്കു് കടന്നുവരാൻ അയാളും അയാളുടെ സിൽബന്തിയായ മോർഗനും ആൾക്കാരെ തയ്യാറാക്കിവച്ചിരുന്നു.

ഏണ്ണീ റൈറ്റിൻെറ ഭൂമിക്കു മുകളിലുള്ള മേലെ ആറ് അവർ ഉപയോഗിക്കാൻ തുടങ്ങിയിരുന്നു. പട്ടണത്തിലേക്കു പോകുമ്പോഴൊക്കെ ഞങ്ങളുടെ സ്ഥലത്തുകൂടെയുള്ള റോഡ് അവർ ഉപയോഗിക്കുന്നതും പതിവാക്കിയിരുന്നു. ഇങ്ങോട്ടു നല്ലതുപോലെ നോക്കിയും, ഞങ്ങൾക്കു കേൾക്കാൻ തക്കവണ്ണം അസഭ്യങ്ങൾ പുലമ്പിയും അവർ അതിലെ പതുക്കെ യാത്രചെയ്യും.

ആളുകൾ ഇങ്ങനെയെല്ലാം പെരുമാറുന്നതു് ബാലിശമാണ്. എങ്കിലും അസഭ്യംപറച്ചിൽ തുടന്നു. പക്ഷ്വതംകണക്കു്, ഷെയ്ൻ ഇതൊന്നും ശ്രദ്ധിക്കാൻ പോയില്ല. അച്ഛനു് ദേഷ്യംവന്നു. പക്ഷേ, പ്രകോപിതനാകാതിരിക്കാൻ അദ്ദേഹത്തിനു സാധിച്ചു. മററു കുടിപാർപ്പുകാർക്കു് ദേഷ്യം വന്നതു് പുറത്തേക്കു കാണിക്കാതിരിക്കാൻ സാധ്യമായില്ല. അച്ഛനും എനിക്കുമറിയുംപോലെ ഷെയ്നിനെ അവർക്കറിഞ്ഞുകൂടായിരുന്നു. ക്രിസ്സിൻെറ വല്ലപ്പംപറച്ചിലുകളിൽ കുറെയെല്ലാം നേരും ഉണ്ടായിരിക്കയില്ലേ എന്നു് അവർക്കു സംശയമായി.

കാര്യങ്ങൾ വഷളാകാൻ തുടങ്ങി. അവർ ആരെങ്കിലും ഗ്രാഫ്ററൺൻെറ കടയിൽ ചെന്നാൽമതി, "സോഡാക്രഷ്" എന്നു് ആരെങ്കിലും വിളിച്ചു പറയും. അതു കേൾക്കാതെ അങ്ങോട്ടു കയറിച്ചെല്ലാൻ സാധ്യമല്ലെന്നായി. പട്ടണത്തിലെ കക്ഷിപിടിക്കാതെ കഴിയുന്നവരിൽ വളന്നുവരുന്ന അസ്വസ്ഥത മനസ്സിലാക്കാൻ കഴിയുമായിരുന്നു.

ഷെയ്നിനെക്കുറിച്ചു ഞങ്ങളുടെ അയൽക്കാർക്കുണ്ടായിരുന്ന അഭിപ്രായങ്ങളിലും അതു പ്രതിഫലിച്ചു. തന്നെക്കുറിച്ചു് അവർ എന്തു കരുതുന്നു എന്നു് അയാൾ

കൂട്ടാക്കാൻപോയില്ല. ക്രിസ്സിനെ കണ്ടുമുട്ടിയ ആ സംഭവത്തിനുശേഷം അയാൾക്കൊരു മനഃസമാധാനം കൈവന്നതുപോലെ കാണപ്പെട്ടു. മുമ്പെപ്പോഴത്തേയുംപോലെ അയാൾ ദത്തശ്രദ്ധനായികഴിഞ്ഞു. മററുള്ളവർ ആരുതന്നെയായാലും തന്നെക്കുറിച്ച് എന്തു വിചാരിച്ചിരുന്നു എന്ന കാര്യം അയാൾ ആലോചിക്കാനേപോയില്ല. ഞങ്ങളെ മാത്രമെ അതിൽനിന്ന് ഒഴിച്ചുനിത്തിയിരുന്നുള്ളു. കൂട്ടത്തിലൊരാളായി ഞങ്ങൾ അയാളെ കണക്കാക്കുന്നുണ്ടെന്നും അതിനൊരിക്കലും ഒരു മാററവും വരികയില്ലെന്നും അയാൾക്കറിയുകയും ചെയ്യാം.

പക്ഷേ, അച്ഛനെക്കുറിച്ച് അവർ എന്തു കരുതുന്നു എന്നതിലയാൾ ശ്രദ്ധിച്ചിരുന്നു. അടുക്കളമുറിയിലിരുന്ന് അന്നുരാത്രി എർണീ റൈററും ഹെൻറി ഷിപ്സ്റ്റെഡും അച്ഛനുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഷെയ്ൻ വീട്ടിനടുത്തു നില്ക്കുകയായിരുന്നു.

"എനിക്കു് ഇതിൽക്കൂടുതൽ സഹിക്കാനാവില്ല," എർണീ റൈററ് പറയുകയായിരുന്നു: "എൻെറ വേലി പൊളിച്ച ആ കൗബോയികളും ഞാനുമായുണ്ടായ വഴക്കു നിങ്ങൾക്കറിയാമല്ലോ—"

അച്ഛൻ ചിരിച്ചു. അപ്പോൾ ഹെൻറി ഷിപ്സ്റ്റെഡ് ഇടയ്ക്കുകയറിപ്പറഞ്ഞു: "ജോ, ഇതു തമാശയാക്കിത്തള്ളാനുള്ള കാര്യമല്ല. പ്രത്യേകിച്ചും നിങ്ങൾ അങ്ങനെ കരുതരുതു്. നിങ്ങളുടെ ഊഹം ശരിയാണോ എന്നു ഞാൻ ആശങ്കിക്കാൻ തുടങ്ങിയിരിക്കുന്നു. ഞങ്ങൾക്കാർക്കും തലയുയർത്തി നടക്കാൻവയ്യ എന്നായിട്ടുണ്ടു്. സ്വല്പം മുമ്പു ഞാൻ ഗ്രാഫ്ററൺൻെറ കടയിൽ പോയിരുന്നു. ക്രിസ് അവിടെ ഉണ്ടായിരുന്നു. സോഡാ

ക്രഷ് വാങ്ങാൻ നിങ്ങളുടെ ഷെയ്ൻ ഈയിടെ പട്ടണത്തിൽ വരാറില്ലെന്നും മററും അയാൾ തട്ടിമൂളിച്ചു."

അവർ രണ്ടുപേരും അച്ഛനോട് അടുത്തുകൂടിയിരിക്കയായിരുന്നു. അദ്ദേഹം ഒന്നും പറയാതെ ചാഞ്ഞിരുന്നു. ആ മുഖം ഇരുണ്ടിരുന്നു.

"നിങ്ങൾക്ക് ഒന്നും ചെയ്യാതിരിക്കാനാവില്ല, ജോ," റൈറ്റാണ് ഇതു പറഞ്ഞതു്. "നിങ്ങളുടെ ആളാണ് ഇതിനൊക്കെ കാരണക്കാരൻ. ന്യായവാദം നടത്താൻ ശ്രമിച്ചു നേരം വെളുപ്പിക്കാൻ നിങ്ങൾക്കു കഴിയും. പക്ഷേ, വസ്തുതകൾ വസ്തുതകളാണ്. അവയെ മാററാനാവില്ല. ക്രിസ് അയാളെ വെല്ലുവിളിച്ചു. അയാൾ ഓടിപ്പൊയ്ക്കളഞ്ഞു."

"ഫ്ളെച്ചരുടെ അടവുകൾ എന്നെപ്പോലെ നിങ്ങൾക്കും അറിയാവുന്നതാണല്ലോ," ഹെൻറി ഷിപ്സ്റ്റെഡ് തുടർന്നു: "നമ്മിലാരെയെങ്കിലും ഒരാളെ പിടികിട്ടുന്നതുവരെ അയാൾ അടങ്ങിയിരിക്കുകയില്ല. നമ്മിലൊരാളെ പ്രകോപിപ്പിച്ചു മണ്ടത്തരം കളിക്കാൻ അയാൾ പ്രേരിപ്പിക്കും. അപ്പോൾ അയാൾക്ക് ഒരു കാരണം കിട്ടും. പിന്നെ അയാളും തുടങ്ങും. കാര്യം കലാശിപ്പിക്കുകയും ചെയ്യും."

"മണ്ടത്തരമാകട്ടെ, അല്ലാതിരിക്കട്ടെ," ഏണീ റൈറ്റ് പറഞ്ഞു: "എനിക്കു സഹിക്കാവുന്നിടത്തോളമായിക്കഴിഞ്ഞു. അടുത്ത തവണ അവന്മാർ ആരെങ്കിലും—"

അച്ഛൻ പെട്ടെന്നു് അയാളെ വിലക്കി: "ചെവിയോർത്തുനോക്കൂ. എന്താണ് ആ ശബ്ദം?"

റോഡിലൂടെ ആരോ വേഗത്തിൽ കുതിരയോടിച്ചുപോകുന്ന ശബ്ദമാണു കേട്ടതു്. ഒററച്ചാട്ടത്തിനു്

അച്ഛൻ വാതില്ക്കലെത്തി പുറത്തേക്കു നോക്കി. മററുള്ള വരും പിറകെച്ചെന്നു: "ഷെയ്നാണോ?"

അച്ഛൻ പറഞ്ഞു: "അതെ." എൻെറ കൊച്ചു മുറിയുടെ വാതിലിൽക്കൂടി നോക്കിയപ്പോഠം അദ്ദേഹ ത്തിൻെറ കണ്ണുകഠം തിളങ്ങി നൃത്തംവയ്ക്കുന്നതു കാണാ മായിരുന്നു. അദ്ദേഹം ഷെയ്നിനെ സൗമ്യമായി ശകാ രിച്ചു. മററു രണ്ടുപേരെയും നോക്കി ചിരിച്ചുകൊണ്ടു് പറഞ്ഞു: "അതു ഷെയ്നാണു്." ആ വാക്കുകഠംക്കു്, പറഞ്ഞതിൽക്കൂടുതൽ അത്ഥമുണ്ടായിരുന്നു. "കാത്തി രിക്കുക. നമുക്കു് ഇനി അതേ ചെയ്യാനുള്ളു."

അവർ നിശ്ശബ്ദം കാത്തിരുന്നു. സംഭാഷണംകേട്ടു് അകത്തിരിക്കുകയായിരുന്ന അമ്മ എഴുന്നേററു് അടുക്ക ളമുറിയിലേക്കു വന്നു.

ഇരുപതു മിനിട്ടു കഴിഞ്ഞുകാണുകയില്ല. വീണ്ടും വേഗം അടുത്തുവരുന്ന ഒരു കുതിരയുടെ കുളമ്പടിശബ്ദം കേട്ടു. വേഗത കുറയ്ക്കാതെ റോഡുംതിരിഞ്ഞു് വീട്ടിനടു ത്തേക്കു് ആരോ കുതിരയോടിച്ചു വരികയാണു്. ധൃതി യിൽ ആരോ നടന്നടുക്കുന്ന ശബ്ദം കേട്ടു ഷെയ്ൻ വാതില്ക്കൽ പ്രത്യക്ഷപ്പെട്ടു. അയാളുടെ മുഖം കടുത്തി രുന്നു. അധരങ്ങഠം ചേത്തുപിടിച്ചിരുന്നു. കണ്ണുകഠം ഇരു ണ്ടു് അഗാധമായിരുന്നു.

അയാഠം അച്ഛനു നേരേ തിരിഞ്ഞു. അപ്പോഠം അയാളുടെ മുഖത്തിനു് ഒരു സൗമ്യത വന്നു. പക്ഷേ, ശബ്ദം അപ്പോഴും പരുഷമായിരുന്നു. "ക്രിസ്, ആരെയും ഇനി കുറെക്കാലത്തേക്കു ശല്യപ്പെടുത്തുകയില്ല." അ യാഠം തിരിഞ്ഞു് ഞങ്ങളുടെ മുമ്പിൽനിന്നു മറഞ്ഞു. അയാഠം കുതിരയെ കളപ്പുരയിലേക്കു കൊണ്ടുപോകു ന്നതു ശബ്ദംകൊണ്ടു മനസ്സിലാക്കാമായിരുന്നു.

അവിടെ തങ്ങിനിന്നിരുന്ന നിശ്ശബ്ദതയെ ഭേദിച്ചു കൊണ്ടു വേറൊരു കുതിരക്കുളമ്പടിശബ്ദം കേട്ടു. റോഡിലൂടെ ആരോ അതിവേഗം വരികയാണു്. ആ ശബ്ദം അടുത്തടുത്തുവന്നു് അവസാനിച്ചു. എഡ്ഡ് ഹവൽസ് അകത്തു് ഓടിക്കയറി.

"എവിടെ ഷെയ്ൻ?"

"പുറത്തു് കളപ്പുരയിലുണ്ടു്," അച്ഛൻ പറഞ്ഞു.

"സംഭവം മുഴുവൻ അയാൾ പറഞ്ഞുവോ?"

"അധികമൊന്നും പറഞ്ഞില്ല. ക്രിസ്സിനെക്കുറിച്ചു് എന്തോ ചിലതു്—"

തന്റെ അനുഭവം പറഞ്ഞറിയിക്കാൻ എഡ്ഡ് ഹവൽസ് ശ്രമിച്ചു. പക്ഷേ, വാക്കുകൾ വളരെ പതുക്കെ മാത്രമേ പുറത്തുവന്നുള്ളു.

"ഞാനിങ്ങനെ ഒരു കാഴ്ച കണ്ടിട്ടില്ല," അയാൾ പറഞ്ഞു. അയാളതു വിവരിച്ചുകേൾപ്പിക്കയും ചെയ്തു.

ചില സാധനങ്ങൾ വാങ്ങാനായി അയാൾ ഗ്രാഫ്ററൺന്റെ കടയിൽ പോയിരുന്നു. ക്രിസ്സും ഫ്ളെച്ചരുടെ വേറൊരു കാലിനോട്ടക്കാരൻ റെഡ്ഡ് മാർലിനും സലൂണിൽ ഒരു മേശയ്ക്കടുത്തിരിക്കുന്നതു കണ്ടു് അങ്ങോട്ടു പോകേണ്ടെന്നുവച്ചു. അവിടമാകെ നിശ്ശബ്ദമായിരുന്നു. എന്തുപറ്റി എന്നറിയാൻ അയാൾ അങ്ങോട്ടുചെന്നു. ഷെയ്ൻ ബാറിലേക്കു് അപ്പോൾ കടന്നുപോകുന്നതേയുള്ളു. താൻ മാത്രമേ ആ മുറിയിലുള്ളു എന്നു തോന്നും, അയാളുടെ പോക്കുകണ്ടാൽ എന്തെങ്കിലും ചീത്ത വിളിച്ചുപറയാൻ ഇതാണു് അവക്കു പററിയ സമയം എന്നു തോന്നിയേക്കാം. പക്ഷേ, ക്രിസ്സോ, റെഡ്ഡ് മാർലിനോ ഒരൊററ അക്ഷരം പറഞ്ഞില്ല. ഷെയ്നിനെ ഒരു നോട്ടം നോക്കിയാൽ മതി,

കാരണം വ്യക്തമാകും. മൗനമാണ് ബുദ്ധിപൂർവ്വകമെന്ന് കൂട്ടമാലോചിക്കാതെതന്നെ അപ്പോൾ ബോദ്ധ്യമാകും.

"രണ്ടുകുപ്പി സോഡാക്രഷ്," ഷെയ്ൻ വിൽ ആറ്റ്കിയോടു വിളിച്ചുപറഞ്ഞു. ബാറിൽ ചാരിനിന്ന് അയാൾ ചുററുംനോക്കി. സുഹൃൽസഹജമായ താല്പര്യം കൊണ്ടാണ് ആ നോട്ടം എന്നേ തോന്നൂ. ഇതിനിടെ വിൽ സ്റ്റോറിൽനിന്ന് കുപ്പികൾ എടുത്തുകൊണ്ടുവന്നു. എന്താണു കളി എന്നറിയാതെ അത്ഭുതപ്പെട്ടുകൊണ്ട് അവർ ഷെയ്നിനെത്തന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുകയാണ്. അയാൾ ആ കുപ്പികളും എടുത്തു മേശയുടെ സമീപം ചെന്നു. രണ്ടു കുപ്പിയും മേശപ്പുറത്തുവച്ച് ഒരെണ്ണം എടുത്ത് ക്രിസ്സിന്റെ മുമ്പിലേക്കു നീക്കി.

"കഴിഞ്ഞതവണ ഇവിടെ വന്നപ്പോൾ താൻ എനിക്ക് കുടിക്കാൻ വാങ്ങിത്തന്നു. ഇത്തവണ ഊഴം എന്റേതാണ്." ആ വാക്കുകൾ അവിടത്തെ നിശ്ശബ്ദതയിൽ തങ്ങിനിന്നതുപോലെ തോന്നി.

ക്രിസ്സിനു കാര്യം മനസ്സിലായി. എഡ് ഹവൽസ് പറയുന്നത്, ഷെയ്ൻ ആ പറഞ്ഞതിൽ ക്രൂരതലൊന്നും ഉദ്ദേശിച്ചിരുന്നില്ല എന്നാണ്—ക്രിസ് കുപ്പിയെടുക്കണം. കൂടെയിരുന്നു പുഞ്ചിരിതൂകി കുടിക്കണം. അത്ര മാത്രം.

ക്രിസ് വലതുകൈ കുപ്പിയുടെനേരെ നീട്ടി. അയാൾ അതു പെട്ടെന്നെടുത്ത് ഷെയ്നിന്റെനേരെ ഒരേറുകൊടുത്തു.

ഷെയ്ൻ വേഗത്തിൽ നീങ്ങി. എഡ് ഹവൽസ് പറയുകയാണ്: ആ നീക്കത്തിന്റെ വേഗം! കുപ്പി അന്തരീക്ഷത്തിലാണ്, താഴെവീണു കഴിഞ്ഞിട്ടില്ല. അതിനകം ഷെയ്ൻ ഒരുവശത്തേക്കു മാറി. കടന്നുവന്ന

ഷർട്ടിൻെറ കോളറിൽ പിടിച്ച് ക്രിസ്സിനെ കസേര യിൽനിന്ന് വലിച്ചിഴച്ചു മേശപ്പുറത്തിട്ടു. അയാഠം എഴന്നേല്ക്കാൻ ശ്രമിച്ചു. ഷെയ്ൻ ഉടനെ ഷർട്ടിലെ പിടിവിട്ട് മൂന്നു നല്ല വീക്കു് വച്ചുകൊടുത്തു. കാണാൻ കഴിയില്ല, അത്ര വേഗമാണു് അടി വന്നു വീഴുന്നതു്. മൂന്നു വെടിയുണ്ട പൊട്ടുന്നതുപോലെയിരുന്നു ശബ്ദം.

ഷെയ്ൻ പിറകോട്ടുമാറി. വെളിവു വീണ്ടുകിട്ടു വാൻ തല കുടഞ്ഞുകൊണ്ടു് ക്രിസ് സ്വല്പനേരം നിന്നു. ക്രിസ് അരിശംകൊണ്ടു് അടിമുടി വിറച്ചിരുന്നു. അ യാഠം വഴക്കിനുതന്നെ തയ്യാറായി മുന്നോട്ടുവന്നു. ഷെയ്ൻ അയാളെ തടഞ്ഞില്ല. അയാളുടെ കൈയ്യു ളളിൽനിന്നു ദേഹത്തു് എണ്ണം പറഞ്ഞ ഒരു പ്രഹരം ചാർത്തി. ക്രിസ്സിൻെറ തല താണു. ഷെയ്ൻ വലതു കയ്യടം നിവർത്തി ക്രിസ്സിൻെറ വായ്ക്കു് ആഞ്ഞൊരടി വെച്ചുകൊടുത്തു. അതിൻെറ ശക്തിയിൽ ക്രിസ്സിൻെറ തല പിറകോട്ടുലഞ്ഞു.

ക്രിസ് നിലതെററി താഴെവീണു. അയാളുടെ ചുണ്ടുകഠം പൊട്ടി. മൂക്കിൽനിന്നു രക്തം ഇററിറുവീണു. കണ്ണുകഠം കലങ്ങുകയും നനയുകയും ചെയ്തു. കാഴ്ചതന്നെ ഇല്ലാതായി. കുതിരയുടെ ചവുട്ടേററതുപോലിരുന്നു ക്രിസ്സിൻെറ മുഖം എന്നാണു് എഡ് ഹവൽസ് പറ ഞ്ഞതു്. പക്ഷേ, ക്രിസ് പിന്നെയും ചീറിയടുത്തു.

ഷെയ്ൻ അയാളുടെ ഒരു കൈപിടിച്ചു ശരീര ത്തോടുചേർത്തു ചുമലിൽവച്ചു തിരിച്ചു. ശക്തിയായൊന്നു വലിച്ചു. ക്രിസ് മേലോട്ടുയന്നു. പിടിവിടാതെ ഷെയ്ൻ കൈപിടിച്ചു വലിച്ചു ഭാരം മുഴവൻ അതിലേക്കു ചാരി. ക്രിസ് നിലത്തടിച്ചുവീണു. അപ്പോഠം അയാളുടെ

എല്ലു് നുറുങ്ങുന്ന ശബ്ദം അടുത്തുനില്ക്കുന്നവക്ക കേൾക്കാമായിരുന്നു.

നീണ്ട ഒരു നിലവിളിയുടെ ശബ്ദം ക്രിസ്സിൽനിന്നുയൻ്നു. അതു് ക്രമേണ നിലച്ചു. മുറിയിൽ യാതൊരനക്കവുമില്ല. താഴെ വീണുകിടക്കുന്ന ആ മനുഷ്യരൂപത്തെ ഷെയ്ൻ നോക്കിയതേയില്ല. അയാൾ നിശ്ചലനായി നിവൻ്നുനിന്നു. ഭയാനകമായിരുന്നു ആ രൂപം. ശരീരത്തിൻെറ ഓരോ ഭാഗവും അപ്പോൾ സജീവവും സന്നദ്ധവുമായിരുന്നു. പക്ഷേ, അയാൾ അനങ്ങാതെ നിന്നു. കണ്ണുകൾ റെഡ് മാർലിനിൽ ചെന്നു തറച്ചു. റെഡ് കസേരയിൽ ചായുന്നതായി കാണപ്പെട്ടു.

"ഒരുപക്ഷേ," ഷെയ്ൻ സൗമ്യമായി പറഞ്ഞു: "ഒരുപക്ഷേ, സോഡാക്രുഷിന്റെ കാര്യം തനിക്കു വല്ലതും പറയാൻ കാണും, ഇല്ലേ?"

അയാളുടെ സ്വരത്തിൻെറ ആ സൗമ്യഭാവംതന്നെ എഡ് ഹവൽസിനെ ഭയചകിതനാക്കി.

താൻ മരിച്ചിരിക്കുന്നുവെന്ന മട്ടിൽ റെഡ് മാർലിൻ നിശ്ശബ്ദനായി ഇരുന്നു. ഒരുവേള ജീവിതത്തിലാദ്യമായിട്ടായിരിക്കാം: അയാൾ ഭയന്നുപോയി. മററുള്ളവരതു മനസ്സിലാക്കി. അവക്ക മനസ്സിലായെന്നു് അയാൾക്കും മനസ്സിലായി. അയാളതു ക്രുട്ടാക്കിയില്ല. അവക്കു് എല്ലാവക്കും അതേ അനുഭവമാണുണ്ടായതു്.

അവർ അങ്ങനെ നോക്കിക്കൊണ്ടിരിക്കെ ഷെയ്നിൻെറ ക്ഷോഭം പതുക്കെപ്പതുക്കെ കെട്ടടങ്ങി. അയാൾ എന്തോ ചിന്തയിൽ ആമഗ്നനായതുപോലെയും മറെറല്ലാവരേയും വിസ്മരിക്കുന്നതുപോലെയും കാണപ്പെട്ടു. തറയിൽ വീണുകിടക്കുന്ന ക്രിസ്സിനെ അയാൾ ഒന്നു തിരിഞ്ഞുനോക്കി. എഡ് ഹവൽസ് പറഞ്ഞതു്

ഒരുമാതിരി വിഷാദം ഷെയ്നിനെ ബാധിച്ചു എന്നാണ്. വീണുകിടക്കുന്ന രൂപത്തെ അയാഠം കൈകൊണ്ടു താങ്ങിയെടുത്തു മേശയ്ക്കരികത്തേക്കു കൊണ്ടുപോയി. ക്രിസ്സിനെ അയാഠം മേശപ്പുറത്തു കിടത്തി. രണ്ടുകാലും മേശയുടെ അററത്തൂടെ തൂങ്ങിക്കിടന്നിരുന്നു. ബാർ തുടയ്ക്കാൻ ഉപയോഗിക്കുന്ന തുണിക്കഷണമെടുത്തു് ഷെയ്ൻ വന്നു. ക്രിസ്സിൻെറ മുഖത്തെ ചോരയെല്ലാം മന്ദംമന്ദം ഒപ്പിയെടുത്തു. ഒടിഞ്ഞ കൈത്തണ്ടു വളരെ കരുതലോടുകൂടി ഒന്നു തടവി.

ഈ നേരമത്രയും ആരും ഒരക്ഷരവും ഉരിയാടിയിരുന്നില്ല. ഒടുവിൽ ഷെയ്ൻ റെഡ് മാർലിനോടു വിളിച്ചുപറഞ്ഞു: "താൻ ഇയാളെ വീട്ടിലേക്ക് എടുത്തുകൊണ്ടുപോയി കൈ ശരിപ്പെടുത്തുന്നതാണു ഭേദം. വേണ്ടുംവണ്ണം നോക്കണം. ഒരു നല്ല മനുഷ്യൻെറ ഗുണങ്ങഠം ഇയാഠംക്കുണ്ടു്." ഷെയ്ൻ പിന്നെ ക്രിസ്സിനെ നോക്കി. അയാഠംക്കു കേട്ടുകൂടെങ്കിലും പറഞ്ഞു: "നിനക്കു് ഒരൊററ തകാരാറേയുള്ളു. നീ ചെറുപ്പമാണു്. കാലത്തിനു ശരിപ്പെടുത്താൻ കഴിയുന്ന ഏക തകരാറാണതു്."

ആ ചിന്ത അയാളെ വ്യാകുലപ്പെടുത്തി. അയാഠം വാതില്ക്കലേക്കു നടന്നു. അവിടെനിന്നു് നിശയുടെ നടുവിലേക്കും. എഡ് ഹവൽസ് പറഞ്ഞതു് ഇങ്ങനെയാണു്. അയാഠം പറഞ്ഞവസാനിപ്പിച്ചു:

"ഇതെല്ലാം സംഭവിച്ചതോ, അഞ്ചോ അഞ്ചു നിമിഷത്തിനുള്ളിൽ. അയാഠം ക്രിസ്സിനെ പിടികൂടിയതും ക്രിസ് തറയിൽ തണുത്തു വിറങ്ങലിച്ചു കിടപ്പായതും എല്ലാംകൂടി ഒരു മുപ്പതു സെക്കൻെറിനകം നടന്നിരിക്കണം. എൻെറ അഭിപ്രായത്തിൽ ഞാൻ കണ്ടിട്ടുള്ള

വരിൽവച്ച് ഏറ്റവും ഭയങ്കരനാണ് ഷെയ്ൻ. അയാൾ ഫ്ളെച്ചറുടെ കൂടെയല്ലാ ജോയുടെകൂടെയാണ് എന്നോർത്ത് സന്തോഷം തോന്നുന്നു.”

അച്ഛൻ ഹെൻറി ഷിപ്സ്റ്റെഡിനെ നോക്കി. “അപ്പോൾ എനിക്കു കിട്ടിയതു് പററിയ ആളിനെയല്ല, അല്ലെ?”

ആക്കെങ്കിലും എന്തെങ്കിലും ഒരക്ഷരം മറുപടിപറയാൻ കഴിയുംമുമ്പ് അമ്മ സംസാരിച്ചു തുടങ്ങി. അവരാകെ അന്തംവിട്ട് അസ്വസ്ഥയായിരുന്നു. അവരുടെ ശബ്ദത്തിലതു് പ്രകടവുമായിരുന്നു.

“ജോ സ്റ്റാറെറ്റ്, എനിക്കു് അക്കാര്യം തീർച്ചയില്ല. നിങ്ങൾക്കു കിട്ടിയതു് പററിയ ഒരാളിനെയല്ല എന്നു തോന്നുന്നു.”

“മറിയൻ, നിനക്കെന്തു സംഭവിച്ചു?”

“എന്താണ് നിങ്ങൾ ഈ ചെയ്തതു് എന്നു് ഒന്നാലോചിച്ചുനോക്കൂ. അയാളോട്ട് ഇവിടെ താമസിക്കാൻ പറഞ്ഞു. ഫ്ളെച്ചറുമായി വഴക്കുണ്ടാക്കിക്കുകയും ചെയ്തു. എന്താണ് അതുമൂലം ഉണ്ടായതെന്നാലോചിച്ചുനോക്കൂ.”

അച്ഛനു് ദേഷ്യം വന്നുതുടങ്ങിയിരുന്നു! “കേട്ടോ മറിയൻ, പെണ്ണുങ്ങൾക്കു കാര്യങ്ങൾ മനസ്സിലാവില്ല. ക്രിസ്സിനു് കുഴപ്പം ഒന്നുമില്ല. സുഖപ്പെട്ടുകൊള്ളും. അയാൾ ചെറുപ്പമാണ്. ആരോഗ്യവുമുണ്ട്. കൈ ശരിയായാൽ ഉടൻ അയാൾ പണ്ടേപ്പോലെ ആയിക്കൊള്ളും.”

“എൻെറ ജോ, ഞാൻ എന്തു പറയുന്നു എന്നു് നിങ്ങൾക്കു മനസ്സിലാകുന്നില്ലേ? ക്രിസ്സിൻെറ കാര്യമല്ല

ഞാൻ പറഞ്ഞതു്. ഷെയ്നിനോടു ചെയ്തതിനെപ്പററിയാണു്."

## അദ്ധ്യായം എട്ടു്

ഈ പ്രാവശ്യം അമ്മയുടെ അഭിപ്രായം ശരിയായിരുന്നു. ഷെയ്ൻ ആകെ മാറി. കാര്യങ്ങൾ എല്ലാം പഴയപടിതന്നെയാക്കാൻ അയാൾ ശ്രമിച്ചു. പുറമേയ്ക്കു് യാതൊരു വ്യത്യാസവും ഉണ്ടായിരുന്നില്ല. പക്ഷേ, ഗ്രീഷ്മകാലത്തുണ്ടായിരുന്ന മനഃസമാധാനം അയാൾക്കു നഷ്ടപ്പെട്ടുപോയിരുന്നു. മുമ്പത്തെപ്പോലെ ഞങ്ങളോടൊപ്പമിരുന്നു് അയാൾ സംസാരിക്കുന്ന പതിവു് ഇല്ലാതെയായി.

ചിലപ്പോൾ അയാൾ അവിടെയെല്ലാം ഒററയ്ക്കു ചുററിക്കറങ്ങും. ഒററയ്ക്കുള്ള ഈ ചുററിത്തിരിയലാണു് അയാൾക്കു സഹായകരമായി കണ്ട ഒററക്കാര്യം. ആരും കാണുന്നില്ലെന്നു ബോദ്ധ്യമുണ്ടെങ്കിൽ, താനുണ്ടാക്കിയ തൊഴുത്തിൻെറ വേലിയിൽ കൈയോടിച്ചുകൊണ്ടു കളപ്പുരയും കടന്നു ധാന്യച്ചെടികൾ വളർന്നുനില്ക്കുന്ന വയലിലേക്കു് അയാൾ പോകുന്നതു ഞാൻ കണ്ടിട്ടുണ്ടു്. കുറെ മണ്ണു കൈയിൽ വാരിയെടുത്തു വിരൽപ്പഴുതുകളിലൂടെ അയാൾ താഴോട്ടിടും.

ചിലപ്പോൾ ആഹാരം കഴിഞ്ഞാൽ വളരെ നേരത്തെതന്നെ അയാൾ വീട്ടിൽനിന്നു് അപ്രത്യക്ഷനാകും. ഈയവസരങ്ങളിൽ അകലെ പിന്നിലുള്ള വയലിൽ അയാൾ കുതിരയുമായി നില്ക്കുന്നതു് ഞാൻ ഒന്നിൽ ക്കൂടുതൽ തവണ കണ്ടിട്ടുണ്ടു്. ഒരു കൈ കുതിരയുടെ

കഴുത്തിലിട്ട വിരലുകൾകൊണ്ട് അതിൻെറ കാതുകൾ മന്ദംമന്ദം ചൊറിഞ്ഞുകൊണ്ട നില്ക്കും. വയലിനപ്പുറം സൂര്യകിരണങ്ങളുടെ അവസാനാംശം തട്ടിത്തിളങ്ങുന്ന പർവ്വതങ്ങളുടെ വിദൂരഭാഗങ്ങളിലേക്ക് അയാൾ കണ്ണോടിച്ചുകൊണ്ടിരിക്കും.

ഒരു ദിവസം ഞാനയാളോട ചോദിച്ചു: "ക്രിസ്സിനെ മലർത്തിയടിച്ച ആ വിദ്യ എനിക്കുമൊന്നു പഠിപ്പിച്ചുതരാമോ?"

കുറേനേരത്തേക്ക് അയാൾ ഒന്നും പറഞ്ഞില്ല. ഞാൻ വിചാരിച്ചു; ഒന്നും പറയുകയുണ്ടാവില്ലെന്ന്. പക്ഷേ, ഒടുവിൽ അയാൾ പറഞ്ഞു:

"അതൊന്നും ആരും അഭ്യസിപ്പിക്കുന്നതല്ല. അങ്ങനെയങ്ങു മനസ്സിലാവും. അത്രതന്നെ." അയാൾ വേഗം സംസാരിക്കാൻ തുടങ്ങി. കഴിയുന്നിടത്തോളം വിസ്തരിച്ചു വിശദീകരിച്ചു. "ഞാൻ ശ്രമിച്ചുനോക്കി. അതു നിനക്കു മനസ്സിലായില്ലേ? തീർച്ചയായും മനസ്സിലാകും." എനിക്കു മനസ്സിലായില്ല. അയാൾ വിശദീകരിക്കാൻ ശ്രമിച്ചതു് എനിക്കു മനസ്സിലാകാത്ത കാര്യമായിരുന്നു. എനിക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല.

"കാര്യം ഞാനവനു വിട്ടുകൊടുത്തു. രണ്ടാമതും എൻെറനേരെ ചാടിയടുക്കാതിരിക്കാമായിരുന്നു അവന്. അടങ്ങിയിരിക്കാമായിരുന്നു. വിവരമുണ്ടായിരുന്നെങ്കിൽ അയാൾ അങ്ങനെ ചെയ്യുമായിരുന്നു. മനസ്സിലായില്ലെ, ബോബ്?" എന്നിട്ടും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. പക്ഷേ, കഴിഞ്ഞു എന്നു ഞാൻ പറഞ്ഞു. ഞാനതു പറയണമെന്ന് അയാളും ആഗ്രഹിച്ചിരുന്നു. എനിക്കതു മനസ്സിലാക്കാൻ വളരെ വളരെ

ക്കാലം പിടിച്ചു. അപ്പോഴേക്കു ഞാൻ മുതിർന്ന ഒരു മനുഷ്യനായിക്കഴിഞ്ഞിരുന്നു. എനിക്കു പറഞ്ഞുതരാൻ ഷെയ്നപ്പോഴില്ലായിരുന്നുതാനും.

ഷെയ്നിൽവന്ന മാററം അച്ഛനും അമ്മയും അറിഞ്ഞിട്ടുണ്ടോ എന്ന് എനിക്കു തീർച്ചയില്ലായിരുന്നു. അവർ അതിനെക്കുറിച്ചു സംസാരിച്ചില്ല. ഞാൻ അടുത്തെങ്ങാനുമുള്ളപ്പോൾ എന്തായാലും സംസാരിച്ചിട്ടില്ല. പക്ഷേ, ഒരു ദിവസം ഞാൻ ഒരു സംഭാഷണം മറഞ്ഞുനിന്നു കേട്ടു. കാര്യം അമ്മയ്ക്കറിയാമെന്ന് ആ സംസാരം വ്യക്തമാക്കി.

സ്ക്കൂൾ വിട്ടു വീട്ടിലേക്ക് ഓടിയെത്തിയ ഞാൻ ഉടുപ്പുമാറി പുറത്തേക്കു കടന്നു അച്ഛനും ഷെയ്നും എന്തു ചെയ്യുകയാണെന്നറിയാൻവേണ്ടി നടന്നു. അപ്പോൾ എനിക്കൊരു ആലോചന തോന്നി. അത്താഴത്തിനു സമയമാകുംമുമ്പ് അതു കഴിക്കുന്നതിന് അമ്മ എതിരാണ്. പക്ഷേ, അടുക്കളയിൽ ഒരു പെട്ടിയിൽ അവർ സൂക്ഷിച്ചുവച്ചിട്ടുള്ള കെയ്ക്കിൽ എന്റെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചുകിടക്കുകയായിരുന്നു. അമ്മ പുറത്ത് ഇരിക്കുകയാണ്. ആ തക്കംനോക്കി ഞാൻ പതുക്കെ വീട്ടിനകത്തേക്കു തിരിച്ചുപോയി. എൻെറ മുറിയുടെ ജനാലവഴി അടുക്കളയിലേക്കു പ്രവേശിച്ചു. അപ്പോഴാണ് അമ്മ ഷെയ്നിനെ വിളിക്കുന്നതു ഞാൻ കേട്ടതു്.

അയാൾ കളപ്പുരയിലായിരുന്നിരിക്കണം. കാരണം, ഒരുനിമിഷംകൊണ്ടു് അടുക്കളയ്ക്കുപ്പുറത്ത് എത്തിച്ചേർന്നു. മുൻവശത്തെ ജനലിൽക്കൂടെ ഞാൻ അങ്ങോട്ടു നോക്കി. ഹാററും കൈയിൽ പിടിച്ച് അയാൾ അവിടെ നില്ക്കുന്നു.

"ജോ ഇല്ലാത്ത സമയത്തു് നിങ്ങളോട്ട സ്വല്പം സംസാരിക്കണമെന്നു വിചാരിച്ചിരിക്കുകയായിരുന്നു."

"ശരി, മറിയൻ." അച്ഛൻ വിളിക്കുന്ന അതേ രീതിയിലാണു് അയാൾ 'മറിയൻ' എന്നു വിളിച്ചതു്. നോക്കിയതാകട്ടെ, മററാരോടും കാണിക്കാറില്ലാത്ത സൗമൃതനിറഞ്ഞ ദൃഷ്ടികളോടും.

"നിങ്ങൾക്കു മനസ്സിന്നു തീരെ സുഖമില്ല. ഞാൻ പറയുന്നതു ശരിയല്ലേ? ഫ്ളെച്ചറുമായുള്ള ഈ ഗുല്പമാലിൽ എന്തു സംഭവിക്കുമെന്നാലോചിച്ചിട്ടല്ലേ വിഷമം? വിഷമംപിടിച്ച ഒരവസ്ഥയിൽ ഞങ്ങളെ സഹായിക്കുക മാത്രമായിരിക്കും ചെയ്യേണ്ടിവരികയെന്നു നിങ്ങൾ കരുതി. പക്ഷേ, ഇങ്ങനെയൊക്കെ വന്നു ഭവിക്കുമെന്നു് അറിഞ്ഞുകാണുകയില്ല. വീണ്ടും വഴക്കുകൾ ഉണ്ടായാൽ എന്തുചെയ്യുമെന്നു് നിങ്ങൾ ആലോചിച്ചുതുടങ്ങിയിരിക്കുകയാണു്."

"മറിയൻ, നിങ്ങൾ വിവരമുള്ള ഒരു സ്ത്രീയാണു്."

"നിങ്ങൾക്കു വേറൊരു ചിന്തകൂടിയുണ്ടു്."

"നിങ്ങൾ വളരെ വിവരമുള്ള സ്ത്രീയാണു്, മറിയൻ."

"ഇവിടെനിന്നു പോയാലെന്താ എന്നു നിങ്ങൾ ആലോചിക്കുന്നുണ്ടു്."

"നിങ്ങൾ എങ്ങനെ അതു മനസ്സിലാക്കി?"

"കാരണം, നിങ്ങൾ ചെയ്യാനിടയുള്ളതു് അതാണു്. പക്ഷേ, ഞാനപേക്ഷിക്കുന്നു—പോകരുതു്." പ്രകാശകിരണങ്ങൾ അമ്മയുടെ തലമുടിയിൽ വന്നു പതിച്ചുകൊണ്ടിരുന്നു. അപ്പോഴവർ മുമ്പെപ്പോഴത്തെക്കാളും അഴകുള്ളതായി എനിക്കു തോന്നി. "ദയവുചെയ്തു പോകരുതു്, ഷെയ്ൻ. ജോയ്ക്കു് നിങ്ങളെ

ആവശ്യമാണ്. മുമ്പെന്നത്തെക്കാളും ഇപ്പോഴാവശ്യമാണ്. എപ്പോഴത്തെക്കാളും."

"നിങ്ങൾക്കോ?" ഷെയ്നിന്റെ ചുണ്ടുകൾ വളരെ ചെറുതായേ ചലിച്ചുള്ളൂ. പറഞ്ഞ വാക്കുകൾ അതു തന്നെയാണോ എന്നു തീർച്ചയുണ്ടായിരുന്നില്ല.

അമ്മ ഒന്നും പറഞ്ഞില്ല. സ്വല്പം കഴിഞ്ഞപ്പോൾ അവർ തല ഉയർത്തി: "അതെ, അതു പറയുന്നതാണു മര്യാദ. എനിക്കും നിങ്ങളുടെ സാന്നിദ്ധ്യം ആവശ്യമാണ്."

"അപ്പോൾ," അയാൾ സൗമ്യസ്വരത്തിൽ ചോദിച്ചു: "നിങ്ങൾ ആവശ്യപ്പെടുന്നതു് എന്താണെന്നറിയുന്നുണ്ടോ, മറിയൻ?"

"എനിക്കറിയാം. അതിനുതക്ക ആളാണ് നിങ്ങൾ എന്നും അറിയാം. ഒരിക്കലും തിരിച്ചുവരാത്ത നിലയിൽ നിങ്ങൾ ഈ താഴ്വരയിൽനിന്നു പോകമെങ്കിൽ ഒരുതരത്തിൽ എനിക്കും ആശ്വാസമാകുമായിരുന്നു. പക്ഷേ, നമുക്കു ജോയെ കയ്യൊഴിയാൻ സാദ്ധ്യമല്ല. ഞാൻ അദ്ദേഹത്തോടു് ഒരിക്കലും അങ്ങനെ പെരുമാറാതിരിക്കാൻ നിങ്ങളുടെ സഹായം ഉണ്ടാകുമെന്നു വിശ്വസിക്കുന്നു. നമുക്കു് എത്രതന്നെ ക്ലേശകരമാകട്ടെ ഷെയ്ൻ, നിങ്ങൾ ഇവിടെ താമസിച്ചേ പറ്റൂ. നിങ്ങളില്ലാതെ, ഈ സ്ഥലം നിലനിർത്താൻ ജോയ്ക്കു് കഴിയുകയില്ല. ഫ്ളെച്ചറോടു് ഒററയ്ക്കു പൊരുതാൻ സാധിക്കുകയില്ല."

ഷെയ്നിന്നു് മനസ്സിലെന്തോ അസ്വസ്ഥതയുണ്ടെന്നു് എനിക്കു തോന്നി. അമ്മ അയാളോടു തുറന്നു സംസാരിക്കുകയായിരുന്നു. പതുക്കെ, തക്ക വാക്കുകൾ തേടിപ്പിടിച്ചു്.

"ഈ സ്ഥലം നഷ്ടപ്പെടുക എന്നു വച്ചാൽ ജോയെ കൊല്ലുന്നതിനു തുല്യമായിരിക്കും. മറ്റെവിടെയെങ്കിലും വീണ്ടും ഒന്നാരംഭിക്കാമെന്നുവെച്ചാൽ അദ്ദേഹത്തിനു് പ്രായവുംകൂടിപ്പോയി. എന്നാലും ഞങ്ങൾ കഴിഞ്ഞുകൂടുമായിരിക്കും. ഒരുവിധം ഭേദപ്പെട്ട നിലയിൽത്തന്നെ. എന്തൊക്കെയായാലും അദ്ദേഹം ജോസ്റ്ററെറ്റാണു്. ഒരാണാണു്. ചെയ്യേണ്ടതു് ചെയ്യാൻ കഴിയും. വിവാഹാവസരത്തിൽ അദ്ദേഹം ഈ സ്ഥലം എനിക്കു വാഗ്ദാനം ചെയ്തു. ആദ്യവർഷങ്ങളിൽ അതായിരുന്നു അദ്ദേഹത്തിനു വിചാരം മുഴുവൻ. ആവശ്യങ്ങൾക്കു വേണ്ട പണമുണ്ടാക്കാൻ അദ്ദേഹം രണ്ടുപേരുടെ ജോലിചെയ്തു. ബോബ് വളൎന്നു നടക്കാറായി. എനിക്കവൻ കുറെയൊക്കെ സഹായത്തിനുതകുമെന്ന പ്രായമായി. നാട്ടിലിനി ഞങ്ങളെ തനിച്ചുവിട്ടു് പോകാമെന്നായപ്പോൾ അദ്ദേഹം ഇവിടെവന്നു് സ്വന്തം അദ്ധ്വാനംകൊണ്ടു് ഈ വീടുവെച്ചു. ഞങ്ങളെ ഇങ്ങോട്ടു കൊണ്ടുവന്നപ്പോൾ ഇതായി ഞങ്ങളുടെ കുടുംബം. ഇനി മറെറാന്നും ഇതുപോലെ ആവുകയില്ല."

ഷെയ്ൻ അമ്മയെ നോക്കി മന്ദസ്മിതംതൂകി. എങ്കിലും അങ്ങോട്ടു നോക്കിയപ്പോൾ എനിക്കു് അയാളോട്ടു് അനുകമ്പ തോന്നി. "നിങ്ങളെപ്പോലൊരു ഭാൎയ്യയെ ലഭിച്ചതിൽ ജോയ്ക്കു് അഭിമാനംകൊള്ളാം. മറിയൻ, ഈവക കാൎയ്യങ്ങൾ ഇനി ആലോചിക്കാൻ പോകേണ്ട. നിങ്ങൾക്കു് ഈ സ്ഥലം നഷ്ടപ്പെടുകയില്ല."

അമ്മ കസേരയിലേക്കു ചാഞ്ഞു. ജനലിൽക്കൂടി അവരുടെ മുഖത്തിൻെറ ഒരു വശം എനിക്കു കാണാൻ കഴിഞ്ഞിരുന്നു. ആ ഭാഗം അപ്പോൾ തിളങ്ങുന്നുണ്ടാ

യിരുന്നു. പിന്നെ, സ്ത്രീസഹജമായ രീതിയിൽ അവർ തനിക്കുതന്നെ എതിരായി വാദിച്ചു: "പക്ഷേ, ആ ഫ്ളെച്ചർ ഒരു നീചനാണു്. കാര്യങ്ങൾ ശരിയാകുമെന്നു് നിങ്ങൾക്കു് തീർച്ചയുണ്ടോ?"

ഷെയ്ൻ കളപ്പുരയിലേക്കു തിരിച്ചുകഴിഞ്ഞിരുന്നു. അയാൾ നിന്നു. അമ്മയെ ഒന്നു തിരിഞ്ഞുനോക്കിക്കൊണ്ടു പറഞ്ഞു: "ഞാൻ പറഞ്ഞില്ലേ, നിങ്ങൾക്കു് ഈ സ്ഥലം നഷ്ടപ്പെടുകയില്ല എന്നു്."

അയാൾ പറഞ്ഞതു ശരിയായിരുന്നു. കാരണം, പറഞ്ഞ രീതി അങ്ങനെയായിരുന്നു. പോരെങ്കിൽ, പറഞ്ഞതു് ഷെയ്നുമാണു്.

## അദ്ധ്യായം ഒൻപതു്

ഞങ്ങളുടെ താഴ്വരയിൽ സമാധാനത്തിന്റെ മറെറാരു കാലം വന്നു. ഷെയ്ൻ പട്ടണത്തിലേക്കു ചെന്ന ആ രാത്രിക്കു ശേഷം ഫ്ളെച്ചറുടെ കൗബോയികൾ കുടിയേററപ്രദേശത്തുകൂടെയുള്ള റോഡ് ഉപയോഗിക്കാതായി. ആററിനപ്പുറത്തു വല്ലപ്പോഴുമൊരിക്കലേ വല്ല ഒരു കുതിരക്കാരനേയും കണ്ടെന്നു വരികയുള്ളു. അവർക്കതിനു് ഒരു ന്യായവുമുണ്ടായിരുന്നു.

കാലിപ്പുരകൾ തിരക്കുവച്ചു ശരിപ്പെടുത്തുകയാണവർ. അടുത്ത വസന്തത്തിൽ ഫ്ളെച്ചർ കൊണ്ടുവരുന്ന മാടുകൾക്കു് പുതിയ ഒരു വലിയ തൊഴുത്തു് ഉണ്ടാക്കുകയാണു്.

ശിശിരകാലം. കാറൊഴിഞ്ഞു മനോഹരമായ അന്തരീക്ഷം. മനസ്സിനും ശരീരത്തിനും ഉന്മേഷപ്രദ

മായ ഇമ്മാതിരി ഒരു കാലത്തു് അത്രപെട്ടെന്നു കുഴപ്പം കടന്നുവരുമെന്നു വിചാരിക്കാൻ സാദ്ധ്യമല്ലായിരുന്നു.

വാരാന്ത്യത്തിൽ ഞങ്ങൾ വണ്ടിയിൽ കയറി പട്ടണത്തിലേക്കു പോകും. അച്ഛനും അമ്മയും സീററിലിരിക്കും. ഷെയ്നും ഞാനും പിന്നിലും. എല്ലാ ആഴ്ച്ചയും ഞങ്ങൾ ഈ യാത്രയെ ഉററുനോക്കിക്കഴിയും.

വന്നും പോയുമിരിക്കുന്ന ആളുകളുടെ തിക്കും തിരക്കുമായിരിക്കും ഗ്രാഫ്ററൺെറ കടയിൽ. അടുത്ത ആഴ്ച്ചയ്ക്കുള്ള സാധനങ്ങൾ മുഴുവൻ അമ്മ തിരഞ്ഞെടുത്തു വാങ്ങും. അതിനു കുറെയേറെ നേരമെടുക്കും. പെണ്ണുങ്ങളുമായി അവർ വളരെനേരം സംസാരിച്ചുകൊണ്ടിരിക്കയും ചെയ്യും. തനിക്കു വേണ്ട സാധനങ്ങളെടുക്കാൻ അച്ഛൻ ഗ്രാഫ്ററണെ ഏല്പിക്കും. എന്നിട്ട് നേരെ തപാൽ നോക്കുവാൻ പോകും. കത്തു വല്ലതുമുണ്ടെങ്കിൽ നോക്കിയശേഷം ഒരിടത്തിരുന്നു പത്രം നിവത്തി വായന തുടങ്ങും. പക്ഷേ, ഒട്ടും താമസിയാതെ അദ്ദേഹം സംസാരമാരംഭിക്കും. ടെറിട്ടറിയിൽ ചെയ്യാവുന്ന ഏററവും നല്ല കൃഷിയെപ്പററിയായിരിക്കും സംസാരം. സംസാരിക്കാൻ ഇന്നയാളെ കിട്ടണമെന്നില്ല. ആരായാലും മതി. സംസാരം തുടങ്ങിക്കഴിഞ്ഞാൽ പിന്നെ പത്രവായന നടത്തുന്നതു് യഥാത്ഥത്തിൽ ഷെയ്നായിരിക്കും. ഇത്തവണ, പതിവിലധികം നേരം അവിടെ തങ്ങാൻ വിശേഷാലൊരു കാരണമുണ്ടായിരുന്നു. എനിക്കു തീരെ പിടിക്കാത്ത ഒരു കാരണം. കുറച്ചുനേരം ഇരുന്നു വത്തമാനം പറയാൻ സൗകര്യത്തോടെ വരണമെന്നു കാണിച്ചു് അമ്മയ്ക്കു് ഒരെഴുത്തു് ജെയിൻ ഗ്രാഫ്റ്റൺടീച്ചർ എന്നെ ഏല്പിച്ചിരുന്നു. സംസാരം എന്നെപ്പററിത്തന്നെ. തുടക്കത്തിൽ, സ്ക്കൂളിൽ ഞാനൊരു മെച്ചക്കാര

നായിരുന്നില്ല. വലിയ മേച്ചിൽസ്ഥലത്തു നടക്കുന്ന കാര്യങ്ങളും അവയുടെ വരുംവരായ്കകളും ആലോചിച്ച് ആകെ അസ്വസ്ഥരായിരുന്നതുകൊണ്ട് ആർക്കും ഒരു പ്രയോജനവും ഉണ്ടായിരുന്നില്ല.

ലിസ്റ്റിലുള്ള അവസാനത്തെ സാധനവും വാങ്ങിക്കഴിഞ്ഞപ്പോൾ അമ്മ എന്നെ നോക്കി. അവർ ഒന്നു മൂരിനിവർന്നു. ഗ്രാഫ്റ്ററൺകുടുംബം താമസിക്കുന്ന, സ്റ്റോറിനു പിന്നിലെ മുറികളിൽ ചെന്നു് മിസ്സ് ഗ്രാഫ്റ്ററണുമായി സംസാരിക്കാൻ പോകുകയാണവർ എന്നു് എനിക്കു മനസ്സിലായി. ഞാനവരെ ശ്രദ്ധിക്കാത്ത മട്ടിലിരുന്നു. അപ്പുറത്തു് സലൂണിൽ സാമാന്യം നല്ല വ്യാപാരം നടക്കുന്നുണ്ട്. പക്ഷേ, സ്റ്റോറിൽ നന്നെ കുറച്ചുപേരെ അവശേഷിച്ചിരുന്നുള്ളൂ. അമ്മ അച്ഛനോടടുത്തേക്കു വന്നു.

“വരൂ, ജോ. നിങ്ങളും കേൾക്കണം. ഇവൻ എനിക്കു തനിയെ നോക്കാൻ പററാത്തവിധം വളർന്നുവരികയാണു്.”

അച്ഛൻ ഉടൻ സ്റ്റോറിലാകെയൊന്നു നോക്കി. എന്നിട്ട് അടുത്ത മുറിയിൽനിന്നു കേൾക്കുന്ന ശബ്ദം ശ്രദ്ധിച്ചു. ഫ്ളെച്ചറുടെ ആൾക്കാരെ ആരെയും ഞങ്ങൾ കണ്ടില്ല. പത്രം വായിച്ചുംകൊണ്ടിരുന്ന ഷെയ്നിന്റെ നേരെ തിരിഞ്ഞു് അദ്ദേഹം പറഞ്ഞു:

“ഏറെ സമയമെടുക്കില്ല. അല്പനേരത്തിനുള്ളിൽ ഞങ്ങൾ തിരിച്ചുവരും.”

സ്റ്റോറിനു പിന്നിലെ വാതിലിലൂടെ അവർ കടന്നുപോയപ്പോൾ ഷെയ്ൻ സലൂണിന്റെ പ്രവേശനദ്വാരത്തിലേക്കു ചെന്നു. മുറിയിലുള്ളവരെ ആരെയും ഗൗനിക്കാതെ അകത്തു കടന്നു. ഞാനും പിറകെ ചെന്നു.

പക്ഷെ, ഞാനങ്ങോട്ടു പോയിക്കൂടെന്നാണു വയ്യ്. അതു കൊണ്ടു് വാതില്ക്കൽത്തന്നെ നിന്നു. ഷെയ്ൻ 'ബാറി' ന്നടുത്തു. ഇന്നു് എന്തായാലും സോഡാക്രഷ് വേണ്ട എന്നാണു തോന്നുന്നതെന്നു് ഗൗരവഭാവത്തിൽ അയാൾ വിൽ ആറ്റ്കിയോടു പറഞ്ഞു. അവിടെ കണ്ടവരിലധി കംപേരും പട്ടണത്തിന്നടുത്തൊക്കെയുള്ളവരാണു്. കാഴ്ച യ്ക്കെങ്കിലും എനിക്കു പരിചിതരാണവർ. ഷെയ്നിന്റെ അടുത്തു് ഉണ്ടായിരുന്നവർ ഷെയ്നിനെ സംശയപൂർവ്വം ഒന്നു നോക്കിക്കൊണ്ടു സ്വല്പം നീങ്ങി.

ഒരു കൈയിൽ മദ്യംനിറച്ച ഗ്ലാസ്സ് ഷെയ്ൻ എടുത്തു. മററെ കൈ ബാറിൽ വിശ്രമിച്ചു. സ്നേഹ ത്തിൽ പെരുമാറണമെന്നാണു് ആരെങ്കിലും ആഗ്രഹി ക്കുന്നതെങ്കിൽ അങ്ങനെ, വിരോധത്തിൽ വേണമെ ന്നാണു് ആർക്കെങ്കിലും ആഗ്രഹമെങ്കിൽ അങ്ങനെയും. രണ്ടിനും അയാൾ സന്നദ്ധനായിരുന്നു അപ്പോൾ. അവി ടെക്കണ്ടവരുടെ പേരുകൾ ഊഹിച്ചറിയാൻ ശ്രമിച്ചു കൊണ്ടു ഞാൻ ചുററും കണ്ണോടിച്ചു. അപ്പോൾ വാതി ലുകളിലൊന്നു് അല്പംമാത്രം തുറന്നനിലയിൽ കണ്ടു. ആ വിടവിലൂടെ റെഡ്മാർലിൻ അകത്തേക്കു് എത്തി നോക്കുന്നുണ്ടായിരുന്നു. ഷെയ്നും അതു കണ്ടു. പക്ഷെ, കൂട്ടതലാളുകൾ പുറത്തുണ്ടായിരുന്നതു് അയാൾക്കു കാ ണാൻ കഴിഞ്ഞില്ല. അവർ ഭിത്തിയോടു ചേർന്നും, സ്റ്റോ റിന്റെ വശത്തുമാണു നിന്നിരുന്നതു്. അടുത്ത ജന്നലിൽ ക്കൂടെ ആ ഇരുട്ടിൽ എനിക്കവരുടെ സാന്നിദ്ധ്യം മന സ്സിലാക്കാൻ സാധിച്ചു. ഞാനാകെ ഭയന്നുപോയി. അ നങ്ങാൻ വയ്യാതായി.

പക്ഷെ, നിവൃത്തിയില്ല. അമ്മ വച്ച ചട്ടത്തിനെ തിരെ പ്രവർത്തിക്കേണ്ടിവന്നു. ഞാൻ സലൂണിലേക്കു്

ഓടിച്ചെന്നു. ഷെയ്നിനെ സമീപിച്ചു പറഞ്ഞു: "ഷെയ്ൻ, അവർ ഒരുപാടുപേരുണ്ട്, മുൻവശത്ത്."

"അല്പം താമസിച്ചുപോയി. റെഡ് മാർലിൻ അകത്തു കടന്നിരുന്നു. സ്റ്റോറിൻെറ മുൻവശത്തെ പ്രവേശനദ്വാരം അടയ്ക്കാൻ അവർ ധൃതിവയ്ക്കുകയാണ്. അവരുടെകൂട്ടത്തിൽ മോർഗനുമുണ്ടായിരുന്നു. കടന്നു വന്നപ്പോൾ അയാളുടെ വിശാലമായ ചുമലുകൾ ആ വാതിൽ മുഴുവൻ മുററിനിന്നു. അയാളുടെ പിറകെയുണ്ടായിരുന്നതു് കർളി എന്നു് അവരൊക്കെ വിളിക്കുന്ന ആ കാലിനോട്ടക്കാരനാണു്. ചുരുളൻമുടിക്കാരനായതു കൊണ്ടാണു് അവരയാൾക്കു് ആ പേർ നൽകിയതു്. പതുക്കെ മാത്രമേ അയാൾ നടക്കൂ. പക്ഷേ, നല്ല കരുത്തനാണു്. ക്രിസ്സിൻെറകൂടെ വളരെവർഷം അയാൾ ജോലി ചെയ്തിട്ടുണ്ടു്. അവരുടെ പിറകെ വേറെ രണ്ടു പേർകൂടി വന്നു. അവരെ എനിക്കു തീരെ പരിചയമില്ല.

പിൻഭാഗത്തെ മുറിയുടെ പുറംവാതിൽ അപ്പോഴും തുറന്നുകിടന്നിരുന്നു. ഷെയ്നിനെ ഞാനിക്കാര്യം അറിയിക്കാൻശ്രമിച്ചു പെട്ടെന്നു് ഒരാംഗ്യംകൊണ്ടു് അയാൾ എന്നെ വിലക്കി. അയാളുടെ മുഖം തെളിഞ്ഞിരുന്നു. കണ്ണുകൾ തിളങ്ങിയിരുന്നു. അയാൾക്കെന്തോ വലിയ സന്തോഷഭാവമായിരുന്നു. ചിരിച്ചു കളിച്ചു രസിക്കുമ്പോഴത്തെ സന്തോഷമല്ല. കാത്തിരിപ്പിൻെറ കാലം അവസാനിച്ചല്ലോ, വരാനുള്ളതു് ഇപ്പോൾ ഇവിടെവച്ചു കാണുകയും അനുഭവിക്കയും ചെയ്യാമല്ലോ എന്ന സന്തോഷം. അയാൾ അതിനു സന്നദ്ധനമായിരുന്നു. അയാൾ പതുക്കെ എൻെറ ശിരസ്സിൽ സ്പർശിച്ചു:

"ബോബിക്കുഞ്ഞേ, ഞാൻ ഓടിപ്പോകണമെന്നാണോ നിൻെറ ആഗ്രഹം?"

ആ മനുഷ്യനോടുള്ള സ്നേഹം എൻെറ സിരകളിലൂടെ പാഞ്ഞുകയറി. അവിടെ അയാളുടെകൂടെ അങ്ങനെ നില്ക്കുന്നതിൽ എനിക്കഭിമാനം തോന്നി. എൻെറ കണ്ണുകൾ നിറഞ്ഞു: "ബോബ്, നീ ഇവിടെ നില്ക്കണ്ട. പോക്കൂ. ഇതങ്ങനെ ഭംഗിയായിത്തീരാൻ പോകുന്നില്ല." ആ പറഞ്ഞതു് ശരിയാണെന്നു് എനിക്കു ബോദ്ധ്യമായി. അയാളെ അനുസരിക്കാൻ ഞാൻ സന്നദ്ധനമായിരുന്നു.

ഞാൻ സ്റ്റോറിനകത്തേക്കു പോയി. അവിടെയിരുന്നാൽ ആ വലിയ മുറിയിൽ നടക്കുന്നതെല്ലാം കാണാം. അതിനപ്പുറത്തേക്കു് ഞാൻ പോയില്ല. ആ സമയം എൻെറ ബുദ്ധിയാകെ മന്ദിച്ചുപോയിരുന്നു. അച്ഛനെ വിളിക്കാനൊന്നു് ഓടാൻപോലും അപ്പോൾ തോന്നിയില്ല.

മോർഗൻ നടന്നു് ഷെയ്നിന്റെ അടുത്തു് പാതിദൂരത്തോളം വന്നുനിന്നു. മുറിയിൽ തികഞ്ഞ നിശ്ശബ്ദത. ബാറിലും അടുത്തുള്ള മേശകൾക്കു ചുററും ഉണ്ടായിരുന്ന ആളുകൾ അകലെയുള്ള ഭിത്തിയുടെ സമീപത്തേക്കു് ധൃതിവച്ചു ചെന്നു. ചിലർ ഓടി മുൻവശത്തെ കതകിൽകൂടി പുറത്തേക്കു കടന്നു. അപ്പോഴുണ്ടായ കാലൊച്ച മാത്രമേ അവിടത്തെ ആ നിശ്ശബ്ദത ഭഞ്ജിച്ചുള്ളു. ഷെയ്നോ മോർഗനോ ആരെയും ശ്രദ്ധിക്കാൻപോയില്ല. അവർ അന്യേന്യം നോക്കി. മറ്റാരും അവരുടെ ദൃഷ്ടിയിൽ പെട്ടില്ല. അതിലെ കടന്നുപോയ ഗ്രഫ്ററണെ പോലും അവർ തിരിഞ്ഞുനോക്കിയില്ല. തൻെറ സ്ഥലത്തു കുഴപ്പം വരുന്നുണ്ടെങ്കിൽ എവിടെയിരുന്നാ

യാലും മുൻക്രൂട്ടിമനസ്സിലാക്കാൻ ഗ്രാഫ്റ്റണു കഴിവുണ്ടു്. സ്റ്റോറിൽനിന്നു് അയാൾ പുറത്തുവന്നു. വിൽ ആറ്റ്കിയേയും കടന്നുചെന്നു് ബാറിന്നടിയിൽനിന്നു തോക്കെടുത്തു് ബാറിൽവച്ചു് തികച്ചും പരുഷമായ ശബ്ദത്തിൽ അയാൾ പറഞ്ഞു: "പിന്നെ, ക്രൂട്ടരെ, ഒരു കാര്യം. തോക്കുകൊണ്ടു കളിച്ചുപോകരുതു്. ആരെങ്കിലും എന്തെങ്കിലും തകർത്തുകളഞ്ഞാൽ നഷ്ടം തരേണ്ടിവരും."

ഷെയ്നിൽനിന്നു കണ്ണെടുക്കാതെതന്നെ മോർഗൻ കുറെക്കൂടി അടുത്തു. ഒരു കൈയോളം അകലത്തിലെത്തിയപ്പോൾ അവിടെ നിന്നു.

"എൻെറ പിള്ളേരെ ഉപദ്രവിച്ചിട്ടു് ആരും പകരം കിട്ടാതെ ചുമ്മാതെ കൈയുംവീശി പോയിട്ടില്ല ഇതേവരെ. ഷെയ്ൻ, നിന്നെ ഞങ്ങൾ ഈ താഴ്വരയിൽനിന്നു് ഓടിക്കും. നിന്നെ തുരത്തിവിടാൻ പോകുന്നു. പിന്നെ നീ തിരിച്ചുവരില്ല."

"അപ്പോൾ, അതെല്ലാം നിങ്ങൾ തീരുമാനിച്ചിരിക്കുന്നു," ഷെയ്ൻ സാവധാനം പറഞ്ഞു.

സംസാരിച്ചുകൊണ്ടിരിക്കെത്തന്നെ അയാൾ മുമ്പോട്ടു നീങ്ങി. ബാറിൽനിന്നു ഗ്ലാസ്സെടുത്തു് അതിലുണ്ടായിരുന്നതു മുഴുവൻ മോർഗന്റെ മുഖത്തേക്കൊഴിച്ചു. അവിശ്വസനീയമായ വേഗതയിലായിരുന്നു ആ സംഭവം നടന്നതു്. അയാളെ പിടികൂടാൻ മോർഗൻെറ കൈകൾ മുന്നോട്ടു് ആഞ്ഞു. ഷെയ്ൻ അവയിൽ കടന്നുപിടിച്ചു് മോർഗനെ വലിച്ചിഴച്ചു് പിന്നോട്ടു മാറി. കാലും തറയും തൊട്ടു തൊട്ടില്ലെന്നമട്ടിൽ അയാളുടെ ശരീരം താഴ്ന്നു. മോർഗനെ അടിയോടെ പിടിച്ചു് ഒരേറു കൊടുത്തു. അയാൾ 'പറന്നു' ചെന്നു് കസേരകളുടേയും മേശയുടേയും നടുക്കു് മലർന്നടിച്ചു വീണു.

മററു നാലുപേരും ഷെയ്നിൻെറ നേരെ പാഞ്ഞു ചെന്നു. അവരടുത്തപ്പോൾ ഷെയ്ൻ തൊട്ടടുത്തുള്ള മേശയ്ക്കു പിന്നിൽച്ചെന്നു് ആഞ്ഞൊരു തള്ളുകൊടുത്തു. മേശ അവരുടെ ഇടയിൽച്ചെന്നു വീണു. അനായാസമായി വേഗം ചാടി അയാൾ തൊട്ടടുത്തുള്ളവനെ നേരിട്ടു. പ്രഹരങ്ങൾ നേരിട്ടുകൊണ്ടുതന്നെ അടുത്തു ചെന്നു. ഷെയ്നിൻെറ കാൽമുട്ടുകൾ ആ മനുഷ്യൻെറ ശരീരത്തിൽ ആഞ്ഞുകയറുന്നതു് ഞാൻ കണ്ടു. ദയനീയമായ ഒരു നിലവിളി അയാളിൽനിന്നുയൻു. അയാൾ തറയിൽ വീണു. ഒരുവിധം തട്ടിപ്പിടഞ്ഞു് എഴുന്നേറ്റു് അയാൾ വാതില്ക്കലേക്കു് ഓടി.

മോർഗൻ വീണിടത്തുനിന്നു് എഴുന്നേററു. കൈകൊണ്ടു മുഖമൊന്നു തടവി ചുറ്റും നോക്കാൻ ശ്രമിച്ചു. മററു മൂന്നുപേരും ഷെയ്നിനോടു് അടുക്കുകയാണു്. അവർക്കിടയിലിട്ടു് അയാളെ ഇടിക്കാനായിരുന്നു ശ്രമം. അവർ അയാളെ വലയംചെയ്തു് അടിച്ചു. വിശ്വസിക്കാൻ പ്രയാസം. ഓരോററ അടിയും അയാൾക്കു് 'ഏററില്ല'. അടിവന്നു വീഴുന്നതു കാണാം. അതു പൊട്ടുന്ന ശബ്ദം കേൾക്കാം. അവർക്കിടയിൽ അങ്ങോട്ടുമിങ്ങോട്ടും നീങ്ങുന്ന അയാളുടെ ഭയാനകമായ അരിശത്തെ ആളിക്കത്തിക്കാനേ, ആ അടികൾക്കു സാധിച്ചുള്ളു എന്നു തോന്നും.

കർളി ഷെയ്നിനെ പിടിക്കാൻ ആഞ്ഞു. ഷെയ്ൻ തോൾ ഒരുവശം താഴ്ത്തി മുഖത്തിടിച്ചു് അയാളെ അകററി മാററി. അവർ അതിൽപ്പിന്നെ അല്പം കൂടി ശ്രദ്ധവച്ചുതുടങ്ങി. ഷെയ്ൻ ഇങ്ങോട്ടു് അടുക്കാൻ അവരാരും വഴികൊടുത്തില്ല. അപ്പോഴേക്കു റെഡ്ഡ് മാർലിൻ മറെറാരുവശത്തുനിന്നു് ഷെയ്നിൻെറ നേരെ

ചെന്നു. ഷെയ്ൻ അങ്ങോട്ടു തിരിയാൻ നിർബ്ബന്ധിതനായി. ആ സമയംനോക്കി പുതിയക്രൂരരിൽ രണ്ടാമത്തെവൻ ഉയരെ ചാടി കാലുകൊണ്ടു് ഷെയ്നിൻെറ തലയ്ക്കൊരു തൊഴി കൊടുത്തു. ചവിട്ടാനോങ്ങിയ കാൽ തലയ്ക്കുയരെവരുന്നതു് ഷെയ്ൻ കണ്ടു. പക്ഷേ, ഒഴിഞ്ഞുമാറാൻ കഴിഞ്ഞില്ല. അതുകൊണ്ടു് തലയൊന്നു വെട്ടിച്ചു് കയ്യുയർത്തി ആ കാലിൽ പിടികൂടി. ചവിട്ടാൻ ചാടിയ ആൾ മുതുകുംകുത്തി നിലത്തു വീണു. അയാളുടെ കാൽ പിടിച്ചുതിരിച്ചു് ഷെയ്ൻ അതിന്മേൽ ചവിട്ടിനില്പായി. മറേറയാൾ മലൎന്നടിച്ചു കിടപ്പും. കാലനക്കാനാവാതെ അയാൾ അവിടെനിന്നു് പിൻവാങ്ങി.

കർളി ഷെയ്നിനു പിന്നിലെത്തിയിരുന്നു. ആ ക്രൂരനും അയാളുടെ നേരെ വരുന്നുണ്ടായിരുന്നു. കർളിയുടെ കൈകൾ ഷെയ്നിനെ വലയം ചെയ്തു. കൈകൾ ശരീരത്തോടു ചേർത്തു പിടിച്ചു. റെഡ് മാർലിൻ ചാടി സഹായത്തിനുമെത്തി. രണ്ടുപേരും ചേർന്നു് ഷെയ്നിനെ പിടിച്ചുനിർത്തി.

"വിടരുതു് അവനെ." മോർഗനായിരുന്നു അതു്. അയാൾ മുന്നോട്ടുവന്നു. എന്നാലും ഷെയ്ൻ പിടിവിട്ടു വിച്ചുപോയിരിക്കുമായിരുന്നു. പണിയെടുക്കുമ്പോഴിട്ടുന്ന ആ കനമേറിയ ഷൂകൊണ്ടു് സകല ഊക്കും ഉപയോഗിച്ചു് അയാൾ കർളിയുടെ കാലിൽ ഊന്നിച്ചവിട്ടി. കർളി പിന്നോക്കം വലിഞ്ഞു. ഷെയ്ൻ ദേഹമാകെയിട്ടു് ശക്തിയായി ആഞ്ഞു് ഒരു അരക്കറക്കം കറങ്ങി. അപ്പോൾ അവരുടെയെല്ലാം കൈകൾ തനിയെ പിടിവിടുന്നതു കാണാമായിരുന്നു. മോർഗനും അതു കണ്ടു. ബാറിൽനിന്നൊരു കുപ്പിയെടുത്തു പിറകുവശത്തുചെന്നു്

അയാഠം ഷെയ്നിൻെറ തലയ്ക്കു് ആഞ്ഞൊരടി കൊടുത്തു.

അവർ പിടിച്ചില്ലായിരുന്നെങ്കിൽ ഷെയ്ൻ താഴെ വീണേനെ. മോർഗൻ മുമ്പിലേക്കു നീങ്ങി ഷെയ്നിനെയുംനോക്കി നിന്നു. നോക്കിനില്ക്കെ ഷെയ് നിൻെറ ശിരസ്സുയന്നു.

"വിടരുതവനെ." മോർഗൻ പിന്നെയും ആജ്ഞാപിച്ചു. ചുരുട്ടിപ്പിടിച്ച ആ വലിയ മുഷ്ടികൊണ്ടു് അയാഠം ഷെയ്നിൻെറ മുഖത്തു് ഊക്കിലൊരു ഇടികൊടുത്തു. ഷെയ്ൻ ഒരു വശത്തേക്കു ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.

മോർഗൻെറ കൈകഠം എല്ലിലേല്ക്കാതെ തൊലിപ്പുറമെമാത്രം സ്പർശിച്ചു കടന്നുപോയി. വിരലിലുണ്ടായിരുന്ന ഒരു വലിയ മോതിരം ഷെയ്നിൻെറ മുഖത്തു് സാരമായൊരു മുറിവേല്പിച്ചു. ഒരടികൂടി അടിക്കാനായി മോർഗൻ പിന്നോട്ടു വലിഞ്ഞു. പക്ഷെ, അടിച്ചില്ല.

അവരിൽനിന്നു ദൃഷ്ടി പറിച്ചെടുക്കുന്നതിന്നു് എന്നെ പ്രേരിപ്പിക്കാൻ ഒരു ശക്തിക്കും കഴിയുകയില്ല എന്നു പറയാമായിരുന്നു. പക്ഷെ, എനിക്കടുത്തുനിന്നു് ഒരു വലിയ ശബ്ദം കേട്ടു. ഞാൻ തിരിഞ്ഞുനോക്കി.

അച്ഛനുണ്ടു് വാതിൽക്കൽ നില്ക്കുന്നു! അദ്ദേഹം ഭീമാകാരനും ഭയങ്കരനുമായിരുന്നു. മറിഞ്ഞുവീണുകിടക്കുന്ന കസേരകളും ഷെയ്നിനെയും ഷെയ്നിൻെറ മുഖത്തുനിന്നൊലിക്കുന്ന ചോരയേയും അദ്ദേഹം നോക്കി. അച്ഛനെ ഇമ്മാതിരി ഒരു രൂപത്തിൽ മുമ്പൊരിക്കലും ഞാൻ കണ്ടിട്ടില്ല. ദേഷ്യത്തിൻെറ ഘട്ടമൊക്കെ കടന്നു കഴിഞ്ഞിരുന്നു. തന്നെയാകെ പിടിച്ചുകുലുക്കുന്ന ദുസ്സഹ

മായൊരുതരം ഭ്രാന്തുകൊണ്ടു് അദ്ദേഹം എരിപൊരി കൊള്ളുകയായിരുന്നു.

ഇത്രവേഗം പാഞ്ഞുവീഴാനദ്ദേഹത്തിനു കഴിയുമെന്നു് ഞാൻ മുമ്പൊരിക്കലും കരുതിയിട്ടില്ല. തന്റെ സാന്നിദ്ധ്യം എല്ലാവരുഃ അറിഞ്ഞുവരുന്നതിനുമുമ്പേതന്നെ മോർഗൻെറമേൽ അദ്ദേഹം ചാടിവീണു. അതിൻെറ ഊക്കുകൊണ്ടു് ആ ഭീമകായൻ മുറിയുടെ ഒരററത്തേക്കു തെറിച്ചു. വീതിയുള്ള കൈകൊണ്ടു് അച്ഛൻ കർളിയുടെ തോളിൽ കടന്നുപിടിച്ചു. ആ വിരലുകൾ അവൻെറ ശരീരത്തിൽ പുതഞ്ഞുപോകുന്നതു നോക്കിനില്ക്കുന്നവക്കു കാണാം. കർളിയുടെ ഷർട്ടു് മററേ കൈകൊണ്ടു പിടിച്ചു് അച്ഛനയാളെ ഷെയ്നിന്റെ അടുത്തുനിന്നു വലിച്ചുമാററി. എന്നിട്ടയാളെ തലയ്ക്കുയരെ പൊക്കി ആഞ്ഞൊരു ഏറുകൊടുത്തു. അന്തരീക്ഷത്തിലൊന്നു വട്ടംചുററി ചുവരിനടുത്തുള്ള മേശയുടെ മീതെ അയാൾ ചെന്നു വീണു. വീഴ്ചയുടെ ശക്തികൊണ്ടു് മേശ തകന്നു. തകന്ന മേശയും അയാളുടെ ശരീരവുംകൂടി ചുവരിൽ ചെന്നു് ഊക്കിലിടിച്ചു. നിലത്തു കയ്യൂന്നി എഴുന്നേററു നില്ക്കാൻ അയാളൊരു ശ്രമം നടത്തിനോക്കി. പക്ഷേ, പിറകോട്ടു മലച്ചുവീണു. പിന്നെ നിശ്ചലനായി.

അച്ഛൻ കർളിയെ പിടിച്ചുവലിച്ചകററിയ ക്ഷണംതന്നെ ഷെയ്ൻ പോരാരംഭിച്ചുകാണണം. കാരണം, അപ്പോൾ വേറൊരു ശബ്ദംകൂടി കേട്ടു. ആ ശബ്ദം റെഡ് മാർലിൻേറതായിരുന്നു. അയാളുടെ മുഖം വേദനകൊണ്ടു പുളഞ്ഞിരുന്നു. ബാറിൽച്ചെന്നു് ഇടിച്ചു്, അയാൾ നിലത്തുവീഴാതിരിക്കാൻ അതിലള്ളിപ്പിടിച്ചു നില്ക്കുകയാണു്. അയാൾ എഴുന്നേററു വാതില്ക്കലേക്കു പാഞ്ഞു. പിന്നെ വാതിലുംകടന്നു് നിൽക്കാതെ ഓട്ട

മായി. എൻെറ ദൃഷ്ടികൾ വേഗം ഷെയ്നിൻെറ സമീപത്തേക്കു ചെന്നു. അയാൾ കുടുകുടാ ചിരിക്കുകയാണു്.

നീണ്ടു നിവൻ് അത്ഭുതകരമായവിധം അയാളവിടെ നില്ക്കുകയാണു്. മുഖത്തു ചോരകിടന്നു തിളങ്ങുന്നുണ്ടു്. എന്നിട്ടും അയാൾ ചിരിക്കുകയാണു്.

അതൊരു സൗമ്യമായ ചിരിയായിരുന്നു. സൗമ്യവും പ്രശാന്തവുമായ ചിരി. റെഡ്മാർലിനേയോ മററെതെങ്കിലും വ്യക്തിയേയോ കളിയാക്കിക്കൊണ്ടുള്ള ചിരിയല്ല. ജീവനോടിരിക്കുന്നല്ലോ എന്നോർത്തു സന്തോഷിച്ചുകൊണ്ടുള്ള ചിരി. അച്ഛൻേറതിൽനിന്നു വ്യത്യസ്തമാണയാളുടെ കരുത്തു്. അതു് ആ ശരീരത്തിൻെറ ഓരോ ഇഞ്ചിലും സംഗീതമാലപിക്കുകയായിരുന്നു.

മോർഗൻ പിറകിലെ ആ മൂലയിലായിരുന്നു. മുഖമെല്ലാം ചതഞ്ഞു് ഒന്നും വ്യക്തമായി കാണാൻവയ്യാത്ത പരുവത്തിൽ. കർളിയെ എടുത്തെറിയാൻവേണ്ടി വന്ന ശക്തിയേറിയ അദ്ധ്വാനം അച്ഛൻെറ ദേഷ്യം ശമിപ്പിച്ചിരുന്നു. റെഡ് മാർലിൻ ഓട്ടംപിടിക്കുന്നതു് അദ്ദേഹം നോക്കിനിന്നു. അതുകഴിഞ്ഞു് മോർഗൻെറ നേരെ നീങ്ങി. പക്ഷേ, ഷെയ്നിൻെറ ശബ്ദം അദ്ദേഹത്തെ തടഞ്ഞുനിത്തി.

“വരട്ടെ, ജോ. അവൻ എനിക്കുള്ളതാണു്.” അയാൾ അച്ഛൻെറ അടുത്തെത്തിയിരുന്നു. അച്ഛന്റെ കരം ഗ്രഹിച്ചുകൊണ്ടു് ഷെയ്ൻ പറഞ്ഞു: “അവരെയുംകൂട്ടി പോക്കു. അതാണു ഭേദം.” ഞാൻ ആ ഭാഗത്തേക്കു നോക്കിയപ്പോൾ ആശ്ചര്യകരമായി കണ്ടതു്, അമ്മയും അടുത്തെത്തി · അതെല്ലാം നോക്കിനില്ക്കുന്നതാണു്. അച്ഛനെ അനുഗമിച്ചു വന്നതായിരിക്കണം അമ്മ. ഇത്രയുംനേരം അവിടെത്തന്നെ അവരും ഉണ്ടായിരുന്നി

രിക്കും. അവരുടെ അധരങ്ങൾ വിടന്നിരുന്നു. ആരിലും ഒന്നിലും പ്രത്യേകമായി ശ്രദ്ധിക്കാതെ ആ മുറിമുഴുവൻ നോക്കിയപ്പോൾ അവരുടെ കണ്ണുകൾ തിളങ്ങുന്നുണ്ടായിരുന്നു.

"വല്യപ്പംകൊണ്ടു് മോർഗൻ എനിക്കു പററിയ ആളാണു്," അച്ഛൻ പറഞ്ഞു. മോർഗനെ താൻതന്നെ ശരിപ്പെടുത്തണമെന്നതായിരുന്നു അച്ഛൻെറ യഥാർത്ഥ ആഗ്രഹം. പക്ഷേ, ചുവരിനരികെയുള്ള ആളുകളെ അദ്ദേഹം നോക്കി. "ഇതു് ഷെയ്നിൻെറ കളിയാണു്. നിങ്ങളാരെങ്കിലും ഇടയ്ക്കു കയറിവന്നാൽ എന്നോടു് ത്തരംപറയേണ്ടിവരും." അദ്ദേഹം അവരോടു് ഭ്രാന്തെടുത്തിട്ടില്ലെന്നു് ആ സ്വരം വ്യക്തമാക്കി. കാര്യം സ്പഷ്ടമാക്കുക മാത്രമായിരുന്നു അദ്ദേഹം. പിന്നെ, ഞങ്ങളുടെ അടുത്തുവന്നു് അമ്മയെനോക്കി അദ്ദേഹം പറഞ്ഞു: "മറിയൻ, നീ പോകേണ്ട. പക്ഷേ, ആ വണ്ടിയുടെ സമീപം ചെന്നു് കാത്തുനിന്നാൽമതി കുറേക്കാലമായി മോർഗനിതു കരുതിവെച്ചിട്ടു്. അയാൾക്കിന്നതു കിട്ടും. അതു പെണ്ണുങ്ങൾക്കു കണ്ടുനില്ക്കാൻ പററിയതല്ല—"

ഷെയ്നിൽനിന്നു കണ്ണെടുക്കാതെ തലയാട്ടിക്കൊണ്ടു് അമ്മ പറഞ്ഞു: "അങ്ങനെയല്ല, ജോ. അയാൾ നമ്മുടെ കൂട്ടത്തിലൊരാളാണു്. ഞാനിതു മുഴുവനും കാണട്ടെ."

ഒരു നർത്തകൻെറ ലാസ്യത്തോടെ, ഷെയ്ൻ മോർഗൻെറ സമീപത്തേക്കു ചെന്നു. അവിടെ നില്ക്കുന്ന ഞങ്ങളേയോ, അടികൊണ്ടു നിലത്തുവീണവരേയോ, ചുവരിന്നടുത്തുനില്ക്കുന്ന കൂട്ടരേയോ, ബാറിനു പിന്നിൽ നില്ക്കുന്ന ഗ്രാഫ്ററണേയോ, വിൽ ആററ്കിയേയോ ആരെയുംതന്നെ അയാൾ ഓർത്തിരിക്കുകയില്ല. മുമ്പിലുള്ള

ആ ഭീമാകാരനായ മനുഷ്യനിൽ അയാളാകെ കേന്ദ്രീകരിച്ചു കിടക്കുകയായിരുന്നു.

ഷെയ്നിനെക്കാൾ പൊക്കമുണ്ടു് മോർഗന്നു്. ഒന്നര ഇരട്ടി വണ്ണവുമുണ്ടു്. വളരെക്കാലമായി ആ താഴ്വരയിലെ ഒരു ഗുസ്തിക്കാരനുമാണു്. പക്ഷേ, ഈ ഗുസ്തി അയാൾക്കു് ഇഷ്ടപ്പെട്ടില്ല. കാത്തുനില്ക്കുന്നതു പന്തിയല്ലെന്നു് അയാൾക്കറിയാം. അയാൾ ഷെയ്നിനു നേരെ പാഞ്ഞു. തന്നിലും ചെറിയ അയാളെ ശരീരഭാരം കൊണ്ടു തള്ളിയിടാമെന്നതായിരുന്നു ലാക്കു്. ഷെയ്ൻ ഒരു വശത്തേക്കു് ഒഴിഞ്ഞു. മോർഗൻ അങ്ങോട്ടു നീങ്ങിയപ്പോൾ അയാളുടെ ശരീരത്തിനും ചെള്ളയ്ക്കും ഓരോ അടി 'ഠേ ഠേ'ന്നു് വീക്കിക്കൊടുത്തു. അവരിരുവരുടെയും ചലനങ്ങൾ വളരെ വേഗതയിലായിരുന്നു. അതുകൊണ്ടു് അവ കാണാൻതന്നെ വയ്യായിരുന്നു. എന്നാലും ഓരോ തവണയും മോർഗൻെറ ആ തടിച്ച ശരീരത്തിൻെറ മുന്നോട്ടുള്ള ചലനം തടഞ്ഞുനിർത്തപ്പെട്ടു. പിന്നെയും പിന്നെയും അയാൾ തള്ളിക്കയറി. എല്ലാ തവണയും ഷെയ്ൻ ഒഴിഞ്ഞു് ഊക്കൻ പ്രഹരങ്ങൾ കൊടുത്തു.

നേരിട്ടുള്ള പോരാട്ടം ഫലിക്കുന്നില്ലെന്നുകണ്ടു് മോർഗൻ ആ അടവു നിർത്തി. പിടിച്ചു താഴെ തള്ളിയിടാമെന്ന ഉദ്ദേശത്തോടെ കൈകൾ വിടർത്തി അയാൾ ഷെയ്നിനു നേരെ ചെന്നു. ഷെയ്നും തയ്യാറിലായി. അടുത്തുചെല്ലാൻ വിട്ടുകൊടുത്തു. എഡ് ഹവൽസ് ഞങ്ങളോടു പറഞ്ഞതുപോലെ, ഷെയ്ൻ വലതു കൈപ്പടം നിവർത്തിപ്പിടിച്ചു മുന്നോട്ടാഞ്ഞു. ആ കയ്യ്, മോർഗൻെറ മുഖത്തു മുട്ടേണ്ടതാമസം, അയാളുടെ തല പിറകോട്ടാഞ്ഞു.

മോർഗൻെറ മുഖം ചുവന്നു. മൃഗസദൃശമായ ഒരു ശബ്ദമുണ്ടാക്കിക്കൊണ്ടു് അയാൾ ഒരു കസേര പൊക്കിയെടുത്തു. കസേരയും ഉയർത്തിപ്പിടിച്ചു്, കാലുകൾ മുന്നോട്ടുവച്ചു് അയാൾ ഷെയ്നിനു നേരെ നീങ്ങി. ഷെയ്ൻ തെന്നി മാറി. മോർഗൻ അതു പ്രതീക്ഷിച്ചതായിരുന്നു. അയാൾ പെട്ടെന്നു നിന്നു. കസേരകൊണ്ടു് ഒരേറുകൊടുത്തു. അതു ഷെയ്നിൻെറ ശരീരത്തിലൊരുഭാഗത്തു ചെന്നുകൊണ്ടു.വിചിത്രമെന്നു് പറയട്ടെ, സാധാരണ ഉറച്ചുനില്ക്കുക പതിവുള്ള ഷെയ്ൻ, വീഴാൻ പോകുന്നതായി തോന്നി.

മോർഗൻ പിന്നാലെ എത്തി. അപ്പോൾ ഷെയ്ൻ കാലുകൾ മേലോട്ടുയർത്തി കനമേറിയ തൻെറ ഷൂകൊണ്ടു് മോർഗനെ ഒരു തട്ടുകൊടുത്തു. അയാൾ തെറിച്ചു ബാറിൽ മുതുകിടിച്ചു വീണു.

ഷെയ്ൻ ചാടിയെഴുന്നേററു് മോർഗൻെറ നേരെ ചെന്നു. ഇടതുകരംകൊണ്ടു് അയാളുടെ തലപിടിച്ചു പിന്നോക്കം തള്ളി. വലതുകൈ കഴുത്തിലേക്കും ചെന്നു. അപ്പോൾ മോർഗൻെറ മുഖത്തു വേദന തുളുമ്പിനില്ക്കുന്നതു കാണാമായിരുന്നു. കണ്ണുകളിൽ ഭയവും. ഷെയ്നാകട്ടെ തന്റെ വലതുകൈ കനമുള്ള ഒരു ദണ്ഡുപോലെ ഉപയോഗിച്ചു. ശരീരം മുഴുവൻ ഊന്നി മോർഗൻെറ കഴുത്തു ഞെരിച്ചു. ദയനീയമായ ഒരു നേർത്ത ശബ്ദം അയാളിൽനിന്നു പുറപ്പെട്ടു. അയാളുടെ കണ്ണുകൾ വെളുത്തു തുറിച്ചു. അയാൾ പതുക്കെ നിലത്തേക്കു വീണു.

# അദ്ധ്യായം പത്ത്

ഷെയ്ൻ ഞങ്ങളെ നോക്കി. അച്ഛനെയും അമ്മയേയും എന്നേയും. ഞങ്ങളെ അവിടെ കണ്ടിട്ട് അയാാം വിഷമിച്ചു എന്ന് എനിക്കുതോന്നി. അയാളുടെ ഷർട്ട് അഴുക്കുപുരണ്ടു് ഇരുണ്ടിരുന്നു. ചോര വാൻ കുതിന്നിരുന്നു. ഞങ്ങളുടെ സമീപത്തേക്കു നടന്നപ്പോൾ അയാൾ വീഴാൻ ഭാവിച്ചു എന്നുതന്നെ പറയാം.

മി. വെയർ സൗഹൃദമുള്ള ഒരു മനുഷ്യനാണ്. ഷെയ്നിനെ താങ്ങാനെന്നപോലെ അയാൾ ചുവരിന്നടുത്തേക്ക് ഓടിയെത്തി. ഷെയ്ൻ തന്നെത്താൻ നിവർന്നുനിന്നു. അയാൾക്ക് ആ മനുഷ്യന്റെ സഹായം ആവശ്യമില്ലായിരുന്നു.

ആ താഴ്വരയിൽ എന്നുവേണ്ട ഈ ലോകത്തുതന്നെ അയാൾ ഒരൊററയാളുടെ സഹായമേ സ്വീകരിക്കുകയുള്ളു എന്നാണ് എന്റെ വിശ്വാസം. (ആ മനുഷ്യനോടും അയാൾ സഹായമഭ്യർത്ഥിക്കുകയില്ല.) ആ വ്യക്തി അവിടെ സഹായത്തിനു തയാറെടുത്തു നിന്നിരുന്നു—അച്ഛൻ. ഷെയ്നിന്റെ സമീപത്തേക്ക് അദ്ദേഹം നീങ്ങിച്ചെന്നു. തന്റെ വണ്ണമുള്ള കരം അയാളുടെ ചുമലുകളിലേക്കു നീട്ടി. "ശരി, ജോ," ഷെയ്ൻ പതുക്കെ പറഞ്ഞു. മുറിയിലുള്ള മററാളുകൾ അതു് കേട്ടിരിക്കുമോ എന്ന് എനിക്കു സംശയമുണ്ട്. അത്രയ്ക്കു പതുക്കെയാണയാൾ സംസാരിച്ചതു്. അയാളുടെ കണ്ണുകൾ അടഞ്ഞു. അയാൾ അച്ഛന്റെ കൈത്തണ്ടയിലേക്കു ചാഞ്ഞു. ശിരസ്സ് ഒരുവശത്തേക്കു ചെരിഞ്ഞു. രാത്രി, വളരെനേരം ഉറക്കമിളച്ചിരുന്ന് ഉറക്കം തൂങ്ങുമ്പോൾ എന്നെ എടുത്തു കിടത്താൻ കൊണ്ടുപോകു

മ്പോഠം എന്നതുപോലെ, മററെ കൈ കാൽമുട്ടുകഠംക്കടിയിലൂടെയിട്ടു് ഷെയ്നിനെ അച്ഛൻ വാരിയെടുത്തു. അയാളെ കൈത്തണ്ടയിൽ കിടത്തിക്കൊണ്ടു് അദ്ദേഹം മി. ഗ്രാഫ്ററണോടു പറഞ്ഞു:

"സാധനങ്ങഠം കേടുവന്നതുമൂലം എന്തു നഷ്ടമുണ്ടായെന്നു നോക്കി എല്ലാം എൻെറ കണക്കിലെഴുതണം. അതെനിക്കു വലിയൊരു ഉപകാരമായിരിക്കും."

മി. ഗ്രാഫ്റ്റൺ നല്കിയ മറുപടി എന്നെ അത്ഭുതപ്പെടുത്തി: "ഞാനതു ഫ്ളെച്ചറുടെ കണക്കിൽ കൊള്ളിക്കുകയാണു്. അയാളിൽനിന്നു തുക ഈടാക്കുകയും ചെയ്യും."

അച്ഛൻ ഷെയ്നിനെ നോക്കി. ഷെയ്നിനെച്ചൊല്ലി അദ്ദേഹം അഭിമാനപുളകിതനാകുന്നതു കാണാമായിരുന്നു. ഗ്രാഫ്റ്റണോടു് അദ്ദേഹം പറഞ്ഞു: "ഈ സംഖ്യയുടെ ഒരംശവും ഫ്ളെച്ചർ ഒടുക്കേണ്ട. മുഴുവനും ഞാൻതന്നെ തരാം. അല്ല, ഞങ്ങഠം തരുന്നതാണു്. ഞാനും ഷെയ്നും."

അദ്ദേഹം വാതില്ക്കലേക്കു പോയി, വാതിൽ തുറക്കാൻവേണ്ടി വശംതിരിഞ്ഞുകൊണ്ടു്. അമ്മ എൻെറ കൈ പിടിച്ചു. ഞങ്ങഠം അദ്ദേഹത്തെ പിന്തുടന്നു. ഷെയ്നിനെ അദ്ദേഹം പൊക്കിയെടുത്തു വണ്ടിയിൽ സീററിലിരുത്തി. സമീപത്തുതന്നെ താനുമിരുന്നു. എന്നിട്ടു് ഒരു കൈകൊണ്ടു് അയാളെ താങ്ങിപ്പിടിച്ചു. അപ്പോഴൊന്നും അമ്മ ഒരക്ഷരം സംസാരിച്ചില്ല. വിൽ ആററ്കി ഞങ്ങളുടെ സാധനങ്ങളുമായി എത്തി. അവയെല്ലാം വണ്ടിയിൽവച്ചു. ഞങ്ങഠം വീട്ടിലേക്കു തിരിക്കുകയും ചെയ്തു.

കുറേ നേരത്തേക്കു് ആരും ഒന്നും സംസാരിച്ചതേ

യില്ല. അല്പം കഴിഞ്ഞപ്പോൾ മുൻവശത്തുനിന്ന് ഒരു ചിരികേട്ടു. ഷെയ്നായിരുന്നു ആ ചിരിച്ചതു്. കാറ്റ് അയാൾക്കൊരു പുതിയ ജീവൻ നല്കിയിരുന്നു. അയാൾ നിവർന്നിരുന്നു.

"ആ തടിയനെ നിങ്ങൾ എന്തുചെയ്തു, ജോ? ഞാൻ ആ ചെന്തലയനിൽ മുഴുകിയിരിക്കുകയായിരുന്നു."

"ഓ, ഞാനവനെ പിടിച്ചങ്ങുമാറ്റിയെന്നുമാത്രം." അതിനെക്കുറിച്ചു കൂടുതൽ സംസാരിക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ല. അമ്മയുടെ നില അതായിരുന്നില്ല. "ഗോതമ്പുചാക്കെടുക്കുന്നതുപോലെ അദ്ദേഹം അയാളെ പൊക്കിയെടുത്തു മുറിയുടെ മറേറ അററത്തേക്കു് ഒരേറു കൊടുത്തു," അമ്മ പറഞ്ഞു. അവരതു ഷെയ്നിനോടു പറഞ്ഞതായിരുന്നില്ല. ആരോടായിട്ടും പറഞ്ഞതല്ല. അവരുടെ സംസാരം രാത്രിയോടായിരുന്നു. ഞങ്ങളെ വലയംചെയ്തിരുന്ന മധുരമയമായ അന്ധകാരത്തോടായിരുന്നു. അപ്പോൾ നാട്ടുവെളിച്ചത്തിൽ അവരുടെ കണ്ണുകൾ മിന്നിത്തിളങ്ങുന്നുണ്ടായിരുന്നു.

ഞങ്ങൾ വീട്ടിലെത്തി. അമ്മ അടുക്കളയിൽ വെള്ളം തിളപ്പിക്കാൻ വച്ചു. വൃത്തിയുള്ള കുറെ തുണിക്കഷണങ്ങളെടുത്തു ചൂടുവെള്ളവുമായി അവർ ഷെയ്നിൻെറ സമീപത്തുചെന്നു. അയാളുടെ മുഖത്തുനിന്നു രക്തമൊക്കെ തുടച്ചുകളഞ്ഞു. അപ്പോൾ അവർ ശാന്തമായിരുന്നു. പക്ഷേ, അയാൾക്കുള്ളതിലധികം വേദന ഉണ്ടായിരുന്നതു് അമ്മയ്ക്കായിരുന്നു എന്നു തോന്നി.

പിന്നെ അച്ഛൻെറ ഊഴമായിരുന്നു.

"നിങ്ങൾ വല്ലാത്തൊരു വീരൻതന്നെ, ജോ, ആ മനുഷ്യനെ പിടിച്ചുവലിച്ചു ദൂരെയ്ക്കെറിഞ്ഞു്—"

"നിങ്ങളും, കേട്ടോ ഷെയ്ൻ," അമ്മ പറഞ്ഞു. ഷെയ്നിനേയും അച്ഛനേയും അവർ മാറിമാറി നോക്കി. "നിങ്ങളും വല്ലാത്തൊരു മനുഷ്യൻതന്നെ. മോർഗൻ എന്തൊരു തടിമാടൻ! എന്തുമാത്രം ഭയങ്കരനാണ്. എന്നിട്ടും അയാൾക്ക് ഒററത്തവണപോലും രക്ഷകിട്ടിയില്ല. എത്ര 'ചടപടാ'ന്നാണ്..."

അമ്മയുടെ ശബ്ദം ഉയർന്നുയർന്നു വരികയായിരുന്നു. അവർക്ക് ആത്മനിയന്ത്രണംതന്നെയില്ലാതായി. "ഒരു സ്ത്രീക്ക് ഇങ്ങനെ രണ്ടു പുരുഷന്മാരെ കിട്ടുക എന്നത് എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ?"

അവരുടെ ഇടയിൽനിന്നെഴുന്നേററ് അമ്മ ഒരു കസേരയിൽ ചെന്നിരുന്നു. കൈകൊണ്ട് അവർ മുഖം പൊത്തി. അവരുടെ കവിളുകളിലൂടെ കണ്ണുനീർ ഒഴുകി.

ഷെയ്ൻ എഴുന്നേററ് അമ്മയുടെ സമീപത്തു ചെന്നു. ഒരു കൈ പതുക്കെ അമ്മയുടെ ശിരസ്സിൽവച്ചു. അയാളുടെ വിരലുകൾ എൻെറ തലമുടിയിൽ വീണ്ടും തൊട്ടെന്ന് എനിക്കു തോന്നി. ആ സ്നേഹം എന്നിലൂടെ പാഞ്ഞുകയറുന്നതായും.

അയാൾ മന്ദംമന്ദം പുറത്തേക്കു നടന്നു. രാത്രിയുടെ നടുവിലേക്ക്.

## അദ്ധ്യായം പതിനൊന്ന്

അന്നുരാത്രി ഞങ്ങളുടെ അടുക്കളമുറിയിൽ നടന്ന സംഭവം എൻെറ ആ പ്രായത്തിൽ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. പക്ഷേ, അതെന്നെ പരി

ഭ്രാന്തനാക്കിയില്ല. കാരണം എല്ലാം ശരിപ്പെട്ടമെന്നു് അച്ഛൻ പറഞ്ഞിരുന്നു. അദ്ദേഹത്തെ അറിയാവുന്നവക്കു്, പിന്നെ സംശയിക്കാനെങ്ങനെ സാധിക്കും?

പട്ടണത്തിൽപ്പോലും ഫ്ളെച്ചറുടെ ആറംക്കാരെ ഇപ്പോറം കാണാറേയില്ല. ഫ്ളെച്ചർ വീണ്ടും സ്ഥലം വിട്ടിരിക്കുന്നു എന്നാണു് ഞാൻ സ്ക്രൂളിൽവച്ചു കേട്ടതു്. അയാറം ചീയെന്നിലേക്കു പോയിരുന്നു. ഒരുപക്ഷേ, അവിടന്നു പോയിരിക്കാനുമിടയുണ്ടു്. എന്തിനാണു പോയതെന്നു് ആക്കുമറിഞ്ഞുകൂടാ.

എങ്കിലും അച്ഛനും ഷെയ്നും മുമ്പെന്നത്തെക്കാളും കരുതലോടെയാണു് കഴിഞ്ഞുകൂടിയതു്. അവർ ഇരുവരും പൂർവ്വാധികം അടുത്തു കഴിഞ്ഞു. ഞങ്ങറം വീട്ടിൽത്തന്നെ ഒതുങ്ങിക്കൂടി. അച്ഛൻ തോക്കു് എപ്പോഴും അടുക്കളവാതിലിന്നടുത്തുതന്നെ സൂക്ഷിച്ചു.

ഈ കരുതലുകളുടെയൊന്നും ഉദ്ദേശം എനിക്കു മനസ്സിലായില്ല. ഒരാഴ്ചയോളം കഴിഞ്ഞു് ഒരു ദിവസം ആഹാരം കഴിച്ചുകൊണ്ടിരിക്കുന്ന സമയത്തു ഞാൻ ചോദിച്ചു:

"എന്തെങ്കിലും പുതിയ കുഴപ്പമുണ്ടോ? ഫ്ളെച്ചറെക്കൊണ്ടുള്ള ശല്യം തീന്നു. ഇല്ലേ?"

"തീന്നെന്നോ?" ഷെയ്ൻ എന്നെ നോക്കി ചോദിച്ചു: "ബോബിക്കുഞ്ഞേ, അതു തുടങ്ങിയിട്ടല്ലേ ഉള്ളൂ?"

"ശരിയാണു്," അച്ഛൻ പറഞ്ഞു. "പിൻവാങ്ങാൻ വയ്യാത്തവിധം അത്രയേറെ ദൂരം ഷെയ്ൻ മുന്നോട്ടു പോയിക്കഴിഞ്ഞു. ഇപ്പോഴായാലായി, ഇല്ലെങ്കിൽ ഒരിക്കലും രക്ഷയില്ല എന്നതാണു് അയാളെ സംബന്ധിച്ചിടത്തോളം പ്രശ്നം. നമ്മെ ഓടിക്കാൻകഴിഞ്ഞാൽ അയാറംക്കിവിടെ വളരെക്കാലം സൈ്വരമായി കൂടാം.

കഴിഞ്ഞില്ലെങ്കിലോ, അയാഠം ഇവിടെനിന്നു കെട്ടുകെട്ടേണ്ടിവരും. എന്നു്, അതേ പിന്നെ പ്രശ്നമുള്ളു."

"കേട്ടോ ബോബ്," എനിക്കിഷ്ടപ്പെട്ട രീതിയിലാണു് ഷെയ്ൻ സംസാരിച്ചതു്. ഞാൻ മുതിൎന്ന ഒരാളാണെന്നും അയാഠം പറയുന്നതെല്ലാം മനസ്സിലാകുമെന്നും ഉള്ള മട്ടിൽ. അയാഠം പറഞ്ഞു:

"ഊററംപറഞ്ഞും വലിയ വഴക്കുകഠം നടത്തിയും കാൎയ്യങ്ങഠം തൻെറ വഴിക്കു കൊണ്ടുവരേണ്ടതുണ്ടു് അയാഠംക്കു്. അതയാഠം ഇനിയും മനസ്സിലാക്കിയിട്ടില്ലായിരിക്കാം. എനിക്കു തോന്നുന്നതു് മനസ്സിലാക്കിയിട്ടുണ്ടു് എന്നാണു്. സ്ഥിതി ശാന്തമായി കിടക്കുന്നതുകണ്ടിട്ടു് നിനക്കു വിസ്മൃതിത്തം പറേറണ്ട. ശാന്തമായിരിക്കുമ്പോഴാണു് ഏററവും കരുതലോടെയിരിക്കേണ്ടതു്."

ഷെയ്നിൻെറ മുഖത്തെ ആ മുറിവു പൊരുത്തു വരുന്ന ഭാഗത്തു നോക്കുകയായിരുന്നു അമ്മ. "നിങ്ങഠം രണ്ടാളും പറഞ്ഞതു ശരിയാണു്. പക്ഷേ, ഇനിയും വഴക്കു വേണ്ടിവരുമോ?"

"അന്നരാത്രി ഉണ്ടായതുപോലെ, അല്ലേ?" അച്ഛൻ ചോദിച്ചു: "വേണ്ടിവരില്ല, മറിയൻ, വേണ്ടിവരുമെന്നു് എനിക്കു തോന്നുന്നില്ല. ഫ്ളെച്ചൎക്കിപ്പോഠം കാൎയ്യം കുറേക്കൂടി മനസ്സിലായിട്ടുണ്ടു്."

"അയാഠംക്കു കൂടുതൽ വിവരമുണ്ടു്," ഷെയ്ൻ പറഞ്ഞു.

"കാരണം അതു നടപ്പില്ലെന്നു് അയാഠംക്കു മനസ്സിലായിട്ടുണ്ടു്. ഞാൻ വിചാരിക്കുന്ന തരക്കാരനാണു് അയാളെങ്കിൽ, നേരത്തേതന്നെ മനസ്സിലായിട്ടുണ്ടു്. അന്നു രാത്രിയിലെ പരിപാടി അയാളുടെ സന്നാഹമാണോ എന്നു് എനിക്കു സംശയമാണു്. അതു മോർഗൻെറ

ഇടപാടാണു്. ഫ്ളെച്ചർ മററെന്തെങ്കിലും മാഗ്ഗം നോക്കുന്നുണ്ടായിരിക്കും. പക്ഷെ, ഒരിക്കൽ ഒരുങ്ങിക്കഴിഞ്ഞാൽ അയാഠം പിന്നെ ചെയ്യുന്നതെന്തും വേഗത്തിലും ഉറപ്പിച്ചുകൊണ്ടും ആയിരിക്കും."

ഞങ്ങഠംക്കു് ഏറെക്കാലം കാത്തിരിക്കേണ്ടിവന്നില്ല. പിറേറന്നു്, ഒരു വെള്ളിയാഴ്ചയാണു്. ഞങ്ങഠം ആഹാരം കഴിച്ചു തീർാറായി. അപ്പോഴാണു് ലൂ ജോൺസണും ഹെൻറി ഷിപ്സ്റ്റെഡും ആ വാത്ത അവിടെ എത്തിച്ചതു്. ഫ്ളെച്ചർ തിരിച്ചെത്തിയിരിക്കുന്നു. കൂടെ മറെറാരാളെയും കൊണ്ടുവന്നിട്ടുണ്ടു്.

ലൂ ജോൺസൺ ഈ പുതിയ ആളെ കാണുകയുണ്ടായി. മുന്നോട്ടായി താഴ്ത്തി തൂക്കിയിട്ട തോക്കുറകളിൽ രണ്ടു കൈത്തോക്കുണ്ടു് അയാഠംക്കു്. വിൽസൺ എന്നാണയാളുടെ പേരു്. ഫ്ളെച്ചർ അയാളെ വിളിക്കുന്നതു് സ്റ്റാർക് എന്നാണു്—സ്റ്റാർക് വിൽസൺ. കാര്യം അത്രമാത്രമായിരുന്നതുമില്ല.

ലൂ ജോൺസൺ, ഗ്രാഫ്ററൺന്റെ കടയിലേക്കു പോയിരുന്നു, വിൽ ആററ്കിയെ കാണാൻ. റോഡിലൂടെ വരുന്നവരെക്കുറിച്ചു മററാക്ക്മറിയുന്നതിലും കൂടുതൽ വിവരങ്ങഠം ബാറിൽവച്ചുള്ള അവരുടെ സംസാരത്തിൽനിന്നു് വിൽ ആറ്റ്കിക്കു കിട്ടും. ജോൺസൺ പുതിയ ആ ആളുടെ പേരു പറഞ്ഞപ്പോഠം വിൽ ആദ്യം വിശ്വസിച്ചില്ല. അയാഠം ഇവിടെ എന്തുചെയ്യാനാണു്? വിൽ അതേ ചോദ്യം ചോദിച്ചുകൊണ്ടിരുന്നു. പിന്നെ, അയാഠം കാര്യം പറഞ്ഞു. വിൽസൺ എന്നു പേരായ ഈ മനുഷ്യൻ ഒരു മുഠാളനാണു്. കൊലയാളിയാണു്. രണ്ടുകൈകൊണ്ടും ഒരുപോലെ തോക്കു് ഉപയോഗിക്കാനറിയാം അയാഠംക്കു്. കാൻസാസിൽ

നിന്നു് അയാഠം ചീയെന്നിൽ വന്നതു് അവിടെ മൂന്നു പേരെ കൊന്നിട്ടാണു്. അയാഠം താമസിച്ചിരുന്ന തെക്ക പടിഃത്താറൻപ്രദേശങ്ങളിൽ എത്രപേരെ കൊന്നൊടു ക്കിയിട്ടുണ്ടെന്നു് അറിയുന്നവർ ആരുമില്ല. ഇതെല്ലാം വിൽ കേട്ടറിഞ്ഞ വിവരങ്ങളാണു്.

തനിക്കു് ഓക്കാൻകഴിയുന്നിടത്തോളം കാര്യങ്ങഠം കൂട്ടിച്ചേർത്തു് ല്യൂ ജോൺസൺ വിവരണം തുടന്നു. അപ്പോഠം പെട്ടെന്നു് ഷെയ്ൻ ഇടയ്ക്കുകയറി വിഘ്ന പ്പെടുത്തി. അയാളുടെ ശബ്ദം സ്ഫുടവും ഉച്ചത്തിലും ആയിരുന്നു. ആ മുറിയുടെയും ഞങ്ങഠം എല്ലാവരുടെ യും ചുമതല അയാഠം ഏറെറടുത്തിരിക്കയാണെന്നു തോന്നും.

"അവർ എപ്പോഴാണു് പട്ടണത്തിൽ വന്നതു്?"

"ഇന്നലെ രാത്രി."

"എന്നിട്ടു് ആ വിവരം പറയാൻ നിങ്ങഠം ഇത്ര സമയം കാത്തിരുന്നു! ജോൺസൺ, നിങ്ങഠം ഒരു തനി കൃഷിക്കാരനാണു്. അതിൽ കൂടുതലൊന്നും ഒരിക്കലു മാവുകയുമില്ല." അയാഠം അച്ഛൻെറനേരെ തിരിഞ്ഞു: "വേഗം, ജോ. ആരാണു് വലിയ എടുത്തുചാട്ടക്കാരൻ— ടോറിയോ, അതോ റൈറേറാ?"

"ഏണീ റൈററ്," അച്ഛൻ സാവധാനം പറഞ്ഞു.

"ജോൺസൺ, നിങ്ങഠം പോകൂ. നേരെ റൈററി ൻെറ വീട്ടിലേക്ക വേഗം പോകൂ. അയാളെ കൂട്ടിക്കൊ ണ്ടുവരൂ. ടോറിയേയുംകൂടി കൊണ്ടുവരണം. പക്ഷേ, ആദ്യം ചെന്നു് റൈററിനെ കാണണം."

"അതിനയാഠം പട്ടണത്തിൽ പോകേണ്ടിവരും," ഹെൻറി ഷിപ്സ്റ്റേഡ് പറഞ്ഞു. "രണ്ടുപേരുംകൂടി

പട്ടണത്തിലേക്കു പോകുന്നതു് ഞങ്ങൾ ഇങ്ങോട്ടു വരുമ്പോൾ കണ്ടു.”

ഷെയ്ൻ ചാടി എഴുന്നേററു. ല്യൂ ജോൺസൺ വാതില്ക്കലേക്കു പോവുകയായിരുന്നു. പക്ഷേ, ഷെയ്ൻ അയാളുടെ മുമ്പേ കടന്നു. എന്നാൽ, ഏതോ ശബ്ദം ശ്രദ്ധിച്ചു് ചെവികൂർപ്പിച്ചു നിന്നു.

ആ ശബ്ദം എല്ലാവരും കേട്ടു. ആരോ അതിവേഗം കുതിരയോടിച്ചു റോഡിൽക്കൂടെ വന്നു.

ഷെയ്ൻ മുറിയിലേക്കു തിരിഞ്ഞു: “നിങ്ങളുടെ ആശങ്കകൾക്കു മറുപടി അതാ!” അയാൾ പറഞ്ഞു. തൊട്ടടുത്തുള്ള കസേര ഭിത്തിയുടെ ഭാഗത്തേക്കു തിരിച്ചിട്ടു് അയാൾ ഇരുന്നു. അയാൾ എന്തോ ചിന്തിക്കുകയായിരുന്നു. സുഖകരമല്ലാത്ത ഇരുണ്ട ചിന്തകൾ.

ഫ്രാങ്ക് ടോറി പെട്ടെന്നു വാതില്ക്കൽ പ്രത്യക്ഷപ്പെട്ടു. അയാളുടെ ഹാറ്റ് തെറിച്ചുപോയിരുന്നു. തലമുടി പാറിപ്പറന്നു കിടന്നിരുന്നു. കുതിരയോടൊപ്പം അയാളും ഓടുകയായിരുന്നു എന്നു തോന്നിപ്പോകും. ഒരു ഊന്നില്ലാതെ വയ്യ എന്ന മട്ടിൽ അയാൾ വാതിലിൻെറ കട്ടളയിൽ പിടിച്ചുനിന്നു.

“ഏണിയെ വെടിവച്ചു. അവർ അയാളെ കൊന്നു.”

അതു കേൾക്കേണ്ട താമസം ഞങ്ങൾ ചാടി എഴുന്നേററു. ഞങ്ങൾ എന്നു വച്ചാൽ, ഷെയ്നൊഴികെ മറ്റെല്ലാവരും. ഷെയ്ൻ അനങ്ങിയില്ല. ടോറി പറഞ്ഞതിൽ അയാൾക്കു യാതൊരു താല്പര്യവുമില്ലായിരുന്നു എന്നുപോലും തോന്നിപ്പോകും.

ആ രംഗം നിയന്ത്രിച്ചതു് അച്ഛൻ മാത്രമാണു്.

"അകത്തു വരൂ ഫ്രാങ്ക്," അദ്ദേഹം ശാന്തമായി പറഞ്ഞു: "ഏണിയെ സഹായിക്കാൻ ഇനി സാദ്ധ്യമല്ല. താമസിച്ചുപോയി. ഇരിക്കൂ. ഒന്നും വിടാതെ എല്ലാം വിശദമായി പറയൂ." അദ്ദേഹം ടോറിയെ കസേരയിലേക്കാനയിച്ചു. അദ്ദേഹത്തിനു മുമ്പെപ്പോഴും കണ്ടിട്ടുള്ളതിലും അധികം പ്രായം തോന്നിയിരുന്നു അപ്പോൾ. പരിഭ്രമം നീങ്ങി സംഭവങ്ങൾ നേരെ പറഞ്ഞുതുടങ്ങാൻ ഫ്രാങ്ക് ടോറി കുറെ നേരമെടുത്തു.

അയാളും ഏണീ റൈറ്റും ഒന്നു കുടിച്ചിട്ടു വരാമെന്നുകരുതി ഗ്രാഫ്റ്ററൺന്റെ കടയിൽ ചെന്നിറങ്ങി. ആ സമയം, ഫ്ളെച്ചറും അയാളുടെ പുതിയ സഹായി സ്റ്റാർക് വിൽസണും അവിടെ ആ വലിയ മേശയ്ക്കരികിൽത്തന്നെ ഇരുന്നിരുന്നു. പക്ഷേ, കുറച്ചുനാളായി സ്ഥിതിഗതികൾ വളരെ ശാന്തമായിരുന്നതുകൊണ്ട് എന്തെങ്കിലും കുഴപ്പം ഉണ്ടാകുമെന്ന് അവർ വിചാരിച്ചില്ല. പക്ഷേ, ഫ്ളെച്ചറും വിൽസണും അതുപോലൊരു തക്കം കിട്ടാൻ കാത്തിരിക്കയായിരുന്നിരിക്കണം. അവർ ബാറിന്നടുത്തേക്കു ചെന്നു.

ഫ്ളെച്ചറുടെ പെരുമാററം വളരെ സ്നേഹപൂർവ്വമായിരുന്നു. ടോറിയെ അയാൾ അഭിവാദ്യം ചെയ്തു. ഏണിയോടു മാത്രമായി സംസാരിക്കാനും തുടങ്ങി. വിഷമത്തോടുകൂടിയാണു താനതു പറയുന്നത്. ഏണിയുടെ ഭൂമി തനിക്കാവശ്യമാണ്. താൻ കൊണ്ടുവരുന്ന പുതിയ മാടുകളെ ഇടാൻ പററിയ സ്ഥലം അതാണ്. അതിനിയും ഏണിയുടെ സ്വന്തമായിക്കഴിഞ്ഞിട്ടില്ലെന്നു തനിക്കറിയാം. എന്നാലും സാരമില്ല, മര്യാദയ്ക്കുള്ള വില നല്കാൻ ഒരുക്കമാണ്.

"നിനക്കു ഞാൻ മൂന്നൂറു ഡോളർ തരും," ഏണി

യോട്ട് അയാൾ പറഞ്ഞു: "നിൻെറ കെട്ടിടങ്ങൾക്ക ഞാൻ മതിക്കുന്ന വിലയെക്കാൾ കൂടുതലാണ് ആ സംഖ്യ."

ഇതിന്നകംതന്നെ, അതിൽ കൂടുതൽ തുക ഏണി ആ ഭൂമിയിൽ മുടക്കിയിട്ടുണ്ട്. ഇതിനുമുമ്പ് മൂന്നോ നാലോ തവണ സ്ഥലംതരാൻ ഉദ്ദേശമില്ലെന്ന് അയാൾ ഫ്ളെച്ചറോട്ട പറയുകയും ചെയ്തിട്ടുള്ളതാണ്. അയാൾക്ക സകല ഭ്രാന്തും വന്നു. ഫ്ളെച്ചർ ആ അഴ കുഴമ്പൻ വർത്തമാനം തുടങ്ങിയാൽ ഏണിക്ക ദേഷ്യം വരിക പതിവാണ്.

"ഇല്ല," അയാൾ ചട്ടെന്ന പറഞ്ഞു: "ഞാൻ ആ സ്ഥലം വില്ക്കുന്നില്ല ഒരിക്കലും വില്ക്കാനുദ്ദേശമില്ല."

ഫ്ളെച്ചർ പെട്ടെന്ന സ്റ്റാർക് വിൽസൺെറ നേരെ നോക്കി. വിൽസൺ ഏണിയെ നോക്കി ഒരല്പ സ്മിതം തൂകുകയായിരുന്നു. പക്ഷേ, അയാളുടെ കണ്ണു കളിൽ പുഞ്ചിരിയുടെ ഒരംശവും ഇല്ലായിരുന്നു എന്ന് ടോറി പറഞ്ഞു.

"നിൻെറ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ ആ മനോഗതി മാററുമായിരുന്നു," അയാൾ ഏണിയോട്ട പറഞ്ഞു: "മനസ്സ് എന്നൊന്ന നിങ്ങൾക്കുണ്ടെങ്കിൽ."

"ഇക്കാര്യത്തിൽ നിങ്ങൾ ഇടപെടേണ്ട," ഏണി മറുപടി നൽകി: "നിങ്ങൾക്കിതിൽ ഒരു കാര്യവുമില്ല."

"നിങ്ങളതറിഞ്ഞില്ല, അല്ലേ?" വിൽസൺ ചോദിച്ചു: "ഫ്ളെച്ചർക്കുവേണ്ടിയാണ് ഞാൻ ഈ ഇടപാടിൽ പെട്ടിരിക്കുന്നതു്."

ഫ്ളെച്ചർ അയാളെ പലപ്പോഴും പഠിപ്പിച്ചതു് അയാൾ പറഞ്ഞു: "റൈറ്റ്, നീയൊരു വിഡ്ഢിയാണ്.

പക്ഷേ, ഒരു റെഡ്ഇൻഡ്യനിൽനിന്നു് വിശ്വസ്തമല്ലാതെ മറെറന്തു പ്രതീക്ഷിക്കാനാണു്!"

"അതു ശുദ്ധകള്ളം!" ഏണി അലറി: "ഞാൻ റെഡ്ഇൻഡ്യനല്ല."

"ഞാൻ പറയുന്നതു തെററാണെന്നാണോ നീ പറയുന്നതു്?" വിൽസൺ ചോദിച്ചു.

"നിങ്ങൾ കള്ളം പറയുന്നു എന്നാണു ഞാൻ പറയുന്നതു്."

"അപ്പോൾ," വിൽസൺ വളരെ സൗമ്യമായി പറഞ്ഞു. അയാൾ കോട്ടിൻെറ മുൻവശത്തു് വലത്തേ അറ്റം പൊക്കി. അപ്പോൾ ആ തോക്കുറ സ്വതന്ത്രമായി. കൈയിട്ടു് എപ്പോൾ വേണമെങ്കിലും തോക്കെടുക്കാം.

"അതു് തെളിയിക്കണം," അയാൾ റൈറ്റിനോടു പറഞ്ഞു. "തെളിയിച്ചില്ലെങ്കിൽ നീയിവിടെനിന്നു് മര്യാദയ്ക്കു പോവില്ല."

കൈയും തൂക്കിയിട്ടു് ഏണി ബാറിൽനിന്നു് ഒരടി മാറി. ദേഷ്യം ഭയത്തെ കീഴടക്കി. എന്താണു് അതിന്നർത്ഥം എന്നയാൾക്കറിയാം. പക്ഷേ, അയാൾ നേരെ തന്നെ നേരിട്ടു. കൈകൾ തോക്കിലുറച്ചു; തോക്കു് വലിച്ചെടുക്കാൻ മുതിന്നു. പക്ഷേ, അതിനുമുമ്പു് വിൽസൺ വെടിവച്ചു. ഏണി വെടിയേററു് നിലത്തുവീണു മരിച്ചു.

ഫ്രാങ്ക് ടോറിസംസാരിച്ചുകൊണ്ടിരിക്കെത്തന്നെ ജിം ലൂയിസും എത്തി. ഏതാനും മിനിട്ടിനകംതന്നെ എഡ് ഹവൽസും എത്തിച്ചേന്നു. ചീത്ത വാത്തകൾ അതിവേഗമാണു് പറന്നെത്തുക. എന്തോ കുഴപ്പമുണ്ടെന്നു് അവരെല്ലാം അറിഞ്ഞിരുന്നിരിക്കണം. എല്ലാവരും

അടുക്കളമുറിയിലെത്തി. മുമ്പ് എന്നു കണ്ടിട്ടുള്ളതിലും അധികം അസ്വസ്ഥരായാണവർ കാണപ്പെട്ടതു്.

ഞാൻ അമ്മയോടു ചേർന്നുനിന്നു. അവരുടെ കൈകൾ എന്നെ വലയംചെയ്തിരുന്നതിൽ എനിക്കു സന്തോഷം തോന്നി. അവർ ഷെയ്നിനെ ശ്രദ്ധിക്കുന്നതു് ഞാൻ കണ്ടു.

"അപ്പോൾ അതാണു കാര്യം," അച്ഛൻ പറഞ്ഞു, "നമുക്കതു് നേരിടേണ്ടിവരും. നമ്മുടെ ഭൂമി വില്ക്കണം; അയാൾ പറയുന്ന വിലയ്ക്കു്. ഇല്ലെങ്കിൽ നമ്മെ കൊല്ലും! വിൽസൺ നിൻെറനേരെ തിരിഞ്ഞോ, ഫ്രാങ്ക്?"

"അയാൾ എന്നെ ഒന്നു നോക്കി." അതു് ഓർമ്മിച്ചപ്പോൾത്തന്നെ ടോറി ഭയവിഹ്വലനായിപ്പോയി.

"അയാൾ എന്നെ നോക്കി. എന്നിട്ടു ചോദിച്ചു: 'റൈറ്റ് മനസ്സ് മാററാതിരുന്നതു വളരെ മോശമായി, ഇല്ലെ?'"

"എന്നിട്ടോ?"

"കഴിയുന്നവേഗം ഞാനവിടെനിന്നു പോന്നു. നേരെ ഇങ്ങോട്ടു്."

ജിം ലൂയിസ് ചാടി എഴുന്നേററു് ഉച്ചത്തിൽ പറഞ്ഞു: "പക്ഷെ, ഒരുത്തനങ്ങനെ മണ്ടിനടന്നു് ആളുകളെ കൊല്ലുക. അതു പററില്ല."

"അടങ്ങിയിരിക്കൂ, ജിം," ഹെൻറി ഷിപ്സ്റ്റെഡ് പറഞ്ഞു: "ഇപ്പോഴത്തെ സ്ഥിതി നിങ്ങൾക്കു കാണാൻ വയ്യേ? തോക്കെടുക്കേണ്ട നിലയിലേക്ക് ഏണിയെ അയാൾ തള്ളിനീക്കി. ആത്മരക്ഷയ്ക്കുവേണ്ടി വെടിവെച്ചു എന്നയാൾക്കു പറയാം. അതേ വിദ്യതന്നെ നമ്മോടെല്ലാവരോടും അയാൾ പ്രയോഗിക്കും."

"ശരിയാണ്, ജിം," ല്യൂ ജോൺസൺ പറഞ്ഞു: "രണ്ടുപേരും തോക്കു വലിച്ചെടുത്തു. മിടുക്കു കൂടിയ ആൾ ആദ്യം വെടിവെച്ചു. അങ്ങനെയേ അധികംപേരും കരുതുകയുള്ളൂ. പലരും കണ്ടതുമങ്ങനെയാണ്."

"പക്ഷേ, നമുക്ക് ഇതൊന്ന് അവസാനിപ്പിക്കണം." ലൂയിസ് വളരെ ഉച്ചത്തിലായിരുന്നു അപ്പോഴും സംസാരം. "വിൽസണെ എങ്ങനെ നേരിടാൻ കഴിയും? നാമാരും തോക്കുകാരല്ല. ഒരുപററം കൃഷിക്കാർ മാത്രമാണ്."

ഷെയ്ൻ എഴുന്നേററു. അയാളുടെ മുഖം പാറപോലെ ദൃഢമായിരുന്നു. അയാൾ അച്ഛന്റെനേരെ നോക്കി. ആ കണ്ണുകളിൽ വേദന തളംകെട്ടിനിന്നിരുന്നു. മററുള്ളവരെ നോക്കി അയാൾ നിർവ്വികാരനായി പറഞ്ഞു: "നിങ്ങൾ അഞ്ചുപേരും അവരവരുടെ മാളങ്ങളിലേക്കു പോയിക്കൊള്ളൂ. ഇനിയുമിങ്ങനെ കരഞ്ഞുകൊണ്ടിരിക്കേണ്ട. ഫ്ളെച്ചർ നിങ്ങളെപ്പോലുള്ളവരോടു കളിക്കാൻ വരില്ല. അയാൾ അങ്ങേയററംവരെ പോകാനുറച്ചിരിക്കുകയാണ്. എന്താണതിനു ചെയ്യേണ്ടതെന്ന് അയാൾക്കറിയുകയും ചെയ്യാം. കളിയുടെ മട്ട് വ്യക്തമാക്കാനാണ് അയാൾ റൈറ്റിനെ തിരഞ്ഞുപെറുക്കി എടുത്തതു്. നിങ്ങളെ മുഴുവൻ ഇവിടെ പിടിച്ചുനിർത്തുന്ന ഒരാളുണ്ട്. പ്രാണൻ പോകുംവരെ ഭൂമി വിടാതെ നിൽക്കാൻ നിങ്ങളെ പ്രേരിപ്പിക്കാൻ അയാൾ ശ്രമിക്കയും ചെയ്യും. ഈ താഴ്വരയിൽ ആണായിട്ടുള്ളതു് അദ്ദേഹം മാത്രമാണ്. അദ്ദേഹത്തിനെതിരായാണ് ഫ്ളെച്ചർ തിരിയുക. അതെങ്ങനെയായിരിക്കുമെന്നാണ് അയാൾ ഇപ്പോൾ വ്യക്തമാക്കിയിരിക്കുന്നതു്. ആ മനുഷ്യനാണ് ഫ്ളെച്ചർ–വിൽസൺകൂട്ടക്ക്

നിങ്ങൾക്കും മദ്ധ്യേ നില്ക്കുന്നതു്. നിങ്ങൾ ഈ രാജ്യത്തോടു നന്ദി പ്രകടിപ്പിക്കണം. വല്ലപ്പോഴും ഒരിക്കൽ ജോ സ്റ്റാറെറ്റിനെപ്പോലൊരാളെ വളർത്തിയെടുക്കുന്നില്ലേ? അതിന്നു്."

ഷെയ്നിനെപ്പോലെ ഒരാളെയും... ആ വാക്കുകൾ എൻെറ മനസ്സിൽ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നുണ്ടോ? അതോ, അമ്മ പതുക്കെ അങ്ങനെ പറയുന്നതു് ഞാൻ കേൾക്കുകയുണ്ടായോ? അവർ അയാളെത്തന്നെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. പിന്നെ അച്ഛനേയും. അവർ ഭയന്നിരുന്നു. അതേസമയം അഭിമാനം കൊള്ളുകയും ചെയ്തിരുന്നു.

മറ്റുള്ളവരെല്ലാം അസ്വസ്ഥതയോടെ ഒന്നു് ഇളകിഇരുന്നു. ഷെയ്നിൻെറ വാക്കുകൾ അവൎക്കു സ്വല്പം ആശ്വാസം നൽകിയിരുന്നു. പക്ഷേ, അയാൾ സംസാരിച്ച ആ രീതി അവൎക്കിഷ്ടപ്പെട്ടില്ല.

"ഈ കൊലപാതകരീതി നിങ്ങൾക്കു നല്ലതുപോലെ അറിയാമെന്നു തോന്നുന്നു." സ്വല്പം മൎയ്യാദകേടു് സ്ഫുരിക്കുന്ന സ്വരത്തിൽ എഡ് ഹവൽസ് പറഞ്ഞു.

"എനിക്കറിയാം." ചുരുക്കി, വ്യക്തമായി ഭംഗിയല്ലാത്തമട്ടിൽ ഷെയ്ൻ പറഞ്ഞുനിർത്തി. അയാൾ എഡ് ഹവൽസിൻ്റെ മുഖത്തു നോക്കി. ഹവൽസ് ദൃഷ്ടി താഴ്ത്തി. മുഖം തിരിച്ചുകളഞ്ഞു.

"ഷെയ്ൻ ഇവിടെയുള്ളതു് ബാക്കിയുള്ള നമ്മക്കൊക്കെ ഒരു നല്ല കാര്യമായി. കേട്ടോ, ജോൺസൺ, വിൽസനെക്കുറിച്ചു് അറിവു കിട്ടിയ ഉടൻ അറിയിക്കാനുള്ള വകതിരിവു് നിങ്ങൾ കാണിച്ചിരുന്നുവെങ്കിൽ ഏണി ഇപ്പോഴും ജീവിച്ചിരുന്നേനെ. അയാൾക്കു കുടുംബപ്രാരബ്ധമൊന്നുമില്ലാതെപോയതു് ഭാഗ്യം." അച്ഛൻ

പറഞ്ഞു. എന്നിട്ട് ഷെയ്നിൻെറ നേരെ തിരിഞ്ഞ് തുടന്നു: "ഫ്ളെച്ചർ ഇനി എന്തുചെയ്യുമെന്നാണ് വിചാരം?"

"നാളെ അയാറം ആദ്യം ചെയ്യാൻപോകുന്നത് റെറ്റിൻെറ സ്ഥലം കൈവശപ്പെടുത്തുകയായിരിക്കും. ആററിൻെറ ഇങ്ങേക്കരയിൽ അയാളുടെ ആളുകറം വളരെപ്പേർ ഇനിമുതൽ തിരക്കിട്ടു ജോലിചെയ്യും. കുടിപാർപ്പുസ്ഥലങ്ങളുടെ പിന്നിൽ കുറെ മാടുകളെ കടത്തിവിട്ടു എന്നും വരാം. ജോ, നിങ്ങളെ അയാറം മനസ്സിലാക്കുന്ന രീതിയെ ആശ്രയിച്ചിരിക്കും, അയാളുടെ പരീക്ഷണത്തിൻെറ വേഗത. നിങ്ങറം കീഴടങ്ങും എന്നു തോന്നിയാൽ റെറ്റിനുണ്ടായ അനുഭവം നിങ്ങളിലുണ്ടാക്കുന്ന പ്രതികരണമറിയാൻ അയാറം കാത്തിരിക്കും. നിങ്ങളെ ശരിക്കറിയുമെങ്കിലാകട്ടെ, ആലോചിക്കാൻ ഒന്നോരണ്ടോ ദിവസംതരും. അതിൽക്കൂടുതൽ അയാറം താമസിപ്പിക്കുകയില്ല. പിന്നെ, ആദ്യം കിട്ടുന്ന അവസരത്തിൽത്തന്നെ വിൽസണെ നിങ്ങളുടെ നേരെ തിരിച്ചുവിടും. ഒട്ടേറെപ്പേർ നോക്കിനില്ക്കുന്ന ഒരു പൊതു സ്ഥലത്തുവച്ച് കൃത്യം നടത്താനാണ് അയാറം ആഗ്രഹിക്കുക. നിങ്ങറംതന്നെ മുൻകൈയെടുത്ത് അയാറംക്കൊരവസരം സമ്മാനിക്കുന്നില്ലെങ്കിൽ അയാറം സ⅃യമൊന്ന് സൃഷ്ടിക്കാൻ ശ്രമിക്കും."

"ഷെയ്ൻ, നിങ്ങറം തുറന്നുപറയുമെന്ന്, എനിക്കറിയാമായിരുന്നു. പറഞ്ഞത് ശരിയുമാണ്." അച്ഛൻ പറഞ്ഞു.

"കേട്ടോ, കൂട്ടരേ, അടുത്ത ഏതാനും ദിവസംകൂടി കാത്തിരിക്കേണ്ട പ്രശ്നംമാത്രമാണിത്. ഉടനടി എന്തായാലും ഒന്നുമുണ്ടാവുകയില്ല. ഏണിയുടെ ശവം ഇന്നു

രാത്രി ഗ്രാഫ്ററൺ സൂക്ഷിച്ചുകൊള്ളും. കഴിയുന്നതും പട്ടണത്തിലേക്ക പോകാതെ വീട്ടിനടുത്തൊക്കെത്തന്നെ നാമിന്നു കഴിയുന്നതാണു നല്ലതു്. കാര്യങ്ങൾ എല്ലാം നല്ലതുപോലെ ആലോചിച്ചു് നാളെ രാത്രി വീണ്ടും വരണം. ഞാനെന്തെങ്കിലും ഒന്നു നിശ്ചയിക്കുംമുമ്പു് പട്ടണത്തിലുള്ളവർ ഇതിനെ എങ്ങനെ കാണുന്നു എന്നറിയണം."

അച്ഛൻ വാതിൽക്കൽച്ചെന്നു് അവരെ യാത്രയാക്കി. അദ്ദേഹം മന്ദമന്ദം തിരിച്ചുവന്നു. "ഏണിയുടെ സ്ഥലത്തു് നാളെ ആരെങ്കിലും പോകേണ്ടിവരും. അയാളുടെ സാധനങ്ങൾ എല്ലാം ശേഖരിക്കണം. അയോവയിൽ എവിടെയോ അയാളുടെ കുടുംബക്കാരുണ്ടു്."

"പാടില്ല. നിങ്ങളാരും ആ സ്ഥലത്തിനടുത്തുപോലും പോയിക്കൂടാ. ഫ്ളെച്ചറുടെ ഉന്നം അവിടെയാണു്. ഗ്രാഫ്ററൺ ചെയ്യട്ടെ അതെല്ലാം."

"പക്ഷെ, ഏണി എൻെറ സ്നേഹിതനായിരുന്നു," അച്ഛൻ പറഞ്ഞു.

"ഏണിയുമായുള്ള പഴയ സൗഹൃദം."

"നിങ്ങൾക്കറിയാൻവയ്യേ, ജോ?" അമ്മ പറഞ്ഞു, "ഫ്ളെച്ചറേയും വിൽസണേയും കണ്ടുമുട്ടാനിടയുള്ള ഏതിടത്തുനിന്നും ഒഴിഞ്ഞുനിന്നാൽ കാര്യങ്ങൾ ശരിയായിക്കൊള്ളുമെന്നു്. വിൽസണെപ്പോലൊരുത്തനെ എന്നൊന്നും ഈ താഴ്വരയിൽത്തന്നെ പാർപ്പിക്കാൻ അയാൾക്ക കഴിയുകയില്ല."

വേഗത്തിലായിരുന്നു അമ്മയുടെ സംസാരം. കാരണം എനിക്ക മനസ്സിലായി. അച്ഛനോടു പറയാനുള്ള ഒരു ശ്രമമായിരുന്നില്ല യഥാർത്ഥത്തിലതു്. അതിനേക്കാ

ളുപരി അതൊരു ആത്മഗതോദ്യമമായിരുന്നു. അച്ഛനു മതു മനസ്സിലാക്കിയിരുന്നു.

"അതല്ല പറഞ്ഞതു്, മറിയൻ, വല്ല മൃഗത്തേയും പോലെ ഒരു മാളത്തിലൊളിച്ചിരിക്കാൻ മനുഷ്യനു സാദ്ധ്യമല്ല."

"എന്നാൽ പോകട്ടെ, നിങ്ങൾക്കു മിണ്ടാതിരുന്നുകൂടെ? ഒരേററുമുട്ടലിലേക്കു് അയാളിങ്ങോട്ടു പ്രേരിപ്പിക്കുന്നതിൽ കുടുങ്ങാതെ ഒഴിഞ്ഞുനിന്നുകൂടെ?"

"അതും നടപ്പുള്ള കാര്യമല്ല" അച്ഛനു കുറേക്കൂടി മനഃസുഖം തോന്നിയിരുന്നു. അദ്ദേഹം പ്രശ്നം മനസ്സിലാക്കിത്തുടങ്ങി: "വേണ്ടിവരികയാണെങ്കിൽ കുറെയെല്ലാം സഹിച്ചിരിക്കാം. പ്രത്യേകിച്ചു് അതിനു കാരണങ്ങൾ ഉണ്ടെങ്കിൽ."

അദ്ദേഹം എന്നെ നോക്കി. "പക്ഷേ, ജീവിതം തനിച്ചല്ലെങ്കിൽ, സഹിക്കാൻവയ്യാത്ത ചില കാര്യങ്ങൾ ഉണ്ടു്."

ഞാൻ ഷെയ്നിൻെറ നേരെനോക്കി. അയാളുടെ മനസ്സിൽ എന്തോ സമരം നടക്കുകയായിരുന്നു. കണ്ണുകൾ ഇരുണ്ടു സന്തോഷരഹിതമായിരുന്നു. ഞങ്ങളെ നോക്കാൻതന്നെ അയാൾ അശക്തനായിരുന്നു. അയാൾ വാതില്ക്കലേക്കു നടന്നു. അവിടെനിന്നു കളപ്പുരയിലേക്കും.

എനിക്കപ്പോൾ ആശ്ചര്യം തോന്നിയതു് അച്ഛൻെറ കാര്യത്തിലാണു്. അദ്ദേഹം അങ്ങോട്ടുമിങ്ങോട്ടും ഉലാത്തിക്കൊണ്ടിരുന്നു. അമ്മയുടെ നേരെ തിരിഞ്ഞപ്പോൾ അദ്ദേഹത്തിൻെറ ശബ്ദമിടറി. ഷെയ്നിൽ വന്ന മാററം അദ്ദേഹം അറിഞ്ഞിരുന്നു. കഴിഞ്ഞ കുറെ ആഴ്ചകളായി ആ അറിവു് അദ്ദേഹത്തിൽ അസ്വാസ്ഥ്യത വളർത്തുകയായിരുന്നു എന്നു് എനിക്കു മനസ്സിലായി.

"മറിയൻ, എനിക്കു സഹിക്കാൻവയ്യാത്തതു് അതു മാത്രമാണു്—നാമയാളോടു ചെയ്യുന്ന കാര്യം. എനിക്കു് എന്തു സംഭവിച്ചാലും വലിയ സാരമില്ല. ഞാൻ വലിയ വാചകം പറയുന്നു. മോശക്കാരനാണെന്നു കരുതുന്നുമില്ല. പക്ഷേ, എനിക്കയാളോടു കിടപിടിക്കാനാവുന്നില്ല. എനിക്കതറിയാം. ഇന്നറിയുന്നതുപോലെ അന്നറിയാൻ കഴിഞ്ഞിരുന്നെങ്കിൽ ഇവിടെ താമസിക്കാൻ ഞാനയാളോടു പറയുമായിരുന്നില്ല. പക്ഷേ, ഫ്ളെച്ചർ ഇത്രത്തോളം പോകുമെന്നു ഞാൻ കരുതിയില്ല. താഴ്വരയിലേക്കു വരുന്നതിനു മുമ്പുതന്നെ ഷെയ്ൻ പലരുമായി ഏറ്റുമുട്ടിയിട്ടുണ്ടു്. അയാൾ ഇതിനകംതന്നെ വളരെ യാതന സഹിച്ചിട്ടുണ്ടു്. കാര്യങ്ങൾ ഫ്ളെച്ചർ ആഗ്രഹിക്കുന്നതരത്തിൽത്തന്നെ നടക്കട്ടെ. നമുക്കു നമ്മുടെ ഭൂമി വിററു് ഇവിടെനിന്നു പോകാം."

ഞാൻ ചിന്തിക്കുകയായിരുന്നില്ല. ഓർക്കുകയായിരുന്നു. വിചിത്രമായ എന്തോ കാരണത്താൽ ഷെയ്നിന്റെ വിരലുകൾ എന്റെ തലമുടിയിൽ സ്പർശിച്ചതുപോലെ തോന്നി. ശിരസ്സിലാകെ തടവുന്നതുപോലെയും. ഞാനറിയാതെ അത്യുച്ചത്തിൽ വിളിച്ചുപോയി: "അച്ഛാ, ഷെയ്ൻ എങ്ങും ഓടിപ്പോവുകയില്ല. ഒന്നിൽനിന്നും ഓടിപ്പോവുകയില്ല."

അച്ഛൻ ഉലാത്തൽ നിർത്തി. അദ്ദേഹം എന്നെ നോക്കി. യഥാർത്ഥത്തിലദ്ദേഹം എന്നെക്കണ്ടില്ല. അമ്മ പറയുന്നതു ശ്രദ്ധിക്കുകയായിരുന്നു.

"ബോബ് പറയുന്നതു ശരിയാണു്, ജോ. ഷെയ്നിനെ നമുക്കു കയ്യൊഴിക്കാനാവില്ല." അയാളോടു പറഞ്ഞ കാര്യംതന്നെ അവർ അച്ഛനോടു് ആവർത്തിക്കുന്നു. അതു വിചിത്രമായി തോന്നി. പറഞ്ഞതു് ഒരേകാര്യം.

അഭിസംബോധന ചെയ്യപ്പെടുന്ന ആളുടെ പേർ മാത്രമേ മാറിയിട്ടുള്ളു.

"നാം പിൻവാങ്ങിയാൽ അയാൾക്ക് ഒരിക്കലും അതിൽനിന്നു രക്ഷപ്പെടാൻ സാദ്ധ്യമാവുകയില്ല. അതായിരിക്കും നാം പിൻവാങ്ങുന്നതിന്റെ ഫലം. നമ്മെക്കുറിച്ച് ഷെയ്നിനു ചില ധാരണകൾ ഉണ്ട്. അതിനനുസരിച്ചു നാം പെരുമാറണം. ബോബ് പറഞ്ഞതു ശരിയാണ്. അയാൾ ഒന്നിൽനിന്നും അങ്ങനെ ഓടി തടിതപ്പുകയില്ല. അതുകൊണ്ട് നമുക്കുമതു സാദ്ധ്യമല്ല."

"നോക്കൂ, മറിയൻ, ഓടിപ്പോകാൻ ഞാനാഗ്രഹിക്കുന്നു എന്നു് നിനക്കു വിചാരമുണ്ടോ? എന്നെ നിനക്കു കുറെക്കൂടി നന്നായറിയാമല്ലോ. എന്നിലുള്ള എല്ലാററിനും എതിരായിരിക്കും ആ നടപടി. പക്ഷേ, ഇങ്ങനെയൊരു മനുഷ്യന്റെ സമീപത്തു നമ്മുടെ ഈ സ്ഥലത്തിനും പദ്ധതികൾക്കും എന്തുണ്ടു വില?"

"എനിക്കറിയാം, ജോ. പക്ഷേ, കുറെക്കൂടി കടന്നു നോക്കണം. നിങ്ങൾ അതു ചെയ്യുന്നില്ല." അവർ രണ്ടു പേരും സംസാരിക്കുകയായിരുന്നു. ആരും ഒന്നും ഇടയ്ക്കു കയറിപ്പറയാതെ, പരസ്പരം ശ്രദ്ധിച്ചു കേട്ട്, ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാൻ ശ്രമിച്ചുകൊണ്ടായിരുന്നു സംസാരം. "ജോ, എനിക്കതു വിശദീകരിച്ചു തരാൻ കഴിയുന്നില്ല, യഥാർത്ഥത്തിൽ. ഇത്രമാത്രം അറിയാം. ഓടിപ്പോകുന്നതു നമുക്കാവാത്ത നടപടിയാണ് പിന്നെ ഈ ജീവിതകാലം മുഴുവൻ, നമുക്ക് നമ്മുടേതായ ഒന്നും മിച്ചമുണ്ടാവില്ല. നമ്മിലാർക്കും, ബോബിനുപോലും."

"ടോറിക്കാവും," അച്ഛൻ പറഞ്ഞു. "ജോൺ.

സണും ബാക്കി എല്ലാവക്കും കഴിയും. അതവരെ ആരെയും വളരെയൊന്നും അലട്ടുകയില്ല."

"ജോ, ജോസ്റ്ററെറ്റ്, എന്നെ ഭ്രാന്തുപിടിപ്പിക്കുക യാണോ? ഞാൻ പറയുന്നതു് അവരെക്കുറിച്ചല്ല; നമ്മ ളെക്കുറിച്ചാണു്."

ആത്മഗതമായിട്ടെന്നപോലെ അച്ഛൻ പതുക്കെ പറഞ്ഞു: "ആ ഉപ്പുങ്ങപോകും. പിന്നെ ഒരു രുചിയു മുണ്ടാവുകയില്ല. പിന്നെ വലിയ അത്ഥമൊന്നും അവ ശേഷിക്കുകയില്ല."

"ഓ, എൻെറ ജോ, ഞാൻ പറയാൻ ശ്രമി ച്ചതു് അതേ കാര്യമാണു്. ഇതെല്ലാം എങ്ങനെയെങ്കി ലും ശരിപ്പെട്ടുമെന്നു് എനിക്കറിയാം. എങ്ങനെയെന്ന റിഞ്ഞുകൂട. പക്ഷേ, ശരിയാകും. നാം നേരിടണമെ ന്നേയുള്ളു. ഉറച്ചുനില്ക്കണം; ചുമതലകളിൽ പരസ്പരം വീഴ്ചവരുത്തരുതു്. അത്രയേ ഉള്ളു. എല്ലാം ശരിയാകും. കാരണം, ശരിയാകാതെ നിവൃത്തിയില്ല."

"മറിയൻ, സ്ത്രീസഹജമായ യുക്തിവിചാരമാണ തു്. എങ്ങയെയായാലും നീ പറയുന്നതു കുറെയെല്ലാം നേരാണു്. ഈ തന്ത്രംതന്നെ നമുക്കു പ്രയോഗിച്ചു നോക്കാം. നമുക്കു് കാത്തിരിക്കാം. ഫ്ളെച്ചർ മുൻ കയ്യെടുക്കട്ടെ. വിൽസൺൻെറ ഈ ഏപ്പാട്ടു നഗരവാ സികൾ അംഗീകരിക്കുകയില്ല. വെയറിനെപ്പോലുള്ള ആളുകൾക്കു് സ്വന്തമായ ചില അഭിപ്രായമൊക്കെ യുണ്ടു്."

അച്ഛനപ്പോൾ കുറെക്കൂടി സുബോധമുണ്ടായിരു ന്നു. കാര്യങ്ങൾ ശരിയാംവണ്ണം ചിന്തിക്കാൻ തുടങ്ങിയി രുന്നു. എന്നെ ഉറങ്ങാൻ പറഞ്ഞയച്ചശേഷം അമ്മയും അച്ഛനും പിന്നെയും വളരെനേരം അടുക്കളയിലിരുന്നു

സംസാരിച്ചു. എന്റെ ആ കൊച്ചു മുറിയിൽ ഞാൻ ചെന്നു കിടന്നു. അങ്ങകലെയുള്ള അന്ധകാരത്തിൽ വിദൂരസ്ഥമായ നക്ഷത്രങ്ങളെ ഞാൻ ജനലിൽക്കൂടി കണ്ടു. ക്രമേണ ഞാൻ ഉറക്കത്തിലാണ്ടുപോയി.

## അദ്ധ്യായം പന്ത്രണ്ട്

പ്രഭാതസൂര്യൻ ഞങ്ങളുടെ വീടും, പുറത്ത് ലോകത്തുള്ള സർവ്വതും പ്രകാശമാനമാക്കി. ഒരു കളിയിലും വ്യാപൃതനാകാതെ ഞാൻ മുൻവശത്തുതന്നെ നിന്നു. അവിടെയങ്ങനെ മിണ്ടാതെ നിന്നു റോഡിലേക്കു നോക്കുന്നതു് കണ്ടപ്പോൾ അമ്മ എന്നെ വിളിച്ചു. രണ്ടു് വലിയ ആപ്പിൾപ്പഴം അവരെനിക്കു കൊണ്ടുവന്നുതന്നു. കൂടെ അവർ സ്കൂളിൽ പഠിച്ചിരുന്നകാലത്തെ പുസ്തകങ്ങളിൽ നിന്നു് എനിക്കു് ഏററവും ഇഷ്ടപ്പെട്ട ചിലതും. തന്റെ കയ്യിലുള്ള ആപ്പിൾപ്പഴം കടിച്ചുതിന്നു കൊണ്ടു് അവർ എന്നെ ആ പുസ്തകങ്ങൾ വായിച്ചു കേൾപ്പിച്ചു. അറിയാതെതന്നെ സമയം കടന്നുപോയി. ആഹാരം ശരിപ്പെടുത്താൻ അവർ ധൃതിവച്ചു പോകേണ്ടിവന്നു.

ഭക്ഷണം മേശപ്പുറത്തു നിരത്തുന്നതിനിടയിൽ അച്ഛനും ഷെയ്നും വന്നു. ഞങ്ങൾ മേശയ്ക്കരികിലിരുന്നു. ഏറെക്കുറെ ഒരു ഞായറാഴ്ചപോലെയായിരുന്നു ആ ദിവസം. ജോലിദിവസമല്ല എന്നതുകൊണ്ടു മാത്രമല്ല. അവരെല്ലാം വളരെ സമയം സംസാരിച്ചു് ഇരുന്നതുകൊണ്ടു്. ഈ ഫ്ളെച്ചർ ഇടപാടുമൂലം ഞങ്ങളുടെ രസകരമായ സമയത്തിനു് മാററം വന്നുകൂടെന്നു്

അവർ തീരുമാനിച്ചതുപോലെയിരുന്നു. പട്ടണത്തിലുണ്ടായ സംഭവത്തിൽ അച്ഛൻ സന്തുഷ്ടനായിരുന്നു.

"അതെ," ആഹാരം കഴിച്ചു തീരാറായപ്പോൾ അദ്ദേഹം പറഞ്ഞു: "ഏണിക്കു് ഒരു നല്ല അന്ത്യോപചാരമാണു് നല്കപ്പെട്ടതു്. ആ ആൾക്കൂട്ടം കണ്ടിട്ടു് എനിക്കതിശയം തോന്നി. അവരിലൊരാൾക്കുപോലും ഫ്ളെച്ചറെക്കുറിച്ചു് ഒരു നല്ലവാക്കു പറയാനുണ്ടായിരുന്നില്ല. അവിടെ ഒരു മുപ്പതുപേരുണ്ടായിരുന്നിരിക്കണം."

"മുപ്പത്തിനാലു പേരുണ്ടായിരുന്നു," ഷെയ്ൻ പറഞ്ഞു. "ഞാനെണ്ണിനോക്കി. മറിയൻ, അവർ റൈറ്റിനെ ആദരിക്കുക മാത്രമല്ല ചെയ്യുകയുണ്ടായതു്. അതു മാത്രമായിരുന്നു ഉദ്ദേശമെങ്കിൽ അവിടെ കണ്ട ചിലർ എത്തിച്ചേരുകയില്ലായിരുന്നു. സ്റ്റാറെറ്റ് എന്നു പേരായ ഒരാളെക്കുറിച്ചു തങ്ങൾക്കുള്ള അഭിപ്രായം പ്രകടിപ്പിക്കുകയായിരുന്നു അവർ. നിങ്ങളുടെ ഈ ഭർത്താവുണ്ടല്ലോ, അദ്ദേഹം ഈ ഭാഗങ്ങളിൽ ഒരു വലിയ പ്രമാണിയായി മാറുകയാണു്. പട്ടണം വളരുന്നതോടൊപ്പം അദ്ദേഹവും ഉയരുന്ന മട്ടുണ്ടു്. കുറച്ചു കാലം കഴിയട്ടെ, അദ്ദേഹം ഈ മുഴുവൻ പട്ടണത്തിന്റെയും നേതാവായി മാറും."

"കുറച്ചു കാലംകഴിഞ്ഞാൽ," അമ്മ പതുക്കെ പറഞ്ഞു. അവർ ഷെയ്നിനെ നോക്കി. ആ കണ്ണുകളിൽ ഭീതിയുണ്ടായിരുന്നു. കണ്ണുകളിലെ പ്രകാശം തിരോധാനം ചെയ്തു. ആക്കെങ്കിലും കൂടുതലെന്തെങ്കിലും പറയാൻ കഴിയുംമുമ്പു് കുതിരകൾ ഞങ്ങളുടെ റോഡിലോട്ടു് തിരിഞ്ഞുവരുന്ന ശബ്ദം കേൾക്കായി.

ആരാണു് വരുന്നതെന്നു നോക്കാൻ ഞാൻ ജനലി

നാട്ടക്കലേക്ക് ഓടി. സാധാരണ വേഗമെത്തുന്ന ഷെയ്ൻ എന്നെക്കാൾ മുമ്പെ വന്നു കാണാത്തതു് എനിക്ക് അത്ഭുതകരമായിത്തോന്നി. പതിവിനു വിപരീതമായി അയാൾ കസേര നീക്കിയിട്ടിരുന്നു സാവധാനം സംസാരിച്ചുകൊണ്ടിരുന്നു. "അതു് ഫ്ളെച്ചറായിരിക്കും, ജോ. പട്ടണത്തിലെയാളുകൾ സംഭവം എങ്ങനെ കണക്കാക്കുന്നു എന്നു് അയാൾ കേട്ടിട്ടുണ്ടു്. വേഗം സംഗതികൾ നീക്കണമെന്നു് അയാൾക്കറിയാം. നിങ്ങൾ ഇതൊന്നും സാരമാക്കാൻ പോകേണ്ട. അയാൾ ഇപ്പോൾ കളിക്കുന്നതു കാലത്തിനെതിരായിട്ടാണു്. പക്ഷെ, ഇന്നിവിടെവച്ചു് അയാൾ യാതൊന്നും ചെയ്യില്ല."

അച്ഛൻ വാതില്ക്കലേക്കു ചെന്നു. അകത്തേക്കു കടന്നപ്പോൾ അദ്ദേഹം തോക്ക് ഉറയിലിട്ടു ഭിത്തിയിൽ തൂക്കിയിരുന്നു. അതു് അവിടെനിന്നു് അദ്ദേഹം കൈയിലെടുത്തു. വലതുകൈയിൽ തോക്കും പിടിച്ചു് കതകുതുറന്നു പുറത്തിറങ്ങി. ശബ്ദമുണ്ടാക്കാതെ ഷെയ്നും അദ്ദേഹത്തെ അനുഗമിച്ചു. അയാൾ വാതില്ക്കൽ നിന്നു. അമ്മ എന്റെ കൂടെ ജനലിന്നരികിൽ നിന്നുകൊണ്ടു് എല്ലാം ശ്രദ്ധിച്ചു.

അവർ നാലുപേരുണ്ടായിരുന്നു. ഫ്ളെച്ചർ, വിൽസൺ, പിന്നെ രണ്ടു കൗബോയികൾ. കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്കു് ഫ്ളെച്ചറെ ഞാൻ കാണുന്നതു് അന്നു് ആദ്യമായിട്ടാണു്. ആൾ നല്ല പൊക്കമുണ്ടു്. ഒരുകാലത്തു് അയാൾ കാഴ്ചയ്ക്കു സുന്ദരനായിരുന്നിരിക്കണം. ഇപ്പോൾ ആ മുഖത്തിനു് കനം വീണുതുടങ്ങിയിട്ടുണ്ടു്. മേദസ്സിന്റേതായ ഒരു മിനുമിനുപ്പു് ശരീരത്തിൽ പ്രത്യക്ഷപ്പെടാനാരംഭിച്ചിട്ടുണ്ടു്.

ഒരു തികഞ്ഞ നഗരവാസിയുടെ മട്ട് സ്റ്റാർക്ക വിൽസണുണ്ടായിരുന്നു. പക്ഷേ, അയാൾ ദൃഢശരീരനായാണു കാണപ്പെട്ടതു്. കോട്ട ധരിച്ചിരുന്നില്ല. രണ്ടു കൈത്തോക്കുകൾ, എളുപ്പം വലിച്ചെടുക്കത്തക്കവിധം ഇരുവശത്തും തൂങ്ങിക്കിടന്നിരുന്നു. ഫ്ളെച്ചർ സ്മിതവദനനും പ്രസന്നനുമായിരുന്നു. "കേട്ടോ, സ്റ്റാറെറ്റ്, ഇന്നലെ രാത്രിയിലെ അസുഖകരമായ ആ സംഭവം കഴിഞ്ഞിട്ട് ഇത്രവേഗം നിങ്ങളെ ശല്യപ്പെടുത്തേണ്ടി വന്നതിൽ വിഷമമുണ്ടു്. ഇന്നലത്തെ സംഭവം ഒഴിവാക്കാൻ കഴിഞ്ഞിരിക്കണമായിരുന്നു. ഞാൻ യഥാർത്ഥത്തിൽ ആഗ്രഹിച്ചുപോകുന്നതു് അങ്ങനെയാണു്. അതു വേണ്ടിവരില്ലായിരുന്നു, റൈറ്റിനു് അല്പമെങ്കിലും വകതിരിവുണ്ടായിരുന്നുവെങ്കിൽ. മി. വിൽസൺ കള്ളം പറയുകയാണെന്നു് അയാൾ പറയാൻ പാടില്ലായിരുന്നു. പറഞ്ഞതു തെററായിപ്പോയി."

"തെററായിപ്പോയി," അച്ഛൻ ഉടൻ പറഞ്ഞു. "പക്ഷേ, സത്യം പറയണമെന്നു വിശ്വസിക്കുന്ന ആളാണു് ഏണി. ആട്ടെ, നിങ്ങൾക്കു പറയാനുള്ളതു പറയൂ. എന്നിട്ട് സ്ഥലംവിടൂ."

ഫ്ളെച്ചർ അപ്പോഴും പുഞ്ചിരിതൂകുകയായിരുന്നു. "സ്റ്റാറെറ്റ്, നാം തമ്മിൽ ഏററുമുട്ടാനുള്ള യാതൊരു ഒരുക്കവുമില്ല. നടന്നതു നടന്നു. ഇനി അതുമാതിരി എന്തെങ്കിലും ആവർത്തിക്കേണ്ട ആവശ്യം ഉണ്ടാവുകയില്ലെന്നു് നമുക്കാശിക്കുക. വലിയൊരു മേച്ചിൽപ്പുറമ്പിൽ മാടുവളർത്തിയിട്ടുണ്ടു് നിങ്ങൾ. എന്റെ സ്ഥിതി നിങ്ങൾക്കു മനസ്സിലാക്കാൻ കഴിയും. ഇനിമുതൽ കിട്ടാവുന്നിടത്തോളം സ്ഥലം മുഴുവൻ എനിക്കു വേണ്ടിവരും."

"നമ്മളതിനെക്കുറിച്ചു മുമ്പ് സംസാരിച്ചിട്ടുണ്ട ല്ലോ," അച്ഛൻ പറഞ്ഞു. "എൻെറ നിലപാട് എന്താ ണെന്നു നിങ്ങൾക്കറിയാം. കൂടുതൽ വല്ലതും പറയാനു ണ്ടെങ്കിൽ പറയൂ. പറഞ്ഞുതീർക്കൂ."

"ശരി, സ്റ്റാറെറ്റ്. എനിക്കു പറയാനുള്ളത് ഇതാ ണ്. നിങ്ങൾ ജോലിയെടുക്കുന്ന രീതി എനിക്കു വളരെ ബോധിച്ചു. ഒരു ജോലി തുടങ്ങിയാൽ നിങ്ങൾ അതി ലങ്ങു മുഴുകിപ്പോകും. നല്ലതുപോലെ ചെയ്കയും ചെയ്യും. നിങ്ങളും നിങ്ങളുടെ ആ ജോലിക്കാരനും എനിക്ക് ഉപ യോഗപ്പെടുന്ന ജോഡിയാണ്. മോർഗനെ ഞാൻ പറ ഞ്ഞയയ്ക്കുന്നു. പകരം നിങ്ങൾ ആ ജോലികൾ ഏറെറടു ക്കണം. കൂടെ നിങ്ങളുടെ ജോലിക്കാരനായ മറ്റേയാളും. ഈ സ്ഥലത്തേക്കു പററിയ ആളാണയാൾ. ഈ സ്ഥലം നിങ്ങളുടെ പക്കൽനിന്നു് ഞാൻ വാങ്ങുകയും ചെയ്യാം. ഇവിടെത്തന്നെ താമസിക്കണമെന്നാണെങ്കിൽ വിരോ ധമില്ല, അങ്ങനെ നിശ്ചയിക്കാം. പക്ഷേ, നിങ്ങൾ എനിക്കു ജോലി ചെയ്യണം. അതാണ് എൻെറ ആഗ്രഹം."

ഇതുമാതിരി യാതൊന്നും അയാൾ പറയുമെന്നു് അച്ഛൻ വിചാരിച്ചിരുന്നില്ല. പിന്നിൽ നില്ക്കുന്ന ഷെയ്നിനോട് അദ്ദേഹം പതുക്കെ എന്തോ സംസാ രിച്ചു. ഫ്ളെച്ചറിൽനിന്നു് അദ്ദേഹം കണ്ണെടുത്തില്ല. തല തിരിച്ചതുമില്ല. പക്ഷേ, ശബ്ദം സ്ഫുടമായി കേൾക്കാമായിരുന്നു.

"ഷെയ്ൻ, നിങ്ങൾക്കു പകരം ഞാൻ സംസാരിക്കു ന്നതിൽ വിരോധമുണ്ടോ?"

"ഇല്ല, സംസാരിച്ചുകൊള്ളൂ." ഷെയ്നിൻെറ ശബ്ദവും അടക്കിപ്പിടിച്ചായിരുന്നു. എങ്കിലും വളരെ

വ്യക്തമായി കേൾക്കാം. ആ ശബ്ദത്തിൽ സ്വല്പമൊരു അഭിമാനവും സ്ഫുരിച്ചിരുന്നു.

അച്ഛൻ നിവർന്നുനിന്നു. ഫ്ളെച്ചറെ നേരെനോക്കി. "മററുള്ളവരോ?" അദ്ദേഹം ചോദിച്ചു: "ജോൺസൺ, ഷിപ്സ്റ്റേഡ്, തുടങ്ങിയവർ. അവരുടെ കാര്യമോ?"

"അവർ പോകേണ്ടിവരും."

"അതു സാദ്ധ്യമല്ല."

"ഈ സ്ഥലത്തിനു് നിങ്ങൾക്കു ഞാൻ ആയിരം ഡോളർ തരാം. ഏററവും കവിഞ്ഞ തുകയാണു്."

"നടപ്പില്ല."

ഫ്ളെച്ചർക്കു ദേഷ്യംവന്നു. അതു് അയാളുടെ മുഖത്തു പ്രകടവുമായിരുന്നു. അയാൾ വിൽസൺെറ നേരെ ഒന്നു തിരിയാൻ ഭാവിച്ചു. പക്ഷേ, അയാൾ സ്വയം നിയന്ത്രിച്ചു കടിച്ചുപിടിച്ചു് ഒന്നു പുഞ്ചിരിതൂകി: "സ്റ്റാറെറ്റ്, മറുപടി ഇപ്പോൾത്തന്നെ വേണമെന്നില്ല. ഇന്നു രാത്രിയാകുന്നതുവരെ നിങ്ങൾക്കു ഞാൻ സമയം തരുന്നു. ഇക്കാര്യത്തെക്കുറിച്ചു ചിന്തിക്കുക. നിങ്ങൾ വിവരംവച്ചു സംസാരിക്കുന്നതു കേൾക്കാൻ ഞാൻ ഗ്രാഫ്ററൺെറ കടയിൽ കാത്തിരിക്കും."

അയാൾ കുതിരയെ തിരിച്ചു് ഓടിച്ചുപോയി. രണ്ടു കൗബോയികളും അയാളെ അനുഗമിച്ചു. വിൽസൺ അവരോടൊപ്പം പോയില്ല.

"അതെ, സ്റ്റാറെറ്റ്," അയാൾ പറഞ്ഞു: "അതിനെക്കുറിച്ചു് ആലോചിക്കൂ. നിങ്ങളുടെ ഈ സ്ഥലം മററാരെങ്കിലും അനുഭവിക്കുന്നതു നിങ്ങൾക്കിഷ്ടമായിരിക്കുകയില്ല. നിങ്ങളുടെ ഈ സ്ഥലവും—ജനലിനടുത്തു നില്ക്കുന്ന ആ സ്ത്രീയേയും."

അയാം കുതിരയെ തിരിക്കാൻ തുടങ്ങിയതാണു്. പക്ഷേ, പെട്ടെന്നു നിന്നു. അച്ഛൻെറ മുഖത്തുകണ്ട ഭാവഭേദമായിരിക്കണം കാരണം. എനിക്കും അമ്മയ്ക്കും ആ മുഖം കാണാൻ കഴിഞ്ഞിരുന്നില്ല. ഞങ്ങളുടെ വശത്തേക്കു പുറംതിരിഞ്ഞാണല്ലൊ അച്ഛൻ നിന്നിരുന്നതു്. പക്ഷേ, അദ്ദേഹത്തിൻെറ കൈ അരയിൽ തൂക്കിയിട്ടിരുന്ന തോക്കിലമർന്നിരുന്നതു കാണാമായിരുന്നു.

“അരുതു്, ജോ.”

ഷെയ്ൻ അച്ഛൻെറ സമീപത്തു ചെന്നു പറഞ്ഞു. അയാം ഒരുഭാഗത്തേക്കു നീങ്ങി മുന്നോട്ടു കടന്നുചെന്നു് വിൽസൺെറ സമീപത്തേക്കു് ആറടിയോളം അടുത്തെത്തി. എന്തു സംഭവിക്കുന്നു എന്നറിയാത്തതു പോലെ വിൽസൺ കാണപ്പെട്ടു. അയാളുടെ വലതു കൈ അനങ്ങി. പിന്നെ നിശ്ചലമായി. ഷെയ്നിന്റെ കൈയിൽ തോക്കില്ലെന്നു് അയാം കണ്ടു.

ഷെയ്ൻ തല ഉയർത്തി കുതിരപ്പുറത്തിരിക്കുന്ന വിൽസണെ നോക്കി. അയാളുടെ ശബ്ദം സ്ഫുടമായിരുന്നു:

“തിളങ്ങുന്ന ആ തോക്കു് അരക്കെട്ടിലുള്ള ഊററം കൊണ്ടാണു താനൊരാണിനെപ്പോലെ സംസാരിക്കുന്നതു്. ആ തോക്കെടുത്തു മാററൂ. ഒരു കൊച്ചു പയ്യൻെറ മട്ടിലാകും.”

ആ ശബ്ദത്തിനു പിന്നിലുണ്ടായിരുന്ന ധൈര്യം വിൽസണെ നിശ്ചലനാക്കി. അപ്പോം അച്ഛൻെറ ശബ്ദം ആജ്ഞാപിച്ചു: “ഷെയ്ൻ, മതിയാക്കൂ.”

വിൽസൺെറ മുഖത്തെ കരുവാളിപ്പു നീങ്ങി. അയാം ഷെയ്നിനെ നോക്കി പുഞ്ചിരി തൂകി.

"നിന്നെ നോക്കാൻ ആരെങ്കിലും കൂടിയേ തീരൂ," അയാൾ പറഞ്ഞു.

ഫ്ളെച്ചറുടെയും മററു രണ്ടുപേരുടെയും ഒപ്പം എത്താൻ അയാൾ കുതിരയെ തിരിച്ച് ഓടിച്ചുപോയി.

അമ്മ, എൻെറ ചുമലിൽ പിടിച്ചമത്തിയിരുന്നു. വേദന തുടങ്ങിയ കാര്യം അപ്പോൾ മാത്രമാണ് ഞാനറിഞ്ഞതു്. അച്ഛനും ഷെയ്നും പുറത്തുനിന്നു സംസാരിക്കുന്നതു ഞങ്ങൾക്കു കേൾക്കാമായിരുന്നു.

"ജോ, നിങ്ങൾ തോക്കയത്തുംമുമ്പു് അയാൾ ഇങ്ങോട്ടു വെടിവെച്ചിരിക്കുമായിരുന്നു."

"പക്ഷേ, പരമവിഡ്ഢി, അയാൾ നിങ്ങളെ വെടിവെച്ചിരിക്കുമായിരുന്നു. അപ്പോൾ അയാളെ ശരിപ്പെടുത്താൻ എനിക്കു് ഒരവസരവും കിട്ടുമായിരുന്നു."

വികാരങ്ങൾ അല്പമൊരു ദേഷ്യപ്രകടനംകൊണ്ടു് ആവരണംചെയ്യുകയായിരുന്നു അച്ഛൻ.

അമ്മ എന്നെ പിടിച്ചുമാററി. വാതില്ക്കൽ നിന്നുകൊണ്ടു് അവർ വിളിച്ചുപറഞ്ഞു: "അയാൾ എന്നെക്കുറിച്ചു് അതു പറഞ്ഞതുകൊണ്ടു് നിങ്ങൾ രണ്ടുപേരും വിഡ്ഢികളെപ്പോലെ പ്രവത്തിച്ചേനെ. രണ്ടാളോടും ഒരു കാര്യം പറയട്ടെ: വേണ്ടിവരികയാണെങ്കിൽ, വിൽസൺ പറഞ്ഞതുപോലെയുള്ള വാക്കുകൾ കേട്ടു സഹിക്കാൻ നിങ്ങളെപ്പോലെ എനിക്കും കഴിവുണ്ടു്."

അവർ രണ്ടുപേരും അത്ഭുതപ്പെടുന്നതു ഞാൻ കണ്ടു. "പക്ഷേ, മറിയൻ," അച്ഛൻ അമ്മയുടെ അടുത്തു ചെന്നു പറഞ്ഞു: "ഇതിലും കവിഞ്ഞ എന്തു കാരണം വേണം ഒരു പുരുഷനു്?"

ഷെയ്ൻ ശാന്തമായി പറഞ്ഞു: "ഇതിലും കവിഞ്ഞ ഒരു കാരണം?"

അയാൾ അമ്മയെയല്ല അപ്പോൾ നോക്കിയിരുന്നത്. അവരെ രണ്ടുപേരെയുമാണ്.

## അദ്ധ്യായം പതിമ്മൂന്ന്

ആ അവസരത്തിൻെറ ഊഷ്മാവിൽ അവരങ്ങനെ എത്രനേരം കഴിച്ചുകൂട്ടുമായിരുന്നു എന്ന് എനിക്കറിഞ്ഞുകൂട. ലഘുവെന്ന് എനിക്കു തോന്നിയൊരു ചോദ്യം ഞാൻ തൊടുത്തുവിട്ടു. അതു് ആ അവസ്ഥയ്ക്കു് ഒരു മാററമുണ്ടാക്കി. "അച്ഛാ, ഫ്ളെച്ചറോട്ട് ഇന്നു രാത്രി എന്തു പറയാനാണുദ്ദേശം?"

ഒരു ഉത്തരവും ആ ചോദ്യത്തിന് ഉണ്ടായില്ല. അതിൻെറ ആവശ്യവുമില്ലായിരുന്നു. ഞാൻ വല്ലതാകുകയായിരുന്നു എന്നെനിക്കു തോന്നുന്നു. അച്ഛൻ ഫ്ളെച്ചറോട്ട് എന്തു പറയുമെന്ന് എനിക്കറിയാമായിരുന്നു. അച്ഛനായതുകൊണ്ടു് ഗ്രാഫ്ററൺൻെറ കടയിൽ ചെന്ന് അതു പറയേണ്ടിവരുമെന്നുമറിഞ്ഞിരുന്നു. വെയിലേററു് വരണ്ട വയലുകളിൽനിന്ന് അടിച്ചുവന്നിരുന്ന കാററിന് പെട്ടെന്ന് ഒരു കുളിരു തോന്നി.

അവർ പരസ്പരം നോക്കിയില്ല. ഒററ വാക്കുപോലും അന്യോന്യം സംസാരിച്ചില്ല. എങ്കിലും ആ നിശ്ശബ്ദതയിൽ അവർ മുമ്പെന്നത്തെക്കാളും കൂട്ടതലടുത്തുചേന്നിട്ടുണ്ടെന്ന് എനിക്കു് എങ്ങനെയോ മനസ്സിലായി. അവക്കു് അവരവരെ അറിയാം. മറേറയാൾക്കു് നല്ലപോലറിയാമെന്ന് ഓരോരുത്തക്കുമറിയാം. അച്ഛന്

ഒഴിഞ്ഞുനില്ക്കാനാവാത്ത ഒരൊററ കളിയിലാണു് ഫ്ളെച്ചർ അച്ഛനെ പിടികൂടിയിരിക്കുന്നതെന്നു് അവക്കറിയാം. അച്ഛനു് ഒഴിഞ്ഞുനില്ക്കാനാവാത്തതിനു കാരണം, അദ്ദേഹം അങ്ങനെ ഒഴിഞ്ഞുനില്ക്കുകയില്ല എന്നതുതന്നെ.

അമ്മ അടുക്കളയിലേക്കു പോയി. അവർ മേശ വെടപ്പാക്കിക്കൊണ്ടിരുന്നു. താനെന്താണു ചെയ്യുന്നതെന്നു് അവർ ഓക്കുന്നില്ലെന്നു് തോന്നും. ഞാനവരെ സഹായിച്ചു. അടുക്കള നിശ്ശബ്ദമായിരുന്നു.

ജോലി തീന്നപ്പോൾ, അവർ പുറത്തു് അച്ഛൻെറ അടുത്തേക്കു ചെന്നു. ഇടയ്ക്കുള്ള മരപ്പിടിയിൽ കൈയും വച്ചു് അവർ അച്ഛന്നരികത്തായി ആ ചവിട്ടുപടികളിലിരുന്നു. അദ്ദേഹത്തിൻെറ കൈകൾ അമ്മയുടെ കൈകളെ ആച്ഛാദനം ചെയ്തു. നിമിഷങ്ങൾ പതുക്കെ നീങ്ങി.

അച്ഛനും അമ്മയ്ക്കുമിടയ്ക്കു് താഴെ ആ ചവിട്ടുപടികളിൽത്തന്നെ ഞാനുമിരുന്നു. അവരിരുവരുടെയും കാലുകൾ എൻെറ ഇരുവശത്തുമായി സ്ഥിതിചെയ്തിരുന്നതു് എനിക്കു സുഖമുളവാക്കി. അച്ഛൻെറ കൈത്തലം എൻ്റെ ശിരസ്സിൽ സ്പശിക്കുന്നതായി എനിക്കുതോന്നി.

"നിൻ്റെ കഷ്ടകാലംതന്നെ, ബോബ്." ഞാനൊരു കൊച്ചുകുട്ടിയായിരുന്നതുകൊണ്ടു് അദ്ദേഹത്തിനു് എന്നോടു സംസാരിക്കാൻകഴിയും. യഥാത്ഥത്തിലദ്ദേഹം ഒരാത്മഗതം നടത്തുകയായിരുന്നു.

"എനിക്കു ചിത്രം മുഴമിച്ചുകാണാൻ കഴിയുന്നില്ല. പക്ഷേ, ഇത്രയും കാണാം. വിൽസൺ വീണാൽ കായ്യങ്ങൾ തീന്നുകൊള്ളും. ഫ്ളെച്ചറുടെ പണിതീരും. പട്ടണത്തിലുള്ളവർ അക്കാര്യം നിവ്വഹിച്ചുകൊള്ളും. തോക്കു

കൊണ്ടു വിൽസണെ പരാജയപ്പെടുത്താൻ എന്നെക്കൊണ്ടാവില്ല. പക്ഷെ, അയാളെ ശരിപ്പെടുത്തുംവരെ വീഴാതെ ഉറച്ചുനില്ക്കാനുള്ള കരുത്ത് എന്റെ ഈ ശരീരത്തിനുണ്ട്. തനിക്കെന്തെങ്കിലും നേരിട്ടാൽ തന്റേതിനെക്കാൾ ശക്തിയുള്ള കൈകളാണ് കുടുംബത്തിനു താങ്ങനൽകാനുണ്ടാവുക എന്നറിയുന്നത് ആശ്വാസകരമായിത്തോന്നും."

പിന്നിൽനിന്ന് പെട്ടെന്നൊരു ശബ്ദം കേട്ടു. ഷെയ്ൻ പെട്ടെന്നെഴുന്നേററതുകൊണ്ട് ഇരുന്നിരുന്ന കസേര വീണുപോയതാണ്. അയാളുടെ മുഖം വെളുത്തുവിളറിയിരുന്നു. കണ്ണുകൾ ഒഴിച്ചുനിത്താൻ വയ്യാത്ത ചിന്തകൾകൊണ്ടു കലങ്ങിയിരുന്നു. അയാൾ പടികളിലേക്കു നടന്നു. ഞങ്ങളേയും വീട്ടിന്റെ മൂലയും കടന്ന് നടന്നുപോയി.

അമ്മ എഴുന്നേററ് അയാളുടെ പിറകെ ഓടിച്ചെന്നു. വീട്ടിന്റെ ആ മൂലയിൽ അവർ പെട്ടെന്നു നിന്നു. പതുക്കെ, അവർ തിരിച്ചുപോന്നു. താഴെ വീഴാതിരിക്കാൻ വേണ്ടി എന്നപോലെ തപ്പിത്തടഞ്ഞുകൊണ്ടാണവർ വന്നത്. അവർ വീണ്ടും അച്ഛനു തൊട്ടടുത്തായി ആ ചവിട്ടുപടിയിലിരുന്നു. അദ്ദേഹം അവരെ വലിയ കൈകൊണ്ട് വാരി അണച്ചു.

വീട്ടിന്റെ പിൻഭാഗത്ത് വളരെ അകലെയുള്ള ആ പർവ്വതനിരകളിലൂടെ സൂര്യൻ താഴോട്ടിറങ്ങിക്കൊണ്ടിരുന്നു. അമ്മ എഴുന്നേററ് നിവർന്നുനിന്നു. ഒപ്പം അച്ഛനും. ഇരു കൈകളും ഗ്രസിച്ച് അമ്മയെ മുമ്പിൽ നിത്തിക്കൊണ്ട് അദ്ദേഹം അങ്ങനെ നിന്നു.

"മറിയൻ; ഇവനു സഹായത്തിന് നീയുണ്ടെന്ന്

ഞാൻ സമാധാനിക്കുകയാണ്. ആക്കെങ്കിലും അതിന്ന് കഴിവുണ്ടെങ്കിൽ നിനക്കാണുള്ളത്."

അദ്ദേഹം ഒന്നു പുഞ്ചിരിതൂകി. അല്പം വിഷാദം കലർന്ന വിചിത്രമായ ഒരു പുഞ്ചിരി. ഈ ലോകത്തെ ഏററവും വലിയ മനുഷ്യനാണദ്ദേഹം എന്ന് എനിക്കു തോന്നി. അവർ ഒരുമിച്ച് അകത്തേക്കു പോയി.

ഷെയ്ൻ എവിടെ? ഞാൻ കളപ്പുരയിലേക്കു പാഞ്ഞു. അവിടെ എത്താറായപ്പോൾ ഞാനയാളെ കണ്ടു. പുറത്ത് ആ പുൽത്തകിടിക്കു സമീപമുണ്ട് അയാൾ നില്ക്കുന്നു. ആ തകിടിക്കപ്പുറം സൂര്യൻെറ തങ്കക്കതിരുകളേററു തലയുയർത്തിനില്ക്കുന്ന ഏകാന്തമൂകമായ പർവ്വതനിരകളേയുംനോക്കി നില്ക്കുകയാണയാൾ. ഞാനങ്ങോട്ടുനോക്കി. അയാൾ അപ്പോൾ കൈകൾ ഉയർത്തുന്നതു കണ്ടു. ആകാശത്തു തിളങ്ങുന്ന ആ സൗന്ദര്യധോരണി സ്പർശിക്കുവാൻ വിരൽനീട്ടുകയാണയാൾ എന്നു തോന്നിപ്പോകും.

അയാൾ ഒന്നു വലംവച്ചു. എന്നിട്ടു തലയുയർത്തിപ്പിടിച്ച് ഉറച്ചു നീണ്ട അടിവയ്പുകളോടെ തിരിച്ചു നടന്നു. മാററമില്ലാത്ത എന്തോ ഉറച്ച ഒരു പുതിയ വികാരം ആ മനുഷ്യനുണ്ടായിരുന്നു. അയാൾ അടുത്തുവന്നു. ആ മുഖം പ്രശാന്തവും അസ്വസ്ഥത അലട്ടാത്തതുമാണെന്നു കാണാമായിരുന്നു. "ബോബിക്കുഞ്ഞേ, അകത്തു പോകൂ. പോയി സന്തോഷമായിരിക്കൂ. എല്ലാം ശരിപ്പെടാൻപോകുകയാണ്." അയാൾ വേഗത കുറയ്ക്കാതെ എന്നെയും കടന്നു കളപ്പുരയിലേക്കു നീങ്ങി.

പക്ഷേ, എനിക്കു വീട്ടിലേക്കു പോകാൻവയ്യ. പോകണമെന്ന് അയാൾ പറഞ്ഞസ്ഥിതിക്കു മറിച്ച്, അയാളെ അനുധാവനം ചെയ്യാനുംവയ്യ. കളപ്പുരവാതി

ല്ലേലേക്കും നോക്കിക്കൊണ്ടു ഞാൻ വീട്ടിനരികിൽത്ത
ന്നെ നിന്നു.

മിനിട്ടുകൾ കടന്നുപോയി. ആകാശം ഇരുണ്ടു. ഞാൻ പിന്നെയും അവിടെത്തന്നെ കാത്തുനിന്നു. ഒടുവിൽ അയാൾ അതിവേഗം ഞാൻ നില്ക്കുന്ന ആ ഭാഗത്തേക്കു വന്നു. അപ്പോളാണു് ഞാൻ അതു കണ്ടതു്. അതു നോക്കിനോക്കി ഞാൻ വീട്ടിനകത്തേക്കോടി. രക്തം എന്റെ തലയിലേക്കു് അടിച്ചുകയറി.

"അച്ഛാ, അച്ഛാ, ഷെയ്ൻ തോക്കു ധരിച്ചിരിക്കുന്നു."

അയാൾ എന്റെ തൊട്ടുപിറകേ എത്തിയിരുന്നു. അച്ഛനും അമ്മയും തലയുയർത്തി നോക്കി. അയാൾ വാതില്ക്കലെത്തിയിരുന്നു. ഞങ്ങളുടെ ജീവിതത്തിലേക്കു് അയാൾ കടന്നുവന്ന ആ ആദ്യദിവസം ധരിച്ചിരുന്ന വേഷവിധാനങ്ങളാണു് അപ്പോൾ ധരിച്ചിരുന്നതു്. തോക്കറയും തോക്കും കൂട്ടത്തിലായുണ്ടു്. യഥാർത്ഥത്തിൽ, അയാൾക്കു് അവ ബാഹ്യോപകരണങ്ങളായിരുന്നില്ല; അയാളുടെ അവിഭാജ്യഭാഗമായിരുന്നു. ആ മനുഷ്യന്റെ ഒരംശം ഷെയ്ൻ എന്ന ആ ശക്തിവിശേഷത്തിന്റെ തന്നെ അവിഭാജ്യഭാഗമായിരുന്നു. ഞങ്ങളുടെക്കൂടെത്താമസിച്ചിരുന്ന, ഞങ്ങളിലൊരാളായിരുന്ന ഈ മനുഷ്യന് ഇദംപ്രഥമമായി പൂർണ്ണത കൈവന്നതു് അപ്പോൾ കാണാമായിരുന്നു. അയാൾ അപ്പോൾ പൂർണ്ണപ്രഭാവനായാണു് കാണപ്പെട്ടതു്.

വേലയുടുപ്പുകൾ ധരിക്കാത്തതുകൊണ്ടു് അയാൾ അപ്പോൾ അല്പം ചെറുതായി, ആദ്യത്തെ തവണ കണ്ടപ്പോൾ എന്നതുപോലെ മെലിഞ്ഞു കാണപ്പെട്ടു. അത്ര മാത്രമല്ലായിരുന്നു മാററം. അതു ഞങ്ങളുടെ ഷെയ്ന

ല്ലായിരുന്നു. എന്നാൽ അതേസമയം ആണുതാനും. എഡ് ഹവൽസിന്റെ വാക്കുകൾ ഞാൻ ഓർമ്മിച്ചു. മററാരെക്കാളും അയാളെ ഭയചകിതനാക്കിയതു് ഷെയ്നായിരുന്നു. വീട്ടിൽ വന്നിട്ടുള്ളവരിൽവച്ചു് ഏററവും അപകടം കുറഞ്ഞ മനുഷ്യൻ അയാളാണെന്നു് അച്ഛനൊരിക്കൽ പറഞ്ഞതും ഞാൻ ഓർത്തു. രണ്ടുപേർ പറഞ്ഞതും ശരിയായിരുന്നു. ഒടുവിൽ ഇതാണു് ഷെയ്ൻ എന്നു് എനിക്കു മനസ്സിലായി. അയാൾ മുറിയിലെത്തിയിരുന്നു. അമ്മയോടു സംസാരിക്കുമ്പോൾമാത്രം ഉപയോഗിച്ചുകാണാറുള്ള ആ ലോലമായ സ്വരത്തിൽ അയാൾ സംസാരിക്കുകയായിരുന്നു.

"നല്ല അമ്മയും അച്ഛനും! ബോബിനു് ഇനിയും ആഹാരം കൊടുത്തില്ലല്ലൊ. അവനു വയറുനിറച്ചു ഭക്ഷണം കൊടുക്കൂ. നിങ്ങളും കഴിക്കൂ. എനിക്കു പട്ടണത്തിൽ ഇത്തിരി ജോലിയുണ്ടു്."

അച്ഛൻ അയാളെ സൂക്ഷിച്ചുനോക്കി: "അരുതു ഷെയ്ൻ. പാടില്ല. നിങ്ങൾ അക്കാര്യം ആലോചിച്ചതുതന്നെ വലിയ കാര്യമായി. എനിക്കുവേണ്ടി ആരും ഇത്രത്തോളം ഉപകാരം ചെയ്തിട്ടില്ല. പക്ഷേ, നിങ്ങളെ ഞാനതിനു സമ്മതിക്കുകയില്ല. അതു് എന്റെ ചുമതലയാണു്. ഫ്ളെച്ചർ കളിക്കുന്നതു് എന്നോടാണു്."

"ജോ, നിങ്ങൾക്കു തെററുപററിയതു് അതിലാണു്," ഷെയ്ൻ ശാന്തമായി പറഞ്ഞു. "ഇതു് എന്റെ ജോലിയാണു്. എനിക്കു പററിയ ജോലിയാണു്. ഒരു കൃഷിക്കാരനായാലുള്ള രസം ഞാൻ അനുഭവിച്ചിട്ടുണ്ടു്. ആ വാക്കിനുള്ള പുതിയ അർത്ഥം നിങ്ങളെനിക്കു കാണിച്ചുതന്നു. ഞാനും കുറച്ചുനാൾ ഒരു കൃഷിക്കാരനായിരുന്നു എന്നതിൽ ഞാനഭിമാനിക്കുകയും ചെയ്യുന്നു. പക്ഷേ,

ഒരു കൃഷിക്കാരനു ചെയ്യാൻകഴിയാത്ത ചില കാര്യങ്ങൾ ഉണ്ട്."

"ഇല്ല. ഞാൻ നിങ്ങളെ അതിന് അനുവദിക്കുകയില്ല. വിൽസണെ മാററിനിത്തുന്നു എന്നുതന്നെ വിചാരിക്കുക. എന്നാൽത്തന്നെയും കാര്യമൊന്നും തീരുകയില്ല. സംഗതികൾ കുറെക്കൂടി വഷളാകുകയേ ഉള്ളൂ. അതുമൂലം നിങ്ങൾക്കെന്തു സംഭവിക്കുമെന്നാലോചിച്ചുനോക്കൂ. എൻെറ നില എന്തായിരിക്കുമെന്നും ആലോചിച്ചു നോക്കൂ. എനിക്കു പിന്നെ ഇവിടെയെങ്ങും തല ഉയത്താനാവില്ല. നിങ്ങൾ അതു ചെയ്യാൻ പാടില്ല. അതങ്ങനെയാണ്."

"അല്ല." ഷെയ്നിൻെറ സ്വരം കുറെക്കൂടി ശാന്തമായിരുന്നു. പക്ഷേ, അതിനുമുമ്പൊരിക്കലുമില്ലാതിരുന്ന അചഞ്ചലമായൊരു മുഴക്കമുണ്ടായിരുന്നു.

"ഞാൻ ഇന്നതു ചെയ്യാൻ പാടില്ലെന്നു പറയാൻ ഈ ലോകത്താരും ജീവിച്ചിരിപ്പില്ല. കേട്ടോ, ജോ, നിങ്ങൾക്കുപോലും അങ്ങനെ പറയാൻ കഴിവില്ല. ഇപ്പോഴും ഒരു മാഗ്ഗമുണ്ടെന്ന സംഗതി നിങ്ങൾ വിസ്മരിച്ചുകളയുന്നു."

അങ്ങനെ സംസാരിക്കുമ്പോൾ തോക്ക് അയാളുടെ കൈയിലിരിക്കുകയായിരുന്നു. അച്ഛനു് അനങ്ങാൻ കഴിഞ്ഞില്ല; അതിനുമുമ്പ് അയാൾ ആ തോക്കുകൊണ്ട് അച്ഛൻെറ ചെള്ളയ്ക്കു് കാതിനുയരെയായി ഒരടികൊടുത്തു. അടിയുടെ ഊക്കിൽ അച്ഛൻ മേശപ്പുറത്തേക്ക് കമിഴ്ന്നടിച്ചു മറിഞ്ഞു. നിലത്തു വീഴുംമുമ്പ് അയാൾ കൈകൊണ്ട് അച്ഛനെ താങ്ങി കസേരയിലിരുത്തി. അച്ഛൻെറ ശിരസ്സ് പിറകോട്ടു ചാഞ്ഞു. ഷെയ്ൻ അതു പിടിച്ചുനിവത്തി. അദ്ദേഹത്തിന്റെ വിശാലമായ

ച്ചുമല്പകൾ മുന്നോട്ടാഞ്ഞു്, മേശമേൽ വിശ്രമിച്ചു. മുഖം കൈത്തണ്ടകളിലമൻു.

ഷെയ്ൻ അമ്മയെ നോക്കി. അയാൾ വാതിൽക്കലെത്തിയതിൽ പിന്നെ അവർ അല്പംപോലും അനങ്ങിയിരുന്നില്ല. അച്ഛൻ വീണപ്പോൾപ്പോലും അവരനങ്ങാൻ പോയിരുന്നില്ല. കണ്ണുകൾ മലക്കെ വിടർത്തി അവർ അയാളെ നോക്കുകയായിരുന്നു. ആ കണ്ണുകളിലപ്പോൾ മധുരമായ ഒരു സ്നേഹത്തിൻെറ തിളക്കമുണ്ടായിരുന്നു. അവർ അങ്ങനെ പരസ്പരം നോക്കിക്കൊണ്ടിരുന്നു. അപ്പോൾ താഴ്വരയിൽ ഇരുട്ട വ്യാപിച്ചുതുടങ്ങി. അവരുടേതു മാത്രമായ ഒരു നിമിഷം. അതിലവർ തനിച്ചായിരുന്നു. എങ്കിലും അവർ സംസാരിച്ചതു് ആ അച്ഛനെക്കുറിച്ചായിരുന്നു.

"അദ്ദേഹം അതങ്ങനെയെ എടുക്കുകയുള്ളു എന്നു് ഞാൻ ഭയന്നിരുന്നു. മററൊരുതരത്തിൽ പ്രവത്തിക്കുകയും ജോ സ്റ്റാറെറ്റായിരിക്കുകയും ചെയ്യുക—രണ്ടുംകൂടി നടപ്പില്ല," ഷെയ്ൻ പറഞ്ഞു.

"എനിക്കതറിയാം."

"അദ്ദേഹം നല്ലതുപോലെ വിശ്രമിക്കട്ടെ. ശരിയായിക്കൊള്ളും. മറിയൻ, അദ്ദേഹത്തോടു പറയൂ. ഷെയ്നിൻെറ കൈയ്ക്കു തോററതിനു് ആരും താനൊരു മോശക്കാരനാണെന്നു് കണക്കാക്കേണ്ടതില്ല എന്നു് അദ്ദേഹത്തോടു പറയൂ."

അയാൾ തന്നെക്കുറിച്ചുതന്നെപറയുകയായിരുന്നു. അപ്പോൾ ആ പേരിനു് ഒരു വൈചിത്ര്യം തോന്നി. പക്ഷേ, അയാൾ ഒരു വസ്തുത പറയുകയായിരുന്നു. ആ മനുഷ്യനിൽ കുടികൊണ്ടിരുന്ന ശക്തിവിശേഷത്തെപ്പോലെതന്നെ ലളിതവും യഥാത്ഥവുമായ ഒരു വസ്തുത.

"എനിക്കറിയാം," അമ്മ വീണ്ടും പറഞ്ഞു: "ഇതൊന്നും ഞാനദ്ദേഹത്തോടു പറയേണ്ട ആവശ്യമുണ്ടാവില്ല...അദ്ദേഹത്തിനുതന്നെയും അറിയാമിതെല്ലാം." അവർ എഴുന്നേററുകൊണ്ടു തുടന്നു: "പക്ഷേ, എനിക്കറിഞ്ഞിരിക്കേണ്ട മററു ചില കാര്യങ്ങൾ ഉണ്ടു്. തമ്മിൽ സംസാരിച്ചിരിക്കാമായിരുന്ന കാര്യങ്ങൾ നാം ഒതുക്കിപ്പിടിച്ചിട്ടുണ്ടു്. അതങ്ങനെതന്നെ വേണമായിരുന്നുതാനും. പക്ഷേ, എനിക്കറിയാൻ ഇപ്പോൾ ഒരവകാശമുണ്ടു്. ഞാനും ഇതിൻെറ ഒരു ഭാഗമാണു്. നിങ്ങൾ എന്നോടു പറയുന്നതിനെ ആധാരമാക്കിയായിരിക്കും ഞാൻ ചെയ്യുന്ന കാര്യങ്ങൾ. നിങ്ങൾ ഇതു് എന്നെക്കരുതിമാത്രമാണോ ചെയ്യുന്നതു്?"

വളരെവളരെ നീണ്ട ഒരു നിമിഷം അവർ മറുപടിയുംകാത്തു നിന്നു.

ഷെയ്ൻ പറഞ്ഞു: "അല്ല, മറിയൻ."

അയാളുടെ നോട്ടത്തിൻെറ വ്യാപ്തി വലുതാകുന്നതായിത്തോന്നി. അതിൽ ഞങ്ങളെയെല്ലാം ഉൾക്കൊള്ളുന്നതായും. അമ്മയെ, അച്ഛൻെറ നിശ്ചലമായ ആരൂപത്തെ, ജനലരികിൽ കസേരയിലിരിക്കുന്ന എന്നെ, ഞങ്ങളെ എല്ലാപേരെയും ആ മുറിയേയും വീടിനേയും സ്ഥലത്തെ മുഴുവനുംതന്നെയും. പിന്നെ അയാൾ അമ്മയുടെനേരെ മാത്രം നോക്കി. അയാൾക്കു് അപ്പോൾ അവരെ മാത്രമേ കാണാൻ കഴിവുണ്ടായിരുന്നുള്ളു.

"അല്ല, മറിയൻ. നിങ്ങളെ എൻെറ മനസ്സിൽ നിന്നു മുറിച്ചുമാററുക, എന്നിട്ടു് പിന്നേയും ഒരു മനുഷ്യനായിരിക്കാൻ എനിക്കു സാദ്ധ്യമാകുമോ?"

അയാൾ തന്റെ ദൃഷ്ടികൾ അമ്മയിൽനിന്നു പിൻവലിച്ചു. തുറന്നിട്ട കതകിന്നപ്പുറത്തു് പരന്നുകിടക്കുന്ന

രാത്രിയുടെ നടുവിലേക്ക നോക്കി. ആ മുഖത്തിന ദാർഢ്യം കൂടി. പട്ടണത്തിൽ നടക്കാൻപോകുന്ന സംഭവങ്ങളിലേക്ക ചിന്ത ചെന്നെത്തി. പ്രശാന്തനായി അനായാസമായി അയാഠം നീങ്ങി. പോകുകയാണെന്ന തോന്നുകയില്ല, അങ്ങനെ. പുറത്തു വ്യാപിച്ചുകിടക്കുന്ന ആ അന്ധകാരത്തിൻെറ നടുവിൽ അയാഠം ആത്മഗനായി ക്കഴിഞ്ഞിരുന്നു.

## അദ്ധ്യായം പതിനാല്

അന്നുരാത്രി വീട്ടിൽത്തന്നെ അടങ്ങിയൊതുങ്ങി ഇരിക്കാൻ എനിക്ക സാദ്ധ്യമായില്ല. ഷെയ്നിനെ പിന്തുടരണമെന്ന കലശലായ ആഗ്രഹമല്ലാതെ മററൊന്നും എൻെറ മനസ്സിലില്ലായിരുന്നു. അയാഠം പോകുന്നതും നോക്കി അമ്മയങ്ങനെ നിന്നു. ഞാൻ ക്ഷമിച്ചിരുന്നു. അമ്മ അച്ഛൻെറ അട്ടത്തേക്ക പോകുന്നതുവരെ ഞാനങ്ങനെ കഴിച്ചുകൂട്ടി. അമ്മ പോയിക്കഴിഞ്ഞപ്പോഠം ഞാനും പുറത്തുകടന്നു. അവർ എന്നെ കണ്ടിരിക്കുമെന്ന് ഞാനാദ്യം കരുതി. പക്ഷേ, തീർച്ചയില്ലായിരുന്നു. എന്തായാലും അവർ എന്നെ വിളിക്കുകയുണ്ടായില്ല. അന്ധകാരത്തിലേക്ക് ഞാൻ പതുക്കെ നടന്നകന്നു.

ഷെയ്നിനെ എവിടെയും കണ്ടില്ല. ആ ഇരുട്ടിൽ നിന്നുകൊണ്ടു് ഞാൻ ചുററുംനോക്കി. ഒടുവിൽ അയാഠം ആ കളപ്പുരയിൽനിന്നു വരുന്നതുകണ്ടു. കൈയിൽ ജീനിയും ഉണ്ടായിരുന്നു. കൂടെ ജീനിസ്സഞ്ചിയും. അതു് അറിഞ്ഞപ്പോഠം എനിക്ക പെട്ടെന്നു് വേദനതോന്നി. അയാഠം മേച്ചിൽസ്ഥലത്തിൻെറ പടിക്കലേക്ക ചെന്നു.

അയാൾ കുതിരയെ സമീപിച്ചു. പതുക്കെയല്ല, വളരെ വേഗം.

എന്തു ചെയ്യേണ്ടിവരും എന്ന് എനിക്കറിയാമായിരുന്നു. വേലിയോടരികുപറ്റിനടന്ന് ഞാൻ റോഡിലെത്തി. ഏരുത്തിൻെറ മൂലകടന്ന് കളപ്പുരയ്ക്കും മേച്ചിൽസ്ഥലത്തിനും മദ്ധ്യത്തിലെത്തിയ ഉടനെ ഞാൻ പട്ടണത്തിലേക്കു കഴിയുംവേഗം ഓട്ടമാരംഭിച്ചു. എല്ലാ സ്ക്കൂൾദിവസവും ഞാനതിലേ നടക്കാറുള്ളതാണ്. മുമ്പൊരിക്കലും ഇത്ര ദൂരംതോന്നിയിട്ടില്ല. ഇപ്പോൾ വളരെദ്ദൂരം തോന്നി. ഓരോ മിനിട്ടും ദൂരം കൂടിക്കൂടി വരുന്നതുപോലെ തോന്നി.

അയാൾ എന്നെക്കാണാൻ ഇടയായിക്കൂടാ. ഓടിക്കൊണ്ടിരിക്കെ ഞാൻ തിരിഞ്ഞുനോക്കിക്കൊണ്ടേയിരുന്നു. അയാൾ റോഡിലേക്കു തിരിഞ്ഞപ്പോൾ ഞാൻ ജോൺസൻ്റെയും ഷിപ്സ്റ്റഡിൻെറയും വീട്ടുകൾ മിക്കവാറും കടന്നുകഴിഞ്ഞിരുന്നു. പട്ടണത്തിൻെറ അറ്റത്തേക്കുള്ള റോഡ് അവസാനിക്കുന്നിടത്തുള്ള തുറന്ന ഭാഗത്ത് എത്തിക്കഴിഞ്ഞിരുന്നു. ഞാൻ റോഡിൻെറ ഒരുവശത്ത് വലിയൊരു പാറയുടെ പിന്നിലേക്കു പാഞ്ഞു. അവിടെനിന്നാൽ അയാൾക്ക് എന്നെ കാണാൻ പററുകയില്ല.

അപ്പോൾ വീണ്ടും പഴയ ആ ആളായിരുന്നു അയാൾ. ആദ്യദിവസം ഞാൻകണ്ട അപരിചിതനായ ആ മനുഷ്യൻ. അജ്ഞാതമായൊരു ഇന്നലെയിൽനിന്ന് അജ്ഞാതമായൊരു നാളെയിലേക്കു നടന്നുനീങ്ങുന്ന, ഇരുണ്ട ഏകാകിയായ ഒരപരിചിതൻ.

എനിക്കു നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഉച്ചത്തിൽ വിളിച്ചുപോയി. താഴെ ഉരുണ്ടുപിടഞ്ഞു വീഴുകയും

ചെയ്തു. തട്ടിക്കടഞ്ഞു് എഴുന്നേല്ക്കാൻ കഴിയുംമുമ്പ് അയാൾ കുതിരപ്പുറത്തുനിന്നിറങ്ങിയിരുന്നു. അയാളുടെ ബലിഷ്ഠമായ കൈകൾ എന്നെ താങ്ങിപ്പിടിച്ച് എഴുന്നേല്പിച്ചു. നിറഞ്ഞൊഴുകുന്ന കണ്ണുകളോടെ ഭയവിഹ്വലനായി ഞാൻ അയാളെ നോക്കി. എന്റെ ഭയം പമ്പ കടന്നു. അയാളിപ്പോൾ ഒരപരിചിതനല്ല. ഷെയ്നാണ്. എന്നെ അയാൾ ശാന്തമായി കുലുക്കി. എന്നെ നോക്കി പുഞ്ചിരിതൂകുകയും ചെയ്തു.

"ബോബി, കുഞ്ഞേ, നിനക്കു പുറത്തിറങ്ങാൻ പററിയ സമയമായിരുന്നില്ല ഇതു്. പോ, വീട്ടിലേക്ക് ഓടിപ്പോ. അമ്മയെ ചെന്നു സഹായിക്ക്. എല്ലാം ശരിയാകുമെന്നു ഞാൻ പറഞ്ഞിട്ടില്ലേ?"

എന്നെ പിടിവിട്ട് പതുക്കെ തിരിഞ്ഞു് അയാൾ താഴ്വരയിലേക്കു നോക്കി. "ബോബ്, നോക്കൂ ആ താഴ്വര. ഈ സ്ഥലം ഇതുപോലെ ഓർത്തിരിക്കണം. അഴകോലുന്ന ഭൂമിയാണിതു്. ഒരു കുട്ടിക്കു ജീവിക്കാനും, ഒരു മുതിന്ന മനുഷ്യനായി വളരേണ്ട രീതിയിൽ വളരാനും പററിയ പ്രദേശം."

എന്റെ ദൃഷ്ടികൾ അയാളുടെ നോട്ടത്തെ അനുധാവനം ചെയ്തു. ആദ്യമായി കാണുകയാണെന്ന മട്ടിൽ ഞാനാ താഴ്വരയിലേക്കു നോക്കി. താങ്ങാനാവാത്ത വികാരങ്ങൾ എന്റെ മനസ്സിലുയന്നുവന്നു. ഞാനയാളെ എത്തിപ്പിടിക്കാൻ മുതിന്നു. പക്ഷേ, അയാൾ അവിടെ ഉണ്ടായിരുന്നില്ല.

ഷെയ്ൻ ജീനിയിൽ കയറിയിരിക്കാൻ തുടങ്ങുകയായിരുന്നു. ആ രണ്ടു രൂപങ്ങൾ, ആ മനുഷ്യനും അയാളുടെ കുതിരയും ഒരൊററയൊന്നായി മാറി. ആ രൂപം നീങ്ങി. കാൽമൈലോളം അകലെ ഗ്രാഫ്ററൺന്റെ

കെട്ടിടത്തിലെ ജനാലകളിലൂടെ വരുന്ന വെളിച്ചം സൃഷ്ടിച്ച മഞ്ഞച്ചതുരങ്ങളിലൂടെ നീങ്ങുകയായിരുന്ന അയാൾ. വീട്ടിലേക്കു തിരിച്ചുപോയാലെന്താ എന്നു ഞാനാലോചിച്ചു. പക്ഷേ, മുന്നോട്ടുതന്നെ പോകാനുള്ള പ്രേരണയാണു് കൂടുതൽ പ്രബലമായിരുന്നതു്. ഞാനയാളുടെ പിന്നാലെതന്നെ യാത്രയായി. റോഡിന്റെ നടുവിലൂടെ ഭ്രാന്തുപിടിച്ചു് ഓട്ടംതുടങ്ങി.

ഞാൻ പിന്തുടരുന്നുണ്ടെന്നു് അറിഞ്ഞിട്ടോ അറിയാതെയോ, അയാൾ നില്ക്കാതെ കുതിരയോടിച്ചുകൊണ്ടുപോയി. സലൂണിനുവെളിയിൽ വളരെപ്പേർ നിന്നിരുന്നു. റെഡ് മാർലിന്റെ മുടി അയാളെ എളുപ്പം വേർതിരിച്ചു മനസ്സിലാക്കിത്തന്നു. അവർ റോഡിലേക്കുതന്നെ ദൃഷ്ടിയൂന്നി നില്പാണു്. മുൻവശത്തെ സ്റ്റോർമുറിയുടെ ജനാലയിൽക്കൂടി ഒലിച്ചിറങ്ങുന്ന തിളക്കമുള്ള പ്രകാശത്തിൽ ഷെയ്ൻ പ്രത്യക്ഷപ്പെട്ടു. റെഡ് മാർലിൻ വേഗം അകത്തേക്കു് ഓടിപ്പോയി.

സ്റ്റോറിന്റെ വശത്തുള്ള ചവിട്ടുപടികൾക്കരികിൽ ഷെയ്ൻ നിന്നു. കുതിരപ്പുറത്തുനിന്നിറങ്ങി കുതിരയെ തൂണിനോടുചേർത്തു കെട്ടുകയുണ്ടായില്ല. എന്താണതിനു കാരണമെന്നു കുതിരയ്ക്കു മനസ്സിലായിരുന്നതുപോലെ തോന്നി. പടികൾക്കരികിൽ തലയുമുയർത്തി എന്തു വേണ്ടിവന്നാലും സന്നദ്ധമായി ആ ജന്തു അവിടെയങ്ങനെ നിന്നു.

ഷെയ്ൻ ഒരുമിനിട്ടു നിന്നു. അപ്പോഴും അവിടെത്തന്നെ നിന്നിരുന്ന രണ്ടുപേരോടു് അയാൾ ചോദിച്ചു: "ഫ്ളെച്ചർ എവിടെ?"

അവർ മുഖത്തോടുമുഖം നോക്കി. പിന്നെ ഷെയ്നിനേയും. ഒരുത്തൻ പറയാൻ തുടങ്ങി: "അദ്ദേഹ

ത്തിനു്—" ഷെയ്നിൻെറ ചോദ്യം അയാളുടെ സംസാരം തടഞ്ഞു. ശബ്ദം പതുക്കെയായിരുന്നു. പക്ഷെ, മനസ്സിൽ വെട്ടിത്തുളച്ചുകയറുന്ന മൂർച്ചയുണ്ടായിരുന്നു. "ഫ്ളെച്ചർ എവിടെ?"

അവരിലൊരാൾ അകത്തേക്കു ചൂണ്ടിക്കാണിച്ചു. അവർ വഴിമാറിക്കൊടുക്കാൻ തുടങ്ങിയപ്പോൾ അയാളുടെ ശബ്ദം ആജ്ഞാപിച്ചു: "അകത്തു കടക്കിൻ. നേരെ ബാറിനടുത്തു ചെല്ലണം. തിരിഞ്ഞുനോക്കിപ്പോകരുതു്."

രണ്ടുപേരും ഒപ്പം വാതിൽ കടന്നു് അകത്തുപോയി. അവരുടെ പിറകെ അടഞ്ഞ വാതിലുകൾ ഓരോന്നായി പിടിച്ചു വലിച്ചുതുറന്നു് അവരുടെ ഇടയിൽക്കൂടി അയാൾ അകത്തുകടന്നു മറഞ്ഞു.

പടികൾ ഓടിക്കയറി ഞാൻ സ്റ്റോറിൽ കടന്നു. സാം ഗ്രാഫ്റ്റണും വെയറും മാത്രമാണവിടെ ഉണ്ടായിരുന്നതു്. രണ്ടുപേരും സലൂണിൻെറ വാതില്ക്കലേക്കു ശ്രദ്ധിവച്ചു വരികയായിരുന്നു. എന്നെ അവർ കണ്ടില്ല. അവരുടെ പിറകെ ചെന്നു പെട്ടിപ്പുറത്തുള്ള എൻെറ മുമ്പത്തെ ഇരിപ്പിടത്തിലേക്കു ഞാൻ പോയി. അവിടെയിരുന്നാൽ അവക്കും അപ്പുറത്തുള്ള രംഗങ്ങൾ കാണാൻ കഴിയും.

മുറിയിൽ വലിയ ആൾത്തിരക്കായിരുന്നു. പട്ടണത്തിനുചുററും സാധാരണ കാണാറുള്ള എല്ലാവരും, അയൽക്കാരായ കുടിയേറിപ്പാർപ്പുകാരും അവിടെ ഉണ്ടായിരുന്നു. എനിക്കു തീരെ പരിചയമില്ലാത്ത മററു പലരും ഉണ്ടു്. മിക്കവാറും ബാറിലുടനീളംതന്നെ അവർ വരിയായി നിന്നിരുന്നു. മേശയ്ക്കരികിൽ മുഴുവൻ ആളുകൾ. കുറേപ്പേർ അകലെ ഭിത്തിക്കരികിൽ നില്ക്കുന്ന

മുണ്ട്. വിചിത്രമെന്നേ പറയേണ്ടൂ, ഇത്രയധികംപേർ ഇങ്ങനെ നില്ക്കുമ്പോഴും, അററത്ത് ഒരു മേശയ്ക്കരികിൽ ഒരു കസേരമാത്രം ആരും ഉപയോഗിക്കാതെ ഒഴിഞ്ഞു കിടന്നിരുന്നു. റെഡ് മാർലിൻ പിൻവശത്തെ ഭിത്തി ക്കടുത്തു നില്ക്കുകയാണ്. ഞാനങ്ങോട്ടു നോക്കി. അതി നിടെ അയാൾ ആ കസേരയിലിരുന്നു; അത്രയുംനേരം അയാൾ അവിടെ ഇരിക്കുകയായിരുന്നു എന്നു തോന്നും.

സന്ധ്യയ്ക്കു നല്ല കച്ചവടം നടക്കുന്ന സമയത്ത് ഗ്രാ ഫ്റ്റൺന്റെ സലൂൺ അങ്ങനെയാണ്. പക്ഷേ, അന്ന വിടെ എന്തോ തകരാറുണ്ട്. എന്തിൻേറയോ ഒരു കുറ വുണ്ട്. ആ രംഗത്തിൻെറ ഒഴിച്ചുനിത്താനാവാത്ത ഭാഗ മായി അവിടെ ഉയൻുകേൾക്കേണ്ട ഒച്ചയും ബഹളവും ഒന്നും കേൾക്കാനില്ല. മുറിയിലുള്ള സവ്വരുടേയും ദൃഷ്ടി കൾ ഒരൊററ ഒന്നെന്നപോലെ അകത്തുള്ള ഒരു ഇരുണ്ട വിഗ്രഹത്തിൽ കേന്ദ്രീകരിച്ചുനിന്നിരുന്നു.

ഞാൻ കിനാവുകണ്ടിട്ടുള്ള കഥകളിലെ ഷെയ്നാ യിരുന്നു അത്. നിവ്വികാരനും ഭീകരനും. തന്റെ സ്വന്തം പൂണ്ണതയിൽ ഏകാകിയായി, ആളുകളെക്കൊണ്ടു നിറ ഞ്ഞ ആ മുറിയെ അഭിമുഖീകരിച്ചുകൊണ്ട് അയാൾ നില്ക്കുകയാണ്.

ഷെയ്നിൻെറ ദൃഷ്ടികൾ ആ മുറിയാകെ പരതി നടന്നു. ഹാററ് മുമ്പോട്ടു സ്വല്പം ചെരിച്ചു താഴ്ത്തിധരി ച്ച് മുൻവശത്തെ മൂലയിലൊരു കൊച്ചുമേശയ്ക്കരികിൽ ഇരിക്കുന്ന. വ്യക്തിയിൽ ആ കണ്ണുകൾ ചെന്നുനിന്നു. സ്റ്റാർക് വിൽസണായിരുന്നു ആ ഇരിക്കുന്നതെന്ന് എ നിക്കു മനസ്സിലായി. വിചിത്രമായ ഒരു മുഖഭാവത്തോ ടെ അയാൾ ഷെയ്നിനെ പരിശോധിക്കുകയായിരുന്നു. ഷെയ്നിൻെറ ദൃഷ്ടികൾ ഓരോ ആളിലേക്കും കടന്നു

ചെന്നു. ചുവരിന്നരികിൽ ഉള്ള ഒരു രൂപത്തിൽ അതു വീണ്ടും തങ്ങി. ആ കണ്ണുകളിലപ്പോൾ ഒരു മന്ദസ്മിതത്തിൻെറ തുടക്കം തെളിഞ്ഞു. ആ രൂപം ക്രിസ്സിൻെറതായിരുന്നു. അയാളുടെ കൈകൾക്കു ബാൻഡേജിട്ടിട്ടുണ്ട്. ഭാരംമുഴുവൻ ഒരു കാലിൽനിന്നു് മറേറ കാലിലേക്കു മാററി അയാൾ ചുമൽ ഒന്നു നിവർത്തി. അയാളുടെ മുഖത്തു് ഒരു പുഞ്ചിരി പതുക്കെപ്പതുക്കെ വിടർന്നു. സൗഹൃദം നിറഞ്ഞ, ഹൃദയംഗമമായ ഒരു മന്ദസ്മിതം. അവസാനം സ്വന്തം മനോഗതി മനസ്സിലാക്കിയ ഒരാളുടെ മന്ദസ്മിതം.

പക്ഷേ, ഷെയ്നിന്റെ കണ്ണുകൾ വീണ്ടും സഞ്ചാരമാരംഭിച്ചിരുന്നു. അവ റെഡ് മാർലിനിൽച്ചെന്നു് വിശ്രമിച്ചു. പിന്നെ വിൽ ആററ്കിയിലേക്കു ചെന്നു. ബാറിനു പിന്നിൽ അയാൾ സ്വയം ചെറുതാകാൻ ശ്രമിക്കുകയായിരുന്നു.

"എവിടെ ഫ്ളെച്ചർ?"

"എനിക്കു്—എനിക്കു് അറിഞ്ഞുകൂട. സ്വല്പം മുമ്പു് അയാൾ ഇവിടെ ഉണ്ടായിരുന്നു." ആ നിശ്ശബ്ദതയുടെ നടുവിൽ സ്വന്തം ശബ്ദംതന്നെ അയാളെ ഭയപ്പെടുത്തി. വീഴാതിരിക്കാൻവേണ്ടി ബാറിൻെറ ഉൾഭാഗത്തെ അററങ്ങൾ പിടിച്ചുനിന്നു.

ബാറിന്നരികെ നില്ക്കുന്നവരേയോ, അടുത്തുകൂടി മുറിയുടെ അറ്റത്തേക്കു കടന്നുപോയവരേയോ ലവലേശം ശ്രദ്ധിക്കാതെ, ഷെയ്ൻ മുന്നോട്ടുകടന്നു. വാതിൽക്കൽക്കൂടി ഗ്രാഫ്ററൺൻെറ ഓഫീസിലേക്കും അവിടെനിന്നു് അന്ധകാരത്തിലേക്കും അയാൾ കടന്നുചെന്നു.

ആ നിശ്ശബ്ദത എന്നിട്ടും അതേപടി തുടർന്നുപോയി. അയാൾ ഓഫീസിന്റെ വാതിൽക്കൽ വീണ്ടും

എത്തി. കണ്ണുകൾ റെഡ് മാർലിനിൽത്തന്നെ തറച്ചു നിന്നു.

"ഫ്ളെച്ചർ എവിടെ?"

അറ്റത്തെ മൂലയിൽനിന്നു സ്റ്റാർക് വിൽസൺ എഴുന്നേററു നിന്നു.

"സ്റ്റാറെററ് എവിടെ?"

ആ വാക്കുകൾ അന്തരീക്ഷത്തിൽത്തന്നെ തങ്ങി നില്ക്കുകയാണ്. അതിന്നിടയിൽ ഷെയ്ൻ മുറിയുടെ മുൻവശത്തേക്കു നീങ്ങി. വിൽസണും അടുക്കുകയായിരുന്നു. അയാൾ വാതിൽക്കലേക്കു നടന്നു. എല്ലാവർക്കും ഇടതുവശത്തു് ഭിത്തിയിൽനിന്നു് ഏതാനും അടിയകലെ അയാൾ നിലയുറപ്പിച്ചു. ബാറിനും മേശകൾക്കും ഇടയിലുള്ള വിശാലമായ സ്ഥലം. മുമ്പിൽ തുറന്നുകിടക്കുന്ന നിലയിലായിരുന്നു ആ നില്പു്. ഷെയ്ൻ ആ ഭാഗത്തേക്കു കടന്നുവരികയുമായിരുന്നു.

വിൽസണിൽനിന്നു് അഞ്ചുവാരയോളം അകലെ ഷെയ്ൻ നിന്നു. ആ സംവിധാനം അയാൾക്കു പിടിച്ചില്ല. വിൽസന്നടുത്തു മുൻവശത്തു് ഭിത്തിയുണ്ടു്. തന്റെ മുമ്പിലാകട്ടെ മുറിയുടെ തുറന്നഭാഗമാണു്.

അവരിരുവരും അന്യോന്യം നോക്കി. ബാറിന്നടുത്തുണ്ടായിരുന്നവർ മുറിയുടെ മറ്റേ അറ്റത്തേക്കു പാഞ്ഞുചെല്ലുന്ന ധൃതിയിൽ പരസ്പരം കൂട്ടിമുട്ടി. വിൽസണു് തികഞ്ഞ ആത്മവിശ്വാസമുണ്ടു്. ഷെയ്നെന്ന പദത്തിൻെറ ഭയാനകമായ അർത്ഥം കണ്ണിൽപ്പെടാതെ പോകുന്ന കൂട്ടത്തിലായിരുന്നില്ല അയാൾ. എങ്കിലും ആ താഴ്വരയിൽ തന്നോടു് ആരെങ്കിലും കിടപിടിച്ചു നില്ക്കുമെന്ന വിശ്വാസം അയാൾക്കു് അപ്പോഴുമുണ്ടായിരുന്നില്ല എന്നു് എനിക്കു തോന്നി.

"സ്റ്റാറെറ്റ് എവിടെ?" അയാഠം ഒരിക്കൽക്കൂടി ചോദിച്ചു. ഇത്തവണ യഥാൎത്ഥത്തിൽ ഒരു ചോദ്യം എന്ന നിലയ്ക്കുതന്നെയാണു് അയാഠം ചോദിച്ചതു്.

അങ്ങനെ ഒരു ചോദ്യമേ ഉണ്ടായിട്ടില്ല എന്ന മട്ടിൽ ആ വാക്കുകഠം ഷെയ്നിനേയും കടന്നു പോയി.

"എനിക്കു് ഫ്ളെച്ചറോടു സ്വല്പം സംസാരിക്കാനുണ്ടായിരുന്നു," ഷെയ്ൻ ശാന്തമായി പറഞ്ഞു. "അതിരിക്കട്ടെ. വിൽസൺ, നിങ്ങഠം ഒരെട്ടത്തുചാട്ടക്കാരനാണു്. അതിനാൽ ആദ്യം നിങ്ങളുമായി ഇടപെടുകയാണു നല്ലതെന്നുതോന്നുന്നു."

വിൽസൺൻെറ കണ്ണുകഠം മഞ്ഞുകട്ടകഠംപോലായി. "എനിക്കു നിങ്ങളോടു വഴക്കില്ല. നിങ്ങഠം സ്റ്റാറെററിൻെറ ആളാണു്. എന്നാലും ശരി. ഇവിടന്നു പൊയ്ക്കോ. ഞാൻ തടഞ്ഞു നിൎത്തുകയില്ല. എനിക്കാവശ്യം സ്റ്റാറെറ്റിനെയാണു്."

"വിൽസൺ, നിങ്ങഠം കൊതിക്കുന്നതൊന്നു്; നിങ്ങഠംക്കു കിട്ടുന്നതു മറെറാന്നു്. രണ്ടും രണ്ടാണു്. കൊല്ലും കൊലയും നടത്തുന്ന നിങ്ങളുടെ ആ കാലമൊക്കെ പമ്പകടന്നുകഴിഞ്ഞു."

വിൽസണു് കാര്യം വ്യക്തമായി. അയാഠംക്കു് ആ പറഞ്ഞതിൻെറ അൎത്ഥം മനസ്സിലാകുന്നതു പ്രകടവുമായിരുന്നു. ഏണീ റൈറ്റിനെപ്പോലെത്തന്നെയാണു് ആ പാവം മനുഷ്യൻ ഷെയ്നിനേയും കണക്കാക്കിയിരുന്നതു്. ഷെയ്നിനെ ഒന്നാളന്നുനോക്കിയപ്പോഠം കാര്യം അത്ര പന്തിയായിരുന്നില്ല. പേടി എന്നു പറയാൻ വയ്യാത്ത എന്തോ ഒന്നു്, ഒരുതരം അതിശയം അയാളുടെ മുഖത്തു പ്രത്യക്ഷമായി. പക്ഷേ, രക്ഷയില്ല. ആ സൗമ്യമായ ശബ്ദം വിട്ടുകൊടുക്കുന്ന ലക്ഷണമില്ല.

"ഞാൻ കാത്തുനില്ക്കുകയാണ്, വിൽസൺ. ഞാനങ്ങോട്ടുവന്ന് നിങ്ങളെ തോക്കെടുക്കുവാൻ നിർബ്ബന്ധിക്കണമെന്നുണ്ടോ?"

സമയം നിശ്ചലമായിരുന്നു. ദൃഷ്ടികളിൽ ദൃഷ്ടിയൂന്നിക്കൊണ്ടു നില്ക്കുന്ന ആ രണ്ടുപേർ ഒഴികെ ഈ ലോകത്തു് ആരും വേറെയില്ല എന്നു തോന്നി. പെട്ടെന്ന് വെടിയുടെ ശബ്ദംകൊണ്ടു മുറി മുഴുവൻ പ്രകമ്പനം കൊണ്ടു. അവിശ്വസനീയമായവിധം വേഗതയിലാണു സംഭവം നടന്നതു്. അതുകൊണ്ടതു മിക്കവാറും അദൃശ്യം തന്നെയായിരുന്നു. തോക്കുകളുടെ ഒച്ച അത്യുച്ചവും അതിദീർഘവുമായ ഒരൊററ ശബ്ദമായിരുന്നു. മരം പോലെ ഉറച്ചു കാലൂന്നിക്കൊണ്ടു് ഷെയ്ൻ അങ്ങനെ നിന്നു. വിൽസൺ പതുക്കെ അങ്ങോട്ടും ഇങ്ങോട്ടും മാറി. അയാളുടെ വലതുകൈ ഉപയോഗശൂന്യമായി തൂങ്ങിക്കിടന്നു. അതിൽനിന്നു രക്തം വാർന്നൊലിക്കാൻ തുടങ്ങി. വിരലുകളുടെ പിടിവിട്ടു തോക്കു നിലത്തു വീഴുകയും ചെയ്തു.

അവിശ്വസനീയമായ ഒരു മുഖഭാവത്തോടുകൂടി അയാൾ ചുവരിലേക്കു ചാരി. ഇടതുകൈ അടുത്ത തോക്കിലേക്കു നീങ്ങി. ഷെയ്ൻ അപ്പോൾ ഒരു വെടി കൂടി വച്ചു. ഉണ്ട അയാളുടെ നെഞ്ചത്തുതന്നെ തുളച്ചു കയറി. വിൽസൺ മന്ദംമന്ദം ഭിത്തിയിലേക്കു നീങ്ങി. ഒടുവിൽ നിർജ്ജീവമായ ആ ശരീരം ഒരു വശത്തേക്കു ചരിഞ്ഞു നിലത്തു വീണു.

ഷെയ്ൻ ആ ഒഴിഞ്ഞ സ്ഥലത്തേക്കു നോക്കി. തോക്ക് ഉറയിലേക്കു തിരുകിയപ്പോൾ അയാൾ മററെല്ലാം മറന്നുപോയതുപോലെ തോന്നി. "ഞാനയാൾക്ക് രക്ഷപ്പെടാൻ ഒരവസരം നൽകിയിരുന്നു," അയാൾ

വലിയ ഖേദത്തോടുകൂടി പറഞ്ഞു. പക്ഷേ, എന്നെ സംബന്ധിച്ചിടത്തോളം ആ വാക്കുകൾക്കു് ഒരർത്ഥവുമില്ലായിരുന്നു. കാരണം, അയാളുടെ കടും തവിട്ടുനിറത്തിലുള്ള ആ ഷർട്ടിൽ ആ ഇരുണ്ട ബിന്ദു വലുതായി വരുന്നതു് എൻെറ ശ്രദ്ധയിൽപ്പെട്ടു. മററുള്ളവരും അതു ശ്രദ്ധിച്ചിരുന്നു. അന്തരീക്ഷത്തിൽ ഒരു ചലനമുണ്ടായി. മുറിയാകെ ജീവൻവച്ചുവരികയായിരുന്നു.

ശബ്ദങ്ങൾ ഉയൎന്നുതുടങ്ങി. പക്ഷേ, മുറിയുടെ പിറകിൽനിന്നുയൎന്ന ഒരു വെടിയൊച്ച ആ ശബ്ദജാലം മുഴുവൻ സ്തംഭിപ്പിച്ചു. ഷെയ്നിൻെറ ഷർട്ടിൻെറ ചുമലിൽക്കൂടി ഉരുക്കേറിയ ഒരു കാററു സ്പർശിച്ചതായി എനിക്കു തോന്നി. അററത്തെ ജനലിൻെറ മുൻവശം അടിഭാഗത്തിനു സമീപം തകൎന്നുപോയി.

അപ്പോൾ ഞാനതു കണ്ടു.

ആ കാഴ്ച എനിക്കു മാത്രം ലഭിച്ച ഒന്നായിരുന്നു. മററുള്ളവർ മുറിയുടെ പിൻവശത്തേക്കു നോക്കാൻ തല തിരിച്ചിരുന്നു. എൻെറ കണ്ണുകൾ ഷെയ്നിൽത്തന്നെ തറച്ചുകിടക്കുകയാണു്. ഞാനതു കാണുകയും ചെയ്തു. ആ മനുഷ്യൻ ആകെ ചലിക്കുന്നതു ഞാൻ കണ്ടു. അയാളുടെ ശരീരത്തിൻെറ എല്ലാ അംശവും പെട്ടെന്നു് ഒരൊററ നിമിഷത്തിൽ ചലിക്കുന്നതുകണ്ടു. ആ ശിരസ്സും, ശരീരവും, കാലുകളുടെ ശക്തിയും ഞാൻ കണ്ടു. കൈത്തണ്ട ഉയരുന്നതും കൈ തോക്കിനെ ഗ്രസിക്കുന്നതും കണ്ടു. ചൂണ്ടി നില്ക്കുന്ന ഒരു വിരൽപോലെ ആ തോക്കു കണ്ടു. അയാൾ സ്വയം ശ്രദ്ധിച്ചുകൊണ്ടു നില്ക്കേത്തന്നെ ആ വെടി പൊട്ടുന്നതും കണ്ടു. രണ്ടാമതും ഒരു വെടികൂടി വയ്ക്കാൻ തയ്യാറെടുത്തുനിന്നിരുന്ന ഫ്ളെച്ചർ തുറന്നിട്ട വാതിലിൽക്കൂടി മറിഞ്ഞുവീണു.

മുന്നോട്ടാഞ്ഞു തോക്കുയർത്താൻ അയാൾ ഒന്നു ശ്രമിച്ചു. പക്ഷേ, ശക്തി മുഴുവൻ അയാളെ വിട്ടകന്നു പൊയ്ക്കൊണ്ടിരിക്കുകയായിരുന്നു. അതോടൊപ്പം പ്രാണനും.

ആ മുറിയുടെ നിശ്ശബ്ദതയിൽ, അകലെയെങ്ങോ നിന്നെന്നപോലെ ഷെയ്നിന്റെ ആ ശബ്ദം കേട്ടു: "ഇതോടെ അതെല്ലാം അവസാനിച്ചുവെന്നു തോന്നുന്നു," അയാൾ പറഞ്ഞു. അയാളുടെ ഷർട്ടിലെ ആ ഇരുണ്ട പാടിന് ഇപ്പോൾ കുറേക്കൂടി വലിപ്പം വച്ചിരുന്നു. പക്ഷേ, അയാളതു ശ്രദ്ധിക്കുകയോ അറിയുകയോ ചെയ്തിട്ടുള്ളതായി തോന്നിയില്ല. കൈകൾ സംശയരഹിതവും ദൃഢവുമായിരുന്നു. അവ പതുക്കെ ചലിച്ചു. തോക്ക് അതിന്റെ കനംകൊണ്ടു സ്വയം തോക്കുറയിലേക്കു താഴ്ന്നു.

ചുമലുകൾ വാതിലിൽ സ്പർശിക്കുന്നതുവരെ അയാൾ പിറകോട്ടു നീങ്ങി. ആ കണ്ണുകളിലുണ്ടായിരുന്ന തിളക്കം പൊയ്പ്പൊഴിഞ്ഞിരുന്നു. അയാൾ അവിടെയങ്ങനെ നില്ക്കെ വിചിത്രമായ ഒരു സംഭവവുമുണ്ടായി.

അതെങ്ങനെ വിവരിച്ചു പറഞ്ഞു മനസ്സിലാക്കാൻ കഴിയും? അയാളിൽ വന്ന ആ പരിവർത്തനം? അയാളുടെ അന്തരാത്മാവിൽനിന്ന് ഒരു പുതിയ ജീവൻ വന്നു. ബലഹീനതയെ അടിച്ചു നീക്കംചെയ്യുന്ന ശക്തിയുടെ ഒരു തരംഗംപോലെയാണതു വന്നതു്. അതു പെരുകിപ്പെരുകി അയാളിലൂടെ പഴയ ആ ശക്തി പ്രവഹിപ്പിച്ചു. ഒടുവിൽ അയാളുടെ ശരീരത്തിന്റെ ഓരോ രേഖയിലും അതു ഗാനം പൊഴിക്കാൻ തുടങ്ങി.

മുറി നിറയെയുള്ള ആളുകളെ അയാൾ നോക്കി. ഒരൊററ നോട്ടംകൊണ്ടു് അവരെക്കുറിച്ചെല്ലാം പഠിച്ചു

മനസ്സിലാക്കി. അവരോട്ട് സൗമ്യമായ സ്വരത്തിൽ അയാഠം പറഞ്ഞു:

"ഞാനിപ്പോഠം പോകുന്നു. ഒററ ഒരുത്തൻപോലും എന്നെ പിന്തുടരരുത്."

അയാഠം പുറംതിരിഞ്ഞു നടന്നു. തൻെറ ആജ്ഞ അവർ അനുസരിക്കുമെന്ന് അയാഠംക്കറിയാമായിരുന്നു. തുറന്നിട്ട വാതിലിനെ അഭിമുഖീകരിച്ച് നിവന്നും അത്ഭുതകരമായും അയാഠം നിന്നു. ആ വാതിലുകഠം ക്കുപരി രാത്രിയിലെ നീലാകാശത്തിൻെറ ഒരു ഭാഗം ഗോചരീഭവിച്ചു. അടുത്ത നിമിഷം ഒരു നേത്ത ശബ്ദത്തോടുകൂടി ആ കതകുകഠം അടഞ്ഞു.

മുറിയാകെയിപ്പോഠം വളരെ സജീവമായിരുന്നു. വിൽസൺൻെറയും ഫ്ളെച്ചറുടെയും മൃതദേഹങ്ങഠംക്കു ചുററും ആളുകഠം ഉച്ചത്തിൽ സംസാരിച്ചുകൊണ്ടു് തിക്കിക്കൂടി. ആരോ വകഞ്ഞു മാററിയിട്ടതുപോലെ കതകിന്നടുത്തു് സ്വല്പം സ്ഥലം ഒഴിഞ്ഞുകിടന്നിരുന്നു.

അവർ എന്തു ചെയ്യുന്നെന്നോ പറയുന്നെന്നോ ഞാൻ ശ്രദ്ധിക്കുകയുണ്ടായില്ല. എനിക്കാവശ്യം ഷെയ്നിനെ കാണുകയാണ്. സമയം വൈകുംമുമ്പുതന്നെ അയാളുടെ അടുത്തെത്തുകയും വേണം.

ഞാൻ സ്റ്റോറിലെ വാതിലിൽക്കൂടി പുറത്തേക്കു് ഓടി. അയാഠം കുതിരപ്പുറത്തുകയറി യാത്രയാകാൻ ഒരുങ്ങിക്കഴിഞ്ഞിരുന്നു. "ഷെയ്ൻ!" ഞാൻ വിളിച്ചു. അകത്തുള്ളവരാരും കേഠംക്കാതെ, ഉച്ചത്തിൽ വിളിക്കാൻ ഞാൻ ധൈര്യം പ്രദർശിപ്പിച്ചു.

"ഓ, ഷെയ്ൻ."

അയാഠം അതു കേട്ടു തിരിഞ്ഞു. കുതിരപ്പുറത്തിരിക്കുന്ന അയാളെ ഞാൻ നോക്കി.

"ബോബി, ബോബിക്കുഞ്ഞേ, നീയെന്താണിവിടെ ചെയ്യുന്നതു്?"

അയാൾ എൻെറ നേരെ കൈ നീട്ടി. പക്ഷെ, വേദന സഹിക്കാതെ ആ കൈ ഷർട്ടിൻെറ മുൻവശത്തേക്കു നീക്കി. വേദനിക്കുന്ന ഭാഗം അയാൾ അമർത്തിപ്പിടിച്ചു.

എനിക്കുണ്ടായ വേദന അസഹ്യമായിരുന്നു. ഞാനൊരു കുട്ടിയായിരുന്നതുകൊണ്ടും നിസ്സഹായനായിരുന്നതുകൊണ്ടും മുഖം തിരിച്ചു. കുതിരയുടെ ദൃഢവും ചൂടുള്ളതുമായ വാരിയിൽ മുഖമമർത്തിപ്പിടിച്ചു.

"ബോബ്!"

"എന്താ ഷെയ്ൻ?"

"ബോബ്, മനുഷ്യൻ എന്താണോ അതായിരിക്കും. അതിൽ മാററം വരുത്താനാവില്ല. ഞാൻ ശ്രമിച്ചുനോക്കി. പക്ഷെ, പരാജയമടഞ്ഞു. എന്നാൽ എനിക്കതു് അറിയാമായിരുന്നു എന്നു തോന്നുന്നു. റോഡരികെ വേലിപ്പുറത്തു് ഒരു ചെറിയ കുട്ടി ഇരിക്കുന്നതും, മറ്റൊരു കുട്ടിക്കും ലഭ്യമല്ലാത്ത രീതിയിൽ അവനു പിന്തുണ നൽകാൻ കഴിവുള്ള ഒരു യഥാർത്ഥപുരുഷൻ അവനു പിറകിൽ ഇരിക്കുന്നതും കണ്ട ആ നിമിഷംമുതൽക്കു് എനിക്കതറിയാമായിരുന്നു."

"പക്ഷെ—പക്ഷെ—ഷെയ്ൻ—നിങ്ങൾ!"

"ബോബ്, ഒരു കൊല നടത്തിക്കഴിഞ്ഞാൽ പിന്നെ അതിൽനിന്നു് പിറകോട്ടു പോകുക സാധ്യമല്ല. ഇനിയെല്ലാം നീയാണു ചെയ്യേണ്ടതു്. അമ്മയുടെയും അച്ഛൻെറയും അടുത്തേക്കു് തിരിച്ചുപോകൂ. ശക്തനും നല്ലവനുമായി വളരൂ. അവരെ നോക്കൂ. അവരെ രണ്ടുപേരെയും."

"ശരി, ഷെയ്ൻ!"

"അവക്കുവേണ്ടി എനിക്കിനി ഒരു കാര്യംകൂടി മാത്രമേ ചെയ്യാൻ കഴിവുള്ളൂ."

ആ കുതിര എന്നിൽനിന്നു് അകന്നു നീങ്ങുന്നതായി എനിക്കു തോന്നി. ഷെയ്ൻ റോഡിലേക്കും ആ തുറന്ന സമതലത്തിലേക്കും നോക്കി. അയാൾ സവാരി ചെയ്തു് അകലുകയായിരുന്നു. ഒരു ചിന്തയ്ക്കും ഒരു വാക്കിനും അയാളെ പിടിച്ചുനിത്താനാവുകയില്ല, എനിക്കറിയാം. ആ ക്രൂററൻകുതിര താഴ്വരയിലേക്കു വന്നവഴിയെതന്നെ തിരിച്ചുപോയിത്തുടങ്ങിയിരുന്നു. ജനലിൽക്കൂടെ പുറത്തു വന്ന വെളിച്ചത്തിൻെറ പിടികൾക്കുമപ്പുറത്തു കടന്നപ്പോൾ റോഡിൽ ഒരൊററ ഇരുണ്ട രൂപമായി ആ രണ്ടു ജീവികളും, ആ കുതിരയും ആ മനുഷ്യനും രൂപാന്തരപ്പെട്ടു.

താഴ്വരയും കടന്നു് അപ്പുറത്തു പരന്നുകിടക്കുന്ന പ്രദേശത്തേക്കു് അയാളങ്ങനെ പൊയ്ക്കൊണ്ടിരുന്നതു് ഞാൻ നോക്കിക്കൊണ്ടു നിന്നു——എല്ലാം നഷ്ടപ്പെട്ടു് ഏകാകിയായി.

ഗ്രാഫ്ററൺൻെറ കടയ്ക്കു പുറത്തു് കണ്ണീർ മറയ്ക്കാൻവേണ്ടി കൈത്തണ്ടകളിൽ മുഖമമത്തി നില്ക്കുന്ന എന്നെ മിസ്റ്റർ വെയർ കണ്ടെത്തി. അയാൾ എന്നെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി.

## അദ്ധ്യായം പതിനഞ്ച്

ഞാനവിടെനിന്നു പോരുമ്പോഴുള്ളപോലെ അച്ഛനും അമ്മയും അടുക്കളയിലുണ്ടു്. അച്ഛൻെറ അടുത്തു

ചേത്ത് അമ്മ അവരുടെ കസേരയിട്ടിട്ടുണ്ട്. അച്ഛൻ എഴുന്നേററു് ഇരിക്കുകയാണു്. ചെള്ളയിൽ ആ ചുവന്ന പാടു തെളിഞ്ഞുകാണാം. അവർ ഞങ്ങളെ കാണാൻ ഇങ്ങോട്ടു വരികയുണ്ടായില്ല. അങ്ങോട്ടു കടന്നുചെല്ലുന്നതും നോക്കി കസേരയിൽത്തന്നെ അനങ്ങാതെ ഇരുന്നതേയുള്ളു.

അവർ എന്നോടൊന്നും പറഞ്ഞില്ല. അമ്മ കൈയെത്തി എന്നെ അടുത്തേക്കു പിടിച്ചുവലിച്ചു മടിയിലിരുത്തി. കഴിഞ്ഞ മൂന്നോ അതിൽ കൂടുതലോ വർഷമായി ഞാൻ അമ്മയുടെ മടിയിലിരുന്നിട്ടില്ല. അച്ഛൻ വെയററുടെ നേരെ ഒന്നു നോക്കുകമാത്രം ചെയ്തു. ആദ്യം സംസാരിച്ചുതുടങ്ങാൻ അദ്ദേഹത്തിനു ധൈര്യം വന്നില്ല.

"നിങ്ങളുടെ എല്ലാ കുഴപ്പവും തീന്നു, സ്റ്റാറെറ്റ്?"

"അവർ അങ്ങോട്ടു കടന്നുപിടിക്കുംമുമ്പു് അയാഠം വിൽസണെ കൊന്നെന്നാണോ പറയുന്നതു്? എനിക്കതറിയാം. ഷെയ്നാണതു്."

"വിൽസണെ മാത്രമല്ല, ഫ്ളെച്ചറേയും," വെയർ പറഞ്ഞു.

"ഫ്ളെച്ചറേയും? എൻെറ ദൈവമേ, അതേ, അയാഠം അതു ചെയ്യും," തലയിലുള്ള ചുകന്ന പാടിൽ വിരലോടിച്ചുകൊണ്ടു് അച്ഛൻ പറഞ്ഞു: "താൻ ഒററയ്ക്കു ചെയ്യാനാഗ്രഹിക്കുന്ന കാര്യം ഇതാണെന്നു് അയാഠം പറഞ്ഞിരുന്നു. കേട്ടോ, വെയർ, ഇവിടെയിങ്ങനെ കാത്തിരിക്കേണ്ടിവന്നതാണു് എനിക്കു നേരിടേണ്ടിവന്ന ഏററവും ശ്രമകരമായ കൃത്യം."

വെയർ ആ ചുവന്ന പാടിൽ നോക്കി: "ഞാനങ്ങനെ വിചാരിച്ചു. കേട്ടോ, സ്റ്റാറെറ്റ്, നിങ്ങഠം സ്വമേധയാ അല്ല വീട്ടിൽത്തന്നെ ഇരുന്നതെന്നു് അറിയാത്ത

വരായി പട്ടണത്തിലാരും ഇല്ല. രാത്രി സലൂണിലെത്തിയത്ത് ഷെയ്നാണ് എന്ന കാര്യമോർത്ത് സന്തോഷിക്കാത്തവർ ചുരുക്കവുമാണ്."

ഞാൻ അറിയാതെ പെട്ടെന്നു പറഞ്ഞുപോയി: "അച്ഛാ, അച്ഛൻ അയാളെ കാണേണ്ടതായിരുന്നു. അയാൾ—അയാൾ—" എനിക്ക് ആദ്യം ആ വാക്കുകൾ കിട്ടിയില്ല. "അയാൾക്ക് എന്തൊരു ചന്തമായിരുന്നു, അച്ഛാ. പിന്നീട് അയാൾ എന്നോടു ചില കാര്യങ്ങൾ പറയുകയും ചെയ്തു."

"നിന്നോടു പറഞ്ഞു!" അച്ഛൻ ചാടിയെഴുന്നേറ്റു ചോദിച്ചു. അദ്ദേഹം വെയറുടെ കോട്ടിൻെറ മുൻവശത്തു കടന്നുപിടിച്ചു. "ഈശ്വരാ! ഹേ മനുഷ്യാ, നിങ്ങൾ അതു് എന്നോടു പറയാതിരുന്നതെന്താ? അപ്പോൾ അയാൾ ജീവനോടെ ഇരിക്കുന്നുണ്ടോ?"

"ഉവ്വ്," വെയർ പറഞ്ഞു. "അയാൾ യാതൊരു കുഴപ്പവുമില്ലാതെ ജീവനോടിരിക്കുന്നു. വിൽസൺ അയാളെ നേരിടുകയുണ്ടായി. പക്ഷേ, ഒരു ഉണ്ടയ്ക്കുപോലും അയാളെ കൊല്ലാൻ കഴിഞ്ഞില്ല." ഇതിൽനിന്നെല്ലാം വളരെയകന്ന മുഖഭാവത്തോടെ വെയർ പറഞ്ഞു: "ആർക്കെങ്കിലും അതിനു കഴിയുമോ, എന്നെങ്കിലും, എന്നു ചിലപ്പോൾ ഞാൻ ആലോചിക്കയാണ്."

അച്ഛൻ അയാളെ പിടിച്ചു കുലുക്കിക്കൊണ്ടു ചോദിച്ചു: "അയാൾ ഇപ്പോഴെവിടെയാണ്?"

"പോയി," വെയർ പറഞ്ഞു. "അയാൾ പോയികഴിഞ്ഞു. ഒററയ്ക്കു്, ആരും പിന്തുടരാതെ. അയാൾ നിർദ്ദേശിച്ചപടിതന്നെ അവരാരും പിന്തുടരുകയുണ്ടായില്ല. അയാൾ താഴ്വരയിൽനിന്നേ പോയി. എങ്ങോട്ടെന്നു് ആർക്കും ഒരെത്തുംപിടിയുമില്ല." അച്ഛന്റെ കൈ

കൾ താഴോട്ടു വഴുതിവീണു. അദ്ദേഹം സാവധാനം കസേരയിൽ ഇരുന്നു. നിലത്തുനോക്കിക്കൊണ്ടു് അദ്ദേഹം അവിടെത്തന്നെ ഇരിപ്പായി. അപ്പോൾ പുറത്തു് ആരുടെയോ കാലൊച്ച പിന്നെയും കേട്ടു. തുടന്നു്, ഒരു രൂപം അടുക്കളയിലേക്കു കയറിവന്നു.

ക്രിസ് ആയിരുന്നു അതു്. അയാളുടെ വലതുകൈയിൽ തുണികൊണ്ടു് ഒരു കെട്ടുണ്ടു്. കണ്ണുകൾക്കു് അസ്വാഭാവികമായ ഒരു തിളക്കവും. മുഖം അരുണാഭമായിരുന്നു. ഇടതുകൈയിൽ ഒരു കുപ്പിയുണ്ടു്—ഒരുകുപ്പി ചുവന്ന സോഡാക്രഷ്. അയാൾ നേരെ കടന്നുവന്നു കുപ്പി മേശപ്പുറത്തു് ഊക്കോടെ വച്ചു. താനുണ്ടാക്കിയ ഒച്ചയോത്തു് അയാൾ ആശ്ചര്യപ്പെട്ടതുപോലെ കാണപ്പെട്ടു. അയാളുടെ ശബ്ദത്തിനു് എന്തോ തകരാറുണ്ടായിരുന്നു. പക്ഷേ, സംസാരം ദൃഢമായിട്ടായിരുന്നു.

"ഞാനിതു കൊണ്ടുവന്നതു ബോബിനെക്കരുതിയാണു്. സ്റ്റാറെറ്റ്, ഷെയ്നിൻെറ മിടുക്കു് എനിക്കില്ല. പക്ഷേ, ഈ കൈ സുഖമായാൽ എന്നെ ഇവിടെ ജോലിക്കു നിത്തണമെന്നപേക്ഷിക്കുന്നു."

അച്ഛൻെറ അധരപുടം ചലിച്ചു. പക്ഷേ, ശബ്ദമൊന്നും പുറത്തുവന്നില്ല. അമ്മയാണു് അതു പറഞ്ഞതു്: "ക്രിസ്, ഷെയ്ൻ ഇതു തീർച്ചയായും ഇഷ്ടപ്പെടും."

എന്നിട്ടും അച്ഛൻ ഒന്നും പറഞ്ഞില്ല. തങ്ങൾ എന്തു പറഞ്ഞാലും ചെയ്താലും പ്രയോജനമുണ്ടാവില്ലെന്നു് അദ്ദേഹത്തെ നോക്കിയപ്പോൾ ക്രിസ്സിനും വെയക്കും മനസ്സിലായിക്കാണണം. അവർ ഒപ്പം തിരിച്ചുപോയി.

അമ്മയും ഞാനും അച്ഛനെത്തന്നെ നോക്കി

കൊണ്ടു് അവിടെ ഇരുന്നു. ഞങ്ങൾക്കു ചെയ്യാവുന്നതു് യാതൊന്നുമില്ലായിരുന്നു. അദ്ദേഹത്തെ കണ്ടാൽ ജീവൻ നിലച്ചുപോയെന്നു തോന്നും. ആ മട്ടിലായിരുന്നു അച്ഛന്റെ ഇരിപ്പു്. പെട്ടെന്നു് എഴുന്നേറ്റു് അദ്ദേഹം അങ്ങോട്ടുമിങ്ങോട്ടും ഉലാത്താൻ തുടങ്ങി. പിന്നെ പുറത്തേക്കു കടന്നു. വീട്ടിനു സമീപത്തായി അദ്ദേഹത്തിന്റെ കാലൊച്ചകേട്ടുകൊണ്ടിരുന്നു. ആ ശബ്ദം പിന്നീടു വയലിലേക്കു നീങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ കേൾക്കാതാവുകയും ചെയ്തു.

എത്രനേരം ഞങ്ങളവിടെ ഇരുന്നു എന്നു് എനിക്കറിഞ്ഞുകൂടാ. ഒടുവിൽ, അമ്മ എഴുന്നേററു. അവർ അപ്പോഴും എന്നെ കെട്ടിപ്പിടിച്ചിരുന്നു. അവരുടെ ശക്തി കണ്ടു് എനിക്കു് അത്ഭുതംതോന്നി. അവർ എന്നെ അമർത്തി അണച്ചു് ആശ്ലേഷിച്ചിരുന്നു. എന്റെ കൊച്ചു മുറിക്കകത്തേക്കു് അവർ എന്നെ കൊണ്ടുപോയി. ആ ഇരുട്ടിൽ ഉടുപ്പു് ഊരിയെടുക്കാൻ സഹായിച്ചു. കിടക്കയുടെ ഒരററത്തു് അവർ ഇരുന്നു. അതിനുശേഷം മാത്രമാണു്, അപ്പോൾ മാത്രമാണു് താഴ്ന്നസ്വരത്തിൽ അവർ എന്നോടു് ഇങ്ങനെ അഭ്യർത്ഥിച്ചതു്:

"പറയൂ ബോബ്, എല്ലാം പറയൂ. നീ കണ്ടതുപോലെത്തന്നെ പറഞ്ഞുകേൾപ്പിക്കൂ."

സംഭവം മുഴുവൻ ഞാനവരെ പറഞ്ഞുകേൾപ്പിച്ചു. പറഞ്ഞുതീന്നപ്പോൾ അവർ അടക്കിപ്പിടിച്ച സ്വരത്തിൽ പറഞ്ഞു: "വളരെ ഉപകാരം." അവർ ആകെക്കൂടി പറഞ്ഞതു് അത്രയും മാത്രമാണു്.

അമ്മ ജന്നലിൽക്കൂടെ പുറത്തേക്കു നോക്കി. വീണ്ടും അതേ വാക്കുകൾ ആവർത്തിച്ചു. കൃതജ്ഞതാപ്രകടനപരമായ ആ വാക്കുകൾ എന്നെ ഉദ്ദേശിച്ചു് പറ

ഞ്ഞവയല്ല. താഴ്വരയ്ക്കുമപ്പുറത്ത് ഉയന്നനില്ക്കുന്ന ചാര നിറമുള്ള പവ്വതങ്ങളിലേക്ക് അവർ അപ്പോഴും നോക്കി ക്കൊണ്ടിരിക്കുകയായിരുന്നു.

ഞാൻ ഉറക്കമായി.

ആ രാത്രി മുഴുവനും അവർ അങ്ങനെ ഇരുന്നുതന്നെ കഴിച്ചുകൂട്ടിക്കാണണം. കാരണം, കാലത്തു ഞാനുണന്ന പ്പോഠം, കിടക്കയിൽ അവർ ഇരുന്നിരുന്ന സ്ഥലത്ത് ചൂടു തോന്നിയിരുന്നു. ഞാൻ എഴുന്നേററ് അടുക്കളയി ലേക്കു പോയി നോക്കി. വാതിലിനപ്പുറത്ത് അവർ നില്പുണ്ടായിരുന്നു.

ഉടുപ്പെല്ലാമിട്ട് അടുക്കളയിൽക്കൂടെ ഞാൻ അവ രുടെ സമീപം ചെന്നുനിന്നു. ഞങ്ങഠം പരസ്പരം കരം ഗ്രഹിച്ചു. ഞങ്ങഠം ഒരുമിച്ചുതന്നെയിരിക്കണം. ഒരുമി ച്ചുതന്നെ അച്ഛനെ ചെന്നു കണ്ടുപിടിക്കണം. അതാണു ശരി.

അതങ്ങേഅററത്തു ഷെയ്ൻ ഏച്ചുകൂട്ടിയുണ്ടാക്കിയ ഏരുത്തിനടുത്ത് അദ്ദേഹം നില്ക്കുന്നതു് ഞങ്ങഠം കണ്ടു. ആററിനക്കരെ മലകളുടെ വിടവിന്നിടയിൽക്കൂടി സൂയ്യനുദിച്ചുയരാൻ തുടങ്ങിയിട്ടുണ്ടു്. പുതിയ പകലി ൻെറ തിളക്കമൊന്നു പുത്തൻ പ്രകാശം. കൈകഠം വേലി പ്പുറത്തുവച്ചു് അതിന്മേൽ തലയും ചായ്ച്ച് നില്ക്കുക യാണു് അച്ഛൻ. തിരിഞ്ഞു ഞങ്ങളെ നോക്കിയപ്പോഠം അദ്ദേഹത്തിൻെറ കണ്ണുകഠം അല്പമൊന്നു കലങ്ങിയി രുന്നു.

"മറിയൻ, ഈ താഴ്വരയും ഇവിടെയുള്ള എല്ലാ വസ്തുക്കളും കാണുമ്പോഠം എനിക്കു മടുപ്പുതോന്നുന്നു. ഇവിടെ താമസിച്ചതു മതിയായി. ഹൃദയം ഇവിടെ

നില്ക്കുന്നില്ല. നിനക്കും മകനും ക്ലേശകരമായിരിക്കുമെന്ന് അറിയാം; എന്നാലും നമുക്ക് ഇവിടെനിന്നു പോകാം. മോണ്ടാനായിലേക്കോ മറേറാ. ആ വഴിക്കു നല്ല ഭൂമിയുള്ളതായി കേട്ടിട്ടുണ്ട്."

അമ്മ അതു മുഴുവനും ശ്രദ്ധിച്ചു കേട്ടു. എൻെറ കൈ വിടുവിച്ച് അവർ നിവർന്നുനിന്നു. ആ കണ്ണുകളിൽ അപ്പോൾ കോപം പതഞ്ഞുനിന്നിരുന്നു. എങ്കിലും അച്ഛൻ പറയുന്നതു മുഴുവനും അവർ കേട്ടു.

"ജോ, ജോ സ്റ്റാറെററ്," ദേഷ്യത്തിലും കവിഞ്ഞ എന്തോ ഒരു വികാരത്തിൻെറ ആധിക്യം ആ ശബ്ദത്തിലുണ്ടായിരുന്നു. "യഥാത്ഥത്തിൽ ഷെയ്ൻ ഇവിടെത്തന്നെ താമസിക്കുകയാണു്. ആ സമയത്തു് നിങ്ങൾ ഇവിടെനിന്നു് ഓടിപ്പോകുമെന്നാണോ?"

"പക്ഷേ, മറിയൻ, നിനക്കു് മനസ്സിലാവുകയില്ല. അയാൾ പോയിക്കഴിഞ്ഞു."

"അയാൾ പോയിട്ടില്ല. ഇവിടെയുണ്ടു്. ഈ സ്ഥലത്തുണ്ടു്. നമ്മുടെ സമീപത്തുണ്ടു്. നമ്മിൽത്തന്നെയുണ്ടു്. എപ്പോഴും ഉണ്ടായിരിക്കുകയും ചെയ്യും."

ഉയർന്നുനില്ക്കുന്ന മൂലത്തൂണിന്നടുത്തേക്കു് അമ്മ ഓടിച്ചെന്നു. ഷെയ്ൻ ആണു് അതവിടെ സ്ഥാപിച്ചതു്. അവർ അതിലടിച്ചുകൊണ്ടു പറഞ്ഞു:

"നോക്കൂ, ജോ, വേഗമാകട്ടെ; ഇതിലൊന്നു പിടിക്കൂ. ഇതൊന്നു പിഴുതെടുക്കൂ."

അച്ഛൻ അവരെ അത്ഭുതപൂവ്വം നോക്കി. പക്ഷേ, അവർ പറഞ്ഞതുപോലെതന്നെ പ്രവത്തിക്കുകയും ചെയ്തു. 'വയ്യെ'ന്നു് ആ സമയം ആക്കും അവരോടു പറയാൻ സാദ്ധ്യമാവുകയില്ല. അദ്ദേഹം ആ തൂണിൽ പിടിച്ചു്

സർവ്വശക്തിയും ഉപയോഗിച്ച് പിഴുതെടുക്കാൻ ശ്രമിച്ചു. പക്ഷേ, അതവിടെത്തന്നെ നിന്നതേയുള്ളു.

അദ്ദേഹം തിരികെവന്നു. ആ മുഖം അദ്ധ്വാനം കൊണ്ടു് രക്താഭമായിരുന്നു.

"കണ്ടോ, ജോ, ഞാൻ പറഞ്ഞതു് എന്താണെന്നു മനസ്സിലായോ? ഈ മണ്ണിൽ നാം അത്രയ്ക്കുമാത്രം ഉറച്ചുപോയിരിക്കുന്നു. നമുക്കു് ഇവിടംവിട്ടു പോകുക സാദ്ധ്യമല്ല."

അപ്പോൾ, ആ പ്രഭാതം മുഴുവൻ അച്ഛന്റെ മുഖത്തു പ്രത്യക്ഷപ്പെട്ടു. കണ്ണുകളിൽ അതു തിളങ്ങി. ഒരു പുതിയ നിറവും ഒരു പുതിയ പ്രതീക്ഷയും ഒരു പുതിയ ധാരണയും അദ്ദേഹത്തിനതു് പ്രദാനം ചെയ്തു.

## അദ്ധ്യായം പതിനാറ്

പറയാനുള്ളതു് ഇത്രയും മാത്രമാണു്. പട്ടണത്തിലെ ആളുകൾക്കും സ്ക്കൂളിലെ കുട്ടികൾക്കും ഷെയ്നിനെക്കുറിച്ചു് സംസാരിക്കാൻ ഇഷ്ടമായിരുന്നു. അയാളെക്കുറിച്ചു കഥകളും ഊഹാപോഹങ്ങളും പറയാൻ അവർക്കു് താല്പര്യമായിരുന്നു. ഞാൻ ഒന്നും പറഞ്ഞില്ല. ഗ്രാഫ്റ്റന്റെ കടയിൽ ആ രാത്രി നടന്ന സംഭവങ്ങൾ താഴ്വര മുഴുവൻ പ്രസിദ്ധമായിത്തീർന്നു. പലതും പുതുതായി കൂട്ടിച്ചേർക്കപ്പെട്ടു. നദിക്കരയിലെ ആ പട്ടണത്തിന്റെ വളർച്ചയോടും വ്യാപ്തിവർദ്ധനവിനോടും ഒപ്പം ആ കഥകളും വളർന്നു, പരന്നു. പക്ഷേ, ഞാനൊന്നും പറഞ്ഞില്ല. കേട്ടുപറഞ്ഞു കേട്ടുപറഞ്ഞു് വളരെ വിചിത്രമായ ഒരു രൂപം ആ കഥകൾ കൈക്കൊ

ണ്ടിട്ടും ഞാനൊന്നും പറയാൻ പോയില്ല. ഷെയ്ൻ അ ച്ഛനും അമ്മയ്ക്കും എനിക്കും അവകാശപ്പെട്ട ആളാണു്. അതിനു് ഒരു മാററവും വരുത്താൻ ഒരിക്കലുമാവില്ല.

കാരണം, അമ്മ പറഞ്ഞതു ശരിയാണു്. അയാറം അ വിടെത്തന്നെയുണ്ടായിരുന്നു. ഞങ്ങളുടെ സ്ഥലത്തും ഞ ങ്ങളിലും കുടികൊണ്ടിരുന്നു. എനിക്കു് എപ്പോഴെങ്കിലും ആവശ്യം നേരിട്ടാൽ അയാറം അപ്പോറം അവിടെയു ണ്ടാവും. കണ്ണടച്ചിരുന്നാൽ മതി. അയാറം എത്തിച്ചേ രും. എൻെറക്കൂടെയുണ്ടാവും. അയാളെ എനിക്കു കാ ണാൻ കഴിയും. ആ ശാന്തമായ ശബ്ദം കേറംക്കാൻ സാ ധിക്കും.

വ്യത്യസ്തഘട്ടങ്ങളിൽ ഓരോന്നിലും എനിക്കു കാ ണാനിടയായ അയാളുടെ രൂപത്തെക്കുറിച്ചു് ഞാൻ ആ ലോചിച്ചുപോകും. ഗ്രാഫ്റ്റൺന്റെ സലൂണിൽവച്ചു് ഫ്ളെച്ചറുടെനേരെ തോക്കു ചൂണ്ടിയ ആ ഒററ നിമിഷ ത്തിൽ കണ്ടനിലയിലാണു് ഞാൻ അയാളെക്കുറിച്ചു് കൂടു തൽ ഓർക്കുക. ദുർഗ്രഹമായ ഒരു സുന്ദരശക്തിയുടെ കരു ത്തും ചാരുതയും ഞാൻ ഒരിക്കൽക്കൂടി കാണും. ആ മനു ഷ്യനെ, ചെയ്യേണ്ടതു ചെയ്യുന്ന ഒരു നല്ല മനുഷ്യനെ, ഞാൻ കാണും.

പട്ടണത്തിൻെറ അറ്റത്തായി ആ റോഡിൽവച്ചു് ഞാൻ അയാളെ കണ്ടസന്ദർഭത്തിലേക്കു് എന്റെ മനസ്സ് ഒടുവിൽ തിരിച്ചെത്തും. കൊല്ലാനോ, കൊല്ലപ്പെടാനോ പോകുകയാണു്. എങ്കിലും അയാറം ഒരു കൊച്ചുപയ്യ നെ സഹായിക്കാൻ വേണ്ടി നിന്നു. ആ ഭൂമിയിലേക്കാ കെ ഒന്നു നോക്കി. ആ കുട്ടിക്കു് കുട്ടിക്കാലം കഴിക്കാൻ സൗഭാഗ്യമുണ്ടായ ആ അഴകോലുന്ന ഭൂമിയിലേക്കു്.

ഒരാളായി വളരേണ്ടരീതിയിൽ വളരാൻ ആ കുട്ടിക്കു ഭാഗ്യമുണ്ടായ ആ ഭൂമിയിലേക്കു്.

പട്ടണത്തിലുള്ള ആളുകൾ ഷെയ്നിൻെറ കഴിഞ്ഞകാലചരിത്രം ചികഞ്ഞെടുക്കാൻ ശ്രമിച്ചുകൊണ്ടു് അന്യോന്യം സംസാരിക്കുന്നതു കേൾക്കുമ്പോൾ ഞാൻ നിശ്ശബ്ദനായി പുഞ്ചിരിതൂകും. അതിലെ കടന്നുപോയ ഒരു യാത്രക്കാരൻ പറഞ്ഞുകേട്ട ഒരഭിപ്രായം കുറെക്കാലം അവർ ശരിവച്ചു. ആർക്കൻസാസിലും ടെക്സാസിലും സുപ്രസിദ്ധനായ ഷാനൺ എന്നുപേരുള്ള ഒരു തോക്കുകാരനുണ്ടായിരുന്നു. അയാൾ ഒരു ദിവസം അപ്രത്യക്ഷനായി. എന്തിനു്, എങ്ങോട്ടു പോയി എന്നു് ആർക്കും ഒരു രൂപവും ഇല്ലായിരുന്നു. അയാളാണു് ഈ ഷെയ്ൻ എന്നായിരുന്നു പ്രചരിച്ചിരുന്ന ഒരു കഥ. കുറെ കഴിഞ്ഞപ്പോൾ അതു കെട്ടടങ്ങി. സഞ്ചാരികളിൽനിന്നു ലഭിച്ച ശകലങ്ങൾ തയ്ച്ചുചേർത്ത മററു കഥകൾ അതിനെത്തുടൎന്നു് പിറകെ വന്നു. പക്ഷേ, അവർ അതിനെക്കുറിച്ചു സംസാരിച്ചുകേൾക്കുമ്പോഴെല്ലാം ഞങ്ങൾ വെറുതെ പുഞ്ചിരിതൂകുകമാത്രമാണു് ചെയ്യുക പതിവു്. കാരണം, ഷെയ്ൻ ഈ കഥാപുരുഷന്മാരിലാരുംതന്നെയാകാൻ വഴിയില്ലെന്നു് എനിക്കറിയാം.

മഹത്തായി ശോഭിക്കുന്ന പടിഞ്ഞാറൻപ്രദേശത്തിൻെറ ഹൃദയത്തിൽനിന്നു് ഞങ്ങളുടെ കൊച്ചു താഴ്വരയിലേക്കു കുതിരയോടിച്ചുവന്ന മനുഷ്യനാണയാൾ. ചെയ്യേണ്ട ജോലി ചെയ്തുതീൎന്നപ്പോൾ വന്നിടത്തേക്കുതന്നെ അയാൾ തിരിച്ചുപോയി. ആ മനുഷ്യനാണു് ഷെയ്ൻ.

..V. SMARAKA GRANDHASALA
Reg: No: 988
THENNOORKONAM
VIZHINJAM (P.O)

G. V. SMARAKA GRANDHASALA
Reg: No: 938
THENNOORKONAM
VIZHINJAM P.O.

# ഷെയ്ൻ

'വൈൽഡ് വെസ്റ്റ്' എന്ന, ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട കഥാസാഹിത്യം ഇംഗ്ലീഷുഭാഷയിലുണ്ടല്ലോ. പടിഞ്ഞാറൻ പ്രദേശങ്ങളിലേക്കു, പുതിയ പുതിയ ഭൂമികളിലേക്കു ...പായി കുടിയേറിപ്പാർത്തവരുടെ—കാടും മലയും വെട്ടിത്തെളിച്ചു് കൃഷിയും കന്നുകാലിവളർത്തലും വിപുലമാക്കി, പട്ടണങ്ങൾ പടുത്തുയർത്തിയവരുടെ—ഇന്നത്തെ അമേരിക്കക്കാരുടെ പൂർവികന്മാരുടെ കഥകളാണു്;—വീരസാഹസികമായ കഥകൾ.

ആ താഴ്വരയിൽ മുമ്പേ വന്നു കന്നുകാലിവളർത്താൻ തുടങ്ങിയതു് ഫ്ളെച്ചറാണു്. ജോസ്റ്റാറെറ്റിന്റെ കൊച്ചുകുടുംബവും മററു് ആറേഴു പാവപ്പെട്ട കുടുംബങ്ങളും പിന്നീടു് അവിടെ എത്തുന്നു. ഒടുവിൽ വന്നവർ കാടു വെട്ടിത്തെളിയിച്ചു് കൃഷിയും, ചെറിയ തോതിൽ കന്നുകാലിവളർത്തലും ആരംഭിച്ചപ്പോഴേക്കും മുമ്പേ വന്ന ഫ്ളെച്ചർ അവകാശവാദവുമായെത്തി; ബലാബലപരീക്ഷണത്തിനും. ജോസ്റ്റാറെറ്റിന്റെ കൊച്ചുമകൻ ബോബിന്റെ ഭാവി...? ആ പാവപ്പെട്ട കുടുംബങ്ങളുടെയെല്ലാം ഭാവിയുടെ പ്രതീകമായ ആ കൊച്ചുബോബ് ഒരുനാൾ വേലിപ്പുറത്തിരുന്നു മുമ്പിലുള്ള നീണ്ട വഴിയിലേക്കു നോക്കിനോക്കിയിരിക്കേ, കുതിരപ്പുറത്തു് ഒരാൾ എത്തുന്നു; ഷെയ്ൻ! ജോസ്റ്റാറെറ്റിനും കൂട്ടർക്കും വേണ്ടതെല്ലാം ആയിരുന്നു ഷെയ്ൻ. ഷെയ്നിന്റെ മനോബലവും, കൈക്കരുത്തും, തോക്കിന്റെ വേഗതയും... ഇതെല്ലാം നീക്കി, കൊച്ചുബോബിന്റെ ഭാവി പ്രകാശമാനമാക്കുന്നു.

G. V. SMARAKA GRANDHASALA
Reg: No: 988
THENNOORKONAM
VIZHINJAM P.O.

**നാഷനൽ ബുക്ക് സ്റ്റാൾ**
കോട്ടയം • തിരുവനന്തപുരം • എറണാകുളം • തൃശ്ശൂർ

# ഷെയ്ൻ



Reg: No: 988
THENNOORKO
VIZHINJAM

## ജാക്ക് ഷേഫർ

SAHITYA PRAVARTHAKA C. S. LTD.
KOTTAYAM

Indic Digital Archive Foundation
gpura.org